കേരള

മലയാള പാഠാവലി

പുസ്തകം ൧

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിററി

തയ്യാറാക്കിയതു്.

വില 60 നയാപൈസ.

1958

GOVERNMENT HIGH & TRAINING SCHOOL KOTTAYAM KERALA STATE

©
The Government of Kerala
1958

H. S. 1651

പാഠവിവരം

പാഠം		പേജ്
1.	കൃഷിയും ജീവിതപരിവർത്തനവും	1
2.	സീതാസ്വയംവരം (പദ്യം)	5
3.	കഥകളി	7
4.	ക്ലോറോഫോമിൻെറ കണ്ടുപിടിത്തം	13
5.	പടയിൽ തോററപ്പോൾ (പദ്യം)	17
6.	ലൂയി പാസ്റ്റർ	19
7.	ശിലായുഗത്തിലെ ആയുധങ്ങൾ	26
8.	അക്രൂരൻെറ മനോഗതം (പദ്യം)	31
9.	ഫൌണ്ടൻപേന	33
10.	തുഞ്ചത്തെഴുത്തച്ഛൻ	38
11.	മായാമാനുഷൻ (പദ്യം)	42
12.	മുഗൾത്തോട്ടങ്ങൾ	44
13.	എഡിസനും വൈദ്യുതദീപവും	52
14.	വിട്ടയയ്ക്കുക (പദ്യം)	58
15.	മുഹമ്മദ് നബി	60
16.	മലയാളത്തിലെ മാമ്പഴക്കാലം	66
17.	പുരോഗതി (പദ്യം)	72
18.	വാഴവെട്ട്	74
19.	അരിപ്രാവ്	81
20.	പാവപ്പെട്ട പൈതൽ (പദ്യം)	87

GOVERNMENT ... TRAINING ... SCHOOL
KOTTAYAM.
KERALA STATE

പാഠം		പേജ്
21.	പൊതുജനാരോഗ്യം	89
22.	ശകുന്തള	95
23.	ആമ്പൽപ്പൂക്കൾ (പദ്യം)	103
24	ശ്രീ നാരായണഗുരു	105
25.	കൽക്കത്ത	113
26.	പൊളിഞ്ഞ കാളവണ്ടി (പദ്യം)	118
27.	ഏകലവ്യൻ	119
28.	കടലിലെ കൊടുങ്കാറ്റ്	133
29.	ലീലാലോകം (പദ്യം)	136
30.	അച്ചടക്കം	139

H. S. 1651

ചന്തമേറിയ പൂവിലും ശബളാഭമാം
ശലഭത്തിലും
സന്തതം കരതാരിയന്നൊരു ചിത്ര-
ചാതുരി കാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളർക്ക-
രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങു-
മീശനെ വാഴ്ത്തുവിൻ.

—കുമാരനാശാൻ.

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE

GOVERNMENT HIGH ... KOTTAYAM KERALA STATE

പാഠം 1

കൃഷിയും ജീവിതപരിവർത്തനവും

പ്രിയപ്പെട്ട ഇന്ദിരേ,

ആദ്യകാലത്തു് മനുഷ്യൻ നായാട്ടുകൊണ്ടു മാത്രമാണു് ജീവിതം നയിച്ചിരുന്നതു്. അന്നു പറയത്തക്ക തൊഴിൽവിഭജനമൊന്നും ഉണ്ടായിരുന്നില്ല. ഓരോരുത്തരും നായാടി നടക്കുകയും കഷ്ടപ്പെട്ടു് അവനവനു വേണ്ടത്ര ഭക്ഷണം സമ്പാദിക്കുകയും ചെയ്തിരുന്നു. തൊഴിൽവിഭജനം ആദ്യമായി തുടങ്ങിയതു് സ്ത്രീപുരുഷന്മാർ തമ്മിലായിരിക്കണം. പുരുഷന്മാർ നായാട്ടിനു പോവുകയും സ്ത്രീകൾ ഗൃഹത്തിലിരുന്നു് ശിശുക്കളെയും വീട്ടുമൃഗങ്ങളെയും സംരക്ഷിക്കുകയും ചെയ്തിരിക്കും.

ആ കാലത്തു് മനുഷ്യന്റെ പുരോഗതിയെ സഹായിച്ച വലിയ ഒരു നേട്ടമാണു് കൃഷിപ്പണി. കൃഷി ആരംഭിച്ചതോടുകൂടി ഭക്ഷണം സമ്പാദിക്കുന്നതു് വളരെ എളുപ്പമായിത്തീർന്നു. ഭക്ഷണത്തിനുവേണ്ടി എന്നും നായാടി നടക്കേണ്ട ആവശ്യമില്ലാതായി. അതുകൊണ്ടു് അവരുടെ ജീവിതക്ലേശങ്ങൾ ആദ്യകാലത്തുണ്ടായിരുന്നതിനെക്കാൾ കുറഞ്ഞുവന്നു.

കൃഷിപ്പണി പഠിച്ചതോടുകൂടി പല പുതിയ പ്രവൃത്തിവികാസങ്ങളും ഉണ്ടായിത്തീർന്നു. ഒന്നാമതായി മുമ്പത്തെക്കാൾ വലിയ തോതിൽ തൊഴിൽവിഭജനം ഉണ്ടായി. ചിലർ നായാട്ടിലും മറ്റുള്ളവർ വയലുകളിൽ ഉഴുക മുതലായ പ്രവൃത്തികളിലും ഏർപ്പെട്ടു. പിന്നീടു്, കുറെക്കാലം കഴിഞ്ഞപ്പോൾ, മനുഷ്യർ പുതിയ തൊഴിലുകൾ പഠിക്കുകയും അവയിൽ പ്രത്യേക സാമർത്ഥ്യം നേടുകയും ചെയ്തു.

കൃഷിത്തൊഴിലിന്റെ ഫലമായി ഉണ്ടായ മറ്റൊരു ശ്രദ്ധേയമായ സംഗതി, ജനങ്ങൾ ഗ്രാമങ്ങളിലും പട്ടണ

ങ്ങളിലും സ്ഥിരവാസം തുടങ്ങി എന്നുള്ളതാണു്. കൃഷി ചെയ്യാൻ തുടങ്ങിയ കാലത്തിനുമുമ്പു് ജനങ്ങൾ നായാടിക്കൊണ്ടു സഞ്ചരിക്കുകയാണു ചെയ്തതു്. ഒരിടത്തു തന്നെ സ്ഥിരമായി താമസിക്കേണ്ട ആവശ്യം അവർക്കു് ഉണ്ടായിരുന്നില്ല. പോയ ദിക്കിലെല്ലാം നായാടുവാൻ അവർക്കു സൗകര്യമായിരുന്നു. അതിനു പുറമേ, പശുക്കൾ, ആടുകൾ മുതലായ മൃഗങ്ങൾ അവരുടെ കൂടെ ഉണ്ടായിരുന്നതുകൊണ്ടു് അവർക്കു പലപ്പോഴും സ്ഥലം മാറി താമസിക്കേണ്ടിവന്നു. എന്തുകൊണ്ടെന്നാൽ, ഈ ജന്തുക്കൾക്കു മേയുന്നതിനു് പുൽപ്രദേശങ്ങൾ വേണം. ഒരു സ്ഥലത്തു കുറേക്കാലം മേഞ്ഞുകഴിഞ്ഞാൽപ്പിന്നെ അവിടെ കാലികൾക്കു വേണ്ടിടത്തോളം പുല്ലു് ഇല്ലാതാകും. അപ്പോൾ അവർ കൂട്ടത്തോടെ മറെറാരു സ്ഥലത്തേക്കു മാറേണ്ടി വരും.

കൃഷി തുടങ്ങിയപ്പോൾ ജനങ്ങൾക്കു കൃഷിസ്ഥലങ്ങൾക്കു സമീപം പാർക്കേണ്ടിവന്നു. ഉഴുകയും വിതയ്ക്കുകയും ചെയ്തിട്ടുള്ള ഭൂമി വിട്ടുപോകാൻ അവർക്കു നിവൃത്തിയില്ലാതായി. അതുകൊണ്ടു അവർ വേലചെയ്തും വിളയെടുത്തും ഒരേ സ്ഥലത്തു പാർക്കുക നിമിത്തം ഗ്രാമങ്ങളും പട്ടണങ്ങളും ഉണ്ടായിവന്നു.

കൃഷി നിമിത്തമുണ്ടായ മറെറാരു വലിയ മാററം ജീവിതം കുറെക്കൂടി സുഖകരമായിത്തീർന്നതാണു്. ഭൂമിയിൽ ഭക്ഷണപദാർത്ഥങ്ങൾ കൃഷിചെയ്തുണ്ടാക്കുന്നതു് എന്നും നായാടി നടക്കുന്നതിനെക്കാൾ എത്രയോ എളുപ്പമായിരുന്നു. അന്നന്നു ഭക്ഷിക്കുവാൻ ആവശ്യമുള്ളതിനെക്കാൾ അധികം ഭക്ഷണസാധനം ഭൂമിയിൽ വിളയുകയും ചെയ്തിരുന്നു. കൂടുതൽ കിട്ടിയതു് അവർ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്നു.

മനുഷ്യനു് ഈ കാലത്തുണ്ടായ പ്രസ്താവയോഗ്യമായ മറെറാരു അഭിവൃദ്ധി എന്താണെന്നും നമുക്കു നോക്കാം. മനുഷ്യൻ വെറും ഒരു നായാട്ടുകാരനായിരുന്നപ്പോൾ അവനു് ഒന്നുംതന്നെ ശേഖരിച്ചുവയ്ക്കുക സാധ്യമായിരുന്നില്ല. സാധിച്ചിരുന്നെങ്കിൽത്തന്നെ, അതു വളരെക്കുറച്ചു

മാത്രമായിരുന്നു. സാധാരണ പറയുംപോലെ അവൻ "കഷ്ടിച്ചു കൃത്യം കഴിച്ചു" ജീവിക്കേണ്ടിവന്നു. പണമോ മററു വസ്തുക്കളോ സൂക്ഷിക്കുന്നതിനുള്ള ബാങ്കുകൾ അന്നുണ്ടായിരുന്നില്ല. അവനു ദിവസേന നായാടി ഭക്ഷണം സമ്പാദിക്കേണ്ടിവന്നു. കൃഷിയുടെ ആവിർഭാവത്തോടുകൂടി തൽക്കാലാവശ്യത്തിനു വേണ്ടതിലധികം ഭൂമിയിൽനിന്നു് ഒരു സമയത്തു കിട്ടിത്തുടങ്ങി. അധികമുള്ളതു് അവൻ ശേഖരിച്ചു സൂക്ഷിച്ചു. ഭക്ഷണപദാർത്ഥം ആവശ്യത്തിലധികം ഉണ്ടായിത്തുടങ്ങിയതു് അന്നു മുതൽക്കാണെന്നു നാം കാണുന്നു. അത്യാവശ്യത്തിനുമാത്രം ഉണ്ടാക്കുവാൻ വേണ്ട പ്രയത്നത്തിൽ കൂടുതൽ മനുഷ്യൻ പ്രയത്നിച്ചതു കൊണ്ടാണു് ഈമാതിരി ചെലവുകഴിച്ചു ബാക്കി ഭക്ഷണം ഉണ്ടാകാനിടയായതു്.

ഈ കാലത്തു് ബാങ്കുകൾ ഉണ്ടെന്നും ജനങ്ങൾ അവിടെ പണം സൂക്ഷിച്ചു ചെക്കു കൊടുത്തു പണം വാങ്ങാറുണ്ടെന്നും നിനക്കറിയാമല്ലോ. ഈ പണം എവിടെ നിന്നുണ്ടാകുന്നു? ഈ പണമെല്ലാം ചെലവുകഴിച്ചു ബാക്കി വരുന്നതാണെന്നു് ആലോചിച്ചാൽ നിനക്കു് മനസ്സിലാകും. പണം മുഴുവൻ ഒരുമിച്ചു ചെലവാക്കാൻ ആരും ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടു് അവർ പണം ബാങ്കിൽ സൂക്ഷിക്കുന്നു. ഇങ്ങനെ ചെലവു കഴിച്ചു വളരെയധികം മിച്ചമുള്ളവരാണു് ഇന്നത്തെ ധനികന്മാർ. ഒന്നുംതന്നെ മിച്ചമില്ലാത്തവരാണു് ദരിദ്രന്മാർ. ഇപ്രകാരം മിച്ചമുണ്ടാകുന്നതു് എങ്ങനെയാണെന്നു കുറച്ചു കഴിയുമ്പോൾ നിനക്കു മനസ്സിലാകും. ഒരാൾ മറെറാരാളെക്കാൾ കൂടുതൽ ജോലി ചെയ്യുന്നതല്ല ഇതിനു പ്രധാന കാരണം. ഈ കാലത്തു്, മിച്ചംവരുന്നതു് യാതൊരു പ്രവൃത്തിയും ചെയ്യാത്തവർ എടുക്കുകയും വളരെ കഷ്ടപ്പെട്ടു വേല ചെയ്യുന്നവർക്കു് അതിൽ യാതൊരു പങ്കും ഇല്ലാതെ വരികയും ചെയ്യുന്നു. ഇതു തീരെ ബുദ്ധിഹീനമായ ഏർപ്പാടാണെന്നു തോന്നുന്നില്ലേ? ഈ കൊള്ളരുതാത്ത ഏർപ്പാടു നിമിത്തമാണു് ലോകത്തിൽ ഇത്രയധികം ദരിദ്രന്മാർ ഉണ്ടായിത്തീർന്നിരിക്കുന്നതു് എന്നു പലർക്കും അഭിപ്രായമുണ്ടു്. ഈ കാര്യം മനസ്സിലാക്കാൻ നിനക്കു് ഇപ്പോൾ അല്പം പ്രയാസ

മായിത്തോന്നിയേക്കാം. അങ്ങനെയാണെങ്കിൽ അതിനെപ്പററി ഇപ്പോൾ ക്ലേശിക്കേണ്ട. നിനക്കു് അതു് അധികം താമസിയാതെ മനസ്സിലാകും.

കൃഷികൊണ്ടു്, തൽക്കാലം ഭക്ഷിച്ചു തീർക്കാവുന്നതിൽ വളരെയധികം മിച്ചമുണ്ടായി എന്നുമാത്രം ഇപ്പോൾ നീ ഗ്രഹിച്ചാൽ മതി. ഈ അധികമുള്ളതു് ശേഖരിച്ചു സൂക്ഷിക്കപ്പെട്ടു. ആ കാലത്തു ബാങ്കുകളും പണവും ഉണ്ടായിരുന്നില്ല. സ്വന്തമായി അധികം പശുക്കളോ ആടുകളോ ഒട്ടകങ്ങളോ ധാന്യമോ ഉണ്ടായിരുന്നവരെ ധനികന്മാർ എന്നു വിളിച്ചിരുന്നു.

ഒരച്ഛൻ മകൾക്കയച്ച കത്തുകൾ] [ജവഹർലാൽ നെഹ്റു

അഭ്യാസം.

1. മനുഷ്യൻ, സ്ത്രീകൾ, മൃഗങ്ങൾ—ഇവ ഏതു തരത്തിലുള്ള നാമങ്ങളാണെന്നു പറയുക. ഈ മൂന്നു പദങ്ങളും ചില വസ്തുക്കളുടെ പേരുകളാണെന്ന് അറിയാമല്ലോ. അതിനാൽ ഇവ ദ്രവ്യനാമങ്ങളാണ്. ദ്രവ്യനാമത്തിൽത്തന്നെ സംജ്ഞാനാമവും സാമാന്യനാമവും നിങ്ങൾ പഠിച്ചിട്ടുണ്ട്. ഈ പദങ്ങൾ വ്യക്തികളുടെ പേരല്ല. പിന്നെ ഏതു നാമങ്ങളാണെന്നു ചൂണ്ടിക്കാണിക്കുക.
2. 'മനുഷ്യർ പുതിയ തൊഴിലുകൾ പഠിക്കുകയും അവയിൽ പ്രത്യേക സാമർത്ഥ്യം നേടുകയും ചെയ്തു.' രണ്ടു കേവല വാക്യങ്ങളായി പിരിക്കുക.
3. ജനങ്ങൾ, ബാങ്കുകൾ— ഇവയുടെ വിഭക്തിയും വചനവും കുറിക്കുക.
4. 'അവർ പണം സൂക്ഷിക്കുന്നു'.—ഈ വാക്യത്തിലെ കർത്താവും കർമ്മവും ക്രിയയും പറയുക. ഒരു വാക്യത്തിലുള്ള പദങ്ങളെ കർത്താവ്, കർമ്മം, ക്രിയ എന്നിങ്ങനെ വേർതിരിച്ചെഴുതുന്നതിന് 'അപോദ്ധാരം' എന്നു പറയുന്നു. ആ രീതി താഴെ കാണിക്കാം:—

   കർത്താവ്—അവർ. കർമ്മം—പണം. ക്രിയ—സൂക്ഷിക്കുന്നു.
5. കൃഷികൊണ്ടു് മനുഷ്യസമുദായത്തിൽ വന്നിട്ടുള്ള മാററങ്ങൾ ചുരുക്കി എഴുതുക.

പാഠം 2

സീതാസ്വയംവരം

ചന്ദ്രശേഖരനുടെ പള്ളിവിൽകണ്ടു രാമ-
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ.
"വില്ലെടുക്കാമോ, കുലച്ചീടാമോ, വലിക്കാമോ?
ചൊല്ലുകെ" ന്നതുകേട്ടു ചൊല്ലിനാൻ വിശ്വാമിത്രൻ:—
"എല്ലാമാമാകുന്നതു ചെയ്താലും മടിക്കേണ്ട.
കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ."
മന്ദഹാസവുംപൂണ്ടു രാഘവനതുകേട്ടു
മന്ദമന്ദംപോയ്ച്ചെന്നു നിന്നുകണ്ടിതു ചാപം.
ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ
കുലച്ചുവലിച്ചുടൻ മുറിച്ചുജിതശ്രമം
നിന്നരുളുന്ന നേരമീരേഴുലോകങ്ങളു-
മൊന്നു മാറ്റൊലിക്കൊണ്ടു; വിസ്മയപ്പെട്ടു ജനം.
ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ;
മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാൾ
കൗതുകമുണ്ടായ്‌വന്നു ചേതസി കൗശികനും.
സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലിമനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ,
സ്വർണ്ണമാലയുംധരിച്ചാദരാൽ മന്ദമന്ദ-
മർണ്ണോജനേത്രൻമുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പല മാലയുമിട്ടാൾമുന്നേ
പിന്നാലെ വരണാർത്ഥമാലയുമിട്ടീടിനാൾ.

അദ്ധ്യാത്മരാമായണം] [എഴുത്തച്ഛൻ.

അഭ്യാസം.

1. ചന്ദ്രശേഖരൻ = ശിവൻ. കല്യാണം = മംഗലം (വിവാഹം). മന്ദമന്ദം = പതുക്കെപ്പതുക്കെ. ചാപം = വില്ലു്. ജിതശ്രമം = പ്രയാസംകൂടാതെ. ഉരഗങ്ങൾ = സർപ്പങ്ങൾ. ചേതസി = മനസ്സിൽ. കൗശികൻ = വിശ്വാമിത്രൻ. ഭൂഷണം = ആഭരണം. അംഭോജനേത്രൻ = താമരക്കണ്ണനായ രാമചന്ദ്രൻ. സത്രപം = ലജ്ജയോടുകൂടി. നേത്രോല്പലമാല = കടാക്ഷങ്ങളാകുന്ന കരിങ്കൂവളപ്പൂക്കളുടെ മാല. വരണാർത്ഥമാല = വിവാഹത്തിനുള്ള മാല.

2. അവസാനത്തെ ആറു വരി പരാവർത്തനം ചെയ്യുക.

3. 'ഇടിവെട്ടീടും വണ്ണമുള്ള വിൽമുറിഞ്ഞ ശബ്ദംകേട്ടു രാക്ഷസന്മാർ സർപ്പങ്ങളെപ്പോലെ നടുങ്ങി; സീത മയിൽപ്പേടപോലെ സന്തോഷിച്ചു.'—ഇവിടെ രാക്ഷസന്മാർ, ഇടിവെട്ടുപോലെ വിൽമുറിഞ്ഞ ശബ്ദം കേട്ടു്, സർപ്പങ്ങളെപ്പോലെ നടുങ്ങിയതായും സീത മയിൽപ്പേടപോലെ സന്തോഷിച്ചതായും കവി വർണ്ണിച്ചിരിക്കുന്നു. ഇങ്ങനെ ഒരു വസ്തുവിനെ മറ്റൊരു പ്രസിദ്ധ വസ്തുവിനോടു സാദൃശ്യപ്പെടുത്തുന്നതിനു് 'ഉപമാലങ്കാരം' എന്നു പറയുന്നു.

'ഒന്നിനൊന്നോടു സാദൃശ്യം
ചൊന്നാലുപമയാമതു്'

എന്നു് ഉപമാലക്ഷണം.

മേൽക്കാണിച്ച ഉദാഹരണത്തിൽ വിൽമുറിഞ്ഞ ശബ്ദത്തെ ഇടിവെട്ടിനോടും രാക്ഷസന്മാരെ സർപ്പങ്ങളോടും സീതയെ മയിൽപ്പേടയോടുമാണല്ലോ ഉപമിച്ചിരിക്കുന്നതു്. ഏതു വസ്തുവിനെ ഉപമിക്കുന്നുവോ അതിനു് 'ഉപമേയം' എന്നു പേർ. ഉപമേയത്തെ ഏതിനോടു് സാദൃശ്യപ്പെടുത്തുന്നുവോ അതു് 'ഉപമാനം' ആകുന്നു. ഉപമേയത്തിനു് 'വർണ്ണ്യ'മെന്നും ഉപമാനത്തിനു് 'അവർണ്ണ്യം' എന്നും കൂടി പേരുണ്ടു്.

ഇവിടെ "വിൽമുറിഞ്ഞ ശബ്ദവും രാക്ഷസന്മാരും സീതയും ആണു് ഉപമേയങ്ങൾ; ഉപമാനങ്ങൾ ഇടിവെട്ടിന്റെ ശബ്ദവും സർപ്പങ്ങളും മയിൽപ്പേടയും.

പാഠം 3

കഥകളി

കേരളക്കരയിൽ ഉത്ഭവിച്ചു വളർന്ന ഒരു കലാവിശേഷമാണു് കഥകളി. നമുക്കു വേറെയും കലകളുണ്ടെങ്കിലും കഥകളിക്കുതന്നെയാണു് ഒന്നാംസ്ഥാനം. കഥകളിയുടെ ഉത്ഭവത്തെക്കുറിച്ചു് ഒരു ഐതിഹ്യമുണ്ടു്. കോഴിക്കോട്ടു മാനവേദൻസാമൂതിരിപ്പാടു് ആദ്യം കൃഷ്ണനാട്ടം എന്നൊരുതരം നൃത്തകലയുണ്ടാക്കി. കൊട്ടാരക്കരത്തമ്പുരാൻ ഈ വിശേഷംകേട്ടു് കൃഷ്ണനാട്ടസംഘത്തെ ഒന്നയച്ചുകൊടുക്കുന്നതിനു് സാമൂതിരിയോടു് അപേക്ഷിച്ചു. എന്നാൽ പഴമയെ ലംഘിച്ചു് സംഘത്തെ തെക്കോട്ടയയ്ക്കുവാൻ സാമൂതിരി കൂട്ടാക്കിയില്ല. കോപാവിഷ്ടനായ കൊട്ടാരക്കര രാജാവു് രാമനാട്ടം എന്നൊരു പുതിയ കല ഉണ്ടാക്കുകയും ചെയ്തു. രാമനാട്ടമാണു് പിന്നീടു് കഥകളി എന്ന പേരിൽ പ്രസിദ്ധമായതു്. ഈ കഥയിൽ എത്രമാത്രം കാര്യമുണ്ടെന്നു് അറിഞ്ഞുകൂടാ.

പണ്ടു് നടന്മാർ തന്നെ ആടുകയും പാടുകയും ഒപ്പം ചെയ്തിരുന്നു. ഇന്നത്തെ വേഷംകെട്ടലിനു പകരം ചായം തേച്ച പാളമുഖങ്ങളും മരമുഖങ്ങളുമാണു് ഉപയോഗിച്ചു വന്നതു്. ഇന്നത്തെപ്പോലെ ശാസ്ത്രീയമായ കൊട്ടോ പാട്ടോ അന്നു് കഥകളിക്കുണ്ടായിരുന്നില്ല. കപ്ലിങ്ങാടൻ നമ്പൂതിരിയും കല്ലടിക്കോടൻ നമ്പൂതിരിയും വെട്ടത്തുനാട്ടു രാജാവുമാണു് കഥകളിയിൽ ചില പരിഷ്കാരങ്ങൾ വരുത്തിയതു്. അങ്ങനെ പാട്ടുപാടുന്നതിനു പ്രത്യേകം രണ്ടാളുകൾ വേണമെന്നു വന്നു. വേഷക്കാർക്കു് ആട്ടത്തിൽമാത്രം ശ്രദ്ധിക്കുവാൻ കഴിഞ്ഞു. പാളമുഖങ്ങളുംമററും കളഞ്ഞു് മുഖത്തു് ചുട്ടികുത്തി മനയോല തേയ്ക്കുകയെന്ന രീതി സ്വീകരിച്ചു. വേഷങ്ങൾക്കു് അനുഗുണമായ കിരീടങ്ങൾ ഉപയോഗിച്ചുതുടങ്ങി. ആട്ടത്തിൽ കൈമുദ്രയ്ക്കു വലിയ സ്ഥാനംലഭിച്ചു.

രാമനാട്ടമെന്ന പേരു് കഥകളിയെന്നു സ്ഥിരമായി മാറിയതു് കോട്ടയത്തുരാജാവിന്റെ കാലത്തോടുകൂടി

യാണ്. തലശ്ശേരിക്കടുത്താണ് കോട്ടയം രാജസ്വരൂപം. ഈ രാജാവിൻെറ പേർ കേരളവർമ്മ എന്നായിരുന്നു വത്രെ. അദ്ദേഹം നടനകലയിലും കാവ്യകലയിലും



അതിനിപുണനായിരുന്നു. അദ്ദേഹം കല്യാണസൗഗന്ധികം, ബകവധം, കിർമ്മീരവധം, കാലകേയവധം എന്നു നാലു ആട്ടക്കഥകൾഉണ്ടാക്കി. ഈ നാലു കൃതികളാണ് കഥകളിക്ക് പ്രത്യേകമായ ഒരു ഉണർവുണ്ടാക്കി-

കൊടുത്തതു്. ഈ കഥകൾ ചിട്ടപ്പെടുത്തുന്ന ആട്ടക്കാരനു് ഏതു 'കളി'യിലും വിജയിക്കാമെന്നാണു് വച്ചിരിക്കുന്നതു്. തമ്പുരാനുശേഷം വേറെയും ആട്ടക്കഥാകർത്താക്കൾ ഉണ്ടായിട്ടുണ്ടു്. അവരിൽ പ്രധാനന്മാർ ഉണ്ണായി

വാരിയർ, ഇരയിമ്മൻതമ്പി, അശ്വതിതിരുനാൾ മഹാരാജാവു്, കാർത്തികതിരുനാൾ മഹാരാജാവു് എന്നിവരാണു്.

കഥകളിയിൽ ആംഗ്യത്തിനാണല്ലോ പ്രാധാന്യം. പാട്ടുകാർ പിന്നിൽനിന്നു പാടുമ്പോൾ വേഷക്കാർ മുഖത്തു

രസങ്ങളും ഭാവങ്ങളും വരുത്തി, പാട്ടിന്റെ അർത്ഥം മുദ്രകൾവഴി കാണിച്ചു്, സരസമായി നൃത്തംവയ്ക്കുന്നു. അക്ഷരങ്ങൾകൊണ്ടു് വാക്കും, വാക്കുകൾകൊണ്ടു വാക്യവും ഉണ്ടാകുന്നപോലെ ഇരുപത്തിനാലു കൈമുദ്രകളെ കമഴ്ത്തിയും മലർത്തിയും താഴ്ത്തിയും പൊക്കിയും കാട്ടി ഭാഷയുണ്ടാക്കാം.

ഒരു സ്ഥലത്തു കഥകളി നടത്തുന്നുണ്ടെങ്കിൽ അതിനു ചില ചിട്ടകൾ അനുസരിക്കേണ്ടതുണ്ടു്. കഥകളി രാത്രി മാത്രമേ നടത്താറുള്ളൂ. കളി നടത്തണമെന്നു നിശ്ചയിച്ചാൽ സന്ധ്യയാകുമ്പോൾത്തന്നെ അയൽവാസികൾ അറിയുന്നതിനുവേണ്ടി ഒരു കേളികൊട്ടു വേണം. അതിനു പ്രത്യേക രീതിയുമുണ്ടു്. അത്താഴവും കഴിഞ്ഞു് ആളുകൾ

എത്തുമ്പോഴേയ്ക്കും അരങ്ങത്തു വിളക്കു വയ്ക്കും. കത്തുന്ന വിളക്കിന്റെ പിന്നിലായി ഒരു തിരശ്ശീലയ്ക്കുള്ളിൽ തോടയം എന്നൊരു ചടങ്ങുണ്ട്. നടന്മാരുടെ ഈശ്വര പ്രാർത്ഥനയാണതു്. അതു കഴിഞ്ഞാൽ മറനീക്കി 'പുറപ്പാടാ'യി. ആ നൃത്തം കഴിഞ്ഞാൽപ്പിന്നെ 'മേള പ്പദം' എന്നൊരു ചടങ്ങുണ്ട്. പാട്ടുകാരന്റെയും ചെണ്ട ക്കാരന്റെയും മദ്ദളക്കാരന്റെയും സാമർത്ഥ്യം പ്രകടിപ്പി ക്കുവാൻ അവർക്കുവേണ്ടി വച്ചിരിക്കുന്ന ഒരു ചടങ്ങാണ് അതു്. 'ഗീതഗോവിന്ദ'ത്തിലെ "മഞ്ജുതര കുഞ്ജതല" എന്നു തുടങ്ങുന്ന പാട്ട് പല രീതിയിൽ പാടുകയും വാദ്യ ക്കാർ ചെമ്പടതാളത്തിൽ പല മട്ടിൽ കൊട്ടുകയും ചെയ്യുന്നു. അതിനുശേഷം മുറയ്ക്കു കഥ തുടങ്ങുകയായി.

സാഹിത്യം, സംഗീതം, വാദ്യം, നൃത്തം, വേഷം എന്നിവയിൽ ഓരോന്നിലുമോ എല്ലാററിലുമോ അഭിരുചിയുള്ളവരെയെല്ലാം രസിപ്പിക്കുന്നതിനു കഥകളി ക്കുള്ള കഴിവ് മറെറാരു കലയ്ക്കുമില്ല. ചെണ്ട, ചേങ്ങല, മദ്ദളം, ഇലത്താളം എന്നിവയാണ് വാദ്യവിശേഷങ്ങൾ. ഇപ്പോൾ ഇടയ്ക്കയും ഉപയോഗിക്കാറുണ്ട്. നൃത്തത്തിന്റെ പല ഘട്ടങ്ങളിലായി പലതരം 'കലാശങ്ങൾ' ചവിട്ടുന്നു. നടന്മാർ കൈയും മെയ്യും ചലിപ്പിച്ച് കണ്ണും കാലുമിളക്കു ന്നതു കണ്ടാൽ, ആർക്കും അത്ഭുതംതോന്നും. വാദ്യക്കാരും അവരവരുടെ വാദ്യവിശേഷങ്ങളിൽ വരുത്താവുന്ന ശബ്ദങ്ങൾകൊണ്ട് തന്മയത്വം വരുത്തും. സ്ത്രീവേഷ ത്തിന്റെ ആട്ടത്തിനു് ചെണ്ട ഉപയോഗിക്കാറില്ല; ഈയിടെയായി ആ സന്ദർഭത്തിൽ ഇടയ്ക്ക കൊട്ടാറുണ്ട്.

കഥകളിയിലെ വേഷങ്ങൾ പ്രത്യേക 'തര'ങ്ങ ളാണ്. പച്ച, കത്തി, താടി, കരി, മിനുക്ക് എന്നിങ്ങനെ അവയെ തരംതിരിക്കാം. ശ്രീരാമൻ മുതലായ ഉത്തമ കഥാപാത്രങ്ങൾക്ക് പച്ചവേഷമാണ് അരിമാവുകൊണ്ടു ചുട്ടികുത്തി ഉൾഭാഗത്ത് പച്ച മനയോല തേച്ചാണ് ഈ വേഷമൊരുക്കുന്നതു്. ശ്രീകൃഷ്ണനു തൊപ്പിപോലുള്ള ഒരു തരം 'മുടി' യാണ്. മററുള്ളവർക്ക് വട്ടത്തിലുള്ള

കിരീടവും. രാവണൻ മുതലായ ക്രൂരവേഷങ്ങൾക്ക് കത്തിവേഷമായിരിക്കും. മനയോല തേയ്ക്കുന്നതിന്റെ അകത്തും ചെറിയ ചുട്ടികൾ വരച്ചാണ് ഈ വേഷം തീർക്കുന്നത്. താടിവേഷം രണ്ടുതരമുണ്ട്—വെള്ളത്താടിയും ചുവന്ന താടിയും. ഹനുമാൻ വെള്ളത്താടിക്കാരനാണ്; ദുശ്ശാസനൻ ചുവന്ന താടിക്കാരനും. കാട്ടാളന്മാരും രാക്ഷസസ്ത്രീകളും കരിവേഷങ്ങളാണ്. സ്ത്രീകൾക്കും മുനിമാർക്കും മിനുക്കാണ് പതിവ്. അവരെല്ലാം ശാന്തമായി പെരുമാറുന്നവരാണല്ലോ.

കഥകളിക്കു തുല്യമായ ഒരു ആട്ടം വേറെയില്ല. കഥകളി ഇടക്കാലത്തു നശിച്ചുതുടങ്ങിയതാണെങ്കിലും, മഹാകവി വള്ളത്തോളിന്റെ സ്ഥിരോത്സാഹത്താൽ സ്ഥാപിക്കപ്പെട്ട കേരള കലാമണ്ഡലത്തിന്റെ പരിശ്രമം കൊണ്ടു വളർന്നു, വിദേശങ്ങളിൽപ്പോലും പ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുന്നു.

അഭ്യാസം.

1. 'കോപാവിഷ്ടനായ കൊട്ടാരക്കരരാജാവു രാമനാട്ടം ഉണ്ടാക്കി.'—അപഗ്രഥിക്കുക. ഇതിലെ കർത്താവ് കൊട്ടാരക്കര രാജാവാണ്. അതിന്റെ വിശേഷണമാണ് 'കോപാവിഷ്ടനായ' എന്ന പദം. കർത്താവിന്റെ വിശേഷണത്തിനു കർത്തൃപരിപൂരകം എന്നു പേർ.

2. കോഴിക്കോട്, രാമനാട്ടം, ഉണ്ണായിവാര്യർ— ഇവ ദ്രവ്യനാമത്തിന്റെ ഏതു വിഭാഗത്തിൽപ്പെടുമെന്നു പറയുക.

3. 'അദ്ധ്യാപകൻ വിദ്യാർത്ഥികൾക്കു സമ്മാനം കൊടുത്തു.' ഈ വാക്യത്തിൽ വിദ്യാർത്ഥികളെ ഉദ്ദേശിച്ച് അദ്ധ്യാപകൻ സമ്മാനം കൊടുത്തതായി പറഞ്ഞിരിക്കുന്നു. അതിനാൽ 'വിദ്യാർത്ഥികൾക്ക്' എന്ന ഉദ്ദേ

ശികാ വിഭക്തി പ്രയോഗിച്ചിരിക്കുന്നു. ഈ പാഠത്തിൽനിന്നു് ഉദ്ദേശികാവിഭക്തിയിലുള്ള നാലു പദങ്ങൾ എഴുതുക.

4. കഥകളിയുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള ഐതിഹ്യം എന്തു്?

5. കഥകളിക്കു് രാമനാട്ടം എന്ന പേർ എങ്ങനെ കിട്ടി?

6. കഥകളിയിലെ വേഷങ്ങൾ എത്ര തരം?

പാഠം 4

ക്ലോറോഫോമിന്റെ കണ്ടുപിടിത്തം

പത്തൊമ്പതാം നൂററാണ്ടിൽ ശസ്ത്രക്രിയകൾ വളരെ ഭയങ്കരങ്ങളായിരുന്നു. ശസ്ത്രക്രിയ നടത്തുന്ന ഡാക്ടരും അതിനു വിധേയനാകുന്ന രോഗിയും ഒരുപോലെ ഭയപ്പെട്ടിരുന്നു, അക്കാലത്തു്. ഡാക്ടർക്കു് ഒരു കാടന്റെ ക്രൂരത ഉണ്ടാവണം. ഒരു കൊലയാളിയെ കണ്ടാലുള്ളതുപോലുള്ള വികാരമാണു് രോഗിക്കു് ഡാക്ടരെ കണ്ടാലുണ്ടാവുക.

ശസ്ത്രക്രിയ വേണ്ടിവരുന്ന രോഗി, തൂക്കുമരത്തിൽ കേറാനൊരുങ്ങേണ്ട തടവുപുള്ളിയെപ്പോലെയാണു്, ആ ദിവസവും കാത്തിരിക്കുക. സമയംവന്നാൽ, വേദനകൊണ്ടു പിടഞ്ഞലറുന്ന രോഗിയെ ഒതുക്കിക്കിടത്താൻ ഡാക്ടർക്കു് ഒരു നാലാളുടെ സഹായമെങ്കിലും വേണം. ദുഷ്ടത ജ്വലിക്കുന്ന ആയുധങ്ങളെയും, ഒരുങ്ങിനില്ക്കുന്ന ചെകുത്താൻ ഡാക്ടരേയും, സുബോധത്തോടുകൂടി നോക്കിക്കിടക്കുക. ഇന്നത്തെ രോഗിക്കു് ഒരു ഇമ്പാച്ചിക്കഥ മാത്രമായി മാറിയിരിക്കുന്നു. ശാസ്ത്രത്തിന്റെ വളർച്ച അത്ഭുതാവഹമത്രേ!

അക്കാലത്തു് നാട്ടിൻപുറങ്ങളിൽ രോഗങ്ങൾ പടർന്നു പിടിച്ചാൽ ഉടനെ നിശ്ചയിക്കും, അതു് ഏതോ ദേവതയുടെ കോപം നിമിത്തമാണെന്നു്. പിന്നെ ദേവതയെ തൃപ്തിപ്പെടുത്താനുള്ള ക്ഷുദ്രകർമ്മങ്ങളിലാണു് ശ്രദ്ധ. ചികിത്സയുടെ കാര്യം വിട്ടുകളയും! ചില കർമ്മങ്ങളുടെ പര്യവസാനത്തിൽ പശുവിനെ ജീവനോടെ കുഴിച്ചിടുകയും മററും പതിവായിരുന്നു.

ഡാക്ടർ ജെയിംസ് സിംപ്സൺ രോഗങ്ങളോടു് പൊരുതാൻ മരുന്നുകളെ മാത്രമേ ആശ്രയിക്കൂ എന്ന ദൃഢവ്രതമെടുത്തവരിൽ മുമ്പനായിരുന്നു. താൻ നടത്തിയ ആദ്യത്തെ ശസ്ത്രക്രിയയിൽ രോഗി വേദനകൊണ്ടു പിടയുന്നതു കണ്ടപ്പോൾ, രോഗിയെ ബോധരഹിതനാക്കുന്ന ഒരു മരുന്നു കണ്ടുപിടിച്ചേ തീരൂ എന്നു് അദ്ദേഹം ഉറച്ചു.

അതിനുവേണ്ടിയുണ്ടായ നിരന്തരപരിശ്രമങ്ങൾ 'ക്ലോറോഫോ'മിന്റെ കണ്ടുപിടിത്തത്തിൽ ചെന്നെത്തി. സുപ്രസിദ്ധശാസ്ത്രജ്ഞനായ 'സർ ഹംഫ്രി ഡേവി' നൈററ്റസ് ഓക്സൈഡിനു് (ചിരിവാതകം) ബോധക്കേടുണ്ടാക്കാൻ കഴിവുണ്ടെന്നു കണ്ടുപിടിച്ചിരുന്നു. കുറച്ചു കൊല്ലങ്ങൾക്കുശേഷം, 'ഈതർ' കൊണ്ടു് ബോധക്കേടുണ്ടാക്കാമെന്നു് ഫാരഡെയും മനസ്സിലാക്കി. എന്നാൽ അതിനു ചില പോരായ്മകൾ ഉണ്ടായിരുന്നു. ഒരു ചീത്ത നാററമുണ്ടു്; ശ്വസിക്കുമ്പോൾ എരിയും; ഫലം കാണണമെങ്കിൽ വളരെയധികം ഉപയോഗിക്കയും വേണം. അതിനാൽ മറെറാരു മരുന്നു കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ സിംപ്സൺ തുടർന്നുകൊണ്ടിരുന്നു.

എന്തെല്ലാം പരാജയങ്ങളിലൂടെയാണെന്നോ അദ്ദേഹവും കൂട്ടുകാരും മുന്നോട്ടുപോയതു്! പലപ്പോഴും പരീക്ഷണങ്ങൾക്കുവേണ്ടി മരുന്നുകൾ മണത്തുനോക്കിയിട്ടും മററും അവർക്കു സുഖക്കേടായി കിടപ്പിലാവേണ്ടിവന്നിട്ടുണ്ടു്. ചിലപ്പോൾ മരുന്നുകൾക്കു ഫലം തന്നെയുണ്ടാവില്ല. ഒരിക്കൽ കഠിനമായ ദുർഗ്ഗന്ധമുള്ള ഒരു വാതകം സിംപ്സൺ ശ്വസിക്കാൻ തുടങ്ങുകയായിരുന്നു.

ഗന്ധത്തിൻെറ കാഠിന്യം നിമിത്തം കൂട്ടുകാർ അദ്ദേഹത്തിൻെറ പക്കൽനിന്നു് വാതകക്കുഴൽ പിടിച്ചെടുത്തു്, ചില മുയലുകളുടെമേൽ പരീക്ഷിച്ചുനോക്കി. കുറച്ചിട കൊണ്ടു് അവ ചത്തുമലച്ചു. മാരകമായ ഒരു വാതകമായിരുന്നു അതു്.

സിംപ്സൻെറയും കൂട്ടുകാരുടെയും പരീക്ഷണങ്ങളെപ്പറ്റി കേട്ടിട്ടുണ്ടായിരുന്ന ഒരു രസായനവ്യാപാരി സിംപ്സനു് ഒരു ദ്രാവകം അയച്ചുകൊടുത്തിരുന്നു. അതിൻെറ കട്ടികാരണം ആദ്യം അദ്ദേഹത്തിനു പിടിച്ചില്ല. അതിനാൽ ശ്രദ്ധിക്കാതെ അദ്ദേഹം ഒരിടത്തിട്ടു. എങ്കിലും പെട്ടെന്നൊരുദിവസം ഒരു തോന്നലുണ്ടായി, അതുതന്നെ ഒന്നു പരീക്ഷിച്ചുനോക്കിയാലെന്തെന്നു്. രണ്ടു മൂന്നു പേർകൂടി ആ ദ്രാവകം മണത്തുനോക്കി. കുറച്ചുനേരം കഴിഞ്ഞു് അവരെല്ലാം ബോധംകെട്ടു നിലംപതിച്ചു. ആദ്യം ബോധംവന്നതു് സിംപ്സനു തന്നെയാണു്. തൻെറ പരീക്ഷണം വിജയത്തിൽ ചെന്നെത്തിയെന്നു് അദ്ദേഹം മനസ്സിലാക്കി.

അങ്ങനെ 'ക്ലോറോഫാം' കണ്ടുപിടിക്കപ്പെട്ടു. അതിൻെറ ഉപയോഗത്തിൽ പലരിൽനിന്നും എതിർപ്പുണ്ടായി—ചില ഡാക്ടർമാരിൽനിന്നുകൂടി. രോഗിക്കു വേദനയില്ലാതാക്കുന്നതു് പ്രകൃതിയെ അപമാനിക്കുകയാണെന്നുവരെ മതപക്ഷപാതികൾ വാദിച്ചു. എങ്കിലും ഡാക്ടർ സിംപ്സനോ യുക്തിയും ബുദ്ധിയുമുള്ള മററുള്ളവരോ അതു വിലവച്ചില്ല. പ്രസവംസംബന്ധിച്ചുള്ള ശസ്ത്രക്രിയകളിലും 'ക്ലോറോഫാം' ഉപയോഗിച്ചുതുടങ്ങി. പ്രസവത്തിൽ ക്ലോറോഫാം പ്രയോഗിച്ചെടുത്ത ആദ്യത്തെ കുട്ടിക്കു് 'അനേസ്തേസിയ' (ബോധരഹിതത്വം) എന്നു് പേരിട്ടു. വിക്ടോറിയാ രാജ്ഞി ലിയോപ്പോൾഡു് രാജകുമാരനെ പ്രസവിച്ചതു് 'ക്ലോറോഫാം' പ്രയോഗത്തോടുകൂടിയ ഒരു ശസ്ത്രക്രിയയുടെ ഫലമായിട്ടാണു്. അതോടുകൂടി 'ക്ലോറോഫാ'മിൻെറ വിജയം സുപ്രസിദ്ധമായി.

ഈ കണ്ടുപിടിത്തം രോഗികൾക്കും വൈദ്യന്മാർക്കും ഒരുപോലെ അനുഗ്രഹമായിത്തീർന്നു.

അഭ്യാസം.

1. "കൂട്ടുകാർ അദ്ദേഹത്തിന്റെ പക്കൽനിന്നു വാതകക്കുഴൽ പിടിച്ചെടുത്തു. ചില മുയലുകളുടെമേൽ പരീക്ഷിച്ചുനോക്കി." ഈ വാക്യങ്ങളെ കൂട്ടിച്ചേർത്തു് ഒററവാക്യമാക്കുക.

2. സ്വന്തം വാക്യത്തിലുപയോഗിക്കുക:—
ഇമ്പാച്ചിക്കഥ, നിരന്തരപരിശ്രമങ്ങൾ, അനുഗ്രഹമായിത്തീർന്നു.

3. 'സിംപ്സന്റെ പരീക്ഷണം'—ഇവിടെ പരീക്ഷണത്തിന്റെ ഉടമസ്ഥത സിംപ്സനാണു്. ഇങ്ങനെയുള്ള സംബന്ധം കാണിക്കുന്നതിനു സംബന്ധികാവിഭക്തി ഉപയോഗിക്കുന്നു. ഈ പാഠത്തിൽനിന്നു സംബന്ധികാവിഭക്തിയിലുള്ള നാലു പദങ്ങൾ ഉദ്ധരിക്കുക.

4. 'സീതയുടെ ഭർത്താവു രാമനാകുന്നു'—ഈ വാക്യത്തിൽ 'സീതയുടെ' എന്ന പദവും സംബന്ധികാവിഭക്തിയാണു്.

5. ക്ലോറോഫാം കണ്ടുപിടിക്കുന്നതിനുമുമ്പു് ബോധം കെടുത്തുന്നതിനു് ഉപയോഗിച്ചിരുന്ന മരുന്നുകളേവ? അവ കണ്ടുപിടിച്ചതു് ആരെല്ലാം?

6. ക്ലോറോഫാമിന്റെ കണ്ടുപിടിത്തത്തെക്കുറിച്ചു് മൂന്നു ഖണ്ഡിക എഴുതുക.

———

പാഠം 5

പടയിൽ തോററപ്പോൾ

തോററു തിരിച്ചു തുടങ്ങി പതുക്കെ-
പ്പാററകൾപോലെ പടജ്ജനമെല്ലാം.
മാററലർബാണ ഗണങ്ങളുമുടനുട-
നേററു മുറിഞ്ഞു മറിഞ്ഞഥ വീണു.

ഏററുതിരിപ്പാനെളുതല്ലാഞ്ഞവ-
രേററംഭ്രമിയിൽ വീണു മുരുണ്ടും
പേടികലർന്നൊരു നായന്മാര-
ങ്ങോടിച്ചെന്നു മരങ്ങടെ മൂട്ടിൽ

കൂടിക്കരിയിലകൊണ്ടു ശരീരം
മൂടിയൊളിച്ചു ശയിച്ചാരുടനേ.
നായന്മാരുടനോട്ടന്നേര-
ത്തായുധമെല്ലാം വഴിയിൽപ്പോയി.

ആയതു പിന്നെയുമുണ്ടാക്കീടാം
കായംകിട്ടുകിലതു ബഹുലാഭം.
മലയുടെ ഗുഹയിൽച്ചെന്നു കടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ;

വലിയൊരു പുലി വന്നടിയും കൂട്ടി-
ത്തലയുംകൊണ്ടു തിരിച്ചാനപ്പോൾ.
കലയും മാനും വരുമൊരുമാർഗ്ഗേ
വലയുംകെട്ടിക്കാട്ടാളന്മാർ

GOVERNMENT HIGH & TRAINING ... KOTTAYAM. KERALA STATE

മലയിലൊളിച്ചിഹ പാർക്കുന്നേരം
വലയിൽച്ചെന്നു വലഞ്ഞൊനൊരുവൻ.
വലയിൽപ്പെട്ടതു കണ്ടൊരു വേടൻ
കലയെന്നോർത്തൊരു ബാണമയച്ചാൻ !
തലയിൽകൊണ്ടു തറച്ചതു കണ്ടാ–
മലയൻ വന്നിഹ നോക്കുന്നേരം
കലയല്ലിവനൊരു വലിയൊരു തടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ !

ഘോഷയാത്ര] [കുഞ്ചൻ നമ്പ്യാർ.

അഭ്യാസം.

1. മാററലർ = ശത്രുക്കൾ. കായം = ശരീരം. മാനുഷൻ = മനുഷ്യൻ.
2. യുദ്ധത്തിൽ തോററ് ഓടിപ്പോകുന്ന പടയാളികളെ കുഞ്ചൻ നമ്പ്യാർ എങ്ങനെയാണു വർണ്ണിക്കുന്നതു്? ചുരുക്കി എഴുതുക.
3. കുഞ്ചൻ നമ്പ്യാർ ഫലിതക്കാരനാണെന്നു് ഇതിലെ വരികളുദ്ധരിച്ചു് തെളിയിക്കുക.
4. ശത്രു, ശരീരം—എന്നീ വാക്കുകൾക്കു് പാഠത്തിലുള്ള പര്യായപദങ്ങളെഴുതുക.
5. ആദ്യത്തെ രണ്ടുവരിയിലെ അലങ്കാരമെന്തു്? ഉപമാനവും ഉപമേയവും ചൂണ്ടിക്കാണിക്കുക.

പാഠം 6

ലൂയി പാസ്റ്റർ

ഒരു വസന്തസായാഹ്നത്തിൽ പാരീസ് നഗരത്തിനു സമീപമുള്ള ഒരു ഉദ്യാനത്തിൽ ഏതാനും ബാലന്മാർകൂടി വിഹരിക്കുകയായിരുന്നു. ആ കുസൃതിക്കുട്ടന്മാർ കൂട്ടം ചേർന്നു് ആർത്തുവിളിച്ചുകൊണ്ടുനിന്നപ്പോൾ എങ്ങു നിന്നോ ഒരു വിലാപം അവരുടെ കർണ്ണപുടങ്ങളിൽ പതിച്ചു. തൽക്ഷണം അവരുടെ കോലാഹലങ്ങളെല്ലാം തനിയേ നിലച്ചു. അവർ സ്തബ്ധരായിട്ടു് അന്യോന്യം

പകച്ചു നോക്കിനിന്നുപോയി. വീണ്ടും ആ ദീനസ്വരം കേൾക്കുകയായി. ഉടനെ എല്ലാവരുംകൂടി ശബ്ദം പുറപ്പെട്ട ദിക്കിനെ ലക്ഷ്യമാക്കി ഓടി. ഒരു വൈദ്യന്റെ വസതിയിലായിരുന്നു അവർ ചെന്നുകയറിയതു്. പേപ്പട്ടി വിഷം ബാധിച്ച ഒരു ബാലന്റെ കൈകാലുകൾ ബന്ധിച്ചിട്ടിരിക്കുകയായിരുന്നു, അവിടെ കണ്ട കാഴ്ച. ഏതാനും

ആളുകളും അവൻെറ ചുററും കൂടി നിൽക്കുന്നുണ്ടു്. ആ രോഗിയുടെ രോദനമായിരുന്നു വിനോദമദ്ധ്യേ ആ ബാലന്മാർ കേൾക്കാനിടയായതു്.

താമസിയാതെ രണ്ടു മൂന്നു ഭീമകായന്മാർകൂടി ബലമായി അവനെപ്പിടിച്ചു് തറയിൽ അനങ്ങാതെ കിടത്തി. അനന്തരം വൈദ്യൻ ചുട്ടുപഴുത്ത ഒരു ഇരുമ്പുകമ്പി കൊണ്ടുവന്നു്, അവൻെറ ശരീരത്തിൽ കടിയേററ ഭാഗങ്ങളിൽ കുറേനേരം വച്ചമർത്തി. ഉടനെ ചുടുരക്തം ആ സ്ഥാനങ്ങളിൽനിന്നു ധാരധാരയായി പ്രവഹിച്ചു. വേദന സഹിക്കവയ്യാതെ ആ സാധു കിടന്നു പിടച്ചുകൊണ്ടു് ഉച്ചത്തിൽ അലറി. പ്രാണവേദന അനുഭവിക്കുന്ന ഒരു നായെപ്പോലെ ഇടയ്ക്കിടെ അവൻ മോങ്ങി. ഹൃദയഭേദകമായ ആ കാഴ്ചകണ്ടു് അവൻെറ മാതാപിതാക്കന്മാർ മൂർച്ഛിച്ചു വീണു. കൂടിനിന്നവർ കണ്ണീർ പൊഴിച്ചു. ജിജ്ഞാസുക്കളായി നോക്കിനിന്ന ബാലന്മാർ ഭയാക്രാന്തരായി നാലുപാടും ഓടി. പക്ഷെ അവരിൽ ഒരുവൻമാത്രം ആ സാധുവിൻെറ ദുരവസ്ഥയോർത്തു് അവിടെത്തന്നെ നിന്നു. രോഗിയുടെ മുറിവുകളിലും മുഖത്തും ദയാലുവായ ആ ബാലൻ മാറി മാറി നോക്കി.

അല്പസമയം കഴിഞ്ഞു് രോഗിയുടെ മുഖലക്ഷണങ്ങൾ പെട്ടെന്നു മാറി. അവൻെറ ഉച്ചത്തിലുള്ള നിലവിളി ക്രമേണ നിലച്ചു. കരചരണങ്ങൾ നിശ്ചലങ്ങളായി. അവസാനം, വാപിളർന്നു് അന്ത്യശ്വാസം വിട്ടു. അത്രമാത്രം തീവ്രവേദന അനുഭവിച്ചു്, അങ്ങനെ അവൻെറ ദേഹി ദേഹം വെടിഞ്ഞു.

ഈ ദാരുണ രംഗത്തിനു സാക്ഷിയായിരുന്ന ആ ബാലൻ ശോകാകുലനായി അവിടെനിന്നു മടങ്ങി. ആ കുട്ടിയാണു് പേപ്പട്ടിവിഷത്തിനു ചികിത്സ കണ്ടുപിടിച്ചു് പിൽക്കാലത്തു് ലോകപ്രസിദ്ധനായിത്തീർന്ന ലൂയി പാസ്റ്റർ.

പാസ്റ്റർ ക്രിസ്തുവർഷം 1822-ൽ ഫ്രാൻസിൽ ജനിച്ചു. പിതാവായിരുന്ന ജോസഫ് പാസ്റ്റർ

നെപ്പോളിയൻ ചക്രവർത്തിയുടെ കീഴിൽ ഒരു സാധാരണ ഭടനായിരുന്നു. നെപ്പോളിയന്റെ അധഃപതനത്തിനു ശേഷം ജോസഫ് പട്ടാളത്തിൽനിന്നും പിരിഞ്ഞു. അനന്തരം തുകൽ വ്യവസായത്തിൽ ഏർപ്പെട്ടായിരുന്നു അദ്ദേഹം കുടുംബം പുലർത്തിവന്നതു്. പുത്രൻ ഒരു ശാസ്ത്രപണ്ഡിതനായിത്തീരണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. ലൂയിയെ പാരീസിലെ ഒരു സർവകലാശാലയിൽ വൈദ്യശാസ്ത്രം പഠിപ്പിക്കുന്നതിനു കൊണ്ടുചെന്നാക്കി. അന്നു ലൂയിക്കു പതിനാറുവയസ്സേ പ്രായമായിരുന്നുള്ളു. ബുദ്ധിമാനായ ആ ബാലൻ പഠനത്തിൽ വേണ്ടവിധം ശ്രദ്ധിച്ചു. രസതന്ത്രത്തിൽ അദ്ദേഹത്തിനു പ്രത്യേകം അഭിരുചിയുണ്ടായിരുന്നു. ആ വിഷയത്തിൽ ചില പരീക്ഷണങ്ങളും അദ്ദേഹം അക്കാലത്തു നടത്തിക്കൊണ്ടിരുന്നു.

വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം പിതാവിന്റെ ആഗ്രഹം അനുസരിച്ചു് അദ്ദേഹം ഫ്രാൻസിൽ ഡിജോവു് നഗരത്തിലെ ഒരു കാളേജിൽ കുറേനാൾ ശാസ്ത്രാദ്ധ്യാപകനായി ജോലി നോക്കി. അനന്തരം ജർമ്മനിയിൽ സ്റ്റ്രാറസ്ബർഗ്ഗ് എന്ന നഗരത്തിലും പിന്നെ ഫ്രാൻസിലും ഉള്ള ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രസതന്ത്രപണ്ഡിതനായിട്ടു് അദ്ദേഹം പ്രശസ്തസേവനം അനുഷ്ഠിച്ചിട്ടുണ്ടു്. അക്കാലങ്ങളിലെല്ലാം രസതന്ത്രസംബന്ധമായി പല ഗവേഷണങ്ങൾ കൂടി അദ്ദേഹം നടത്തിക്കൊണ്ടിരുന്നു.

ഔഷധവും ശസ്ത്രക്രിയയുമാണല്ലൊ രോഗശമനത്തിനുള്ള ആധുനികമാർഗ്ഗങ്ങൾ. എന്നാൽ അക്കാലത്തു് ഏററവും അപരിഷ്കൃതമായ രീതിയിലായിരുന്നു ശസ്ത്രക്രിയ നടത്തിക്കൊണ്ടിരുന്നതു്. എങ്കിലും ജീവിതാശമൂലം ചില രോഗികൾ ഈ കഠിനപീഡനത്തിനു മനസ്സില്ലാമനസ്സോടെ വഴിപ്പെട്ടുകൊണ്ടിരുന്നു. വേദന കൂടാതെ ശസ്ത്രക്രിയ നടത്തുന്നതിനു് സിംപ്സൺ എന്ന മഹാൻ ചില ഔഷധങ്ങളും മററും കണ്ടുപിടിച്ചിട്ടുണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ പരിശ്രമത്തിനു്

അന്നു് പൂർണ്ണഫലം ലഭിച്ചിരുന്നില്ല. എന്തെന്നാൽ അദ്ദേഹത്തിൻെറ നിർദ്ദേശം അനുസരിച്ചു് ശസ്ത്രക്രിയയ്ക്കു വിധേയരായ രോഗികളിൽ ഭൂരിപക്ഷംപേരും ഏതാനും ദിവസങ്ങൾക്കകം മരിച്ചുപോയിരുന്നു. അതിൻെറ കാരണം എന്തെന്നു ശരിയായി മനസ്സിലാക്കാൻ ഭിഷഗ്വരന്മാർക്കു സാധിച്ചിരുന്നില്ല. ആദ്യമായി മുറിവായിൽ ഒരുതരം വിഷബീജങ്ങൾ തനിയേ ഉണ്ടാകുന്നു. അണുപ്രായങ്ങളായ ഒരുതരം കൃമികൾ അവയെ ശരീരം മുഴുവൻ വ്യാപിപ്പിക്കുന്നു. തൻമൂലം രോഗിക്കു് ജീവാപായം സംഭവിക്കുന്നു. ഇപ്രകാരമായിരുന്നു അവരുടെ ധാരണ.

പാൽ, മുന്തിരിച്ചാർ മുതലായ പാനീയങ്ങൾ ഏതാനും മണിക്കൂർ നേരം വെറുതേവച്ചിരുന്നാൽ അവയ്ക്കു പുളിരസം ഉണ്ടാകുന്നതു് നമുക്കു് അനുഭവമാണല്ലോ. അതുസംബന്ധിച്ചു് പാസ്റ്റർ ചില ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. അതിൻെറ ഫലമായിട്ടു്, ദ്രാവകങ്ങൾക്കു് അപ്രകാരം രസഭേദം ഉണ്ടാകുന്നതു്, അന്തരീക്ഷവായുവിൽനിന്നു് അവയിൽ പ്രവേശിക്കുന്ന അദൃശ്യങ്ങളായ ഒരുതരം അണുജീവികളുടെ പ്രവർത്തനംമൂലമാണെന്നു സൂക്ഷ്മമായി മനസ്സിലാക്കാൻ അദ്ദേഹത്തിനു സാധിച്ചു. വായുവിനെ തടഞ്ഞു് അണുക്കൾ പ്രവേശിക്കാതെ സൂക്ഷിക്കുകയാണെങ്കിൽ, പാനീയങ്ങൾക്കു് സ്വാതേ ഉള്ള സ്വാദിനു് യാതൊരു മാററവും ഉണ്ടാകുന്നതല്ലെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. മരണഹേതുക്കളായ രോഗാണുക്കൾ മുറിവുകളിൽ തനിയേ ഉണ്ടാകുന്നതല്ലെന്നു് ഈ ഉദാഹരണങ്ങളെ ആസ്പദമാക്കി അദ്ദേഹം അനുമാനിച്ചു. അവ അന്തരീക്ഷ വായുവിൽനിന്നു മുറിവുകളിൽകൂടി ശരീരത്തിൽ പ്രവേശിച്ചു് മാംസപേശികളെ ആക്രമിക്കുന്നു. തൻമൂലം രോഗം വർദ്ധിച്ചു മരണത്തിനിടയാകുമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. വ്രണം നല്ലപോലെ കഴുകി വായു ഉള്ളിൽ കടക്കാത്തവിധം വച്ചുകെട്ടിയാൽ അതു നിശ്ശേഷം കരിഞ്ഞുപോകുന്നതാണെന്നു പരീക്ഷണങ്ങളിൽ നിന്നു് അദ്ദേഹം മനസ്സിലാക്കി. മററുള്ള ശാസ്ത്രജ്ഞന്മാർ ആദ്യം അദ്ദേഹത്തിൻെറ

അഭിപ്രായം ശരിയാണെന്നു വിശ്വസിച്ചില്ല. മാത്രമല്ല, അവർ പാസ്റ്ററെ ആക്ഷേപിക്കുകയും ചെയ്തു. പക്ഷെ അതുകൊണ്ടൊന്നും അദ്ദേഹം ഒട്ടും നിരുത്സാഹനായില്ല. പരീക്ഷണങ്ങളും പ്രയോഗങ്ങളുംകൊണ്ടു് ഈ നവീന തത്വത്തെ അദ്ദേഹം വിശദീകരിച്ചു്, അതിൻെറ യാഥാർത്ഥ്യം അവരെ ബോദ്ധ്യപ്പെടുത്തി. അതിനുശേഷ മാണു് ഭിഷഗ്വരന്മാർ രോഗാണുക്കളുടെ പ്രവേശനത്തെ തടയുന്നതിനു പ്രയോജനകരമായ മാർഗ്ഗങ്ങൾ സ്വീകരിച്ചു തുടങ്ങിയതു്. ശസ്ത്രക്രിയയ്ക്കുമുമ്പു് ഉപകരണങ്ങൾ തിളച്ച വെള്ളത്തിലിട്ടു് ശുദ്ധമാക്കണമെന്നു് ആദ്യമായി നിർദ്ദേശിച്ചതും പാസ്റ്റർ ആയിരുന്നു.

ഫ്രാൻസിലെ പട്ടുവ്യവസായത്തിനു് അക്കാലത്തു് വലിയ അധഃപതനം നേരിട്ടിരുന്നു. ഒരുതരം രോഗം ബാധിച്ചു് പട്ടുനൂൽപ്പുഴുക്കൾ കൂട്ടംകൂട്ടമായി നശിച്ചതാ യിരുന്നു കാരണം. അതിനുള്ള നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു് ഫ്രെഞ്ചുഗവണ്മെൻറു് പാസ്റ്ററോടു് അപേക്ഷിച്ചു. മൂന്നുനാലു വർഷം തുടർച്ചയായി അദ്ദേഹം ഗവേഷണങ്ങൾ നടത്തി. ഒടുവിൽ ഒരുതരം സാംക്രമിക രോഗാണുക്കളാണു് പുഴുക്കൾക്കു് ഈനാശം ഉണ്ടാക്കുന്ന തെന്നു് അദ്ദേഹം കണ്ടുപിടിച്ചു. രോഗംബാധിക്കാത്ത പുഴുക്കളെ മററുള്ളവയിൽനിന്നു് മാററി അദ്ദേഹം സൂക്ഷിച്ചു. അതോടുകൂടി രോഗവ്യാപ്തി നിലയ്ക്കുകയും ചെയ്തു. അങ്ങനെ ഒരു മഹാനഷ്ടത്തിൽനിന്നു് രാജ്യത്തെ അദ്ദേഹം രക്ഷിച്ചു.

ഈ ശ്രമങ്ങൾക്കിടയിൽ അദ്ദേഹത്തിൻെറ പിതാവും വാത്സല്യഭാജനമായ ഏകപുത്രിയും കാലധർമ്മമടഞ്ഞു. എങ്കിലും തൻമൂലമുണ്ടായ ദുഃഖം അദ്ദേഹത്തിൻെറ കൃത്യ നിർവ്വഹണത്തിനു് യാതൊരു വിഘ്നവും വരുത്തിയില്ല. ധീരചിത്തനായ പാസ്റ്റർ പഴയപടി പ്രയത്നങ്ങൾ തുടർന്നു കൊണ്ടുതന്നെയിരുന്നു. കുരുവിന്മേൽ കുരു എന്നപോലെ സ്വജനവിയോഗത്തെത്തുടർന്നു് അദ്ദേഹത്തിനു പക്ഷവാത രോഗം പിടിപെട്ടു. എങ്കിലും അധികം താമസിയാതെ ഈശ്വരകൃപയാൽ അദ്ദേഹം രോഗവിമുക്തനായി.

ഫ്രാൻസിലെ ആട്ടമാട്ടകൾക്കു് ഒരുതരം നീക്കെട്ടു ബാധിക്കുക അന്നു സാധാരണമായിരുന്നു. ആ രോഗത്തിൽ നിന്നു് മൃഗങ്ങളെ രക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പാസ്റ്റർ ആരാഞ്ഞുതുടങ്ങി. ഒരുദിവസം അദ്ദേഹം അൻപതു് ആട്ടുകളെ ശേഖരിച്ചു. ഇരുപത്തഞ്ചുവീതം രണ്ടായി തിരിച്ചു് പ്രത്യേകം കെട്ടിസൂക്ഷിച്ചു. അവയിൽ ഒരു കൂട്ടത്തിനു് ആന്ത്രാക്സ് രോഗത്തിന്റെ ബീജം അടങ്ങിയ ചലം ഏററവും ലഘുവാക്കി തയ്യാർ ചെയ്തു കുത്തിവച്ചു. അനന്തരം ആ ചലംതന്നെ കൊഴുത്തവിധത്തിൽ തയ്യാറാക്കി രണ്ടുകൂട്ടം ആട്ടുകൾക്കും വീണ്ടും കുത്തിവച്ചു. ഇതിന്റെ ഫലമായിട്ടു്, ആദ്യത്തെ ഇരുപത്തഞ്ചു് ആട്ടുകൾ പെട്ടെന്നു സുഖംപ്രാപിക്കുകയും മററുള്ളവയെല്ലാം ഏതാനും ദിവസങ്ങൾക്കകം ചത്തുപോകുകയും ചെയ്തു. ഈ പ്രയോഗംമൂലം ആട്ടമാട്ടകൾക്കു് ബാധിച്ച ആന്ത്രാക്സ്രോഗം മാത്രമല്ല, കോഴികൾക്കുണ്ടായ കാളറയും തടുക്കുവാൻ അദ്ദേഹത്തിനു നിഷ്പ്രയാസം സാധിച്ചു. ഇങ്ങനെയാണു് അത്യന്തം പ്രയോജനകരവും ആധുനിക ചികിത്സാരീതിയിൽ വളരെ പ്രചാരമുള്ളതുമായ കുത്തിവയ്പിന്റെ ആവിർഭാവം.

പേപ്പട്ടി കടിച്ചു് അനേകം ആളുകൾ അന്നു് യൂറോപ്പിൽ അകാലമൃത്യുവിനു് ഇരയായിക്കൊണ്ടിരുന്നു. ഫലപ്രദമായ ചികിത്സാരീതി ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ആ നിസ്സഹായാവസ്ഥയിൽനിന്നു് സമസ്തരെ രക്ഷിക്കേണ്ടതു് തന്റെ കർത്തവ്യമാണെന്നു് അദ്ദേഹത്തിനു തോന്നി. കൂടാതെ ബാല്യകാലത്തു് താൻ ദർശിച്ച ആ ദാരുണരംഗം അദ്ദേഹത്തിന്റെ ദൃഷ്ടിപഥത്തിൽനിന്നു് മറഞ്ഞിട്ടുണ്ടായിരുന്നുമില്ല. അതിനാൽ പേപ്പട്ടിവിഷത്തിനു ഫലപ്രദമായി ചികിത്സിക്കുന്നതിനുള്ള ഒരു ഔഷധം കണ്ടുപിടിക്കുന്നതിനുവേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ അനന്തരശ്രമം. ഒരുദിവസം ഒരു പേപ്പട്ടിയെ പിടിച്ചു കെട്ടിയിട്ടു്, അതിന്റെ വായിലെ വിഷമയമായ നുരയും പതയും ഒരു സ്ഫടികക്കുഴൽവഴി അദ്ദേഹം തന്നെത്താൻ ഊതി വലിച്ചെടുത്തു. അനന്തരം ആ വിഷദ്രാവകം പാകപ്പെടുത്തി മററു ചില ജന്തുക്കളുടെ ശരീര

ത്തിൽ കുത്തിവച്ചു്, ചില പരീക്ഷണങ്ങൾ നടത്തി. അങ്ങനെ പേപ്പട്ടിവിഷത്തിനും കുത്തിവയ്പ്പു് ഏററവും ഗുണകരമാണെന്നു് അദ്ദേഹം കണ്ടുപിടിച്ചു. ഈ ചികിത്സാസമ്പ്രദായം തന്നെയാണു് നമ്മുടെ ഗവണ്മെൻറു വക ആശുപത്രികളിൽ ഇപ്പോഴും നടത്തിവരുന്നതു്.

ഇപ്രകാരമുള്ള പ്രശസ്തസേവനങ്ങളെ പരിഗണിച്ചു് ഫ്രഞ്ചുഗവണ്മെൻറു് പാസ്റ്ററിനും കുടുംബാംഗങ്ങൾക്കും അടുത്തൂൺ നൽകി. അനേകം സമ്മാനങ്ങളും സ്ഥാനമാനങ്ങളും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹത്തിൻെറ പാവനസ്മരണയെ നിലനിറുത്തുന്നതിനു് കൃതജ്ഞരായ നാട്ടുകാർ അവിടെ പാസ്റ്റർ ഇൻസ്റ്റിററ്യൂട്ടു് എന്നപേരിൽ ഒരു ഗവേഷണശാല സ്ഥാപിച്ചു. ആ മഹാസ്ഥാപനം വളർന്നു്, അതിൻെറ ശാഖകൾ ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലും ഉണ്ടായിട്ടുണ്ടു്.

നിസ്സ്വാർത്ഥനായ പാസ്റ്റർ ഇപ്രകാരമുള്ള ലൗകികസ്ഥാനമാനങ്ങൾകൊണ്ടു് ഒട്ടും അഹങ്കരിച്ചില്ല. പ്രതിഫലം യാതൊന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. ആർത്തത്രാണം മാത്രമായിരുന്നു അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം. "പ്രയത്നിക്കുക" എന്നതായിരുന്നു അദ്ദേഹത്തിൻെറ മുദ്രാവാക്യം. തൻെറ പ്രയത്നങ്ങളുടെ സൽഫലങ്ങൾ സമസ്തസൃഷ്ടർ അനുഭവിച്ചാനന്ദിക്കുന്നതു കണ്ടുമാത്രം ആ മഹാൻ കൃതാർത്ഥനായി. അനന്തരം ലോകരുടെയെല്ലാം സ്നേഹാദരങ്ങൾ സമാർജ്ജിച്ചുകൊണ്ടു ആ മനുഷ്യസ്നേഹി എഴുപത്തിയേഴാമത്തെ വയസ്സിൽ ഫ്രാൻസിലെ സെൻറുക്ലൗഡു് എന്ന സ്ഥലത്തുവച്ചു നിര്യാതനായി. "മനുഷ്യസമുദായത്തിൻെറ ഭിഷഗ്വരൻ" എന്ന പ്രശംസയ്ക്കു് അർഹനായിത്തീർന്ന ആ മഹാത്മാവിൻെറ സേവനങ്ങളെ നാം എന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണു്.

അഭ്യാസം.

1. 'പക്ഷവാതരോഗം പിടിപെട്ടു; എങ്കിലും അധികം താമസിയാതെ അദ്ദേഹം രോഗവിമുക്തനായി.'

ഇവിടെ 'എങ്കിലും' എന്ന പദം, മുൻപും പിൻപുമുള്ള വാക്യങ്ങളിലെ ആശയങ്ങളുടെ പരസ്പര വിരോധം സൂചിപ്പിക്കുന്നതിനു് പ്രയോഗിച്ചിരിക്കയാണു്. ആ രണ്ടു വാക്യങ്ങളെയും കൂട്ടിച്ചേർക്കുന്നതുകൊണ്ടു് അതിനു് ഘടകം എന്നുപേർ.

'മഴ പെയ്തില്ല; എങ്കിലും തണുപ്പുണ്ടു്.'— ഇവിടെയും 'എങ്കിലും' എന്ന പദം മുൻപറഞ്ഞ രീതിയിലാണു് പ്രയോഗിച്ചിരിക്കുന്നതു്.

2. <u>അവരുടെ</u> കണ്ണുപുടങ്ങൾ, <u>ബാലന്റെ</u> കൈകാലുകൾ— അടിയിൽ വരയിട്ടിട്ടുള്ള പദങ്ങളുടെ വിഭക്തിയും വചനവും പറയുക.
3. 'ഈ ദാരുണരംഗത്തിനു സാക്ഷിയായിരുന്ന ആ ബാലൻ ശോകാകുലനായി മടങ്ങി.'— അപോദ്ധരിക്കുക.
4. ലൂയിപാസ്റ്റർ പേപ്പട്ടിവിഷത്തിനുള്ള ഔഷധം കണ്ടുപിടിച്ചതെങ്ങനെ?
5. ലൂയിപാസ്റ്ററുടെ സ്മരണ നിലനിർത്തുന്നതിനു് നാട്ടുകാർ എന്തുചെയ്തു?

പാഠം 7

ശിലായുഗത്തിലെ ആയുധങ്ങൾ

ഒരു വന്യമൃഗം പെട്ടെന്നു നിങ്ങളെ ആക്രമിച്ചുവെന്നു കരുതുക. ആത്മരക്ഷയ്ക്കുവേണ്ടി നിങ്ങൾ അടുത്തു കിടക്കുന്ന കനത്ത കമ്പോ കല്ലോ കൈയിലെടുക്കുമെന്നു് ഒട്ടുമുക്കാലും തീർച്ചയാണു്. ഒരു പക്ഷേ ആദ്യത്തെ മനുഷ്യരും ചെയ്തതു് അതുതന്നെയായിരിക്കണം. കല്ലുകളും കമ്പുകളും എവിടെയും എളുപ്പത്തിൽ കിട്ടാവുന്ന സാധനങ്ങളാണല്ലോ.

നമ്മുടെ പഴങ്കാരണവനായ ആദിമമനുഷ്യനു് ഒത്ത ആകൃതിയിലുള്ള ഒരു കല്ലോ തീയിൽവച്ചു കത്തിച്ചു മുന കൂർപ്പിച്ച ഒരു കമ്പോ കിട്ടിയാൽ വലിയ സഹായമായിരുന്നു. ശരിക്കുപയോഗിച്ചാൽ അവകൊണ്ടു് അയാൾക്കു് തന്റെ മുത്താഴം സമ്പാദിക്കാം. കമ്പുകൊണ്ടു മരക്കൊമ്പുകൾ പിടിച്ചുകുലുക്കി പഴങ്ങൾ താഴെ വീഴ്ത്താം. നിലത്തു കുഴിച്ചു കിഴങ്ങുകൾ പറിച്ചെടുക്കാം. ഇറച്ചിക്കാണെങ്കിൽ, മൃഗങ്ങളെ അതുകൊണ്ടു കുത്തിക്കൊല്ലാം. കല്ലുകൊണ്ടു മൃഗങ്ങളെ എറിഞ്ഞോ ഇടിച്ചോ കൊല്ലാം. എല്ലുകൾക്കകത്തുള്ള മജ്ജ അയാൾക്കു് വളരെ ഇഷ്ടപ്പെട്ടതായിരുന്നുവെന്നുതോന്നുന്നു. അതെടുക്കുന്നതിനു് അയാൾ കല്ലുകൊണ്ടു് എല്ലുകൾ തച്ചുടയ്ക്കും. അതേ കല്ലു്—അല്ലെങ്കിൽ മറെറാരു തരം കല്ലു്—ഉപയോഗിച്ചു തന്നെ, അയാൾ സൗകര്യപൂർവ്വം മരത്തിന്റെ കൊമ്പുകൾ ഒടിച്ചു് വിറകായോ കാററിൽനിന്നും തണുപ്പിൽനിന്നും അഭയം തേടാനുള്ള ഉപകരണമായോ ഉപയോഗിച്ചിരിക്കും. ആദ്യത്തെ മനുഷ്യരുടെ വസ്ത്രമായിരുന്ന തോലു് അവർ മിനുസപ്പെടുത്തിയതും രൂപപ്പെടുത്തിയതും മൂർച്ചയുള്ള കല്ലുകൊണ്ടുതന്നെയായിരിക്കണം.

ആരംഭത്തിൽ ആവശ്യത്തിനു പററിയതാണെന്നു തോന്നിയ കല്ലുകൾ ആളുകൾ യാദൃച്ഛികമായി കണ്ടെത്തിയപ്പോൾ എടുത്തുപയോഗിച്ചിരിക്കാം. കുറച്ചുകാലം ഉപയോഗിച്ചശേഷം കൂടുതൽ നല്ലതു കണ്ടെത്തുമ്പോൾ പഴയതു് ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ടായിരിക്കണം. പക്ഷേ അനുഭവത്തിൽനിന്നു്, ഇങ്ങനെ യാദൃച്ഛികമായി കണ്ടെത്തുന്നതു് എടുത്തുപയോഗിക്കുന്ന ഏർപ്പാടു പോരെന്നു്, അവർക്കു മനസ്സിലായിരിക്കണം. ക്രമേണ അവർ ഓരോ ജോലിക്കും പററിയ ഉപകരണങ്ങൾ നിർമ്മിക്കാൻ തുടങ്ങി. അങ്ങനെ കല്ലുകൊണ്ടുള്ള പണിയായുധങ്ങൾ നിർമ്മിക്കാനുള്ള 'വ്യവസായം' ആരംഭിച്ചു. കുറഞ്ഞതു് പെകിങ്ങിലെ ചീനമനുഷ്യന്റെ കാലത്തോളം, അതായതു്, അഞ്ചു ലക്ഷം വർഷത്തോളം, അതിനു പഴക്കമുണ്ടു്. പെക്കിങ്ങ് മനുഷ്യൻ വെളുത്ത കരിങ്കല്ലുകൊണ്ടു് വരണ്ടികൾ ഉണ്ടാക്കിയിരുന്നു. കൊളംബസ്സു്

അമേരിക്ക കണ്ടുപിടിച്ച സമയത്ത് അമേരിക്കയിലെ ആദിമനിവാസികളായ 'ഇൻഡ്യൻ' ജാതിക്കാർ കല്ലു കൊണ്ടു കത്തികളും ശൂരമ്പുകളും കുന്തമുനകളും മഴുവും മററും ഉണ്ടാക്കി ഉപയോഗിച്ചിരുന്നു. ആസ്ത്രേലിയായിലെ ആദിമനിവാസികളിൽ ഒരു കൂട്ടർ ഇന്നും കല്ലു കൊണ്ട് പണിയായുധങ്ങളുണ്ടാക്കുന്നുണ്ട്.

ക്രിസ്തുവിനു മുമ്പ് 5000 വർഷങ്ങൾവരെ പണിയായുധങ്ങൾ ഉണ്ടാക്കുന്നതിനുപയോഗിച്ചിരുന്ന പ്രധാന വസ്തു കല്ലാണ്. മാനവചരിത്രത്തിലെ ഈ സുദീർഘ കാലഘട്ടത്തെ 'ശിലായുഗ'മെന്നു വിളിക്കുന്നു. പുരാണവസ്തു ശാസ്ത്രജ്ഞന്മാർ ഈ കാലഘട്ടത്തെ പഴയ ശിലായുഗമെന്നും പുതിയ ശിലായുഗമെന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. പുതിയ ശിലായുഗം ഏകദേശം പതിനായിരം കൊല്ലങ്ങൾക്കുമുമ്പു മാത്രമാണ് തുടങ്ങിയതു്. അപ്പോഴേയ്ക്കും കൃഷി ആരംഭിച്ചുകഴിഞ്ഞിരുന്നു. ഇന്നുവരെയുള്ള മനുഷ്യസമുദായചരിത്രത്തിലെ ചെറിയ ഒരു അംശമൊഴികെ ബാക്കിയെല്ലാം പഴയ ശിലായുഗത്തിൽപ്പെട്ടതാണ്.

മനുഷ്യർ ആദ്യമുണ്ടാക്കിയ കല്പണിയായുധങ്ങൾ ആകൃതിയിൽ ലളിതവും നിർമ്മിക്കാൻ എളുപ്പമുള്ളവയും ആയിരുന്നു. സ്കൗട്ടുകൾ ഉപയോഗിക്കുന്ന പേനാക്കത്തിപോലെ രൂപപ്പെടുത്തിയ ഒരു കല്ലുകൊണ്ട് അനേകം കാര്യങ്ങൾ ചെയ്യാം—മുറിക്കാം, ഉരസ്സാം, ചുരണ്ടാം, വെട്ടിത്തുണ്ടമാക്കാം. കല്ലുകൊണ്ടുണ്ടാക്കിയ പണിയായുധങ്ങളെല്ലാം മുഖ്യമായും മൂന്നു തരത്തിൽപ്പെടുന്നു—മഴുകൾ, അലകുകൾ, വെട്ടുകത്തികൾ. ആദ്യത്തെ രണ്ടുതരം ആയുധങ്ങൾ യൂറോപ്പിലെല്ലായിടത്തും ആഫ്രിക്കയിലും കിഴക്ക് ഇൻഡ്യവരെയുള്ള ഏഷ്യൻരാജ്യങ്ങളിലും ആണ് ഉപയോഗിച്ചിരുന്നതു്. വിദൂരപൗരസ്ത്യദേശത്ത്—അതായതു് ചൈനയിലും ജാവയിലും—ആണ് വെട്ടുകത്തികൾ ഉപയോഗിച്ചിരുന്നതു്.

'കന്മഴു' ഒരു വലിയ മനുഷ്യൻെറ കൈപ്പിടിയിൽ ഒതുങ്ങുന്ന ഒരു കഷണം കരിങ്കല്ലായിരുന്നു. മഴുവിൻെറ

രൂപവും മൂർച്ചയോടുകൂടിയ വായ്ത്തലയും ഉള്ളതും ഒരററത്തെ മുന കൂർപ്പിച്ചതുമായ ഒരുതരം ആയുധമായിരുന്നു അതു്. ധാരാളം ക്ഷമയും കുറച്ചു പരിചയവുമുണ്ടെങ്കിൽ നിങ്ങൾക്കും അതുണ്ടാക്കാൻ കഴിയും. കരിങ്കൽക്കഷണമെടുത്തു് ഒരു കയ്യിൽ പിടിക്കുക; മറേറ കൈയിൽ ഉരുണ്ട വലിയ ഒരു വെള്ളാരങ്കല്ലെടുത്തു് കരിങ്കല്ലിന്മേൽ ശക്തിയായി ഇടിക്കുക. അത്തരം വെള്ളാരങ്കല്ലുകൾക്കു ചുററിക എന്നു പേരിടാം. കരിങ്കല്ലിൻെറ ഏതു ഭാഗത്താണോ വേണ്ടത്ര ശക്തിയോടുകൂടി അടിക്കുന്നതു്, അവിടെനിന്നു് ഒരു ചില്ലു് അടർന്നുപോകും. അങ്ങനെ ശരിക്കു ചില്ലുകൾ അടത്തിക്കളഞ്ഞാൽ, നിങ്ങൾക്കാവശ്യമുള്ള ആകൃതിയും വായ്ത്തലയും രൂപപ്പെടുത്തിയെടുക്കാം. അതിനുപററിയില്ലെങ്കിൽ, മറെറാരു കരിങ്കൽക്കഷണമെടുത്തു് വീണ്ടും ജോലി തുടങ്ങണം. നമ്മുടെ ആദ്യകാലത്തെ പൂവ്വികന്മാർ ഉപയോഗിച്ച പരീക്ഷണസമ്പ്രദായമാണിതു്.

കത്തിപോലെ മൂർച്ചയുണ്ടാക്കാൻ കഴിയുന്ന കരിങ്കല്ലുകൾക്കു് ഒരു പ്രത്യേകോപയോഗമുണ്ടായിരുന്നു. കന്മഴു കൊത്തിമുറിക്കാനും ചുരണ്ടാനും തുളയ്ക്കാനും കൊള്ളാം. എന്നാൽ മുറിക്കുന്നതിനു കനം കുറഞ്ഞ അലകാണു് കൂടുതൽ നല്ലതു്. മിക്ക ആളുകളും ആദ്യകാലത്തു് ഈ രണ്ടുപകരണങ്ങളും ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്നു. എന്നാൽ ചില കൂട്ടർ ഇതിലേതെങ്കിലും ഒന്നുണ്ടാക്കുന്നതിൽ പ്രത്യേക വൈദഗ്ദ്ധ്യം നേടിയിരുന്നു. ഓരോ ഗോത്രക്കാർക്കും പണിയായുധങ്ങൾ നിർമ്മിക്കുന്നതിനു് ചില പ്രത്യേക സമ്പ്രദായങ്ങൾ ഉണ്ടായിരുന്നു. ഗവേഷണവിദഗ്ദ്ധന്മാർക്കു് അതു തിരിച്ചറിയാൻ കഴിയും.

വിദൂരപൗരസ്ത്യദേശത്തു് കരിങ്കല്ലു ദുർലഭമായിരുന്നു. അതുകൊണ്ടു് അവർ പണിയായുധങ്ങളുണ്ടാക്കാൻ വെൺകല്ലോ ചാണക്കല്ലോ ആണു് ഉപയോഗിച്ചതു്. ചിലപ്പോൾ, ധാതുദ്രവ്യങ്ങൾ വലിച്ചെടുത്തു് ഒരുതരം കല്ലായി രൂപാന്തരപ്പെടുത്തിയ മരത്തടികളും അവർ ഇതിനുപയോ

ഗിച്ചു. കോണാകൃതിയിലുള്ള വായ്ത്തലയോടുകൂടിയ മഴു പോലെ തോന്നുന്ന ഒരു പണിയായുധം ക്രമേണ അവർ ശരിപ്പെടുത്തിയെടുത്തു. പലതരത്തിലും അതു് ഉപയോഗപ്പെടുത്താൻ കഴിയും.

മഴു, അലകു്, വെട്ടുകത്തി—ഇവ നിർമ്മിക്കുന്ന വ്യവസായം നൂറുനൂറായിരം വർഷങ്ങൾ ഒരേ മട്ടിൽ തുടർന്നു നടന്നു. ആദ്യമുണ്ടാക്കിയ ആയുധങ്ങളും ഏററവും ഒടുവിൽ നിർമ്മിച്ച ആയുധങ്ങളും തമ്മിൽ വലിയ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. അത്ര മന്ദഗതിയിലായിരുന്നു തൽസംബന്ധമായ പരിഷ്കാരത്തിൻെറ പുരോഗതി. ഒരു പക്ഷേ താരതമ്യേന ചെറിയ തലച്ചോറോടുകൂടിയ ആദ്യകാലമനുഷ്യർ പുതിയ പുതിയ കണ്ടുപിടിത്തങ്ങളിൽ സമർത്ഥരല്ലായിരുന്നിരിക്കാം. അല്ലെങ്കിൽ, അവരുടെ ജീവിതരീതി അത്ര ലളിതമായിരുന്നതുകൊണ്ടു്, പുതിയ പുതിയ ആയുധങ്ങളുണ്ടാക്കാൻ ശ്രമിക്കേണ്ടതിൻെറ ആവശ്യം അവർക്കുണ്ടായിരുന്നില്ലെന്നും വരാം. കാരണം എന്തായാലും, വളരെ സാവധാനത്തിൽ മാത്രമേ അക്കാര്യത്തിൽ എന്തെങ്കിലും മാററം സംഭവിച്ചിരുന്നുള്ളു.

അഭ്യാസം.

1. <u>നമ്മുടെ</u> പഴങ്കാരണവൻ, <u>ക്രിസ്തുവിനു</u> മുൻപു്, <u>തീയിൽ</u> <u>വച്ചു്</u>—അടിയിൽ വരയിട്ടിരിക്കുന്ന പദങ്ങളുടെ വിഭക്തിയും വചനവും പറയുക.
2. "ഇടിച്ചോ എറിഞ്ഞോ കൊല്ലാം" ഇതിലെ 'ഓ' എന്ന ശബ്ദം ഏതർത്ഥത്തെ കുറിക്കുന്നു? ഇതിനുപകരം 'ഉം' എന്ന സമുച്ചയം പ്രയോഗിച്ചു് രണ്ടും തമ്മിലുള്ള അർത്ഥവ്യത്യാസം വിവരിക്കുക.
3. 'മകനേ, ഇങ്ങോട്ടു വരൂ.' ഇവിടെ അച്ഛൻ മകനെ വിളിക്കുകയാണു്. ഇങ്ങനെ വിളിക്കുന്നതിനു് സംബോധനം എന്നു പേര്. സംബോധനത്തെ കുറിക്കുന്ന വിഭക്തി

സംബോധിക—'അച്ഛാ, ഞാനിതാ വന്നിരിക്കുന്നു.' ഈ വാക്യത്തിലെ 'അച്ഛാ' എന്ന പദവും സംബോധികാ വിഭക്തിയാണ്. സംബോധികാവിഭക്തി ഉപയോഗിച്ച് രണ്ടോ മൂന്നോ വാക്യങ്ങൾ എഴുതാൻ ശ്രമിക്കുക.

4. 'ശിലായുഗം' എന്ന പേരുണ്ടാകാൻ കാരണമെന്ത്?

5. 'ശിലായുഗ'ത്തിലെ ആയുധങ്ങളുടെ സമ്പ്രദായം എന്തായിരുന്നു? എങ്ങനെയാണ് അവ ഉണ്ടാക്കിയിരുന്നത്?

———

പാഠം 8

അക്രൂരന്റെ മനോഗതം

കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണ്ണയം ഞാൻ.
ആയർകോൻ തന്നുടെ കാന്തിയായുള്ളോരു
പീയൂഷവാരിതൻ പൂരം തന്നെ
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളിർപ്പിച്ചു നില്പനോ ഞാൻ!
കാർവർണ്ണൻ തന്നുടെ കണ്മുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽ നി–
ന്നാനന്ദമാടിക്കളിക്കുമോ താൻ!
കണ്ണന്റെ തൂമൊഴിയായൊരു തേൻകൊണ്ടെൻ
കർണ്ണങ്ങൾ രണ്ടും നിറച്ചു ചെമ്മേ

പൂമാതു പൂണുന്ന പൂമേനി കണ്ടുക-
ണ്ടാമോദം പൂണ്ടങ്ങു നില്പനോ ഞാൻ !
പുഞ്ചിരിയായോരു തൂനിലാവേററു നി-
ന്നെൻ ചിത്തമായുള്ളോരാമ്പൽ ചെമ്മേ
ഉല്ലസിച്ചാനന്ദമായൊരു തേനും പൂ-
ണ്ടല്ലലെപ്പോക്കമോറുണ്ടോ വന്നു !
വെണ്ണപുരണ്ടിട്ടു തിണ്ണം കുളിർത്തുള്ളോ-
രുണ്ണിക്കൈയൊന്നു മുകർന്നതാവൂ !
കണ്ടൊരു നേരത്തു കാർമുകിൽ വർണ്ണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടതാവൂ !
ചേവടി രണ്ടുമെട്ടത്തുടൻമെല്ലവേ
ചൊവ്വോടു മൗലിയിൽച്ചേർത്തതാവൂ !

കൃഷ്ണഗാഥ] [ചെറുശ്ശേരി.

അഭ്യാസം.

1. ആയർകോൻ = ശ്രീകൃഷ്ണൻ. പീയൂഷം = അമൃതു്.
തൂമൊഴി = മധുരമായ വാക്കു്. പൂമാതു് = മഹാലക്ഷ്മി.
മുകരുക = ഉമ്മവയ്ക്കുക. കാർമുകിൽവർണ്ണൻ = ശ്രീകൃഷ്ണൻ.
ചേവടി = മനോഹരമായ കാൽ. മൗലി = തല.

2. അർത്ഥം വ്യക്തമാക്കുക:—
കാർവർണ്ണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെ മെല്ലെ
മീനനായ്നിന്നൊരു ഞാനായ പൂവിൽ നി—
ന്നാനന്ദമാടിക്കളിക്കുമോ താൻ!

3. അക്രൂരൻെറ ആത്മഗതം സ്വന്തംവാക്യങ്ങളിൽ വിവരിക്കുക.

4. പര്യായപദങ്ങളെഴുതുക:—
(i) വെള്ളം, (ii) അമൃതു്, (iii) കൃഷ്ണൻ.

5. ''കാർവർണ്ണൻതന്നുടെ കൺമുനയായെയൊരു
കാർവണ്ടുവന്നിങ്ങു മെല്ലെ മെല്ലെ
ദീനനായ് നിന്നൊരു ഞാനായപൂവിൽ നി-
ന്നാനന്ദമാടിക്കളിക്കമോ താൻ!''

ഇവിടെ കൃഷ്ണന്റെ കൺമുനയ്ക്കും കാർവണ്ടിനും തമ്മിൽ ഭേദമില്ലെന്നു കല്പിച്ചിരിക്കുന്നു. അതുപോലെ 'ഞാനായ പൂവ്'' എന്നിടത്തു് അക്രൂരനും പൂവിനും തമ്മിലും ഭേദമില്ലെന്നാണു കവിയുടെ അഭിപ്രായം. ഇങ്ങനെ ഉപമാനത്തിനും ഉപമേയത്തിനും തമ്മിൽ അഭേദം കല്പിച്ചാൽ 'രൂപകം' എന്ന അലങ്കാരമായി.

''അവർണ്ണ്യത്തോടുവർണ്ണ്യത്തി-
ന്നഭേദംചൊൽക രൂപകം.''

എന്നു രൂപകലക്ഷണം.

6. ''വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ''
ഈ വരിയിലെ അലങ്കാരമെന്തു്? വർണ്ണ്യവും അവർണ്ണ്യവും എടുത്തെഴുതുക.

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM
KERALA STATE

പാഠം 9

ഫൗണ്ടൻപേന

ഈ ഉപന്യാസം എഴുതാൻ ഉപയോഗിക്കുന്ന ഫൗണ്ടൻപേനയെപ്പററി തന്നെയായിക്കളയാം ഇവിടെ പറയുന്നതു്. എന്റെ കൈവശമുള്ളതു് 'പാർക്കർ' പേനയാണു്. വിലപിടിച്ച പാർക്കറല്ല; പാർക്കർപേനാ വംശത്തിലെ ഒരു എളിയ അംഗം.

'പാർക്കർ' എന്നതു് കമ്പനിയുടെ പേരെന്നായിരുന്നു ഞാൻ ധരിച്ചിരുന്നതു്; അല്ലത്രെ. ഫൗണ്ടൻപേന കണ്ടു പിടിച്ചവരിൽ ഒരാളായിരുന്നുപോൽ മിസ്റ്റർ പാർക്കർ.

ജോൺ ജോസഫ് പാർക്കർ എന്നായിരുന്നു അദ്ദേഹത്തിൻെറ മുഴുവൻ പേരു്. ഏററവും സാധാരണമായ സാധനങ്ങളുടെ ഉത്ഭവചരിത്രം പലപ്പോഴും ബഹുരസമുള്ളതായിരിക്കും എന്നതിനു് ഒരു ഉദാഹരണവും കൂടി നമുക്കു് അങ്ങനെ ലഭിച്ചിരിക്കുകയാണു്.

ഫൗണ്ടൻപേന കണ്ടുപിടിച്ചു പരിഷ്കരിക്കാൻ സഹായിച്ച മറെറാരാളുടെ പേരു പറയാമോ? ഊഹിച്ചു ബുദ്ധിമുട്ടണ്ട. വേഗം പറഞ്ഞേക്കാം. "വാട്ടർമാൻ". "ഷെഫർ" എന്ന ഒരാളുടെ പേരുംകൂടി ഫൗണ്ടൻപേനയുടെ ചരിത്രത്തിൽ കാണുന്നുണ്ടു്. പാർക്കറും വാട്ടർമാനും ഷെഫറും കൂടി കണ്ടുപിടിച്ച ഫൗണ്ടൻപേനയുടെ "ഉറവുപേന" വാസ്തവത്തിൽ നിർമ്മിച്ചതു് ജോസഫ് ബ്രഹ്മാ എന്ന ഒരാളായിരുന്നു. 1809-ൽ അദ്ദേഹം മഷിയിൽ മുക്കാതെ എത്ര നേരമെങ്കിലും എഴുതാൻ കഴിയുന്ന പേന കണ്ടുപിടിച്ചു്, അതിൻെറ അവകാശം രജിസ്റ്റർ ചെയ്തിരുന്നു. ആ ഉറവുപേന തൂവൽകൊണ്ടുണ്ടാക്കിയതായിരുന്നുവെന്നാണു് കാണുന്നതു്. അക്കാലത്തെ പേനകളൊക്കെ തൂവലുകളായിരുന്നതുകൊണ്ടു് അതിൽ അത്ഭുതപ്പെടാനില്ല. തൂവലിൽ പൊള്ളയായ ഭാഗത്തു മഷി നിറയ്ക്കുക; മേലേ "കാർക്കു്" കൊണ്ടു് അടച്ചേയ്ക്കണം. അടിയിലും മഷി വീഴാതിരിക്കാൻ ഒരു കാർക്കു് വേണം. എഴുതുമ്പോൾ മഷി ഒഴുകാനായി, താഴത്തെ കാർക്കിൽ, നീളത്തിൽ, വ്യാസം വളരെ ചെറുതായ ഒരു തുളയുണ്ടാവും. പിടിച്ചെഴുതുമ്പോൾ തള്ളവിരൽ തട്ടുന്നസ്ഥലത്തു്, തൂവൽ ചെത്തി വളരെ നേർമ്മയുള്ളതാക്കുന്നതിനാൽ എഴുതുന്ന അവസരത്തിൽ അതു ഞെങ്ങുകയും ആ ഞെങ്ങൽകൊണ്ടു് മഷി സുഷിരത്തിൽക്കൂടി കീഴ്പോട്ടു് ഒഴുകുകയും ചെയ്യും. അതാണു് ഉറവുപേനയുടെ യന്ത്രതത്ത്വം. ഇന്നത്തെ ഏററവും പരിഷ്കരിച്ച പേനയിൽ അന്തർലീനമായ തത്ത്വവും അതുതന്നെ. എഴുതുമ്പോൾ "നിബ്ബ്" അല്പം ഉലയും. അപ്പോൾ നിബ്ബിൻേറയും കറുത്ത "ഫീഡറി"ൻേറയും ഇടയിൽക്കൂടി മഷി ഒഴുകുവാൻ തുടങ്ങുകയായി. കടലാസ്സിൽ മഷി വീണുകഴിഞ്ഞാൽപ്പിന്നെ, ദ്രാവകങ്ങൾക്കു് സ്വാഭാവികമായി ഉള്ള ഒരു പ്രത്യേക ഗുണം

കൊണ്ടു്, മഷി താനേ ഒഴുകിക്കൊള്ളും. പേന അമർത്തിപ്പിടിക്കേണ്ടതേയില്ല. നല്ല ഫൗണ്ടൻപേനയാണെങ്കിൽ, തൂവൽ കൊണ്ടു തൊടുംപോലെ മൃദുലമായി അമർത്തിയാൽ മതി. അതിവേഗത്തിൽ എഴുതാൻ കഴിയുന്ന ഫൗണ്ടൻപേന എഴുത്തിൻെറ വേഗതകൂട്ടി കൈയെഴുത്തു–കല നശിപ്പിച്ചുകളഞ്ഞു എന്നു് പരാതിയുണ്ടു്. ഇന്നത്തെ കൈയെഴുത്തും പണ്ടത്തെ കൈയെഴുത്തും തമ്മിൽ നോക്കിയാൽ ഇംഗ്ലീഷിനെ സംബന്ധിച്ചു് അതു് പ്രായാമെന്നു തോന്നുന്നുണ്ടു്. പക്ഷേ നമ്മുടെ പഴയ ഗ്രന്ഥങ്ങളിലെ അക്ഷരവടിവു്, അത്രയധികം നല്ലതായി തോന്നുന്നില്ല. എഴുത്താണികൊണ്ടു് എഴുതിയതായിരിക്കും കാരണം. എഴുത്താണിയിലാരംഭിച്ചു്, ഫൗണ്ടൻപേനയിലവസാനിക്കുന്ന ലേഖനസാമഗ്രികളുടെ ചരിത്രംമാത്രം മതി മറെറാരു ലേഖനത്തിനു്. നമുക്കു് തൽക്കാലം ഫൗണ്ടൻപേനതന്നെ പിടിച്ചെഴുതാം.

1809–ലാണു് 'ബ്രഹ്മാ' ഫൗണ്ടൻപേനയുണ്ടാക്കി അവകാശം വാങ്ങിയതെങ്കിലും ഓക്സ്ഫോർഡു് ഇംഗ്ലീഷ് നിഘണ്ടുവിൽ ആ വാക്കിൻെറ ചരിത്രം കൊടുത്തതിൽ 1710 മുതൽ ഫൗണ്ടൻപേന എന്നപേരു നടപ്പിലുണ്ടായിരുന്നുവെന്നു് പറയുന്നു. "പെപ്പിസ്സിൻെറ ഡയറി" ഇംഗ്ലീഷിലെ ഒരു സുപ്രസിദ്ധ ഗ്രന്ഥമാണു്. അതെഴുതാൻ താനൊരു "റിസർവായർ പേന" ഉപയോഗിച്ചിരുന്നു എന്നാണു് പെപ്പീസ്സു് പറയുന്നതു്. ഭാര്യ കാണാതെ എഴുതിയ, സർവ്വം തുറന്നുപറഞ്ഞിട്ടുള്ള ആ ഡയറി ഒളിച്ചെഴുതാൻ ഫൗണ്ടൻപേനയാണു് തൂവലിനെക്കാൾ സൗകര്യമുള്ളതെന്നു പറയേണ്ടതില്ലല്ലോ. ചേംബറിൻെറ വിജ്ഞാനകോശത്തിൻെറ 1783–ലെ പതിപ്പിൽ ഫൗണ്ടൻപേനയുടെ നിർവ്വചനമുണ്ടുപോൽ. ഫാനിബർണി എഴുതിയ ഡയറിയിലും അതിനെപ്പററി പറഞ്ഞിട്ടുള്ളതായി ഗവേഷകർ കണ്ടുപിടിച്ചിരിക്കുന്നു. ഇങ്ങനെ പലദിക്കിൽ തിരഞ്ഞിട്ട വേണ്ടിവരുന്നു കേവലം ആധുനികമായ, സർവ്വവ്യാപിയായ, ഫൗണ്ടൻപേനയുടെ ചരിത്രം എഴുതുവാൻ.

കേരളത്തിലെ സാഹിത്യകാരന്മാരുടെ കൈയെഴുത്തു പ്രതികൾ സാഹിത്യപരിഷത്തിൽ പ്രദർശിപ്പിച്ചിരുന്നു വല്ലോ. ആരുടെ കാലംവരെ ആയിരുന്നു മഷിക്കുപ്പിയും പേനയും നടപ്പിലുണ്ടായിരുന്നതു് എന്നു് അതിൽനിന്നു ഗണിക്കുന്നതും, മലയാളത്തിൽ ഭൃതകവിതയ്ക്കു് ഫൗണ്ടൻ പെൻ വഹിച്ച ഉത്തരവാദിത്വം എത്രയുണ്ടെന്നു് ഊഹിക്കുന്നതും, ഫൗണ്ടൻപേനയെപ്പററി അതുകൂടാതെ കഴിയാത്ത കവികളാരും കാവ്യങ്ങളെഴുതാത്തതിൻെറ കാരണം ആലോചിക്കുന്നതും, "വീണപൂവും" അതിന്നുശേഷം "കീറത്തലയണയും" കൂടി മഹാകവിതയിൽ വന്നിട്ടും "പൊട്ടിപ്പോയ പേന"യെപ്പററി ആരും കവിതയിൽ വിലപിക്കാത്ത അനീതിയെപ്പററി ഒരു ഗവേഷണം നടത്തുന്നതും രസകരമായിരിക്കുമെന്നു് തോന്നുന്നു.

ഫൗണ്ടൻപേനയുടെ ചരിത്രത്തിൽ രസകരമായ പലതും ഉണ്ടു്. പേനയ്ക്കു് ഒരു 'ഫീഡർ' ഉണ്ടാകുന്നതുവരെ, മഷി പതുക്കെയെങ്കിലും ഇടതടവില്ലാതെ ഒഴുകുന്നതു കൊണ്ടുള്ള ബുദ്ധിമുട്ടായിരുന്നു. ഫൗണ്ടൻപേന കീശയിലും മററും ഇട്ടുകൊണ്ടുപോകാനുള്ള വൈഷമ്യം, "ഫീഡറി"ന്നുപുറമേ ഒരു തൊപ്പികൂടി വന്നപ്പോൾ മാറി. പക്ഷെ തൊപ്പിവച്ചാലെന്താണു് എന്ന ഒരുതോന്നൽ വരാനായി ഫൗണ്ടൻപേന കണ്ടുപിടിച്ചിട്ടു് 75 വർഷം കാത്തു നില്ക്കേണ്ടിവന്നു എന്നുള്ളതാണു് മറെറാരു അത്ഭുതം. ഒരു കണ്ടുപിടിത്തത്തിന്നുശേഷം, നിസ്സാരമാണു് എന്നു തോന്നുന്ന പരിഷ്കാരംകൂടി കണ്ടുപിടിക്കാനുള്ള പ്രയാസം സാരമേറിയതാണു് എന്നു വരുന്നു. ഈ വാസ്തവത്തിനുള്ള ഉദാഹരണങ്ങൾ ശേഖരിച്ചാൽ അതുതന്നെയാവും വളരെ നല്ല ഒരു ലേഖനം. കത്തിയുടെ പിടിയും കുടയുടെ കാലും ഒക്കെ അതിൽച്ചേരും. വെറുതെ ഇരിക്കുമ്പോൾ ആലോചിച്ചു രസിക്കാനോ, കുട്ടികൾക്കു് ഉപന്യാസം എഴുതാനോ നല്ല ഒരു വിഷയമാണു് അതു്.

ഓട്ടുന്ന പേനകൊണ്ടെഴുതിയാൽ അതിനെ കടിഞ്ഞാണിട്ടു പിടിക്കാൻ പണി കുറേയുണ്ടു്. എൻെറ കൈവശമുള്ള ഈ പാർക്കർ അധികം വിലയുള്ളതല്ലെങ്കിലും

നവീനങ്ങളായ പരിഷ്കരണങ്ങൾ ചേർന്നതാണ് എന്നു പറയാം. 1809-ൽ "ബ്രഹ്മാ" ഉണ്ടാക്കിയ പേനയുടെ സൂത്രം തന്നെയാണ് ഇന്നത്തെ ഏററവും പരിഷ്കരിച്ച പേനയുടെയും യന്ത്രതത്വം. അതിനു "സ്വയം നിറയ്ക്കൽ" കണ്ടുപിടിച്ചതു പാർക്കറും. ഇന്നത്തെ പേനകളുടെ യൊക്കെ ഉറ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന സാധനം ആദ്യം ഉപയോഗിച്ചതു് വാട്ടർമാൻ ആയിരുന്നു. മഷി കൊണ്ടു പേനയ്ക്കു കറപിടിക്കാതിരിക്കുവാനാണ് നിബ്ബ് പൊന്നുകൊണ്ടുണ്ടാക്കിയതു്. പൊന്നിനു കാഠിന്യം പോരാ എന്നുവെച്ച് തലപ്പത്തു് "ഇറിഡിയം" ഘടിപ്പിച്ചു. അതു തുടങ്ങിയതു് 1822-ലായിരുന്നു. ആദ്യം ചെയ്തതു് ജോൺ ഹാക്കിൻസ് എന്നയാൾ ആയിരുന്നുവത്രെ. പേനയ്ക്കുള്ളിൽ റബ്ബർസ്സഞ്ചി വച്ചുപിടിപ്പിച്ചതു് വാൾട്ടർ മോസ്‌ലി ആയിരുന്നു.

ഒരു നൂററാണ്ടിലധികംചെന്ന ചരിത്രമുള്ളതും പേരറിയുന്നവരും അറിയാത്തവരും ആയി അനേകംപേർ പടിപ്പടിയായി പരിഷ്കരിച്ചുവന്നതും ആയ യന്ത്രം—അതാണ് ഏതു കുട്ടിയും എത്ര വലിയ ആളും ഉപയോഗിക്കുന്ന സർവ്വോപകാരിയായ ഫൗണ്ടൻപേന. അതിനെപ്പററി രണ്ടുനിമിഷം ആലോചിച്ചുനോക്കുക!

അഭ്യാസം.

1. പാർക്കർ, ഫൗണ്ടൻപേന—ഈ വാക്കുകൾ ദ്രവ്യനാമത്തിൻെറ ഏതു വിഭാഗത്തിൽപ്പെടുന്നു?
2. "എഴുതുമ്പോൾ തൂവൽ ഞെക്കുകയും ആ ഞെക്കൽകൊണ്ടു് മഷി സുഷിരത്തിൽക്കൂടി കീഴ്പ്പോട്ടു് ഒഴുകുകയും ചെയ്യും." കേവലവാക്യങ്ങളാക്കുക.
3. 'സാഹിത്യകാരന്മാരുടെ' എന്ന പദത്തിൻെറ ലിംഗവും വിഭക്തിയും വചനവും എഴുതുക.
4. ഫൗണ്ടൻപേന കണ്ടുപിടിച്ചതെങ്ങനെ?
5. ഫൗണ്ടൻപേനയുടെ നിർമ്മാണത്തിൽ പില്ക്കാലത്തുണ്ടായ പരിഷ്കാരങ്ങളേവ?

പാഠം 10

തുഞ്ചത്തെഴുത്തച്ഛൻ

ആധുനിക മലയാളഭാഷയുടെ പിതാവും മഹാകവിയും ആയ എഴുത്തച്ഛൻ തിരൂർ റയിൽവേസ്റ്റേഷനു സമീപം തൃക്കണ്ടിയൂർ മഹാക്ഷേത്രത്തിൻെറ അല്പം പടിഞ്ഞാറുള്ള തുഞ്ചത്തു് എന്ന ഭവനത്തിൽ ജനിച്ചു. ആ ഭവനമിരുന്ന സ്ഥലത്തെ ഇന്നു് "തുഞ്ചൻ പറമ്പ്" എന്നാണു് വിളിച്ചു വരുന്നതു്.

എഴുത്തച്ഛൻെറ പിതാവു് ജ്യോതിഷപണ്ഡിതനായ ഒരു നമ്പൂതിരിയും അമ്മ ഒരു ചക്കാല നായർ സ്ത്രീയും ആയിരുന്നുവത്രേ. എഴുത്തച്ഛൻെറ ജിവിതകാലം കൊല്ലവർഷം 700-ാമാണ്ടിനും 800-ാമാണ്ടിനും ഇടയ്ക്കാണു്. സുപ്രസിദ്ധനായ മേൽപ്പത്തൂർ നാരായണ ഭട്ടതിരിയും എഴുത്തച്ഛനും സ്നേഹിതന്മാരായിരുന്നു. ഭട്ടതിരി തൻെറ വാതരോഗത്തിന്നു് ശമനം കിട്ടുവാൻ ഉപായമെന്തെന്നു് തുഞ്ചനോടു ചോദിച്ചപ്പോൾ അദ്ദേഹം 'മത്സ്യം തൊട്ടുകൂട്ടണ'മെന്നു പറഞ്ഞു. അർത്ഥം മനസ്സിലാക്കിയ ഭട്ടതിരി മത്സ്യാവതാരം മുതൽക്കുള്ള കഥ ആസ്പദമാക്കി 'നാരായണീയം' എന്ന ഗ്രന്ഥം എഴുതുകയും ചെയ്തു. എഴുത്തച്ഛൻെറ പേരിനെക്കുറിച്ചു് അഭിപ്രായഭേദങ്ങൾ ഉണ്ടു്. എങ്കിലും, "രാമ"നെന്നായിരുന്നു നാമധേയമെന്നു് ഊഹിക്കാം.

തുഞ്ചത്തെഴുത്തച്ഛൻ കുട്ടിക്കാലത്തു് അമ്മയോടുകൂടി തൃക്കണ്ടിയൂർ ക്ഷേത്രത്തിൽപ്പോയി സ്വാമിദർശനം ചെയ്യുക പതിവായിരുന്നു. ആ കുട്ടിയുടെ സാമർത്ഥ്യം കണ്ടു് അസൂയ തോന്നിയ നമ്പൂതിരിമാർ ഒരു ദിവസം എന്തോ ജപിച്ചു കൊടുത്തുവത്രേ. കുട്ടി പിന്നീടു് ഒന്നും സംസാരിക്കാതെ വന്നതിനാൽ അച്ഛൻ നമ്പൂതിരിപ്പാടു് ദിവസവും കുറേശ്ശെ മദ്യം കൊടുക്കുവാൻ പറഞ്ഞെന്നും കുട്ടി ക്രമത്തിൽ അതിസമർത്ഥനായിത്തീർന്നു എന്നും ഐതിഹ്യമുണ്ടു്.

പിതാവിൻെറ സാരോപദേശങ്ങൾകൊണ്ടും മാതാവിൻെറ സ്നേഹപൂർവ്വമായ ശാസനകൊണ്ടും ബാല്യം മുതൽക്കുതന്നെ ഭക്തി, വിനയം, സ്നേഹം, ദയാലുത്വം മുതലായ ഉത്തമഗുണങ്ങൾ എഴുത്തച്ഛനിൽ വിളങ്ങിത്തുടങ്ങി. പിന്നീട്ട് ഒരു ഭക്തകവിയായിത്തീർന്നതിനുള്ള കാരണവും അതായിരിക്കണം.



ഏകദേശം പതിനാറുവയസ്സു കഴിഞ്ഞശേഷം എഴുത്തച്ഛൻ ചില കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്നു.

അതുകൊണ്ടാണത്രെ അദ്ദേഹത്തിനു് എഴുത്തച്ഛൻ എന്ന പേരു കിട്ടിയതു്. അന്നു് അവരെ പഠിപ്പിക്കുവാൻവേണ്ടി അദ്ദേഹം ഗണപതിസ്തവം, സരസ്വതീസ്തോത്രം തുടങ്ങിയ ചില കൃതികൾ ഉണ്ടാക്കിയിട്ടുണ്ടു്. അക്കാലത്തു് ഒരു നമ്പൂതിരി ആ ചക്കാല നായരോടു് "ഹേ! തുഞ്ചൻെറ ചക്കിൽ എത്ര ആട്ടം?" എന്നു ചോദിച്ചു. അതിനുത്തരമായി അദ്ദേഹം "നാലും ആറും ആട്ടം" എന്നു പറഞ്ഞു. നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും തനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണല്ലോ ഇതിനർത്ഥം. അദ്ദേഹം ലോകപരിചയം നേടുവാൻ വേണ്ടി വിദേശസഞ്ചാരം ചെയ്തിട്ടുണ്ടു്. സംസ്കൃതം, തമിഴ്, തെലുങ്കു്, കന്നഡകം എന്നീ ഭാഷകളിലും വേദാന്തം, ജ്യോതിഷം, യോഗം എന്നീ ശാസ്ത്രങ്ങളിലും അദ്ദേഹം അന്നു നല്ല പാണ്ഡിത്യം നേടി.

കേരളീയരിൽ ഭക്തി വർദ്ധിപ്പിച്ചു് അവരുടെ അജ്ഞത അകററണമെന്നു് അദ്ദേഹം തീർച്ചപ്പെടുത്തി. ആ മഹാൻ വാല്മീകിരാമായണം, കമ്പരാമായണം, അദ്ധ്യാത്മരാമായണം എന്നിവ വായിച്ചു പഠിച്ചശേഷം ഇരുപത്തിനാലുവൃത്തവും അദ്ധ്യാത്മരാമായണം കിളിപ്പാട്ടും നിർമ്മിച്ചു. ഭാരതം, ഭാഗവതം, ചിന്താരത്നം, കൈവല്യനവനീതം, ഹരിനാമകീർത്തനം, ദേവീമാഹാത്മ്യം മുതലായവയും അദ്ദേഹത്തിൻെറ ഉത്തമകൃതികളാണു്. എല്ലാ ഹിന്ദുകുടുംബങ്ങളിലും രാമായണം ദിനംപ്രതി പാരായണം ചെയ്തുപോരുന്നു.

കേരളീയർക്കു് ഇഷ്ടമായ കിളിപ്പാട്ടുരീതി അദ്ദേഹമാണു് ആദ്യം തുടങ്ങിവച്ചതു്. കിളിയെ വിളിച്ചു് ഭക്ഷണവും മററും കൊടുത്തു സന്തോഷിപ്പിച്ചു് പുരാണങ്ങളെല്ലാം പാട്ടായിട്ടു . പറയിക്കുക എന്ന രീതിയാണു് കിളിപ്പാട്ടിൽ കാണുന്നതു്.

ഈ മഹാകവി അറുപതു വയസ്സിലധികം ജീവിച്ചിരുന്നു എന്നും സ്വഗൃഹത്തിൽവച്ചുതന്നെ മരിച്ചു എന്നും പറയപ്പെടുന്നു. മരണസമയത്തിനുമുമ്പു് തൻെറ പ്രിയ

ശിഷ്യനായ സൂര്യനാരായണന്നു് സ്വന്തം മെതിയടി, ചൂരൽ, ഭസ്മസഞ്ചി മുതലായവ കൊടുത്തു് അനുഗ്രഹിച്ചുവത്രെ.

എഴുത്തച്ഛന്റെ ശിഷ്യന്മാർ ചിറ്റൂർ താലൂക്കിൽ തുഞ്ചത്തെഴുത്തച്ഛന്റെ സ്മാരകമായി 'രാമാനുജാചാര്യസ്വാമിമഠം' എന്നൊരു സ്ഥാപനം ഉണ്ടാക്കിയിട്ടുണ്ടു്. അവിടെ എല്ലാക്കൊല്ലവും എഴുത്തച്ഛന്റെ ശ്രാദ്ധകർമ്മം ഭംഗിയായി കൊണ്ടാടിവരുന്നു.

തുഞ്ചൻ പറമ്പിൽ ഇപ്പോൾ ഒരു ചെറിയ കളരി മാത്രമേയുള്ളു. എഴുത്തച്ഛന്റേതെന്നു പറയപ്പെടുന്ന ഒരു എഴുത്താണി അവിടെ കാണാം. കളരിയുടെ അല്പം അകലെയായി ഒരു പഴയ കാഞ്ഞിരമരം നില്പുണ്ടു്. അതിന്റെ ഇല കയ്ക്കുകയില്ലത്രേ. 'പൂജവയ്പ്പ്'മാത്രമേ അവിടത്തെ ഒരു പ്രധാന വിശേഷമെന്നു പറയുവാനുള്ളു. അന്നു കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ധാരാളം പേർ തങ്ങളുടെ കുട്ടികളെകൊണ്ടുവന്നു് അവിടെവച്ചു് വിദ്യാരംഭം ചെയ്യിക്കുന്നുണ്ടു്. അതൊരു ശുഭകാര്യമായിട്ടാണു് ഗണിക്കപ്പെടുന്നതു്.

മലയാളഭാഷയുടെ പിതാവും കവികുലത്തിന്റെ ഗുരുവും ആയ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ഈ തുഞ്ചൻ പറമ്പ് ഒരു വ്യക്തിയുടെ സ്വകാര്യസ്വത്താണു്. അതു കേരളീയർക്കു് ഒട്ടും അഭിമാനകരമല്ല. എഴുത്തച്ഛന്റെ സമാധിദിനം ഈയിടെയായി തുഞ്ചൻ പറമ്പിൽവച്ചു് ആഘോഷിച്ചുപോരുന്നുണ്ടെന്നുള്ളതും അദ്ദേഹത്തിന്നു് ഒരു സ്മാരകം ഏർപ്പെടുത്തുന്നതിനു് ഒരുക്കംചെയ്തു തുടങ്ങിയിട്ടുണ്ടെന്നുള്ളതും ആശ്വാസകരമാണു്. അചിരേണ ആ സ്ഥലം കേരളത്തിന്റെ പൊതുസ്വത്തായിത്തീരുമെന്നു് നമുക്കു് ആശിക്കാം.

അഭ്യാസം.

1. 'സാമൂതിരി തുഞ്ചനോടു ചോദിച്ചു'. ഈ വാക്യത്തിലെ 'തുഞ്ചനോടു'' എന്ന പദത്തിന്റെ വിഭക്തി

സംയോജികയാകുന്നു. 'ഓടു്' എന്ന പ്രത്യയം ചേരുന്ന പദങ്ങളെല്ലാം സംയോജികാവിഭക്തിയായിരിക്കും. കുട്ടിയോടു്, അമ്മയോടു്, ഭക്തിയോടു് മുതലായവ ഉദാഹരണങ്ങൾ.

2. വാതരോഗത്തിനു്, മാതാവിന്റെ, എഴുത്തച്ഛനിൽ, കിളിയെ, കുളരിയുടെ—ഇവയുടെ ലിംഗവും വിഭക്തിയും വചനവും എഴുതുക.
3. സ്നേഹം, മത്സ്യം, തുഞ്ചത്തെഴുത്തച്ഛൻ, ശിഷ്യന്മാർ—ഇവ ദ്രവ്യനാമത്തിന്റെ ഏതേതുവിഭാഗത്തിൽപ്പെടുന്നു?
4. എഴുത്തച്ഛനെപ്പററിയുള്ള ഏതെങ്കിലും രണ്ടു് ഐതിഹ്യം ചുരുക്കി എഴുതുക.
5. 'കിളിപ്പാട്ടു്' എന്ന പേരുണ്ടാകാൻ കാരണമെന്തു്?
6. എഴുത്തച്ഛന്റെ കൃതികൾ ഏതെല്ലാം?

പാഠം 11

മായാമാനുഷൻ

കാളിന്ദിയാററിൻ കരയിൽ
കണ്ണിന്നമൃതധാരയായ്
പരപ്പിലുണ്ടൊരാരോമൽ—
പ്പച്ചപ്പുൽത്തകിടിപ്പുറം. 1

അനന്തമഹിമാവേന്തു—
മാവൃന്ദാവനഭൂമിയിൽ
മാടുമേച്ചുകളിച്ചാൻപോൽ
മായാമാനുഷനെൻ പുരാൻ. 2

കോടക്കാർ കൊമ്പുകുത്തുന്ന
കോമളത്തിരുമേനിയിൽ
മഴവില്ലുതൊഴുംമട്ടിൽ
മഞ്ഞപ്പട്ടാട ചാർത്തിയോൻ 3

മനോജ്ഞമാം മയിൽപ്പീലി
മകുടംവിട്ടു നീങ്ങവേ,
മാൺപെഴും കവിളിൽത്തട്ടി
മണികുണ്ഡലമാടവേ, 4

കുഞ്ഞിളം കാററിലങ്ങിങ്ങു
കുനുകുന്തൽ പറക്കവേ,
ഗോപികൾക്കുറി വിയർപ്പാറ
കുളുർനെററിയിൽ മായവേ, 5

കനിവാററിൻ തിരക്കോളിൽ
കടക്കൺകോൺ കളിക്കവേ,
തൂവെൺചെറുചിരിപ്പെമ്പാൽ
സുന്ദരാസ്യേന്ദു തൂകവേ, 6

ഓടക്കുഴലണച്ചാൻ പോ–
ലോമൽത്തേൻ ചോരിവാച്ചുമേൽ
ഊതിനാൻ പോലാടിനാൻ പോ–
ലോങ്കാരപ്പൊരുളെൻ പുരാൻ. 7

തരംഗിണി] [ഉള്ളൂർ

അഭ്യാസം.

1. അനന്തമഹിമാവ് = അവസാനിക്കാത്ത (അററമില്ലാത്ത) മാഹാത്മ്യം. കോടക്കാർ = കാർമേഘം. മനോജ്ഞം = മനോഹരം. മാൺപ് = സൗന്ദര്യം. കുന്തൽ = തലമുടി.

കനിവാററിൻതിരക്കോളു് = ദയയാകുന്ന നദിയിലെ തിരമാല. ആസ്യേന്ദു = മുഖമാകുന്ന ചന്ദ്രൻ. ചോരിവാ = ചുണ്ടു്.

2. വേണുഗോപാലൻെറ മനോഹരമായ രൂപം ഇടശ്ശേരിയുടെ കവിയുടെ വാക്യങ്ങളുദ്ധരിച്ചു വർണ്ണിക്കുക.

3. ഏഴാമത്തെ ശ്ലോകം പരാവർത്തനം ചെയ്യുക.

4. ചേർത്തെഴുതുക:—

   (i) കോട + കാർ.

   (ii) വിയർപ്പ് + ഊററ.

   (iii) കാളിന്ദി + ആറ്.

   (iv) ഓട + കുഴൽ + അണച്ചാൻ.

5. 'കൊമ്പു കുത്തുന്നു'—എന്നതിൻെറ അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.

പാഠം 12

മുഗൾത്തോട്ടങ്ങൾ

കാശ്മീരിലെ സർവ്വോൽകൃഷ്ടമായ ശില്പമാതൃക ഏതെന്ന ചോദ്യത്തിനു് ഒരുത്തരമേ ഉണ്ടാവൂ— മുഗൾത്തോട്ടങ്ങൾ. ഭംഗിയുള്ള ഏതാനും പള്ളികളും കെട്ടിടങ്ങളും അവിടെ ഇല്ലായ്കയല്ല. അവന്തിപൂർ, പട്ടൺ, മാർത്താണ്ഡ് എന്നീ സ്ഥലങ്ങളിലെ ദേവാലയങ്ങൾ ഗംഭീരങ്ങൾതന്നെ. എന്നാൽ മുഗൾത്തോട്ടങ്ങളുടെ അഴകോ സൗകര്യമോ ജീവചൈതന്യമോ ഇവയ്ക്കൊന്നിനുമില്ല. പ്രകൃതിദൃശ്യങ്ങളെ മനോഹരങ്ങളാക്കാൻ മനുഷ്യപ്രതിഭയ്ക്കു് എത്രമാത്രം കഴിവുണ്ടെന്നു്, ഈ തോട്ടങ്ങൾ കാണുംവരെ, നാം മനസ്സിലാക്കിയിരിക്കയില്ല.

പതിനാറും പതിനേഴും ശതകങ്ങളിൽ കാശ്മീർ മുഗളർക്കു് കീഴിലായിരുന്നു. ഡൽഹിയിലെയും ആഗ്രയിലെയും വരട്ടുചൂടിൽനിന്നും ദ്രോഹാലോചനകളിൽനിന്നും ഹിമാലയം മടിയിലിരുത്തി ലാളിക്കുന്ന ഈ കൊച്ചുതാഴ്‌വാരത്തിലേയ്ക്കുള്ള ഒളിച്ചോട്ടം മുഗളർക്കു് പത്ഥ്യമായെങ്കിൽ അതിലത്ഭുതമില്ല. തുറസ്സിലെ ജീവിതത്തിൽ പരമാനന്ദം കണ്ടിരുന്ന അവരാകട്ടെ, അടച്ചുപൂട്ടാവുന്ന കെട്ടിടങ്ങളല്ല, മലർന്നുകിടക്കുന്ന മലർത്തോട്ടങ്ങളാണു് അവിടെ നിർമ്മിച്ചതു്. മുഗളരുടെ മഹനീയ പാരമ്പര്യമായി ഇന്നും കാശ്മീരികൾ എടുത്തുകാട്ടുന്നതു് ഇതത്രേ: അര ഡസനോളം പൂന്തോട്ടങ്ങൾ!



ഈ തോട്ടങ്ങളിൽ ഏററവും പ്രസിദ്ധിയാർന്നവ ശ്രീനഗറിൽ ഡൽതടാകത്തിൻെറ വക്കിൽ കിടക്കുന്ന നിഷാത്തു്, ഷാലിമാർ, ചശ്മാശാഹി എന്നിവയാകുന്നു. കുന്നിൻചരിവുകൾ വെട്ടി, ചതുരത്തിലുള്ള തട്ടുകൾ കീഴ്പ്പോട്ടു കീഴ്പ്പോട്ടുണ്ടാക്കിയാണു് ഈ ഉദ്യാനങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. ഇവയുടെയെല്ലാം പിൻപുറത്തു് ഉയർന്നു ഗംഭീരങ്ങളായ മലകളാണു്. മുന്നിൽ, പരന്നു മനോഹരമായ ഡൽതടാകവും. തോട്ടങ്ങളുടെ നടുവിലൂടെ, മലയുടെ കാൽക്കൽ നിന്നൊഴുകുന്ന ഒരരുവി അച്ചുതണ്ടുപോലെ, നീണ്ടുപോകുന്നു. അരുവിയുടെ രണ്ടുവശത്തും,

അടിയിലും, മിനാസമായ ചെമ്മണൽക്കല്ലുകൾ പട്ടതിരിക്കുന്നു. കല്ലുകൾകൊണ്ടുള്ള ജലധാരായന്ത്രങ്ങൾ, ഇവയിൽ നെടുകേ, മിക്കസ്ഥലത്തും മൂന്നുവരിയായി നിലകൊള്ളുന്നു. ഓരോ തട്ടിൻെറയും നടുവിൽ ഈ അരുവികൾ ചതുരക്കുളങ്ങളായി മാറുന്നു. ഷാലിമാറിൽ അരയ്ക്കൊപ്പം വെള്ളമുള്ള ഒരു വലിയ ചതുരക്കുളത്തിൻെറ നടുവിൽ കറുത്ത മാർബിൾകൊണ്ടുണ്ടാക്കിയ വിശ്രമഗൃഹങ്ങളുണ്ട്. കട്ടിളയും വാതിലുമില്ലാതെ, തികച്ചും തുറന്നു്, തനി മുഗൾ ശൈലിയിലുള്ള ഒരു മനോഹരഹർമ്മ്യമാണിതു്.

മുകളിലെ തട്ടിൽനിന്നു് ചുവട്ടിലേയ്ക്കു് വെള്ളം ചാടുന്ന സ്ഥലത്തു്, നേർത്തു പരന്ന ജലപാതത്തിൻെറ പിന്നിൽ, ചുമരിൽ ചെറിയ ചതുരക്കുള്ളികൾ കൊത്തിക്കുഴിച്ചുണ്ടാക്കിയിട്ടുണ്ടു്. ഇവയിൽ പല വർണ്ണങ്ങളിലുള്ള പൂക്കൾ കുട്ടിവയ്ക്കുന്നു. ഈ പൂക്കളുടെ മുകളിലൂടെ നേരിയ ചില്ലുപോലെ വീഴുന്ന വെള്ളത്തിൻെറ ഭംഗി അവർണ്ണനീയമാണു്. രാത്രിയിൽ പൂക്കളുടെ സ്ഥാനത്തു് വർണ്ണച്ചില്ലുകളുള്ള വിളക്കുകളും വയ്ക്കാറുണ്ടു്.

അരുവിയുടെ ഇരുഭാഗങ്ങളിലും പരന്ന പുൽത്തകിടികളാണുള്ളതു്. ഇവയിൽ വർണ്ണോജ്ജ്വലങ്ങളായ പുഷ്പങ്ങൾ വഹിക്കുന്ന ചെടിത്തടങ്ങൾ ഇടയ്ക്കിടെ കാണാം എന്നാലും ഈ ഉദ്യാനങ്ങളിൽ പ്രാധാന്യം പൂച്ചെടികൾക്കല്ല, ചിനാർമരങ്ങൾക്കാണു്. മുഗളർ പേഴ്സ്യയിൽനിന്നു് കൊണ്ടുവന്നു കാശ്മീരിൽ നട്ടുവളർത്തിയ ഈ മരങ്ങൾ ഇന്നും സംരക്ഷിതങ്ങളാണു്. ഗവണ്മെൻറിൻെറ അനുവാദം കൂടാതെ അവ മുറിച്ചുകൂടാ. വേനലിൽ ഇവ കട്ടിപ്പച്ചയുടുപ്പണിഞ്ഞു നിൽക്കുന്നു. ആവണക്കിൻേറതുപോലെ അഞ്ചായി പിരിയുന്ന ഇലയാണു് ഈ കൂററൻ മരങ്ങൾക്കു്. ശിശിരാരംഭത്തിൽ ഈ ഇലകൾ ചുവന്നു്, മഞ്ഞളിച്ചു്, കൊഴിയുന്നു. അക്കാലത്തു് നിലം മുഴുവൻ ഈ ഇലകളായിരിക്കും. അവ ശേഖരിച്ചു കരിച്ചു്, ആ കരി 'കാംഗ്ഡി' എന്ന ചെറിയ 'കുടനെരിപ്പോട്ടു'കളിൽ കത്തിച്ചു്, അതു്മാറടത്തടക്കിപ്പിടിച്ചാണു് കാശ്മീരിലെ ഗ്രാമീണജനത അസഹ്യമായ മഞ്ഞുകാററിൽ

നിന്നും തണുപ്പിൽനിന്നും രക്ഷനേടിവരുന്നതു്. നാം അരയാലിനെ വണങ്ങുന്നു; കാശ്മീരികൾ ചിനാർമരത്തെ സ്നേഹിക്കുന്നു. ചിനാറാണു് കാശ്മീർതാഴ്വരയിലെ ഏറ്റവും വലിയ മരം. അതു കഴിഞ്ഞാലുള്ളതു് ആപ്പിൾ മരങ്ങളും പോപ്ലാർ മരങ്ങളുമാണു്. ദേവദാരു, സാൽ, ചിഡു് മുതലായ വന്മരങ്ങൾ മലകളിലേ കാണൂ.

ഈ ഉദ്യാനങ്ങളിൽ അവിടവിടെയായി ചെറിയ ചെറിയ വിശ്രമഗൃഹങ്ങളും ലതാനികുഞ്ജങ്ങളും പന്തലുകളും മററുമുണ്ടാക്കിയിട്ടുണ്ടു്. പരിസരപ്രകൃതിയോടിണങ്ങിപ്പോകാത്ത ഒരൊററക്കെട്ടിടമെങ്കിലും ഇവിടെ കാണുകയില്ലെന്നതാണു് പ്രസ്താവയോഗ്യമായ ഒരു



സംഗതി. പേഴ്സ്യൻ വാസ്തുശില്പമായിരുന്നു, ഈ ഉദ്യാനങ്ങളുടെ നിർമ്മാണത്തിലും മുഗളർക്കു് മാതൃക. ഊട്ടിയിലെയോ കുന്നൂരിലെയോ സസ്യത്തോട്ടത്തിൽ നിൽക്കുമ്പോൾ നാം മനുഷ്യപ്രതിഭയേക്കാളേറെ പ്രകൃതിഗാംഭീര്യത്തെയാണു് അനുഭവിക്കുന്നതു്. കാശ്മീർത്തോട്ടങ്ങളിലാ

കട്ടെ, മനുഷ്യപ്രതിഭ ശുദ്ധവായുവിൽ ലഘുഗാനംപോലെ പ്രകൃതിക്കുമേൽ പാറിക്കിടക്കുന്നു.

നസീം എന്ന വാക്കിനു് പ്രഭാതമെന്നാണു് അർത്ഥം. പ്രഭാതസൂര്യനെ കാണാനായി മുഗളർ ഡൽതടാകത്തിന്റെ പടിഞ്ഞാറേക്കരയിൽ നിർമ്മിച്ച ഉദ്യാനമാണു് നസീം. ഉച്ചവെയിലിൽ സുഖകരമായ നിഴൽ വിരിച്ചു നിൽക്കുന്ന ഏതാനും ചീനാർമരങ്ങൾ മാത്രമേ ഈ തോട്ടത്തിൽ ഇപ്പോഴുള്ളൂ, സന്ധ്യാസൂര്യനെ കാണാനുള്ള മറ്റൊരുദ്യാനവും മുഗളർ നിർമ്മിച്ചിട്ടുണ്ടു്, ഡൽ തടാകത്തിന്റെ കിഴക്കേക്കരയിൽ.

അവന്തിപുരത്തിലെ പ്രാചീനബൗദ്ധസ്തൂപാവശിഷ്ടങ്ങൾ കണ്ടിട്ടു്, മാർത്താണ്ഡത്തിലെ ഹൈന്ദവസൂര്യക്ഷേത്രാവശിഷ്ടങ്ങൾ കാണാൻ പോകുംവഴിയാണു് ഞങ്ങൾ 'ബിജ്ബിഹാഡാ' കണ്ടതു്. മുഗളർ ആദ്യമായി കൊണ്ടുവന്നു നട്ട ചീനാർമരങ്ങൾ നിലകൊള്ളുന്ന ഈ തോട്ടം അലസഗമനയായ വിതസ്താനദിയുടെ കരയിലാണു്. 'കാശ്മീരിലെ കാരണവന്മാ'രെന്നു വിളിക്കാവുന്ന പടുവൃദ്ധന്മാരായ ഏതാനും ചീനാർമരങ്ങൾ ഇവിടെയുണ്ടു്. തല മിക്കവാറും കഷണ്ടിയായിക്കഴിഞ്ഞ ഒരു കിഴവന്റെ മുരടിനു് അമ്പത്തിനാലടിയാണു് ചുറ്റളവു്. കാതലെല്ലാം ദ്രവിച്ചു്, തീരെ പൊത്തായിക്കഴിഞ്ഞവയാണു് വേറെ ചില വൃദ്ധന്മാർ. ഇവയുടെ പോടുകളിൽ കുറവൻ മൂങ്ങകൾ കുത്തിയിരിക്കുന്നതു് ഞങ്ങൾ കണ്ടു. പണ്ടൊക്കെ രാജാക്കന്മാർ സഞ്ചാരവേളകളിൽ ഈ മരങ്ങൾക്കു കീഴെയായിരുന്നത്രേ താവളം ഉറപ്പിച്ചിരുന്നതു്. ഈ വൃദ്ധവൃക്ഷങ്ങളെകണ്ടു് അത്ഭുതപ്പെടാൻ വരുന്നവരുടെ എണ്ണം ഇന്നത്തെ ജനാധിപത്യയുഗത്തിലും ഒട്ടും കുറവല്ല.

വെരിനാഗിൽ, സാൽമരങ്ങൾകൊണ്ടു മൂടിയ ഒരു കുന്നിന്നടിയിലെ വിശാലമായ മൈതാനത്തിൽ, കാശ്മീരിലെ ഗംഗയായ വിതസ്താനദി, പെട്ടെന്നു് ഒരു ദേവതപോലെ പ്രത്യക്ഷയാകുന്നു. ഈ സ്ഥലത്തിനു ചുറ്റും ചെമ്മണൽക്കല്ലു പടുത്തു്, അമ്പത്തിനാലടി താഴ്ചയുള്ള

ഒരഷ്ടകോണക്കുളം ഉണ്ടാക്കിയിട്ടുണ്ട്. ഇതിനെച്ചുററി ഒരു 'ചുററമ്പല'വും, അതിൽ ചെറിയ വിശ്രമമുറികളും നിർമ്മിച്ചിയിരിക്കുന്നു. 1620—ൽ ജഹാംഗീർ ആരംഭിച്ച ഈ കുളപ്പണി 1627—ൽ ഷാജഹാൻ മുഴമിപ്പിച്ചു. ഹിമ ശീതളമായ നീലജലം നിറഞ്ഞ ഈ അഷ്ടകോണത്തിൽ നിറയെ കൂററൻ മത്സ്യങ്ങളാണ്. അവ തീരെ ഭയപ്പെടാതെ മുകളിലേയ്ക്കു വരുന്നു. അവയെ പിടിക്കുന്നതു് നിരോധിച്ചിരിക്കുകയാണ്. ജഹാംഗീറിൻെറ പേർഷ്യൻ ഭാഷയിലുള്ള ഒരു ശിലാശാസനവും ഇവിടെയുണ്ട്. 'ഈ നദി സ്വർഗ്ഗത്തിൽനിന്നു വരുന്നതാണ്; ഇതു് കാശ്മീരിൻെറ ലാവണ്യമത്രേ!' എന്നു് ഈ ശാസനം പ്രസ്താവിക്കുന്നു. ചുററമ്പലത്തിൻെറ കിഴക്കുവശത്തായി ഒരു ഗണപതി വിഗ്രഹവും ഏതാനും ശിവലിംഗങ്ങളും കാണാം. എല്ലാ ഉറവുകളും കാശ്മീരിൽ ദിവ്യങ്ങളാണ്—ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും.

ചുററമ്പലത്തിൽനിന്നു് ഒരു ആർച്ചിലൂടെ പുറത്തു കടന്ന ഉടൻ, സമകോണങ്ങളുളവാക്കിക്കൊണ്ട്, മൂന്നു കൈവഴിയായിത്തിരിഞ്ഞൊഴുകുന്ന 'ഝലം' നദി കാണുകയായി. നടുവിലെ കൈവഴിയുടെ ഇരുഭാഗങ്ങളിലുമായി മനോഹരമായ ഒരൊററത്തട്ടുദ്യാനവും ജഹാംഗീർ നിർമ്മിച്ചിട്ടുണ്ട്. ജഹാംഗീറിൻെറയും നൂർജഹാൻെറയും കഥകൾ പറയാൻ വെരിനാഗിലെ ഉദ്യാനപാലകർ ഇപ്പോഴും സന്നദ്ധരാണ്. കഥകൾ കേട്ടുകഴിഞ്ഞു് നിങ്ങൾ എന്തെങ്കിലും കൊടുത്താൽ അവർ അതു സന്തോഷപൂർവ്വം വാങ്ങും. ശ്രീനഗർ—ജമ്മു റോഡിലുള്ള ബെനിഹാൽപുരത്തിനടുത്താണ് വെരിനാഗ്.

ചശ്മാശാഹി ഗസ്റ്റ്ഹൗസിനടുത്തുള്ള ചശ്മാശാഹി ഉദ്യാനത്തിൽ ഞങ്ങൾ ഒരു മദ്ധ്യാഹ്നം കഴിച്ചുകൂട്ടി. മുഗളരുടെ 'വെളിപ്രദേശഭ്രമം' ഇന്നും കാശ്മീരിൽ നിലകൊള്ളുന്നുണ്ട്. ഞായറാഴ്ചയായിരുന്നതിനാൽ ഞങ്ങൾ ചെന്ന ദിവസം 'ചശ്മാശാഹി'യിൽ നല്ല തിരക്കായിരുന്നു.

ചശ്മാശാഹിയെന്നാൽ ചക്രവർത്തിയുടെ അരുവിയെന്നർത്ഥം. ഈ ഉദ്യാനത്തിൻെറ രണ്ടു വശങ്ങളിൽ മലനിരകളാണു്; മററു രണ്ടു വശങ്ങളിൽ ഡൽതടാകവും. ഏററവുമുയർന്ന തട്ടിൽ, ഒരു കൽത്തളത്തിൽ, കല്ലുകൊണ്ടുള്ള ജലധാരായന്ത്രത്തിൽനിന്നു് പൊന്തിയൊഴുകുന്ന അരുവി വെള്ളമാണു് ഈ തോട്ടത്തിനു് ആ പേർ നേടിക്കൊടുത്തതു്. ഈ വെള്ളം പല ഔഷധവീര്യങ്ങളും ഉള്ളതാണത്രേ. നൂർജഹാൻ ദിവസേന ഈ വെള്ളമാണു പോലും കുടിക്കാറുണ്ടായിരുന്നതു്! എന്തു ഭക്ഷിച്ചാലും ദഹിപ്പിക്കുവാനുള്ള കഴിവു് ഈ വെള്ളത്തിനുണ്ടെന്ന വിശ്വാസത്താൽ ഇന്നും സമീപവാസികൾ ഇതിലെ വെള്ളം ഗൃഹാവശ്യങ്ങൾക്കു് ധാരാളമായി മുക്കിക്കൊണ്ടുപോകുന്നു. ഈ ചെറിയ തോട്ടത്തിൽ മൂന്നു തട്ടുകളാണുള്ളതു്. ഇവയിൽ ലോക്കട്ട്, ആപ്പിൾ, അത്തി മുതലായ ഫലവൃക്ഷങ്ങളും ഏതാനും ചെറിയ തണൽമരങ്ങളുമുണ്ടു്. ചെറുതെങ്കിലും കാശ്മീരിലെ ഏററവും അഴകുള്ള തോട്ടം ഇതാണു്.

എന്നാൽ ആനന്ദം എന്നു് അന്വർത്ഥമായ "നിഷാത്തു്" ആണു് കാശ്മീരിലെ ഏററവും ഗംഭീരമായ ഉദ്യാനം. ഒഴിവുദിവസക്കാരുടെ തിരക്കായിരുന്നു അവിടെ ഞങ്ങൾ ചെല്ലുമ്പോൾ. ഉത്തരേൻഡ്യയിലെ ഇടത്തരക്കാർ ഇപ്പോൾ വേനല്ക്കാലത്തു് ധാരാളമായി കാശ്മീർ സന്ദർശിക്കാനെത്തുന്നുണ്ടു്.

നിഷാത്തിൻെറ നടുവിലുള്ള അരുവിയിൽ ധാരാളം കുട്ടികൾ കിടന്നു മദിക്കുന്നുണ്ടായിരുന്നു. ആപ്പിൾ, പിയർ, പ്ലം, ചെറി മുതലായ ഫലവൃക്ഷങ്ങൾ ഇവിടെ വളരെയുണ്ടു്. ഇവയുടെ ചുവട്ടിൽ ഒരു മൂലയിലുള്ള കൂടാരത്തിലെ ചായക്കടയിൽനിന്നു പുറപ്പെട്ട, ചെവി പൊളിക്കുന്ന പാട്ടു മാത്രമാണു്, പ്രകൃതി കനിഞ്ഞരുളിയ പൂർണ്ണവിശ്രാന്തിയെ അല്പമെങ്കിലും ഭഞ്ജിച്ചിരുന്നതു്.

ഷാലിമാർ—പ്രേമാവാസം എന്നർത്ഥം—ആണു് കാശ്മീരിലെ ഏററവുമധികം പ്രസിദ്ധിപെററ ഉദ്യാനം. എന്നാലും ചശ്മാശാഹിയും നിഷാത്തും കണ്ടുവരികയാ

ലാവാം, ഷാലിമാർ എന്നെ അത്രവളരെ ആകർഷിച്ചില്ല. മുഗൾത്തോട്ടങ്ങളിൽ അങ്ങേയററം അന്തസ്സുററതു് നിഷാത്തുതന്നെ എന്നാണു് ഇന്നും എൻെറ ബോദ്ധ്യം. വലിപ്പം ഒരു പക്ഷെ ഷാലിമാറിനായിരിക്കും ഏററുക. ജഹാംഗീറിൻെറയും നൂർജ്ജഹാൻെറയും പേരുകളുമായി അഭേദ്യമായവിധം ബന്ധപ്പെട്ടു കിടക്കുന്നു, ചശ്മാശാഹി, നിഷാത്തു്, ഷാലിമാർ എന്നീ തോട്ടങ്ങൾ.

അഭ്യാസം.

1. "അഴകോ സൗകുമാര്യമോ"— ഇവിടെ 'ഓ' എന്നതു് എന്തർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു? അതിനു പകരം 'ഉം' പ്രയോഗിച്ചാൽ വരുന്ന അർത്ഥവ്യത്യാസമെന്തു്?
2. പ്രതിഭയ്ക്കു്, മടിയിൽ, ജലപാതത്തിൻെറ—ഇവയുടെ വിഭക്തി എഴുതുക.
3. "പശുക്കൾ മേഞ്ഞുനടക്കുന്ന പച്ചമൈതാനങ്ങൾ ഗ്രാമങ്ങളിലുണ്ടു്."—ഇതിൽ "പച്ചമൈതാനങ്ങൾ ഗ്രാമങ്ങളിലുണ്ടു്"—എന്ന വാക്യമാണല്ലോ പ്രധാനം. 'പശുക്കൾ മേഞ്ഞുനടക്കുന്ന' എന്ന ഭാഗം 'മൈതാനങ്ങളു്'ടെ വിശേഷണമാണു്. പ്രധാന വാക്യത്തിനു് 'അംഗിവാക്യ'മെന്നും വിശേഷണവാക്യത്തിനു് 'അംഗവാക്യം' എന്നും പേർ. അംഗവാക്യത്തിനും ആഖ്യയും ആഖ്യാതവുമുണ്ടു്. ആഖ്യാതം മുററുവിനയല്ല, പററുവിനയാണു്. അംഗവാക്യവും അംഗിവാക്യവും ചേർന്ന വാക്യമാകുന്നു 'സങ്കീർണ്ണകം'. മേൽ ഉദ്ധരിച്ചതു് ഒരു സങ്കീർണ്ണകവാക്യമാകുന്നു.
4. അംഗവാക്യവും അംഗിവാക്യവും വേർതിരിച്ചെഴുതുക:—
   "നാം നിവസിക്കുന്ന കേരളം ചരിത്രപ്രസിദ്ധമായ ഒരു രാജ്യമാകുന്നു."
5. കാശ്മീരിലെ മുഗൾത്തോട്ടങ്ങളുടെ പ്രത്യേകതയെന്തു്?

———

പാഠം 13

എഡിസനും വൈദ്യുതദീപവും

1847-ാമാണ്ടു് അമേരിക്കയിലെ ഒരു ഗ്രാമത്തിലാണു് തോമസ് ആൽവാ എഡിസൻ ജാതനായതു്. അതിദാരുണമായ നിർദ്ധനത്വം നിമിത്തം വിദ്യാലയത്തിൽപോയി സാമാന്യവിദ്യാഭ്യാസം ചെയ്യുന്നതിനുപോലും അദ്ദേഹത്തിനു സാധിച്ചില്ല. മാതാവു് വീട്ടിൽ വച്ചു നൽകിയ വിദ്യാഭ്യാസം മാത്രമേ എഡിസനു ലഭിച്ചുള്ളു. ഉപജീവനത്തിനു് യാതൊരു മാർഗ്ഗവും ഇല്ലാതിരുന്നതിനാൽ ബാല്യത്തിൽത്തന്നെ ജോലിയിലേർപ്പെടേണ്ടിവന്നു. പന്ത്രണ്ടു വയസ്സായപ്പോൾ, ചന്തകളിലും തീവണ്ടിയാപ്പീസുകളിലും നടന്നു വർത്തമാനക്കടലാസു വില്ക്കുന്ന ജോലി സ്വീകരിച്ചു. കുറേക്കാലം കഴിഞ്ഞു് എഡിസൻ സ്വന്തമായി ഒരു പത്രം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ഉടമസ്ഥനും പത്രാധിപരും അച്ചടിക്കാരനും തപാൽശിപായിയും എല്ലാം അദ്ദേഹംതന്നെ ആയിരുന്നു.

എഡിസന്റെ ഭാവിജീവിതത്തെ ശരിയായ പന്ഥാവിലേയ്ക്കു നയിക്കുന്നതിനു മാർഗ്ഗദർശകമായിത്തീർന്നതു് കേവലം ഒരു യാദൃച്ഛിക സംഭവമാണു്. ഒരിക്കൽ ഒരു സ്റ്റേഷൻമാസ്റ്ററുടെ കുട്ടി തീവണ്ടിക്കടിയിൽ അകപ്പെടാൻ തുടങ്ങി. അനേകംപേർ ഈ അത്യാഹിതം കണ്ടു് അന്ധാളിച്ചു നില്ക്കുമ്പോൾ ആ യുവാവു് അതിസാഹസികമായി വണ്ടിയുടെ മുൻപിൽക്കടന്നു കുട്ടിയെ രക്ഷിച്ചു. ഇതുകണ്ടു കൃതജ്ഞതാപൂർണ്ണനായ മാസ്റ്റർ എഡിസനെ തന്റെകൂടെ താമസിപ്പിക്കുകയും കമ്പി അടിക്കുന്ന വിദ്യ പഠിപ്പിക്കുകയും ചെയ്തു. ടെലിഗ്രാഫ് അഥവാ കമ്പിത്തപാൽ ആദ്യമായി നടപ്പിൽവന്ന കാലമായിരുന്നു അതു്. കമ്പിത്തപാൽ ജോലികൾ എഡിസനു രസകരമായിത്തോന്നുകയും അവയെല്ലാം വേഗം പഠിക്കുകയും

ചെയ്തു. ഇതോടുകൂടിയാണു് വിദ്യുച്ഛക്തിയെപ്പററി കൂടുതൽ പഠിക്കാനും പല പരീക്ഷണ നിരീക്ഷണങ്ങൾ നടത്താനും സന്ദർഭം കിട്ടിയതു്. പത്രം വിററു നടന്ന ബാലൻ അധികം താമസിയാതെ ഒരു കമ്പിത്തപാൽ മാസ്റ്ററായി. കമ്പിമാസ്റ്ററായപ്പോൾ അദ്ദേഹം കമ്പിത്തപാൽ പരിഷ്ക്കരിക്കുന്നതിനു് അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരുന്നു. കമ്പിയിൽ വരുന്ന വർത്തമാനം സ്വയം ഒരു കടലാസിൽ

എഴുതുന്നതിനു കഴിവുള്ള ഒരു യന്ത്രം എഡിസൻ കണ്ടുപിടിച്ചു. ഈ കണ്ടുപിടിത്തം അദ്ദേഹത്തിൻെറ ഭാവൈവ്യശാര്യങ്ങൾക്കു നിദാനമായിത്തീർന്നു. എഡിസൻെറ പ്രശസ്തി നാടെങ്ങും പരക്കുന്നതിനും അനേകം കമ്പനിക്കാർ അദ്ദേഹത്തെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇടയായി. തൽഫലമായി 'ന്യൂജർസി' പട്ടണത്തിൽ 'മെൻലോ പാർക്കു്' എന്ന സ്ഥലത്തു് കമ്പിത്തപാൽ സാമഗ്രികൾ നിർമ്മിക്കുന്നതിനായി ഒരു വ്യവസായശാല അദ്ദേഹം സ്ഥാപിച്ചു. ഈ വ്യവസായം അഭിവൃദ്ധിപ്പെട്ടുവന്നപ്പോഴേയ്ക്കും, എഡിസൻെറ പണ

കുഴപ്പങ്ങളെല്ലാം തീർന്നു. തൻമൂലം അദ്ദേഹത്തിൻെറ മുഴവൻ സമയവും ശാസ്ത്രീയപരീക്ഷണങ്ങൾക്കായി ഉപയോഗിക്കാൻ കഴിഞ്ഞു.

മനുഷ്യജീവിതം സുഗമവും സുഖദവും ആക്കിത്തീർക്കുന്നതിനു് വൈദ്യുതശക്തിയെ പ്രധാനമായ ഒരു ഉപകരണമായി ഉപയോഗിക്കണമെന്നായിരുന്നു എഡിസൻെറ പരമോദ്ദേശ്യം. അദ്ദേഹത്തിൻെറ ആദർശങ്ങളും പ്രവൃത്തിപദ്ധതികളും സാധാരണ ശാസ്ത്രവിദഗ്ദ്ധന്മാരുടേതിൽനിന്നു വ്യത്യസ്തമായിരുന്നു. മനുഷ്യരുടെ സുഖസൗകര്യാദികൾക്കും അഭ്യുന്നതിക്കും ഏററവും വിഘാതമായി നിൽക്കുന്ന വൈഷമ്യങ്ങൾ കണ്ടുപിടിച്ചു് അവയ്ക്കു ശരിയായ നിവൃത്തി മാർഗ്ഗങ്ങൾ ആരായണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. അതിനുവേണ്ടി അദ്ദേഹം ചെയ്ത പരിശ്രമങ്ങളുടെഫലമായി ലോകോപകാരപ്രദങ്ങളായ അനേകം കണ്ടുപിടിത്തങ്ങൾ നടത്തുന്നതിനു് എഡിസനു കഴിഞ്ഞിട്ടുണ്ടു്.

പ്രത്യക്ഷമായ ഒരുദ്ദേശ്യം മുൻനിർത്തിക്കൊണ്ടു്, അതു സാധിക്കുന്നതിനുവേണ്ടി അനുസ്യൂതമായി പരിശ്രമിക്കുക എന്നതു് അദ്ദേഹത്തിൻെറ സ്വഭാവ വിശേഷമായിരുന്നു. "ഏററവും ചെലവു കുറഞ്ഞതും ഉപയോഗം കൂടിയതുമായ വൈദ്യുതദീപങ്ങൾ കണ്ടുപിടിക്കണം. ഇപ്പോൾ അറിയപ്പെടുന്ന ദീപങ്ങളുടെ പല ന്യൂനതകളും പരിഹരിച്ചു് പരിഷ്കൃതരീതിയിലുള്ള വിളക്കുകൾ കണ്ടുപിടിക്കണം"—ഇതായിരുന്നു അദ്ദേഹത്തിൻെറ ചിന്താഗതി.

ശക്തിയേറിയ വിദ്യുൽപ്രവാഹത്തെ നേർത്ത ഒരു കമ്പിയിൽക്കൂടി അയച്ചാൽ ആ കമ്പി ചുട്ടുകൊണ്ടു് പഴുത്തു് ചുവപ്പോ വെളുപ്പോ നിറമുള്ളതായിത്തീരുന്നു. ഇപ്രകാരം ചുട്ടു പഴുത്ത കമ്പിക്കു് പ്രകൃത്യാ ഒരു പ്രകാശവും ഉണ്ടാകുന്നു. വായുശൂന്യമായ ഒരു സ്ഫടികപാത്രത്തിനകത്തുവച്ചു വിദ്യുൽപ്രവാഹം സംഭവിക്കുമ്പോൾ അതിഭാസുരമായ ഒരു പ്രകാശമുണ്ടാകുമെന്നു് എഡിസൻ കണ്ടുപിടിച്ചു. ശക്തിപ്രവാഹമുണ്ടാകുന്ന സ്ഥലത്തു്

നേർമ്മയുള്ള ഒരു തിരി ഘടിപ്പിക്കുകയാണെങ്കിൽ പ്രസ്തുത പ്രകാശം വളരെ അധികം വർദ്ധിക്കുമെന്നു് അദ്ദേഹം മനസ്സിലാക്കി. എന്നാൽ ഈമാതിരി എത്ര കഠിനമായ ചൂടുണ്ടായാലും കത്തിയെരിഞ്ഞു പോകാതിരിക്കുന്നതിനു തക്ക ശക്തി തിരിക്കു് ഉണ്ടായിരിക്കണം. വൈദ്യുതദീപങ്ങളുടെ ബൽബിനകത്തു കാണുന്ന ഈ തിരിക്കു് ഇംഗ്ലീഷിൽ ഫിലമെൻറു് **(Filament)** എന്നാണു് പേരു പറയുന്നതു്.

ബലവത്തായ ഒരു ഫിലമെൻറു് കണ്ടുപിടിക്കുന്നതിനു് എഡിസൻ വളരെ ശ്രമിച്ചു. പലതരം ലോഹങ്ങൾകൊണ്ടും തിരികൾ ഉണ്ടാക്കി പരീക്ഷിച്ചു നോക്കി. അവയിൽ ഏററവും ഉത്തമമായി കണ്ടതു് പ്ലാററിനം കമ്പികളാണു്. എന്നാൽ ഇവയ്ക്കും സാരമായ ഒരു ദൂഷ്യം ഉണ്ടായിരുന്നു. കുറേനേരം കത്തിക്കഴിയുമ്പോൾ പ്ലാററിനം ഫിലമെൻറു് പ്രായേണ മുറിഞ്ഞുപോവുക പതിവായിരുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിനു യത്നിച്ചതിൻെറ ഫലമായി 'വൈദ്യുത വർത്തികകൾ' എന്നൊരുതരം പുതിയ ഫിലമെൻറു് അദ്ദേഹം കണ്ടുപിടിച്ചു. പ്ലാററിനത്തിൻെറ പൊടിയും ചുണ്ണാമ്പും ഉപയോഗിച്ചാണു് ഇവ ഉണ്ടാക്കിയതു്. പിന്നീടു് ഈമാതിരി ഫിലമെൻറുകളെക്കാൾ നല്ല ഒരുതരം തിരികൾ മണ്ണെണ്ണക്കരിയും താർമഷിയും ഉപയോഗിച്ചു് അദ്ദേഹം നിർമ്മിച്ചു.

ഇങ്ങനെ വൈദ്യുതവിളക്കുകളെ സംബന്ധിച്ചു് അമേരിക്കയിൽ എഡിസൻ പല നൂതന തത്വങ്ങളും കണ്ടുപിടിച്ചപ്പോൾ ഇംഗ്ലണ്ടിൽ ജോസഫ് സ്വാൻ എന്നൊരു ശാസ്ത്രജ്ഞൻ ഈ വിഷയത്തിൽ ഗണ്യമായ പല പരിഷ്കാരങ്ങളും പ്രയോഗത്തിൽ വരുത്താൻ പണിപ്പെട്ടുകയായിരുന്നു. അമേരിക്കയിൽ എഡിസൻ കണ്ടുപിടിച്ച പരിഷ്കാരം ഇംഗ്ലണ്ടിൽ സ്വാൻ കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. എഡിസൻ അമേരിക്കയിലും സ്വാൻ ഇംഗ്ലണ്ടിലും പരിഷ്കൃതരീതിയിലുള്ള വൈദ്യുതദീപങ്ങൾ നിർമ്മിച്ചു വ്യാപാരം തുടങ്ങി. അവരുടെ

വ്യാപാരം ഉഗ്രമായ വാണിജ്യമത്സരത്തിൽ കലാശിച്ചു. തൻമൂലം ഇരുകൂട്ടർക്കും ഭീമമായ നഷ്ടത്തിനിടയായി. അപ്പോൾ എഡിസനും ജോസഫ് സ്വാനും കൂടി യോജിച്ച്, വൈദ്യുതദീപവ്യവസായം ആരംഭിക്കുകയും അവരുടെ വിളക്കുകൾക്ക് 'എഡിസ്വാൻ' എന്നു പേരിടുകയും ചെയ്തു.

തീ കത്തുന്നതിന് വായു അത്യാവശ്യമാണ്. അഗ്നിജ്വാലകൊണ്ടു പ്രകാശിക്കുന്നതും എണ്ണയൊഴിച്ചു കത്തിക്കുന്നതും ആയ എല്ലാ വിളക്കുകൾക്കും വാതക സാന്നിദ്ധ്യം അപരിത്യാജ്യമാകുന്നു. എന്നാൽ ഫിലമെൻറുകളുടെ സ്ഥിതി നേരേ വിപരീതമാകുന്നു. വാതകശൂന്യമായ സ്ഥലത്താണ് അവ ഭംഗിയായി പ്രകാശിക്കുന്നത്. വായു പമ്പു ചെയ്തു പുറത്തേയ്ക്കു കളഞ്ഞു ശൂന്യമാക്കിയ ബൽബുകളുടെ ഉള്ളിൽ ഫിലമെൻറു സംഘടിപ്പിക്കുകയെന്നുള്ളതു് ഏററവും പ്രയാസമേറിയ ഒരു കൃത്യമായിരുന്നു. ഈ വൈതരണിയും എഡിസൻ തരണം ചെയ്തു.

ഇലക്ട്രിക്ക് വിളക്കുകളുടെ വിജയം സ്ഥിതി ചെയ്യുന്നതു് ശരിയായ രീതിയിൽ വാതകശൂന്യമായ ബൽബുകൾ ഉണ്ടാക്കുന്നതിലും സാമാന്യമായ ചൂടുകൊണ്ടു ഉരുകിപ്പോകാത്ത ഫിലമെൻറുകൾ നിർമ്മിക്കുന്നതിലും ആണെന്നു് എഡിസൻ മനസ്സിലാക്കി. തദർത്ഥമുള്ള പരിശ്രമങ്ങളുടെ ഫലമായി പരിഷ്കൃതമായ ബൽബുകൾ അദ്ദേഹം കണ്ടുപിടിച്ചു. ബൽബുകളുടെ ചുവടററത്തു യഥാസ്ഥാനം സംഘടിപ്പിക്കുന്നതിനും കമ്പിമാർഗ്ഗം വരുന്ന വിദ്യുൽപ്രവാഹത്തെ ഫിലമെൻറിലേയ്ക്കു് ആനയിക്കുന്നതിനും ഉള്ള ഉപകരണങ്ങളാണ് അവ.

മോട്ടാറിൽ സഞ്ചരിച്ചിട്ടുള്ള പലർക്കും ബൽബു് എരിഞ്ഞുപോയി എന്നുള്ള ക്ലീനരുടെ പ്രസ്താവന പുത്തരിയായിരിക്കാനിടയില്ല. ബൽബിനകത്തുള്ള തിരി കത്തി ഭസ്മമായിപ്പോകുമ്പോളാണ് ക്ലീനർമാർ ഇപ്രകാരം പ്രസ്താവിക്കുന്നതു്. ഫിലമെൻറിനു് എന്തെങ്കിലും ബലക്ഷയമോ ന്യൂനതയോ ഉണ്ടായിരിക്കുകയോ കണക്കിലധികമായ വിദ്യുച്ഛക്തി ബൽബിനുള്ളിൽ പ്രകാശിക്കുകയോ

ചെയ്യുമ്പോൾ ഇപ്രകാരം സംഭവിക്കുന്നു. ഓരോ ഇനം ബൽബ്ബുകൾക്കും ഇത്രയിത്ര ശക്തിയുള്ള പ്രവാഹമേ പാട്ടുള്ളൂ എന്നു് നിർബന്ധമുണ്ടു്. വൈദ്യുതശക്തിയുടെ കൂടുതൽകുറവുകൾ നിർണ്ണയിക്കുന്ന പരിമാണത്തിനു് വോൾട്ടു് എന്നു് പറയുന്നു. തീരെ ചെറിയ ഇനം ബൽബ്ബുകൾ, കൂടുതൽ വോൾട്ടുള്ള ഇലക്ട്രിസിററി പ്രവഹിക്കുന്ന കമ്പികളിൽ ഘടിപ്പിച്ചാൽ, ബൽബ്ബുകൾ ഉത്തരക്ഷണത്തിൽ എരിഞ്ഞുപോകും. അധികം വോൾട്ടേജ്ജുള്ള ബൽബ്ബുകളിൽ ശക്തികുറഞ്ഞ പ്രവാഹം ചെലുത്തിയാൽ, അവ നന്നായി പ്രകാശിക്കുകയുമില്ല.

പല ആവശ്യങ്ങൾക്കും ഉപകരിക്കത്തക്കവിധത്തിൽ ഇപ്പോൾ വിവിധ രൂപത്തിൽ ഇലക്ട്രിക്ക ലൈററുകൾ ഉണ്ടാക്കിവരുന്നുണ്ടു്. കൈയിൽ കൊണ്ടുനടക്കുന്നതിനു് സൗകര്യമുള്ള ഞെക്കുവിളക്കുകൾക്കും പാക്കററുവിളക്കുകൾക്കും പുറമേ, ഫൗണ്ടൻപേനയുടെ അററത്തും ഉടുപ്പിൻെറ ബട്ടണിലും ഘടിപ്പിച്ചിട്ടുള്ള വിളക്കുകൾ ഇപ്പോൾ സാധാരണമാണു്. നായാട്ടുകാരെ പ്രത്യേകം ഉദ്ദേശിച്ചു്, തൊപ്പിയിലും തോക്കിൻെറ അഗ്രത്തിലും വൈദ്യുതവിളക്കുകൾ ഘടിപ്പിക്കുന്നുണ്ടു്. വിളക്കുകൾ കൊണ്ടുള്ള സകല ആവശ്യങ്ങളും ഇപ്പോൾ വൈദ്യുതദീപങ്ങൾ ഏററവും ഭംഗിയായി നിർവഹിക്കുന്നു. പട്ടണങ്ങൾ ഒന്നാകെ പ്രകാശിപ്പിക്കുന്നതിനും വേഗമേറിയ വാഹനങ്ങളിൽ ഉപയോഗിക്കുന്നതിനും വൈദ്യുതദീപങ്ങൾപോലെ സൗകര്യമുള്ള വിളക്കുകൾ ഇല്ലതന്നെ.

അഭ്യാസം.

1. നിദ്ധനത്വം, തീവണ്ടി, വിദ്യുച്ഛക്തി, പത്തും—ഇവ ദ്രവ്യനാമത്തിൻെറ ഏതേതു വിഭാഗത്തിൽപ്പെടുന്നു?
2. വ്യക്തിയെ കുറിക്കുന്ന സംജ്ഞാനാമവും ജാതിയെ കുറിക്കുന്ന സാമാന്യനാമവും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ജാതി വ്യക്തിഭേദമില്ലാത്ത പദാർത്ഥങ്ങളെ കുറിക്കുന്നതാണു മേയനാമം. മണ്ണു്, വെള്ളം, വായു മുതലായ

വസ്തു് ജാതിവ്യക്തിഭേദമില്ല. ഇതു ദ്രവ്യനാമത്തിൻെറ ഒരു വകഭേദമാണു്.

3. ഭേദനാമം എടുത്തെഴുതുക:—
"വെള്ളത്തിലെണ്ണയൊഴിച്ചതുപോലെ."

4. എഡിസൻെറ ജീവചരിത്രം ചുരുക്കിയെഴുതുക.

5. എഡിസൻ വൈദ്യുതദീപം കണ്ടുപിടിച്ചതെങ്ങനെ?

6. വൈദ്യുതദീപത്തിൽ വരുത്തിയിട്ടുള്ള പുതിയ പരിഷ്കാരങ്ങളെ വിവരിക്കുക.

പാഠം 14

വിട്ടയയ്ക്കുക

വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ; ഞാ—
നൊട്ടു വാനിൽപ്പറന്നു നടക്കട്ടെ!
സുപ്രഭാതമടുത്തു, നഭസ്സിലേ—
യ്ക്കുൽപ്പതിക്കുന്നു മാമകവർഗ്ഗക്കാർ;
കൊച്ചുപക്ഷിയാം ഞാനോ, തമസ്സിൽത്താ—
നച്ഛമാമിപ്പുലർ വെളിച്ചത്തിലും.
പഞ്ജരത്തിൻെറ ചുററഴിയോരോന്നു—
മെന്നെനോക്കിച്ചിരിപ്പതായ്ത്തോന്നുന്നു.
മർത്ത്യർതൻ പരിലാളനമൊന്നുമെ—
ന്നൽത്തടത്തിന്നു ശാന്തിയെ നൽകിടാ.
വിട്ടയച്ചാലുമെന്നെയിക്കൂട്ടിൽ നി—
ന്നൊട്ടു പാറിപ്പറക്കട്ടെ വാനിൽ ഞാൻ.

*   *   *   *

കാണ്മതുണ്ടതാ, തെല്ലകലത്തിലെൻ
ജന്മഭൂമിയാം കാനനം മോഹനം;

താമരമലർക്കയ്യാൽത്തടാകങ്ങൾ
പ്രേമമോടെന്നെയങ്ങു വിളിക്കുന്നു;
പുൽത്തളിരുകൾ പൂന്തുകിൽ നെയ്യുന്നു;
പുഷ്പരാജികൾ പുഞ്ചിരിക്കൊള്ളുന്നു;
മത്തഭൃംഗങ്ങൾ മണ്ടിക്കളിക്കുന്നു;
പത്രവല്ലികൾ ചുററും പടരുന്നു.
ആ ലസദ്വനത്തിന്നു മീതെയൊരു
നീലമേലാപ്പു കെട്ടിയ വാനിടം
കാത്തു നിൽക്കുന്നു, സസ്നേഹമായെന്നെ
മൂർദ്ധനി മുകർന്നോമനിച്ചീടുവാൻ.
വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ; ഞാ-
നൊട്ടു വാനിൽപ്പറക്കട്ടെ വീണ്ടുമേ !

കൂപ്പുകൈ] [ബാലാമണിയമ്മ.

അഭ്യാസം.

1. നഭസ്സ് = ആകാശം. ഉൽപ്പതിക്കുക = പൊങ്ങുക. തമസ്സ് = ഇരുട്ട്. അച്ഛം = നിർമ്മലമായ. പഞ്ജരം = കൂട്. പൂന്തുകിൽ = ഭംഗിയുള്ളവസ്ത്രം. ഭൃംഗം = വണ്ട്. ലസദ്വനം = തിളങ്ങുന്ന കാട്. മൂർദ്ധനി = തലയിൽ.
2. 'കൂട്ടിലിട്ട കിളി' യുടെ ചിന്തകളെന്തെല്ലാം?
3. കിളി കാണുന്ന ജന്മഭൂമിയുടെ സൗന്ദര്യം സ്വന്തംവാക്യങ്ങളിൽ വർണ്ണിക്കുക.
4. "താമരമലർക്കൈയാൽത്തടാകങ്ങൾ
പ്രേമമോടെന്നെയങ്ങു വിളിക്കുന്നു."—
ഇതിലെ കർത്താവ്, കർമ്മം, ക്രിയ—ഇവ എടുത്തെഴുതുക.
5. ഓരോ പര്യായപദമെഴുതുക:—
(i) കൂട് (iii) വണ്ട്
(ii) മനുഷ്യൻ (iv) ഇരുട്ട്.

———

പാഠം 15

മുഹമ്മദു നബി

ഇസ്ലാംമതസ്ഥാപകനായ മുഹമ്മദുനബി ക്രിസ്ത്വബ്ദം 571–ാംവർഷം ഏപ്രിൽ 20–ാംതീയതി തിങ്കളാഴ്ച പ്രഭാതത്തിൽ അറേബ്യയിലെ മക്കാ പട്ടണത്തിൽ ജനിച്ചു. നബിയുടെ ജനനത്തിനു മുമ്പുതന്നെ അദ്ദേഹത്തിൻെറ പിതാവായ അബ്ദുല്ല സിറിയയിൽ വ്യാപാരത്തിനു പോയി മടങ്ങുന്നവഴി മദീനയിൽവച്ച് ഇഹലോകവാസം വെടിഞ്ഞിരുന്നു. അക്കാലത്ത് പ്രബല കുടുംബങ്ങളിലെ സ്ത്രീകൾ ശിശുക്കളെ മുലകൊടുത്തു വളർത്തുന്നതിന് ഗ്രാമപ്രദേശങ്ങളിലുള്ള സ്ത്രീകളെ ഏല്പിക്കുന്ന ഒരു പതിവുണ്ടായിരുന്നു. അതനുസരിച്ച് നബിയുടെ മാതാവ് ആമിനാ ബീബി മകനെ ഹലീമ എന്ന സ്ത്രീയുടെ കയ്യിൽ ഏല്പിച്ചു. രണ്ടുകൊല്ലം കഴിഞ്ഞു് ഹലീമ കുട്ടിയെ തിരിച്ചേല്പിക്കുവാൻ മക്കയിൽ വന്നു. ആ സമയത്ത് മക്കാ നഗരത്തിൽ കാളറ പടർന്നു പിടിച്ചിരുന്നു. തൻമൂലം ഹലീമ ശിശുവിനെ തിരിച്ചു ഗ്രാമത്തിലേക്കു കൊണ്ടുപോവുകയും ആറുവയസ്സുവരെ വളർത്തുകയും ചെയ്തു.

ഇക്കാലത്ത് ആശ്ചര്യകരമായ ഒരു സംഭവം നടന്നു. ഒരു ദിവസം ബാലനായ നബി ഹലീമയുടെ പുത്രന്മാരോടൊത്ത് ആടുമേയ്ക്കുകയായിരുന്നു. പൊടുന്നനവെ വെള്ള വസ്ത്രം ധരിച്ച രണ്ടുപേർ അദ്ദേഹത്തിൻെറ സമീപത്തു വന്നു. അവർ നബിയെ പിടിച്ചു മലർത്തിക്കിടത്തി, അദ്ദേഹത്തിൻെറ മാറിടം പിളർന്നു് എന്തോ എടുത്ത് ദൂരെ എറിഞ്ഞു. മററു കുട്ടികളിൽനിന്നു വിവരം അറിഞ്ഞ ഹലീമയും ഭർത്താവും ഓടിയെത്തിയപ്പോൾ നബി വിവർണ്ണവദനനായി അവിടെ നിന്നിരുന്നു. അവർ കുട്ടിയെ എടുത്തു സമാശ്വസിപ്പിച്ചു. ദൈവത്തിൻെറ പ്രവാചകത്വം സ്വീകരിക്കുന്നതിന് നേരത്തേതന്നെ

നബിയുടെ ഹൃദയത്തെ സന്നദ്ധമാക്കുവാനുള്ള ഏതോ കർമ്മമായിരിക്കണം, ശുഭ്രവേഷധാരികളായ ആ ദൈവ ദൂതന്മാർ നിർവ്വഹിച്ചതു്.

ആറാമത്തെ വയസ്സിൽ നബി തൻെറ വളർത്തമ്മ യോടൊന്നിച്ചു മക്കയിൽ വന്നു് അമ്മയോടൊത്തു സ്വഗൃഹത്തിൽ താമസിച്ചു. ഒരിക്കൽ ആമിനാ ബീബി തൻെറ മകനോടൊത്തു് ഭർത്താവിൻെറ ശവകുടീരം സന്ദർശിക്കുവാൻ മദീനയിലേയ്ക്കു് പോയി. മടങ്ങുന്നവഴി മക്കയുടെയും മദീനയുടെയും മദ്ധ്യത്തിലുള്ള അബ്‌വാ എന്ന സ്ഥലത്തുവച്ചു് മാതാവു് മരണമടഞ്ഞു. ഇങ്ങനെ ആറാമത്തെ വയസ്സിൽ നബി ഒരു അനാഥബാലനായി ത്തീർന്നു. മാതാവിൻെറ മരണത്തിനുശേഷം പിതാ മഹനും ഗോത്രനായകനുമായ അബ്ദുൽ മുത്തലിബ്ബിൻെറ സംരക്ഷണത്തിൽ നബി വളർന്നു. രണ്ടുകൊല്ലത്തിനു ശേഷം പിതാമഹൻ മരിക്കുകയാൽ പിതൃവ്യനായ അബൂതാലിബ് നബിയുടെ സംരക്ഷണം ഏറെറടുത്തു. നബിയുടെ പന്ത്രണ്ടാമത്തെ വയസ്സിൽ അബൂതാലിബ് അദ്ദേഹത്തെ കച്ചവടത്തിനായി സിറിയയിലേയ്ക്കു് കൂട്ടി ക്കൊണ്ടുപോയി. വഴിയിൽവച്ചു് പണ്ഡിതനായ ഒരു ക്രിസ്തീയവൈദികൻ പ്രഥമവീക്ഷണത്തിൽ തന്നെ നബിയുടെ മാഹാത്മ്യം മനസ്സിലാക്കി അബൂതാലിബ്ബിനെ ഉപദേശിച്ചു:— "താങ്കളുടെ സഹോദരൻെറ പുത്രനായ മുഹമ്മദിൽ അന്ത്യപ്രവാചകൻെറ സകല ലക്ഷണങ്ങളും തികഞ്ഞു കാണുന്നു. തൻമൂലം ശത്രുക്കൾ അദ്ദേഹത്തെ കണ്ടറിയുമ്പോൾ വധിക്കുവാൻ തയ്യാറായേയ്ക്കും." ഈ ഉപദേശം സ്വീകരിച്ച അബൂതാലിബ് വഴിമദ്ധ്യേ കച്ചവടസാധനങ്ങൾ വില്പന നടത്തി മക്കത്തേയ്ക്കു മടങ്ങുക യാണുണ്ടായതു്.

ബാല്യംമുതൽക്കുതന്നെ നബിയിൽ സകല സൽഗുണ ങ്ങളും പരിലസിച്ചിരുന്നു. ദയ, വിനയം, ഈശ്വരഭക്തി മുതലായവ അദ്ദേഹത്തിൻെറ ജന്മസിദ്ധങ്ങളായ ഗുണങ്ങ ളായിരുന്നു. ജീവിതത്തിൽ ഒരിക്കലും അസത്യം ഉച്ചരി ക്കുവാൻ അദ്ദേഹം തയ്യാറായിട്ടില്ല. അനാവശ്യമായി

സംസാരിക്കുകയെന്ന പ്രകൃതം അദ്ദേഹത്തിനില്ലായിരുന്നു. അനന്യസാധാരണമായ ഒരു തേജസ്സ് നബിയുടെ മുഖത്തു് എപ്പോഴും കളിയാടിക്കൊണ്ടിരുന്നു. ക്രമേണ അദ്ദേഹത്തിന്റെ അസാധാരണമായ വ്യക്തിമാഹാത്മ്യം അറേബ്യയിൽ മുഴുവനും അറിയപ്പെട്ടുവാൻ തുടങ്ങി. വിശ്വസ്തൻ എന്നു് അർത്ഥംവരുന്ന അൽ–അമീൻ എന്ന പവിത്ര നാമത്തിലാണു് ആളുകൾ അദ്ദേഹത്തെ അഭിസംബോധനം ചെയ്തിരുന്നതു്. നബിയുടെ സ്വഭാവമാഹാത്മ്യം നിമിത്തം ഗുണവതിയും ധനാഢ്യയുമായ ഖദീജയ്ക്കു് അദ്ദേഹത്തോടു് അനുരാഗം ഉണ്ടായി. അങ്ങനെ നബി വിവാഹജീവിതത്തിൽ പ്രവേശിക്കുകയും ചെയ്തു. ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ നബിക്കു് ആ പുണ്യവതിയിൽനിന്നു് അനല്പമായ പിന്തുണയും പ്രോത്സാഹനവും ലഭിച്ചിരുന്നു.

നബിയുടെ ജനനകാലത്തു് അറേബ്യ എല്ലാ വിധത്തിലുമുള്ള നീചകർമ്മങ്ങളുടെ വിളനിലമായിരുന്നു. മദ്യപാനം, ചൂതാട്ടം, കൊള്ള, കൊല തുടങ്ങിയ ദുഷ്–പ്രവർത്തനങ്ങൾ എങ്ങും നടമാടിയിരുന്നു. മനുഷ്യത്വത്തെ ചവിട്ടി മെതിച്ചുകൊണ്ടു് അനീതിയും അക്രമവും തേർവാഴ്ച നടത്തി. ദുരഭിമാനത്തിന്റെ പേരിൽ സ്വന്തം പുത്രികളെപ്പോലും ജീവനോടെ കുഴിച്ചുമൂട്ടുവാൻ പ്രേരിപ്പിക്കുന്ന ഒരു തത്ത്വസംഹിതയായിരുന്നു ആ നാട്ടുകാർക്കുണ്ടായിരുന്നതു്. വിക്രയസാധനങ്ങൾ എന്നതിൽ കവിഞ്ഞു് സാമൂഹ്യജീവിതത്തിൽ സ്ത്രീകൾക്കു് യാതൊരു സ്ഥാനവും ലഭിച്ചിരുന്നില്ല. ബഹുദൈവവിശ്വാസം അറേബ്യയിലെ ആരാധനാസമ്പ്രദായത്തെ ആക്രമിച്ചു കീഴടക്കിയിരുന്നു.

ചുററുപാട്ടും നടമാടുന്ന അക്രമങ്ങളും അനീതികളും കണ്ടു് മനംമടുത്ത നബി മക്കത്തിനു സമീപമുള്ള ജബൽനൂർ പർവ്വതത്തിൽ പോയി ഏകാന്തമായ ധ്യാനത്തിൽ മുഴുകുക പതിവായിരുന്നു. ഒരുദിവസം ധ്യാനനിമഗ്നനായിരുന്ന നബിയുടെ മുമ്പിൽ ജിബ്റീൽ

(ഗബ്രിയേൽ) എന്ന ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് ദൈവത്തിൻെറ നാമത്തിൽ വായിക്കുവാൻ കല്പിക്കുകയുണ്ടായി. അക്ഷരജ്ഞാനമില്ലാതിരുന്ന നബി താൻ എങ്ങനെ വായിക്കുമെന്ന് ചോദിച്ചപ്പോൾ ദൈവത്തിൻെറ നാമത്തിൽ വായിക്കുക എന്ന് ദൈവദൂതൻ കല്പിക്കുകയും ഖുർ–ആനിലേ ആദ്യത്തെ അദ്ധ്യായമായ 'സൂറത്തുൽഖലം' അവതരിപ്പിക്കുകയും ചെയ്തു. അന്നുമുതൽ അറുപത്തിമൂന്നാമത്തെ വയസ്സിൽ ഇഹലോകവാസം വെടിയുന്നതുവരെയുള്ള ഇരുപത്തിമൂന്നു സംവത്സരങ്ങളിലായി പല പ്രാവശ്യം ദൈവദൂതൻ മുഖേന നബിക്കു ലഭിച്ച സന്ദേശങ്ങളുടെ സമാഹാരത്തിനാണ് ഖുർ–ആൻ എന്നു പറയുന്നത്.

ദൈവവചനം സിദ്ധിച്ചാലുടനെ നബി അനുയായികളെ ചൊല്ലിക്കേൾപ്പിക്കുകയും അവർ അതു കൃത്യമായി എഴുതി വയ്ക്കുകയും ചെയ്തിരുന്നു. മനുഷ്യസമൂഹത്തിൻെറ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനു് ഉതകുന്ന എല്ലാ കാര്യങ്ങളും ഖുർ–ആനിൽ യുക്തിപൂർവ്വം വിവരിച്ചിട്ടുണ്ട്. സ്രഷ്ടാവും സംരക്ഷകനുമായ ഏക ദൈവത്തെ മാത്രം ആരാധിക്കുക, എല്ലാ പ്രവാചകന്മാരെയും ദൈവികഗ്രന്ഥങ്ങളെയും ബഹുമാനിക്കുക, പ്രാർത്ഥന, വ്രതം, ദാനം എന്നിവ അനുഷ്ഠിക്കുക, ദയാപുരസ്സരം പെരുമാറുക, മദ്യപാനം, വ്യഭിചാരം, ചൂതുകളി, പരദൂഷണം, അസൂയ, അസത്യം എന്നിവ തീരെ ഉപേക്ഷിക്കുക, സ്ത്രീകൾക്ക് മാതാപിതാക്കന്മാരുടെയും ഭർത്താക്കന്മാരുടെയും സ്വത്തിൽ നിന്നു് ശരിയായ അവകാശവും ജീവിതത്തിൽ ആവശ്യമായ സ്വാതന്ത്ര്യവും അനുവദിക്കുക തുടങ്ങിയ ആയിരക്കണക്കിനുള്ള സദുപദേശങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്.

ഈവക കാര്യങ്ങൾ നബി ജനങ്ങളെ ഉപദേശിക്കുവാൻ തുടങ്ങിയപ്പോൾ പൂർവ്വാചാരങ്ങളെ മുറുകെപ്പിടിക്കുന്നവർ നബിയെയും അനുയായികളെയും കഠിനമായി മർദ്ദിക്കുവാൻ തുടങ്ങി. നബി പ്രാർത്ഥിക്കുമ്പോൾ കഴുത്തിൽ ഒട്ടകത്തിൻെറ കുടൽ വലിച്ചെറിയുക, പോകുന്ന വഴിയിൽ

മുള്ളു വിതറുക മുതലായ ഹീനപ്രവൃത്തികൾകൊണ്ടു തൃപ്തിപ്പെടാതെ, പ്രഹരം ഏല്പിച്ചു് ദേഹത്തിൽനിന്നു് രക്തം ഒഴുക്കുകയും ഒരു പ്രാവശ്യം കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ ഹസ്രത്തു് അബൂബക്കർ എന്ന ഒരു സ്നേഹിതൻ അദ്ദേഹത്തെ ആപത്തിൽനിന്നു് രക്ഷിച്ചു. അതുപോലെ തന്നെ നബിയുടെ അനുയായികളെയും കണക്കററു് ഉപദ്രവിച്ചുകൊണ്ടിരുന്നു. ഈ മർദ്ദനങ്ങൾ അധികമായപ്പോൾ നബി തൻെറ അനുയായികളിൽ ഒരു സംഘത്തെ അവരുടെ ആത്മരക്ഷാർത്ഥം അബിസീനിയയിലേയ്ക്കു് അയച്ചു. ആ യാത്രയെ തടയുവാൻ സാധിക്കാതെ വന്നപ്പോൾ അവർക്കു് അഭയം നൽകിയ അബിസീനിയയിലെ ക്രിസ്തീയ രാജാവിനെ സ്വാധീനപ്പെടുത്തി അവരെ അവിടെനിന്നു് ആട്ടിയോടിക്കുവാൻ ശത്രുക്കൾ ശ്രമിച്ചു. എന്നാൽ ആ ശ്രമം വിഫലമായതേയുള്ളു.

തീർത്ഥാടന കേന്ദ്രമായിരുന്ന മെക്കായിൽ വർഷം തോറും നിരവധി ജനങ്ങൾ അറേബിയയുടെ പല ഭാഗങ്ങളിൽ നിന്നും വന്നുകൂടിയിരുന്നു. അവരിൽ ചിലർ മദീനക്കാരായിരുന്നു. നബിയുടെ ഉപദേശങ്ങൾ കേൾക്കാൻ ഇടയായതുകൊണ്ടു് അവരിൽ പലരും നബിയെ മദീനയിലേയ്ക്കു ക്ഷണിച്ചു. ആദ്യം നബി തൻെറ അനുയായികളെ മദീനയിലേയ്ക്കു പറഞ്ഞയച്ചു. പിന്നാലെ നബിയും സ്നേഹിതനായ ഹസ്രത്തു് അബൂബക്കറുംകൂടി ശത്രുക്കൾ കാണാതെ ഒളിച്ചു് മദീനയിലേക്കു പോയി. ഈ പലായനത്തിനാണു് ഹിജ്റ എന്നു പറയുന്നതു്.

നബി മദീനയിലെത്തിയതിനുശേഷം അദ്ദേഹത്തിൻെറ സ്വാധീനശക്തി പൂർവ്വാധികം വർദ്ധിച്ചു. അവിടെ അദ്ദേഹത്തിനു് അനുയായികൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരുന്നു. ഇതുകണ്ടു് രോഷാകുലരായ അദ്ദേഹത്തിൻെറ ശത്രുക്കൾ സൈന്യസമേതം അദ്ദേഹത്തെ നശിപ്പിക്കുവാൻ പുറപ്പെട്ടു. ബദർ, ഉഹദ്, ഖന്തക്കു് തുടങ്ങിയ പ്രദേശങ്ങളിൽ വച്ചുണ്ടായ യുദ്ധങ്ങളിൽ ആയുധശക്തികൊണ്ടും സംഖ്യാബലംകൊണ്ടും പ്രാബല്യം

ഉണ്ടായിരുന്ന നബിയുടെ ശത്രുക്കൾ അപ്പാടെ പരാജിതരാവുകയാണു ചെയ്തതു്. മക്കാപട്ടണവും അറേബിയാ രാജ്യം മുഴുവനും നബിക്കു കീഴടങ്ങി. അയൽരാജ്യങ്ങളായ ഈജിപ്റ്റ്, അബിസീനിയ, സിറിയാ, പേർഷ്യ മുതലായ സ്ഥലങ്ങളിലെ രാജാക്കന്മാർക്കു് പ്രവാചകൻ ഇസ്ലാംമതത്തിലേയ്ക്കു ക്ഷണിച്ചുകൊണ്ടുള്ള സന്ദേശങ്ങൾ അയച്ചു. പേർഷ്യയിലെ കുസ്രു ഒഴിച്ചു. മററുള്ളവർ അദ്ദേഹത്തെ ബഹുമാനിച്ചു പാരിതോഷികങ്ങൾ അയച്ചു. കൂട്ടുകാരെയും തന്നെയും മർദ്ദിച്ച എല്ലാ വൈരികൾക്കും നബി പൊതുമാപ്പു് നൽകി. അത്തരം ഒരു സംഭവം ചരിത്രത്തിന്റെ താളുകളിൽ കാണുക വളരെ പ്രയാസമായിരിക്കും. 632 ജൂൺ 8-ാംതീയതി നബിതിരുമേനി ലോകത്തോടു യാത്ര പറഞ്ഞു. അദ്ദേഹത്തിന്റെ അനുയായികൾ ഇന്നു ലോകത്തിലാകമാനം അറുപതു കോടിയോളമുണ്ടു്.

അഭ്യാസം.

1. "അക്കാലത്തു് പ്രഭുകുടുംബങ്ങളിലെ സ്ത്രീകൾ തങ്ങളുടെ ശിശുക്കളെ മുലകൊടുത്തു വളർത്തുന്നതിനു ഗ്രാമപ്രദേശങ്ങളിലുള്ള സ്ത്രീകളെ ഏല്പിക്കുന്ന ഒരു പതിവുണ്ടായിരുന്നു"—അംഗവാക്യവും അംഗിവാക്യവും വേർതിരിച്ചെഴുതുക.
2. "അവർ കുട്ടിയെ സമാശ്വസിപ്പിച്ചു", "ഹലീമ മക്കയിൽ വന്നു"—ഇവയിലെ സകർമ്മകക്രിയയും അകർമ്മകക്രിയയും. എടുത്തെഴുതുക.
3. അമ്മയോടു്, ഭർത്താവിന്റെ, ജനനത്തിനു്—ഇവയുടെ ലിംഗം, വിഭക്തി, വചനം ഇവ കുറിക്കുക.
4. മുഹമ്മദു നബിയുടെ ചരിത്രം സംഗ്രഹിക്കുക.
5. ഖുർ-ആനിൽ അടങ്ങിയിട്ടുള്ള പ്രധാന തത്ത്വങ്ങൾ ഏവ?
6. നബിയുടെ ജനനകാലത്തു് അറേബ്യയുടെ സ്ഥിതി എന്തായിരുന്നു?

പാഠം 16

മലയാളത്തിലെ മാമ്പഴക്കാലം

"വിത്തും കൈക്കോട്ടും, വിത്തും കൈക്കോട്ടും".

രാത്രിയുടെ അന്ത്യയാമത്തിൽ, മേടം ഒന്നാംതീയതിയിലെ ആദ്യത്തെ കാഴ്ച "വിഷുക്കണി"യാകണമെന്നു കരുതി, ഇരുട്ടിൽ കണ്ണു മുറുകെ അടച്ചുകൊണ്ട് ഉറക്കമില്ലാതെ കിടക്കുമ്പോൾ തൊടിയിലുള്ള തേന്മാവിൻെറ മുകളിൽനിന്നു പെട്ടെന്ന് ആ 'വിഷുപ്പക്ഷി'യുടെ വിളി കേൾക്കായി. മലയാളക്കരയിൽ മുഴുവൻ മഹോത്സവമായി കൊണ്ടാടുന്ന വിഷുവോടൊന്നിച്ചു വന്നണയുന്ന വസന്തശ്രീയുടെ ചിലമ്പൊലിപോലെ മഞ്ജുളമാണ് ആ അത്ഭുത പക്ഷിയുടെ കളകൂജനം. ചിരപ്രതീക്ഷിതനായ ആ ദൂരദേശസഞ്ചാരിയുടെ ആദ്യത്തെ "വിത്തും കൈക്കോട്ടും" വിളി അങ്ങനെ വിഷുക്കണിക്കു നാന്ദിയായി. എൻെറ കുട്ടിക്കാലത്തെന്നപോലെ ഇന്നും ആ പക്ഷിയുടെ കൂജനം എന്നെ ഉത്സാഹഭരിതനാക്കുന്നു. കണ്ടുപിടിക്കാൻ പ്രയാസമായ ആ ചങ്ങാതി "വിത്തും കൈക്കോട്ടും" എന്നുച്ചത്തിൽ ശബ്ദിക്കുമ്പോൾ "കള്ളൻ ചക്കേട്ടു — കണ്ടാൽമിണ്ടേണ്ട — കൊണ്ടത്തിന്നോട്ടെ—" എന്നിങ്ങനെ തുല്യസ്വരത്തിൽ ഏററുപാടാത്ത കിടാങ്ങൾ ഏതു വീട്ടിലാണുള്ളതു് ?

മലനാടായ മലയാളം പ്രകൃതിപ്രസന്നമായ ഒരു നാടാണ്. പ്രത്യേകിച്ചു് കേരളത്തിലെ വസന്തമായ ഈ മീനമേട മാസക്കാലങ്ങളിൽ ഇവിടത്തെ നാട്ടിൻപുറത്തുള്ള കാഴ്ചകൾ അവർണ്ണനീയം തന്നെ. വെയിലിൽ കുളിച്ചുനില്ക്കുന്ന ഈ തൊടിയിലേയ്ക്കു് ഞാനെൻെറ നയനങ്ങളെ യഥേഷ്ടം അയച്ചുവിടുന്നു. കണ്ണുകളെ കുളിർപ്പിച്ചുകൊണ്ടു്, അടിമുതൽ മുടിവരെ ചെന്തളിർച്ചാർത്തുകൾ അണിഞ്ഞ ചില മാവിൻതൈകൾ നിൽക്കുന്നു. പച്ചയും പഴത്തതുമായ ഫലങ്ങൾ കുലകുലയായി വഹിക്കുന്ന

വളർതേൻമാവുകളും അവിടവിടെയുണ്ടു്. അട്ടത്തൊരു തറമേൽ ഒരു കണിക്കൊന്ന പൊൽക്കുടമണികൾ നിറയേ തൂക്കി നിൽക്കുന്നു.

ഈ നാട്ടിൻപുറത്തെ വസന്തപ്രകൃതി എന്നുമെന്നും ഒരുപോലെ രമണീയമാണു്. എന്നാൽ എന്തോന്നിൻെറ അഭാവമാണു് എനിക്കു് ഇവിടെ വല്ലാതെ അനുഭവപ്പെടുന്നതു്? പൂക്കൾതോറും പാറിപ്പറക്കുന്ന പൂമ്പാററകൾപോലെ ഉല്ലാസംപൂണ്ട കിടാങ്ങൾ വെളിയിൽ വെയിലിലും തണലിലും വിളയാടുന്നതു കാണാനില്ല! "വിത്തും കൈക്കോട്ടും" പക്ഷി തന്നെത്താൻ പാടിപ്പാടി ഒച്ചയടച്ചു പോകുന്നു. പൂങ്കുയിൽ നികുഞ്ജത്തിലിരുന്നു് "പൃ—ഊ, പൃ—ഊ" എന്നു് നീട്ടിനീട്ടി വിളിച്ചിട്ടും ഉണ്ണികളാരും തൊടിയിലേയ്ക്കു് ഉത്സാഹത്തോടെ ചാടിയോടിച്ചെല്ലുന്നില്ല. മാവിൻചുവട്ടിൽനിന്നു് അവരുടെ കൂക്കിവിളിയും മാങ്ങ പെറുക്കിക്കൂട്ടുന്ന കലമ്പലുമൊന്നും കേൾപ്പാനില്ല. തേന്മാവിൻെറ ഒത്തനിറുകയിലെ കൊമ്പിലിരുന്നു്, രണ്ടു കുഞ്ഞിക്കൈകൾകൊണ്ടും ഒരു പൊൻമാമ്പഴം താങ്ങിപ്പിടിച്ചു കരണ്ടുതിന്നുന്ന അണ്ണാൻ "അണ്ണാറക്കൊട്ടാ—തൊണ്ണൂറുമൂക്കാ—എനിക്കൊരു മാമ്പഴം—നിനക്കൊരു തേമ്പഴം—കൊത്തിപ്പോട്ടു്!"— എന്നു താഴെ നിന്നു് കിടാങ്ങളാരും കൊഞ്ചിയപേക്ഷിക്കായ്കയാൽ ഒരൊററ മാങ്ങയെങ്കിലും തള്ളിയിടുന്നില്ല. "നിൻെറ പാട്ടൊന്നു കേൾക്കട്ടെ" എന്നു് വികൃതിക്കുട്ടികൾ പുകഴ്ത്തുമ്പോൾ 'കാ—കാ' എന്നു ശബ്ദിച്ചു വായിൽനിന്നു പഴം കീഴോട്ടു വീഴ്ത്തത്തക്ക വിഡ്ഢിയായ ആ കറുത്ത കോങ്കണ്ണൻപക്ഷിയും ഇപ്പോൾ നിർബാധം ഇലകൾക്കിടയിൽ മറഞ്ഞിരുന്നു മാമ്പഴം കൊത്തിവലിക്കുന്നു.

എന്നാൽ നമുക്കു് ഇന്നെന്തുപററി? ഉൾനാടന്മാർക്കുകൂടി എന്താണു് ഈ ഉത്സവകാലത്തു നിരുത്സാഹരായി മങ്ങി മയങ്ങി വാഴുന്നതു്? പ്രകൃത്യാ ലീലാലോലുപരായ ബാലകർപോലും കളിവിട്ടു് കാര്യത്തിലേർപ്പെട്ടപോലെയാണിപ്പോൾ അവിടവിടെ ഒതുങ്ങിയിരിക്കുന്നതു്! ഇതു് എന്തോ അനാരോഗ്യകാലമാണു്. അഹോ!

വിദേശീയമായ ഒരു പരിഷ്കാരവാതം കേരളത്തിലൂടെ ഒന്നടിച്ചുപോയപ്പോഴേയ്ക്കും ഇന്നാട്ടുകാർ നിസർഗ്ഗമോഹനങ്ങളായ തങ്ങളുടെ നാടോടി വിനോദങ്ങളും ഉത്സവാഘോഷങ്ങളും ഒക്കെ വെറുത്തു കൈവെടിയുവാൻ തുടങ്ങിയെന്നോ? വിദേശീയമായ പല ആശയങ്ങളും വിലമതിപ്പുകളും കൈക്കൊള്ളുകയാൽ കേരളീയർ ഹൃദയംഗമമായ ജീവിതസമ്പ്രദായത്തിലെ അകൃത്രിമസൗന്ദര്യം കാണാതായിരിക്കുന്നു.

വെയിലും നിഴലും സമഞ്ജസമായി മേളിക്കുന്ന മദ്ധ്യാഹ്നങ്ങൾ; കുളിർവെണ്ണിലാവും വള്ളിക്കുടിലുകളും പുളയ്ക്കുന്ന അതിമോഹന രാത്രികൾ; അങ്ങനെയൊക്കെ വിലസുന്നതാണ് ഈ കേരളീയ വസന്തം. അത്യന്തം ഹൃദ്യങ്ങളായ ആമ്രപനസാദിഫലങ്ങളുടെ സമൃദ്ധിയാണ് ഈ ഉത്സവകാലത്തെ വിശേഷം. പല പല ആകൃതികളിലും വലിപ്പങ്ങളിലും കുലകുലയായി തേനൊലിപ്പഴങ്ങൾ തൂങ്ങുന്ന പലമാതിരി നാടൻ മാവുകൾ!—ഹാ! ഈ വിശിഷ്ട വൃക്ഷങ്ങളാൽ തന്നെ കേരളത്തെ പ്രകൃതി പ്രത്യേകം അനുഗ്രഹിച്ചിരിക്കുന്നു! ഇത്തരം ഉത്തമങ്ങളായ തേന്മാവുകൾ ധാരാളം കാണുന്ന മറെറാരു രാജ്യമുണ്ടെങ്കിൽ അതു പലപ്രകാരത്തിലും മലയാളത്തോടു സാമ്യമുള്ള ആ വംഗദേശം മാത്രമാണ്. അവിടെ ഇന്നും മാമ്പഴ മുതിർക്കുന്ന ഈ ഋതുവിനെ നാട്ടിൻപുറവാസികൾ ഉത്സവമായി കൊണ്ടാടുന്നുണ്ടുപോലും. അന്നാട്ടുകാർക്ക്, പരമ്പരാഗതമായ തങ്ങളുടെ ദേശീയവിനോദങ്ങളിൽ അരുചിയും അവജ്ഞയും തോന്നുന്നില്ല.

പണ്ടത്തെ മലയാളിക്കുട്ടികൾക്കുണ്ടായിരുന്ന ആ ചൊടിയും ചുണയും ആരോഗ്യത്തിളപ്പും കമനീയതയും ആധുനിക ബാലകരിൽ എന്താണ് കാണാത്തത്? ഇതിനുള്ള മുഖ്യകാരണം അനാഡംബരവും ദോഷരഹിതവുമായ തനി മലയാള ജീവിതരീതിയും വിനോദവിഹാരങ്ങളിലുള്ള ഹൃദയാഹ്ലാദവും ആധുനിക കേരളീയ ബാലർക്ക് അപരിചിതമായിരിക്കുന്നു എന്നതാണ്. തങ്ങൾ പിറന്ന മണ്ണിലെ നൈസർഗ്ഗികാമോദങ്ങൾ

ഉൾക്കൊള്ളാതെ പ്രായംചെല്ലുന്ന ബാലകർ അമ്മയുടെ മുലപ്പാൽ കുടിക്കാതെ ജീവിക്കുന്ന പൈതങ്ങളെപ്പോലെ പിന്നെപ്പിന്നെ ദുർബലരും നിരുന്മേഷരുമാകുന്നതിൽ എന്താണു വിസ്മയം? മാതാപിതാക്കന്മാർ തന്നെ മലയാണ്മകളെ മറന്നു്, മക്കളെ വിദേശീയസമ്പ്രദായങ്ങളിലാണു് വളർത്തിക്കൊണ്ടുവരുന്നതു്. അത്തരം കൃത്രിമമായ ഒരു അന്തരീക്ഷത്തിൽ വളത്തി തങ്ങളുടെ ശിശുക്കളുടെ സഹജമായ ഓജസ്സും തേജസ്സും നശിപ്പിക്കാതിരിക്കാൻ മലയാളികളായ അച്ഛനമ്മമാർക്കു് സന്മനസ്സുണ്ടാകട്ടെ.

മലയാളത്തിലെ മാമ്പഴക്കാലം—അതു് ആദ്യവസാനം വിവിധവിനോദങ്ങളാൽ നാട്ടിൻപുറപ്രിയന്മാരായ ഞങ്ങൾക്കു് രസകരമാകുന്നു. വീട്ടുകളുടെ തൊടികളിലും പുറംവളപ്പുകളിലെ മാന്തോപ്പുകളിലും കൂട്ടംകൂട്ടമായും ഈ ഉൾനാട്ടിൻെറ അരികേപോകുന്ന പഴയനിരത്തിൻെറ ഇരുവശത്തും വരിയായി നിരന്നും നിൽക്കുന്ന വലിയ മാവുകൾ നിറയെ പൂത്തു പരിമളം പരത്താൻ തുടങ്ങുന്ന അന്നുതൊട്ടു്, ഒടുക്കം കാററും മഴയും മേളിച്ചെത്തി പഴംമാങ്ങകൾ മുഴുവനും കൊഴിഞ്ഞു തീരുന്നതുവരെ, ഞങ്ങളുടെ കുട്ടിക്കാലത്തു് ഞങ്ങൾക്കു് ഉത്സവദിവസങ്ങളായിരുന്നു. കണ്ണിമാങ്ങകൾ കണ്ണുമിഴിച്ചു തുടങ്ങിയാൽ തുടങ്ങി, തറി കൊണ്ടെറിഞ്ഞുവീഴ്ത്താൻ. മാങ്ങ ചിനച്ചു് ഉള്ളു പഴുക്കുമ്പോൾ തോൽചെത്തി ഉപ്പും മുളകും പൊടിച്ചു വെളിച്ചെണ്ണ ചാലിച്ചു തിന്നുകയായി. പിന്നെ ചുണ്ടപ്പഴങ്ങളായി; കാററുതട്ടി "പിട്ടപിട്ട"മെന്നു ഉതിർന്നു വീഴുമ്പോൾ കുട്ടികളെല്ലാവരുംകൂടി എനിക്കെനിക്കെന്നു കലശൽകൂട്ടി കരിയിലകളിൽക്കൂടി പാഞ്ഞുചെന്നു് പെറുക്കിക്കൂട്ടും. താദൃശങ്ങളായ ബാല്യകാലലീലാവിലാസങ്ങൾ ഞാൻ ഇപ്പോഴും അനുസ്മരിക്കുന്നു. ഓരോ ജാതി മാങ്ങകളുടെയും പ്രത്യേകമായ സ്വാദും മാതിരികളും തരംതിരിച്ചു മനസ്സിലാക്കാൻ ഞങ്ങൾ അതാതു മാവുകളെ "ശക്കരക്കൊടയൻ", "പുളിയൻ", "ചകിരിയൻ", "ഉണ്ണ്യേൻ" എന്നൊക്കെ വെവ്വേറെ പേരുകൾ വിളിച്ചിരുന്നു. മലയാളിത്തം തികഞ്ഞ ഒരു മരമാണു് മാവു്. മാങ്ങയെ നാടൻമലയാളി ഏതെല്ലാം തരത്തിലാണു്

ചമൽക്കാരപ്പെടുത്തി ഉൾക്കൊള്ളുന്നതു്. കണ്ണിമാങ്ങാ പ്രായത്തിൽ കുലയോടെ അറുത്തു് ഉപ്പിലിട്ടുവെയ്ക്കും. പുളിമാങ്ങകൊണ്ടു് "മാങ്ങാപ്പുളി" വച്ചു കൂട്ടും. പഴം മാങ്ങകൊണ്ടു മധുരക്കറി ഉണ്ടാക്കും. തേൻതുല്യമായ മാങ്ങാച്ചാറു പിഴിഞ്ഞു് പായിൽ പരത്തി വെയിലത്തു ണക്കി നിർമ്മിക്കുന്ന "മാങ്ങാത്തെര" ച്ചുരുളുകൾ മാങ്ങ യൊന്നും കിട്ടാത്തകാലത്തു് അപൂർവ്വമായി പുറത്തെടുത്തു് മാങ്ങാക്കുട്ടാൻെറ രസം ഒന്നാസ്വദിക്കും. അമൃത സമാനമായ മാമ്പഴത്താൽ മലയാളത്തെ മനോഹരമാ ക്കുന്ന പ്രകൃതിദേവിയെ ഞാൻ സാഷ്ടാംഗം നമസ്കരി ക്കുന്നു.

"തീൻപണ്ടി" ത്തത്തെ കൊണ്ടാടുകയല്ല ഞാൻ ഇവിടെ ചെയ്യുന്നതു്. കണ്ണുനിറയാതെ, കിട്ടിയതൊക്കെ അകത്തു ചെലുത്തുന്ന തീൻകൊതിയന്മാർ സന്തുഷ്ടന്മാരല്ല. അവർക്കു സൗന്ദര്യബോധവുമില്ല. മുകളിൽ വിവരിച്ച നമ്മുടെ ദേശീയ വിനോദങ്ങളെ സൗന്ദര്യബോധത്തോടെ, രസികത്വത്തോടെ, അനുമോദിക്കാനുണ്ടെന്നാണു് ഞാൻ വാദിക്കുന്നതു്.

ഒരു പ്രത്യേകകാര്യത്തിൽ എനിക്കു ദുഃഖം തോന്നുന്നു. നാനാതരത്തിൽ ഉപകരിക്കുന്ന തനി മലയാളിത്തേന്മാവു കൾ നമ്മുടെ തൊടികളിലും വളപ്പുകളിലും ഇപ്പോൾ കുറഞ്ഞു കുറഞ്ഞു വരുന്നു എന്നതാണു് എൻെറ വ്യസനം. ഇന്നു് ആരും അത്തരം ഉത്തമവൃക്ഷങ്ങളെ വച്ചുണ്ടാക്കു ന്നില്ല; എന്നു മാത്രമല്ല, മുമ്പുള്ളവർ വളത്തിപ്പോന്ന— തൊക്കെ വെട്ടിത്തള്ളി കത്തിച്ചു കരിയാക്കി മറുനാടുകളി ലേയ്ക്കു് അയയ്ക്കുകയും ചെയ്യുന്നു. പകരം മറുനാടുകളിൽ നിന്നു് ഇങ്ങുകൊണ്ടുവന്നു വച്ചുപിടിപ്പിച്ച വർണ്ണസങ്കര മാർന്ന 'ഒട്ടു'മാവുകളാണു് ഇപ്പോൾ നമ്മുടെ തോട്ടങ്ങളിൽ സ്ഥലം പിടിച്ചു് കൃത്രിമമായ അഴകു ചമഞ്ഞു നിൽക്കു ന്നതു്. ഞാൻ ഈവക ചെടികളെ തീരെ നിസ്സാരമാക്കു കയല്ല. എന്നാൽ വിജാതിക്കലർപ്പാർന്നും ആഹാര്യശോഭ വഹിച്ചും ഇരിക്കുന്ന ഈ പരദേശിവൃക്ഷങ്ങളിലുള്ള ഭ്രമ ത്താൽ അവയെ നമ്മുടെ ഗൃഹോപാന്തങ്ങളിൽ വളർത്തു വാനുള്ള ഔത്സുക്യം ഏറിപ്പോകുന്നു എന്നു പറയേണ്ടി

യിരിക്കുന്നു. എന്തെന്നാൽ ഏററിയൊരുകാലമായി മലയാളത്തിൻെറ അഭിമാനമായി വളർന്നുനിന്നിരുന്ന ആ ഉൽക്കൃഷ്ടമാകന്ദങ്ങളെ — അടി പരന്നും മുടി കളിർത്തും മാനത്തോളം പൊങ്ങി മലയാളിത്തം മുററിനിന്നിരുന്ന തേന്മാവുകളെ—ആ ഉന്നതവിശാല വൃക്ഷനികരങ്ങളെ— മലയാളിയുടെ ജീവിതത്തോട്ട ജനനം മുതൽ മരണംവരെ നാനാപ്രകാരത്തിലിണങ്ങി വാണ മാവുകളെ — വിനഷ്ടങ്ങളാക്കി, ഒരു പഴങ്കഥ മാത്രമാക്കിത്തീർക്കുവാനാണ് ഈ ഒട്ടുചെടിപ്രസ്ഥാനം വഴിവയ്ക്കുന്നതു്.

മലയാളികളേ, മടങ്ങുവിൻ! മടങ്ങുവിൻ; നമ്മുടെ രമണീയങ്ങളായ നാട്ടിൻപുറങ്ങളിലെ ഗ്രാമീണോത്സവങ്ങളും വിനോദങ്ങളും ഗ്രാമ്യങ്ങളായി തള്ളിക്കളയാതെ, അതതുകളിൽ യഥാകാലം മതിയാവോളം മോദിച്ച്, മലയാളിയുടെ മേന്മയായിരുന്ന ദേഹദാർഢ്യവും കരളുറപ്പും ഹൃദയവിശാലതയും വീണ്ടുകൊള്ളുവിൻ!

അഭ്യാസം.

1. സങ്കീർണ്ണകവാക്യം അപോദ്ധരിക്കുന്നതെങ്ങനെ? അംഗവാക്യത്തോടുകൂടിയ അംഗിവാക്യമാണ് സങ്കീർണ്ണകമെന്നു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. അംഗവാക്യത്തിനുമുണ്ടായിരിക്കും, ആഖ്യയും ആഖ്യാതവും മററും. "മലയാളിത്തം മുററിനിന്നിരുന്ന തേന്മാവുകൾ നശിച്ചുകഴിഞ്ഞിരിക്കുന്നു."—ഈ വാക്യം അപോദ്ധരിക്കുക. അപോദ്ധാരം താഴെ ചേർക്കുന്നു.

(i) അംഗവാക്യം:—

മലയാളിത്തം—കർത്താവ്.

മുററിനിന്നിരുന്ന—ക്രിയ.—(ഇതു് പററുവിനയാണ്)

(ii) അംഗിവാക്യം:—

തേന്മാവുകൾ—കർത്താവ്

നശിച്ചുകഴിഞ്ഞിരിക്കുന്നു— ക്രിയ (ഇതു് മുററുവിനയാണ്)

ഇതുപോലെ 'യുദ്ധം ഉണ്ടായാൽ എല്ലാ രാജ്യങ്ങളും നശിക്കും'—എന്ന വാക്യം അപോദ്ധരിക്കുക.

2. മലയാളികളേ, മടങ്ങുവിൻ; മലയാളികളുടെ മേന്മ; നമ്മുടെ ജീവിതത്തോട്—അടിയിൽ വരയിട്ടിരിക്കുന്ന പദങ്ങളുടെ വിഭക്തി എഴുതുക.

3. യഥേഷ്ടം, സമഞ്ജസമായി, അനുസ്മരിക്കുന്നു, രമണീയങ്ങളായ — ഇവ സ്വവാക്യത്തിലുപയോഗിക്കുക.

4. മലയാളത്തിലെ മാമ്പഴക്കാലത്തിന്റെ പ്രത്യേകതകൾ ചുരുക്കി എഴുതുക.

5. ഇന്നത്തെ മലയാളികൾക്ക് മാമ്പഴക്കാലത്തിൽ ഉത്സാഹം കുറയാൻ കാരണമെന്ത്?

പാഠം 17

പുരോഗതി

മുന്നോട്ടു പോക നാം മുന്നോട്ടു പോക നാം
മുന്നോട്ടു പോക നാം ലോകമേ! നിർഭയം.

കുന്നോ കുഴികളോ മാർഗ്ഗങ്ങളിൽക്കണ്ടു
പിന്നോക്കമേതും തിരിക്കേണ്ട നാം പാദം.

ഭൂതകാലത്തിൽക്കടന്നു നാം വിസ്മൃതി-
പ്രാതലാക്കിത്തീർത്ത വിഘ്നങ്ങളാണവ.

അല്ലെങ്കിൽ വിഘ്നങ്ങൾ വിശ്വവിജയികൾ-
ക്കല്ലാസമേകുന്ന മാററുരക്കല്ലുകൾ.

നേർവഴി വിഘ്നാചലത്തിലും കാൺമൂ നാം
പൂർവ്വികർപോയ ചവിട്ടടിപ്പാടുകൾ.

പാഴ്ചളിയിങ്കൽക്കിടന്നു പിടഞ്ഞങ്ങു
താഴ്ചപററീടിലും താമരത്തണ്ടുകൾ

നീണ്ടുനിവർന്നങ്ങു മേലോട്ടുപോയടി-
ക്കൊണ്ടു കിടപ്പവർക്കും മാർഗ്ഗദർശികൾ

മെച്ചമുയർന്നു ജലോപരി വിശ്രമ-
പ്പച്ചപ്പടം വിരിക്കുന്നു സൂര്യോന്മുഖം.

തൻകൃതകൃത്യതാതൃപ്തി കാണിക്കുന്നു
സങ്കോചമററതാം വക്ത്രപത്മങ്ങളാൽ.

മുന്നോട്ടു പോക നാം മുന്നോട്ടു പോക നാം
മുന്നോട്ടു പോക നാം ലോകമേ നിർഭയം.

രത്നചഷകം] [കുട്ടമത്തു കുന്നിയൂരു കുഞ്ഞികൃഷ്ണക്കുറുപ്പ്.

അഭ്യാസം.

1. പടം = വസ്ത്രം. വക്ത്രപത്മങ്ങൾ = മുഖങ്ങളാകുന്ന താമരപ്പൂക്കൾ. ജലോപരി = വെള്ളത്തിന്റെ മുകളിൽ.
2. കവിയുടെ ദൃഷ്ടിയിൽ താമരയുടെ ജീവിതം നമുക്കു നൽകുന്ന ഉപദേശമെന്തു്?
3. "കാൺമൂ നാം, പൂർവ്വികർപോയ ചവിട്ടടിപ്പാടുകൾ"— അപോദ്ധരിക്കുക.
4. താമര, വെള്ളം, പത്രം, മുഖം— ഇവയ്ക്കു് ഓരോ പര്യായമെഴുതുക.
5. താമരത്തണ്ടുകൾ, മാർഗ്ഗങ്ങൾ, നാം, ചളി—ഇവ ഏതേതു നാമവിഭാഗത്തിൽപ്പെടുന്നു?
6. കണ്ടു, കടന്നു, കിടന്നു, ഉയന്നു—ഇവയിലെ സകർമ്മക ക്രിയകളും അകർമ്മക ക്രിയകളും ചൂണ്ടിക്കാണിക്കുക.

പാഠം 18

വാഴവെട്ട്

"കുംഭത്തിൽ നട്ടാൽ കുടത്തോളം; മീനത്തിലായാൽ മീൻകണ്ണിനോളം". ചേന ഏതുകാലത്തു നടണമെന്ന കാര്യത്തിൽ മക്കോസുചേട്ടനു് വളരെ നിശ്ചയമുണ്ട്. അയാൾ ഒരു നല്ല കൃഷിക്കാരനാണു്. കുംഭത്തിലെ വെളുത്തവാവിൻനാൾ നടുന്നതാണു് ഏററവും നല്ലതു്.

കുംഭത്തിലെ കാൽപൊള്ളുന്ന വെയിലത്തുനിന്നു് അയാൾ നിലമൊരുക്കുകയാണു്. ശരീരത്തിലൂടെ വിയർപ്പുചോലകൾ അങ്ങനെ ഒഴുകുന്നു.

താടിയും മീശയുമൊക്കെ വളർന്നുനിൽക്കുന്ന ആ മുഖത്തുനിന്നു് പ്രസന്നത എത്രയോ മുമ്പുതന്നെ പറന്നകന്നിരിക്കുന്നു. ഒരു കർഷകൻെറ മുഖത്തു പ്രസന്നത അന്വേഷിക്കാൻ കേരളത്തിനു നേരമില്ല.

" പെണ്ണേ, റാഹേലേ!" തുമ്പാക്കൈയുടെ ഉപരിതലത്തിൽ കൈപ്പത്തി ചേർത്തു് അവശനായി നിന്നുകൊണ്ടു് ആ പിതാവു പുത്രിയെ വിളിച്ചു. ദാഹംകൊണ്ടു് അയാൾ വിഷമിക്കുന്നു.

"എന്തുവാ, അപ്പച്ചാ"—അവൾ അന്വേഷിച്ചു.

" ഒന്നു കുടിക്കാൻ."

ഒരു അയിരുച്ചട്ടി നിറച്ചു് കഞ്ഞിവെള്ളവുമായി റാഹേൽ പിതാവിൻെറ അടുത്തു വന്നു. കിട്ടിയപാടേ ആ പരവശൻ അതു കുടിച്ചു തീർത്തു. മക്കോസുചേട്ടൻ വീണ്ടും കിളയ്ക്കാൻ തുടങ്ങി. ദാരിദ്ര്യത്തിൻെറ മാറിലേയ്ക്കു വീഴുന്ന വെട്ടുപോലെ, തൂമ്പ അയാളുടെ കൈയിൽനിന്നു മുമ്പോട്ടു കുതിച്ചുകൊണ്ടിരുന്നു.

അയൽക്കാരിൽ ഒരാൾ വന്നു മക്കോസുചേട്ടനോടു പറഞ്ഞു:— " മക്കോസുചേട്ടനറിഞ്ഞോ, പുരയിടത്തിൽ

നല്ലപോലെ കൃഷിചെയ്യുന്നോർക്കു് സക്കാരീന്നു സമ്മാനം കൊടുക്കുമെന്നു്."

" അതു കൃഷിചെയ്തു കഴിഞ്ഞതല്ലേ? ചെയ്യുന്നേനുമുമ്പു് വല്ലതും കൊടുത്തിരുന്നെങ്കിൽ !!" അയാൾ ആശിച്ചു.

രണ്ടുമൂന്നു പരിഷ്കാരികൾ ആ കൃഷിക്കാരന്റെ അടുക്കൽ ചെന്നു.

" നിങ്ങളുടെ പേരെന്തു്?" അവർ അയാളോടു ചോദിച്ചു.

"മക്കോസ്—എന്താ വിശേഷം ?" വിവരമറിയാൻ വൃദ്ധനു തിടുക്കമായി. അയാൾ അവരെ ഗൃഹത്തിലേയ്ക്കു നയിച്ചു. ആ കർഷക ഗൃഹം പരിഷ്കാരികളായ ചെറുപ്പക്കാരെ സ്വീകരിക്കത്തക്കവിധം ശക്തിയുള്ളതായിരുന്നില്ല. അവർക്കു നൽകാൻ ഒരു കസേരപോലും അവിടെയില്ല. തിണ്ണയിൽ ചിതറിക്കിടക്കുന്ന ചപ്പും കുപ്പയും കൈച്ചുറുക്കോടെ റാഹേൽ തൂത്തുവാരി. അവൾ അതിഥികൾക്കിരിക്കാൻ ഒരു പായ് നിവർത്തു.

" വേണ്ട, ഞങ്ങൾക്കിരിക്കണമെന്നില്ല; ഇവിടെ വാഴ എത്രയുണ്ടു്?" അവരിൽ ഒരാൾ ചോദിച്ചു.

ആ ചോദ്യത്തിനു മുമ്പിൽ ഇടിവെട്ടേൽക്കുന്നതു പോലെ വൃദ്ധൻ ഞെട്ടിപ്പോയി.

വാഴ വെട്ടാൻ ആളുകൾ ഇറങ്ങിയിട്ടുള്ള കഥ അയാൾ നേരത്തേ കേട്ടതാണു്. അവരാണു് തന്നെ സമീപിച്ചിരിക്കുന്നതു് എന്നറിഞ്ഞപ്പോൾ ആ പാവപ്പെട്ട കർഷകന്റെ ഉള്ളിൽ തീപിടിച്ചു.

അയാൾക്കു് കഷ്ടിച്ചു് ഒരേക്കർ സ്ഥലമുണ്ടു്. അത്യധ്വാനംകൊണ്ടു് ചുവടു പിടിപ്പിച്ച കുറെ വാഴയാണു് ആ പുരയിടത്തിന്റെ പച്ച. ആ കുടിലിലെ ജീവിതച്ചൂടു് വീശിത്തണുപ്പിച്ചുകൊണ്ടിരുന്ന മരതകക്കാററാടികളായിരുന്നു അവ. ഇലയും നാരും വിററു് അയാളുടെ കുട്ടികൾ എങ്ങനെയായാലും ആഴ്ചയിൽ ഒരു രൂപയെങ്കിലും ആദായമുണ്ടാക്കും. വെള്ളിയാഴ്ച ചന്തയിൽ കൊണ്ടുപോകുന്നതിനു്

ഒരു കലായെങ്കിലും കർഷകനു കിട്ടുകയും ചെയ്യും. അവ വെട്ടുകയെന്നു വരുന്നതു് അയാൾക്കു് ഓർക്കാൻകൂടിവയ്യാ.

"പറയൂ, എത്ര വാഴയുണ്ടു് ?" അവർ വീണ്ടും ചോദിച്ചു. "എനിക്കറിഞ്ഞുകൂടാ; ഞാൻ എണ്ണി നോക്കീട്ടില്ല. ഇത്രേം വാഴയുണ്ടു്." വാഴക്കൂട്ടത്തിൻെറ നേർക്കു കൈയോടിച്ചുകൊണ്ടു് വൃദ്ധൻ തുടർന്നു. "ഇതാണു് എൻെറ അന്നന്നേപ്പം."

"വാഴവെട്ടാൻ ഉത്തരവായ കാര്യം തനിക്കറിഞ്ഞുകൂടേ? ഈ വാഴയെല്ലാം വേഗം വെട്ടിക്കൊള്ളണം."

"അയ്യോ! രോഗമുള്ള വാഴയല്ലേ വെട്ടേണ്ടതു് ?" ഗദ്ഗദകണ്ഠനായ ആ കർഷകൻ ചോദിച്ചു.

"ഇതിനു രോഗമില്ലെന്നു തനിക്കെങ്ങനെ അറിയാം? താനാണോ ഇതൊക്കെ നിശ്ചയിക്കുന്നതു്?"

ഈ ചോദ്യംകേട്ടു് ആ വാഴത്തൈകൾ നടുങ്ങിപ്പോയി. "ഇതിനു രോഗമൊന്നുമില്ലെന്നുള്ളതു് എനിക്കറിയാം. ഞാൻ കൃഷിക്കാരനല്ലേ? രോഗമുള്ളതു് ഞങ്ങൾക്കു തിരിച്ചറിയാം."

"എടോ, തൻെറ വകുപ്പും ചട്ടവുമൊന്നും എടുക്കണ്ട. ഇതൊക്കെ രോഗബാധിതസ്ഥലങ്ങളാണു്. ഒരാഴ്ചയ്ക്കകം ഈ വാഴയെല്ലാം വെട്ടിക്കൊള്ളണം. അല്ലെങ്കിൽ ഞങ്ങൾ വെട്ടിക്കും. ഞങ്ങൾ വെട്ടിയാൽ ആ നഷ്ടംകൂടി താൻ കൊടുക്കേണ്ടതായി വരും, കേട്ടോ."

അയാൾ ചോദിച്ചു:—"അങ്ങനെയാണെങ്കിൽ ഈ തെങ്ങിനുമൊണ്ടല്ലോ രോഗം. തെങ്ങായ തെങ്ങെല്ലാം കാററുവീണിരിക്കുന്നു. ദേ, എൻെറ ഈ പ്ലാവേലെ ഒരു ചക്ക ആദ്യകാലത്തു് ഒരാൾ എടുക്കത്തില്ലായിരുന്നു. ഇപ്പോ ഒരാഞ്ഞിലിച്ചക്കയോളമേ ഒള്ളൂ. രോഗംവന്നാ എല്ലാം വെട്ടിക്കളഞ്ഞാമതിയോ? അങ്ങനാണേൽ ഈ ആശുപത്രീം ഒന്നും വേണ്ടല്ലോ. എല്ലാ രോഗികളേം കൊന്നാപ്പിന്നെ ആശുപത്രി വേണോ?"

ആ വാഴയുദ്യോഗസ്ഥന്മാർക്കു ദേഷ്യം വന്നു. അവരുടെ പ്രമാണി പറഞ്ഞു:

“എടോ! മതി, നിറുത്തു് തന്റെ പ്രസംഗം. വരുന്ന തിങ്കളാഴ്ചയ്ക്കകം ഈ വാഴയെല്ലാം വെട്ടി കുഴികുഴിച്ചു് അതിൽ ഇട്ടു മൂടിക്കൊള്ളണം.”

“അതിനാണു് ഞങ്ങളെ നിയമിച്ചിരിക്കുന്നതു്. ഒന്നും രണ്ടുമല്ല, രൂപ അതിനു ചെലവു്. ആയിരക്കണക്കിനാ. തനിക്കറിയാമോ?” മറ്റൊരാൾ അറിയിച്ചു.

“ഏതിനു്? ഈ വാഴവെട്ടാനോ?” ആ കൃഷിക്കാരൻ അത്ഭുതത്തോടുകൂടി ചോദിച്ചു.

“ങ് ഉം, എന്താ?”

“എന്നാ അതു ഞങ്ങൾക്കു വല്ല വളമോ വിത്തോ തരാൻ ചെലവാക്കിരുന്നെങ്കിൽ!” മർക്കോസുചേട്ടൻ ആത്മാർത്ഥതയോടുകൂടി പറഞ്ഞു. പക്ഷേ ആ ഉദ്യോഗസ്ഥന്മാർക്കു് അതു പിടിച്ചില്ല. അവർ അവിടെനിന്നു സഗൗരവം നടന്നു.

കർഷകൻ അവരെനോക്കി വളരെനേരം അങ്ങനെ നിന്നുപോയി. നിറഞ്ഞ കണ്ണുകളോടുകൂടി വിഷാദമഗ്നനായി നിന്ന പിതാവിനെ കണ്ടു് റാഹേൽ പറഞ്ഞു. “അപ്പച്ചാ, ഇങ്ങനെ നിന്നാലോ?”

അന്നു ശനിയാഴ്ചയാണു്. ആ അവധിദിവസം തികയാൻ ഇനി ഒരു ദിവസം കൂടിയേവേണ്ടൂ. മർക്കോസുചേട്ടൻ ആ വാഴച്ചുവട്ടിലേയ്ക്കു നടന്നു. തന്റെ ജീവിതത്തിന്റെ രക്തധമനികളായ ആ ചെടികളുടെ ഓരോ ചുവട്ടിലും ഹൃദയഭാരത്തോടുകൂടി അയാൾ നോക്കിനിന്നു. ആ ദുഃഖിതനോടുള്ള അനുകമ്പയാലോ എന്നു തോന്നുമാറു്, വാഴക്കൈകൾ മന്ദമായി വീശി അയാളെ ആശ്വസിപ്പിച്ചു. അയാൾ ആ ചെടികൾ എണ്ണിനോക്കി. കുലയ്ക്കാറായതും കടംവന്നതുമായ അറുപതോളം ചെടികൾ. ഇവ ഓരോന്നുമാണല്ലോ താൻ വെട്ടേണ്ടതു് എന്നു വിചാരിച്ചു് അയാളുടെ ഹൃദയം ഉരുകി. അയാൾ ചിന്തിച്ചു:— “എങ്കിൽ, എന്റെ

പൗലോസിനെയും ജോണിനെയും റാഹേലിനെയുമൊക്കെ അങ്ങു വെട്ടിക്കളയുകയല്ലേ ഭേദം ?"

പ്രിയപ്പെട്ട വരിക്കമാവിലേയ്ക്കും അയാൾ നോക്കി. അതും ഈ പ്രാവശ്യം അയാളെ ചതിച്ചിരിക്കുന്നു. അതു് ആ മാവിൻെറ മനഃപൂർവ്വവിരോധംകൊണ്ടല്ല. ഒന്നാംതരം വരിക്കമാങ്ങ നിറയെ കായ്ക്കാറുണ്ടു്. ഈ പ്രാവശ്യം നിറയെപൂത്തു. ഇല കാണാൻ പാടില്ലാതെ മുററിയ പൂക്കൾ കണ്ടു് അയാൾ ആഹ്ലാദിച്ചു. പക്ഷേ നിലാവു് ആ മാവിനെ ചതിച്ചു. ആദ്യം ഇരുട്ടുള്ള പക്ഷത്തിലാണു് മാവു പൂത്തതു്. പാതിരാ കഴിയുമ്പോൾ നിലാവു തെളിയും. നേരം വെളുത്തുവെന്നു വിചാരിച്ചു മാമ്പൂ കണ്ണുതുറക്കും; അധരം വിടർത്തും. പക്ഷേ ചതിയൻെറ മുമ്പിലാണു് തങ്ങൾ ചിരിക്കുന്നതെന്നു് അവർ അറിഞ്ഞില്ല. അധരം വിടർത്തി എഴുന്നേററ ഓരോ മാവിൻപൂവും ചന്ദ്രൻെറ വഞ്ചനയിൽപ്പെട്ടു് ഉരുകി താഴെ വീണു. സൂര്യൻ വന്നു നോക്കുമ്പോൾ ആ മാവിലെ പൂവായ പൂവെല്ലാം മാവിൻ ചുവട്ടിൽ !!

ആ തിങ്കളാഴ്ച വളരെ നേരത്തേതന്നെ സൂര്യൻ ഉദിച്ചു. സാധാരണയായി മക്കോസുചേട്ടൻ വാഴയ്ക്കു വെള്ളം കോരിക്കഴിഞ്ഞേ സൂര്യൻ വരാറുള്ളു.

അയാളുടെ കിടക്കപ്പായിൽ അന്നു വെയിലു കയറി. ആ പരവശൻ ഉണർന്നു. ഇടത്തുവശത്തുള്ള പുളിയിലിരുന്നു് ഉപ്പൻ ചിലച്ചു. കണ്ണുകൾ തിരുമ്മിക്കൊണ്ടു് ആ കർഷകൻ മുററത്തിറങ്ങി. അയാളുടെ അനുജൻ വർഗ്ഗീസ് ദൂരെനിന്നു നടന്നുവരുന്നു. ഒരു മൈൽ അകലെനിന്നു് ആ സഹോദരൻ ഇത്ര രാവിലേ തിടുക്കത്തിൽ നടന്നുവരുന്നതെന്തിനെന്നറിയാൻ മക്കോസുചേട്ടൻ വെമ്പൽകൊണ്ടു.

"ചേട്ടാ, താസിൽദാരെജമാനുമൊക്കെ ഇന്നു് ഇങ്ങോട്ടാ. വേഗം വാഴയൊക്കെ വെട്ടിക്കോ." വന്നപാടേ വർഗ്ഗീസ് ചേട്ടനു മുന്നറിവു കൊടുത്തു. അയാളുടെ വാഴയും അന്നുതന്നെ വെട്ടിത്തീക്കണമായിരുന്നു.

"നേരമില്ല. ഞാൻ പോണു." വർഗ്ഗീസ് നടന്നു.

"ചിററപ്പാ, തൊള്ളിക്കാപ്പികുടിച്ചിട്ട്''—റാഹേൽ അപേക്ഷിച്ചു. പക്ഷേ ആ ചിററപ്പനു നേരമില്ലായിരുന്നു.

ആററംബൊംബിൻെറ യുഗത്തിൽ ജീവിക്കുന്ന ആ കർഷകൻ മൂർച്ചയുള്ള തൻെറ വെട്ടരിവാളുമായി പുര യിടത്തിലേയ്ക്കിറങ്ങി.

അയാളുടെ കാലടികൾ ഇടറുന്നുണ്ടായിരുന്നു. കൈ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ണും ഉണങ്ങിക്കഴിഞ്ഞു. ഹൃദയ ത്തിൽനിന്നു് ആരോ നടത്തുന്ന വാഴവെട്ടിൻെറ മാറെറാ ലികളും.

ഒരു പൂവൻവാഴയുടെ ചുവട്ടിൽ അയാൾ നിന്നു. ഒററ വെട്ടുകൊണ്ടു് അതു രണ്ടു തുണ്ടമാക്കിയിരുന്നു വെങ്കിൽ! അതിനാണു് അയാൾ ചെന്നിരിക്കുന്നതു്. പക്ഷേ അയാളുടെ കൈ ഉയരുന്നില്ല. ഉണങ്ങിയ ഒരു വാഴപ്പോള നീക്കിക്കളഞ്ഞശേഷം വളരെനേരം അയാൾ അവിടെ നിന്നുപോയി. വാഴയുടെ ശിരസ്സിലിരുന്നു് ഇളം കാററു് പൊട്ടിയ ഇലത്തണ്ടുകൾവഴി ഏതോ പറയു ന്നുണ്ടു്. കവിൾത്തടം വാഴപ്പിണ്ടിയിൽ അമത്തിനിന്നു് ആ കർഷകൻ കരഞ്ഞു. ഇന്നുവരെ ആ വാഴച്ചുവട്ടിൽ അയാൾ ഒഴിച്ചിട്ടുള്ളതു് വെള്ളവും വിയർപ്പുതുള്ളികളും മാത്രമാണു്. അന്ത്യദിനത്തിൽ അയാൾ ഇതാ തൻെറ വിലയേറിയ കണ്ണുനീർത്തുള്ളികളും അതിനു നൽകുന്നു. ശിരസ്സിനു മുകളിൽ പടർന്നു നിരന്നുനിന്ന വാഴക്കൈ കളിൽ അയാൾ കൈയോടിച്ചു. പതിന്നാലുതണ്ടെങ്കിലു മില്ലാത്ത വാഴ ആ പുരയിടത്തിലില്ല. ആ തണ്ടുകൾ അയാളുടെ വിരലുകളിൽ വെണ്മപുരട്ടി.

"ഇങ്ങനെ നിന്നാലോ''—അയാൾ ചിന്തിച്ചു. ഒരു വിധത്തിൽ വെട്ടരിവാൾ അയാൾ ഉയർത്തി. ഒററവെട്ടു് !! വാഴപ്പിണ്ടി ക്ഷണത്തിൽ പിന്നിട്ടശേഷം അരിവാൾത്തല ആ കർഷകൻെറ ഇടത്തേ കാൽമുട്ടിലേയ്ക്കു കുതിച്ചു.

കട്ടൻകാപ്പി കുടിക്കാൻ റാഹേൽ പിതാവിനെ അന്വേഷിച്ചു. അതു് ആറിത്തണുത്തു. ആറിത്തണുത്തു തന്നെ മറെറാരിടത്തു് അവളുടെ പിതാവും കിടക്കുന്നുണ്ടു്. മാറത്തലച്ചുകൊണ്ടു് അവൾ വാഴച്ചുവട്ടിലേയ്ക്കോടി.

അന്നു് ഉച്ചതിരിഞ്ഞപ്പോൾ വാഴവെട്ടുകാർ ആ പുരയിടത്തിൽ കയറി. രോഗബാധിത സ്ഥലത്തു് ഒററ വാഴപോലും ശേഷിക്കരുതെന്നു് അവർക്കു നിർബ്ബന്ധമുണ്ടായിരുന്നു. വലിയ കുഴിയുണ്ടാക്കി അവയത്രയും അവർ കുഴിച്ചുമൂടി. മർക്കോസുചേട്ടൻ ആശുപത്രിയിലായിരുന്നു. ആ പിതാവിനു കുടിക്കാൻ ഒരു കരിക്കിനുവേണ്ടി റാഹേൽ വീട്ടിൽ എത്തിയിരിക്കുന്നു. വാഴ വെട്ടുകയാൽ മരുഭൂമിയായിത്തീർന്ന പുരയിടം കണ്ടു് അവൾ മാറിൽ തല്ലി. കൃത്യനിർവഹണത്തിനുശേഷം ആ ഉദ്യോഗസ്ഥന്മാർ യാത്ര തിരിച്ചു.

“എന്റെ അപ്പച്ചനും രോഗമുണ്ടു്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക.” ഒരു സിംഹിയെപ്പോലെ റാഹേൽ ഗർജ്ജിച്ചു. അവളുടെ കൈയിൽ ഒരു കരിക്കും ഉണ്ടു്.

“പോ പെണ്ണേ, മരങ്കേറീ!”

അഭ്യാസം.

1. “ഈ വാഴയെല്ലാം വെട്ടിക്കൊള്ളണം,” “പറയൂ, ഏതു വാഴയുണ്ടു്?”—ഈ വാക്യങ്ങളിലെ കർത്തൃപദം എഴുതുക.
2. “നിങ്ങളുടെ പേരെന്തു്?”—ഈ വാക്യത്തിലെ ‘എന്തു്’ എന്ന പദം ചോദ്യത്തെ കുറിക്കുന്നു. അതുകൊണ്ടു് അതൊരു ചോദ്യസർവ്വനാമമാണു്. ഇതുപോലെതന്നെ ചോദ്യസർവ്വനാമമാണു് ‘ഏതു മനുഷ്യൻ?’ എന്നതിലെ ‘ഏതു്’ എന്ന പദവും.
3. ഞാൻ, നീ, അവൻ—ഇവ ഏതേതു പുരുഷവിഭാഗത്തിൽപ്പെടുന്നു?
4. പെണ്ണേ, റാഹേലേ, മരങ്കേറീ — ഇവയുടെ വിഭക്തി എന്തു്?
5. മർക്കോസ്‌ചേട്ടന്റെ സ്വഭാവം വിവരിക്കുക.
6. ഈ കഥയിലെ സാരോപദേശമെന്തു്?

പാഠം 19

അരിപ്രാവ്

നമ്മുടെ നാട്ടിൽ ധാരാളമുള്ള പ്രാവുകൾ രണ്ടുതരമാണ്; അമ്പലപ്രാവും അരിപ്രാവും. അവയിൽ അമ്പലപ്രാവ് ഒരു വളർത്തുപക്ഷിയാണ്. അരിപ്രാവിനെ പാടത്തും കുററിക്കാട്ടുകളിലും വളപ്പുകളിലും വൻകാട്ടുകളിലും കാണാം. വൻകാട്ടുകളിൽ വളരെ ചുരുക്കമായിട്ടു കാണുകയുള്ളു. മനുഷ്യനെ അത്ര അടുത്തു പരിചയപ്പെടുവാൻ ഇഷ്ടമില്ലെങ്കിലും മനുഷ്യൻെറ വസതികൾക്കു ചുററും പാർക്കാനാണ് അരിപ്രാവിനു താല്പര്യം. അമ്പലപ്രാവിനെക്കാൾ അല്പം ചെറിയതും മെലിഞ്ഞതുമാണ് അരിപ്രാവ്. വാലിനുനല്ല നീളമുണ്ട്. ശരീരത്തിൽ ശോഭയുള്ള വർണ്ണങ്ങളൊന്നുമില്ല. എങ്കിലും എന്തെന്നില്ലാത്ത ഒരഴക് ഈ പക്ഷിക്കു പ്രത്യേകമാണുതാനും. തലയും മുഖവും കഴുത്തും വളരെ മങ്ങിയ വെള്ളയാണ്. കഴുത്തിൻെറ കീഴ്പകുതിയും മാറിടവും ദേഹത്തിൻെറ ഇരുഭാഗങ്ങളും അല്പം ഒരു ചുവപ്പുഛായയുള്ള വളരെ നേർത്ത തവിട്ടുനിറമാണ്. വാൽ കറുപ്പുകലർന്ന കട്ടത്ത ചാരനിറം. ഈ പ്രാവിൻെറ ഒരു പ്രത്യേകത അതിൻെറ മുതുകും കഴുത്തും ചേരുന്ന സ്ഥലത്തുള്ള ഒരടയാളമാണ്. അനവധി വെള്ളപ്പുള്ളികളുള്ള ഈ അടയാളം ഏകദേശം ചതുരംഗം കളിക്കുവാൻ കടലാസുകൊണ്ടുണ്ടാക്കിയ ചതുരംഗപ്പലകകളെപ്പോലെ തോന്നും. മുതുകും ചിറകുകളും തവിട്ടുനിറമാണ്. പക്ഷേ മങ്ങിയ വെള്ളപ്പുള്ളികൾ ഈ ഭാഗങ്ങളിലെല്ലാമുണ്ട്. ഈ പക്ഷിയുടെ വാൽ നല്ല വൃത്താകൃതിയുള്ളതല്ല. അല്പം കൂർത്തു് ത്രികോണം പോലെയാണ്. വാലിൻെറ ഇരുഭാഗത്തുമുള്ള തൂവലുകളുടെ വെള്ളനിറത്തിലുള്ള അഗ്രങ്ങൾ വാലു വിടർത്തിയാൽ മാത്രമേ കാണുകയുള്ളു. കണ്ണ് പവിഴംപോലെ ചുവന്നതും കാലുകൾ റോസ് നിറമുള്ളതുമാണ്. ശ്രീകൃഷ്ണൻെറ പാദങ്ങളെ പണ്ടത്തെ കവികൾ വിവരിച്ചിട്ടുള്ളതെല്ലാം ഓർമ്മവരും, ഈ പ്രാവിൻെറ കാലുകൾ കാണുമ്പോൾ.

കഴുത്തിലും മുതുകത്തും ചിറകുകളിലും അനവധി വെള്ളപ്പുള്ളികളുണ്ടെന്ന് പറഞ്ഞുവല്ലോ. ഈ പുള്ളികൾ അരി വിതറിയമാതിരി തോന്നിക്കുന്നതുകൊണ്ടാവാം ഈ പക്ഷിക്കു അരിപ്രാവ് എന്നപേർ കൊടുത്തിട്ടുള്ളത്.

ഏതുകാലത്തും കാട്ടോരങ്ങളിലും പാടങ്ങളുടെ വരമ്പുകളിലും കുററിക്കാടുകളിലും ഈരണ്ടായോ ചെറുകൂട്ടങ്ങളായോ ഈ പ്രാവുകൾ മേയുന്നതു കാണാം. അമ്പലപ്രാവിനെപ്പോലെ കൂട്ടംചേർന്ന് തുറന്ന പ്രദേശങ്ങളിൽ പറന്നുനടക്കുന്ന സ്വഭാവം അരിപ്രാവിനില്ല. താമസിക്കുന്ന കാടുകൾക്കടുത്തുള്ള പറമ്പുകളിലും വയലുകളിലും ചെന്നാൽ യഥേഷ്ടം ഭക്ഷണം കിട്ടുന്നതുകൊണ്ടായിരിക്കാം, അരിപ്രാവ് അമ്പലപ്രാവിനെപ്പോലെ അലഞ്ഞു നടക്കാത്തത്.

വരണ്ട പ്രദേശങ്ങളോട് വലിയ ഇഷ്ടമില്ല അരിപ്രാവിന്. അതുകൊണ്ട് വർഷം വേണ്ടുവോളമുള്ള കേരളത്തിൽ ഇതിനെ ധാരാളം കാണുന്നു. പോരെങ്കിൽ നമ്മുടെ രാജ്യത്തു കുളങ്ങളും കാടുകളും വലിയ വളപ്പുകളും വേണ്ടത്രയുണ്ടല്ലോ.

പ്രാവുകളൊന്നുംതന്നെ മാംസഭുക്കുകളല്ല. അവയ്ക്കു വിത്തുകളും പഴങ്ങളുമാണ് ആഹാരം. മററുചില പക്ഷികൾ പൂർണ്ണവളർച്ചയെത്തിയാൽ വെറും സസ്യങ്ങളെ ആശ്രയിച്ച് ജീവിക്കുന്നുവെങ്കിലും അവയുടെ കുഞ്ഞുങ്ങളെ പോററുന്നതു് കൃമികളെ തീററിയാണ്. നമുക്ക് നല്ല പരിചയമുള്ള ഏളയാണ് ഇതിനു നല്ല ഉദാഹരണം.

അരിപ്രാവ് നിലത്തു വീണുകിടക്കുന്ന നെന്മണികൾ പുല്ലുകളുടെ വിത്തുകൾ എന്നിവയാണു തിന്നുന്നതു്. കൃഷിക്കാർക്കു് യാതൊരു ഉപദ്രവവും ഇതു് ചെയ്യുന്നില്ല. കതിരായി നില്ക്കുന്ന നെന്മണികൾ ഈ പ്രാവ് കൊത്തിയെടുക്കുകയില്ല. വരമ്പുകളിലും വഴികളിലും വീണുകിടക്കുന്ന ഉപയോഗശൂന്യമായ വിത്തുകളാണ് ഇതിൻെറ ആഹാരം. അമ്പലപ്രാവ് വിതച്ചപാടത്തിരുന്ന് നെൽവിത്തുകൾ കൊത്തിത്തിന്നുന്നതു് സാധാരണ കാണാം. പക്ഷെ അരിപ്രാവിന് ഈ ദുഃസ്വഭാവംപോലുമില്ല.

അരിപ്രാവു നടക്കുന്നതു കാണാൻ വളരെ കൗതുകമാണു്. മററുപല പക്ഷികളെയുംപോലെ തത്തിനടക്കുകയോ തുള്ളിച്ചാട്ടുകയോ ചെയ്യാതെ വളരെ പതുക്കെ ഗൗരവത്തോടുകൂടി ഓരോ കാലുമെടുത്തുവെച്ചാണു് ഈ പ്രാവിൻെറ നടത്തം. കാലുകൾ കുറുകിയതായതിനാലും മാറിടം ഉരുണ്ടു തള്ളിനിൽക്കുന്നതിനാലും പക്ഷിയുടെ ദേഹം ഇരുവശത്തേയ്ക്കും ഭംഗിയായി ആടിക്കൊണ്ടിരിക്കും.



നടക്കുന്നതു പതുക്കെയാണെങ്കിലും പറക്കുന്നതു വളരെ വേഗത്തിലാണു്. കൂർത്തുനീണ്ട ചിറകുകൾ ബലമായി അടിച്ചുംകൊണ്ടു് ശരവേഗത്തിൽ പറക്കുവാൻ ഇതിന്നു കഴിയും. പക്ഷേ സാധാരണയായി അധികദൂരത്തേയ്ക്കൊന്നും പറക്കാറില്ല. ഏതുസമയത്തും മരങ്ങൾക്കരികിൽത്തന്നെ ജീവിക്കുന്നതുകൊണ്ടു്, ഏതെങ്കിലും കാരണം മൂലം ഭയപ്പെട്ടാൽ ഉടനെ അടുത്തുള്ള മരക്കൂട്ടത്തിലേയ്ക്കു് പറന്നുപോവുകയേ അരിപ്രാവു് ചെയ്യാറുള്ളു. വളഞ്ഞും പുളഞ്ഞും പറക്കുന്നസമയത്തു് ചിറകുകളെ നിർത്താതെ ഊക്കോടെ അടിക്കുമെങ്കിലും, നേരേ പറക്കുമ്പോൾ പലപ്പോഴും ചിറകടിക്കാതെ കാററിൻെറ സഹായംകൊണ്ടു മാത്രം ഒഴുകിപ്പോകുന്നതു കാണാം.

അരിപ്രാവുകൾ പലപ്പോഴും ചില സർക്കസ്സ്കളികൾ കാണിക്കും. പത്തോ പതിനഞ്ചോ അടി ഉയരമുള്ള ഒരു മരത്തിൻെറ അഗ്രത്തിൽനിന്നു് പെട്ടെന്നു പത്തുപന്ത്രണ്ടടി ഉയരത്തേയ്ക്കു പറക്കും. പെട്ടെന്നു ചിറകടി നിർത്തി, ചിറകുകൾ വിടർത്തിപ്പിടിച്ചു്, വട്ടമിട്ടു് മന്ദമന്ദം ഇറങ്ങും. മുകളിലേയ്ക്കുയരുമ്പോൾ വളരെ ഊക്കോടെ ചിറകുകൾ അടിക്കുന്നതിനാൽ കൈകൊട്ടുന്നതുപോലെ ഒരു ശബ്ദം കേൾക്കാം. താഴോട്ടിറങ്ങുമ്പോൾ യാതൊരു ശബ്ദവും ഉണ്ടാവുകയില്ലെന്നു മാത്രമല്ല, ആദ്യത്തെ ചിറകടികൊണ്ടു് തളർന്നതായി നടിച്ചു് നിർജ്ജീവമായ ഒരു വസ്തുവിനെപ്പോലെ കാററത്തൊഴുകിക്കൊണ്ടാണു് താഴുന്നതു്. ഈ കസർത്തുകാണിക്കുന്നതിനു് അല്പം മുമ്പും പിമ്പും പക്ഷി കുറെ നേരത്തേയ്ക്കു ശബ്ദിക്കുകയും ചെയ്യും.

സമാധാനത്തിൻെറയും പ്രേമത്തിൻെറയും ചിഹ്നമായി എല്ലാ രാഷ്ട്രങ്ങളും ഗണിക്കുന്ന പക്ഷിയാണു് പ്രാവു്. തൻെറ കുടുംബത്തിലെ മററുജാതിക്കാരെന്നപോലെ അരിപ്രാവിനും പ്രേമം തുളമ്പിക്കളിക്കുന്ന ഒരു കൊച്ചു ഹൃദയമുണ്ടു്. പൂവ്വൻമാർക്കു് ശൃംഗാരം വളരെ കാര്യമാണു്. വിവാഹത്തിനുമുമ്പു് ആൺപക്ഷി പിടയുടെ മുമ്പിൽചെന്നിറങ്ങി അവൾക്കുചുററും നൃത്തം വയ്ക്കുന്നു. തൻെറ പൌരുഷം കാണിക്കുവാനോ എന്തോ, പൂവ്വൻ മാറിടം വിടർത്തി വീർപ്പിച്ചു് മുന്നോട്ടു തള്ളിപ്പിടിക്കുന്നു.

കല്യാണത്തിനുശേഷം പുരപണി തുടങ്ങുകയായി. പ്രാവുകൾക്കു് ഇതു വളരെ എളുപ്പമാണു്; കാരണം അവയുടെ കൂടുകൾ വളരെ എളിയവയാണു്. പത്തോ പതു് ഉണക്കച്ചുള്ളികൾ ഒന്നിനുമീതെ ഒന്നായി തെക്കും വടക്കുമായി വച്ചാൽ കൂടായി. ഈ കൂടു കണ്ടാൽ വെറും മന്ത്രശക്തിയാലാണു് അതവിടെ തങ്ങിനിൽക്കുന്നതെന്നു് തോന്നും. കൂടിനു താഴെനിന്നു നോക്കിയാൽ കൂട്ടിൽക്കിടക്കുന്ന രണ്ടു വെള്ളമുട്ടകൾ വ്യക്തമായി കാണുകയും ചെയ്യാം. ഈ കൂടു ഒരുവല പോലെയാണു്. മുട്ടവിരിഞ്ഞു കുഞ്ഞുങ്ങളായാൽ അവ കൂട്ടിൽത്തന്നെ വിസർജ്ജിക്കുന്നതു

കൊണ്ടു് രണ്ടുമൂന്നു ദിവസത്തിനുള്ളിൽ കൂടിനു് ബലവും തടിപ്പും തനിയേ ഉണ്ടായിക്കൊള്ളും.

ഈ സാധുപ്പക്ഷിയെ ഈയിടെയായി നമ്മുടെ ചില ചെറുപട്ടണങ്ങളിൽ വിൽക്കവാൻ കൊണ്ടുനടക്കുന്നതു കാണുന്നുണ്ടു്. ഒരുതരം പശയുപയോഗിച്ചു് എളുപ്പം പിടിക്കാവുന്നതിനാൽ ഓരോ വ്യാപാരിയും അഞ്ചും ആറും ഇണകളെ കൊണ്ടുനടക്കുന്നു. യാതൊരു ചെലവുംകൂടാതെ പിടിക്കുന്നതുകൊണ്ടു് ഇതിനു വില അധികമില്ലതാനും. ഈ പ്രാവുവേട്ട ഈയിടെയായി വളരെ അധികമായിട്ടുണ്ടു്. ഇതിൻെറ ഭവിഷ്യത്തു് ആലോചിക്കുമ്പോൾ ഏതൊരുത്തനും വ്യസനം തോന്നും. ഒരു നിയന്ത്രണവുമില്ലാതെ ഇങ്ങനെ വേട്ട തുടങ്ങിയാൽ നമ്മുടെ രാജ്യത്തിനു തന്നെ അഴകുകൂട്ടുന്ന ഈ പക്ഷി അധികനാളുകൾക്കുള്ളിൽ നാമാവശേഷമായിത്തീരുവാൻ വഴിയുണ്ടു്. ഇതു് വെറുമൊരു ആശങ്കയല്ലെന്നു് അമേരിക്കയിൽ നടന്ന ഒരു സംഭവത്തിൽനിന്നു `മനസ്സിലാക്കാം.

വടക്കേ അമേരിക്കയിൽ 19-ാംനൂററാണ്ടിൻെറ അവസാനംവരെ കോടിക്കണക്കിൽ എങ്ങുംകണ്ടിരുന്ന ഒരുതരം വലിയ പ്രാവുണ്ടായിരുന്നു—'യാത്രക്കാരൻ പ്രാവു്'. 1740-ൽ ഒരു സ്ഥലത്തു് നാലുമൈൽ നീളവും ഒരു മൈൽ വീതിയുമുള്ള ഒരു വലിയ പ്രാവിൻകൂട്ടം പറന്നുപോകുന്നതു് ഒരു ശാസ്ത്രജ്ഞൻ കണ്ടു വിവരിച്ചിട്ടുണ്ടു്. ചിലസമയത്തു് ഈ പക്ഷിയുടെ കൂട്ടങ്ങൾ ആകാശത്തിൽ പരന്നു് ഭയങ്കരമായ കാർമേഘംപോലെ സൂര്യൻെറ വെളിച്ചത്തെ മറച്ചിരുന്നതായി പലരും എഴുതിയിട്ടുണ്ടു്. എന്നാൽ ഈ പക്ഷിയെ തിന്നാൻ കൊള്ളാമെന്നു കണ്ടതോടുകൂടി തോക്കുള്ളവരെല്ലാം വെടിവയ്പു തുടങ്ങി. ക്രമേണ ഈ പ്രാവുവേട്ട ഒരു വ്യവസായംതന്നെയായി. അനേകലക്ഷം പക്ഷികളെ കൊന്നു് തീവണ്ടികളിലും കപ്പലുകളിലും കയററി പട്ടണങ്ങളിലേയ്ക്കു് അയച്ചുതുടങ്ങി. എന്തിനേറെപ്പറയുന്നു ? ഇന്നു് ഈ പക്ഷികളുടെ ഉണങ്ങിയ തോലുകൾമാത്രം ചില കാഴ്ചബംഗ്ലാവുകളിലുണ്ടു്.

6. നമ്മുടെ പക്ഷിമൃഗാദികൾക്കൊന്നും തൽക്കാലം പേടിക്കേണ്ടതില്ല. തോക്കുകളുടെ എണ്ണം ഇന്നാട്ടിൽ വളരെ ചുരുക്കമാണ്; തിരയ്ക്കു് വില ജാസ്തിയും. എന്നിട്ടും പല ജാതി മൃഗങ്ങളുടെയും ചില പക്ഷികളുടെയും എണ്ണം ക്രമേണ കുറഞ്ഞുവരുന്നുണ്ട്. കേരളത്തിൽ പക്ഷിമൃഗാദികൾക്ക് അത്രത്തോളം 'ഏഴരശ്ശനി' ബാധിച്ചിട്ടില്ല. പക്ഷേ എന്നാണ് ആ ദശ വന്നടുക്കുന്നതെന്ന് ആരു കണ്ടു ?

അഭ്യാസം.

1. രാമൻ എവിടെ പോയി?; 'ആർ ഇവിടെ വന്നിരുന്നു?'—ഈ വാക്യങ്ങളിലെ 'എവിടെ', 'ആർ' എന്നീ പദങ്ങൾ ചോദ്യത്തെ കുറിക്കുന്നു, ഏതു്, എന്തു്—എന്നിവയെപ്പോലെ ഇവയും ചോദ്യസർവ്വനാമങ്ങളാണ്.
2. രാമൻ എന്തു പറഞ്ഞു?; നിങ്ങളുടെ അദ്ധ്യാപകൻ ആരാണ്?; നീ ഏതു ക്ലാസ്സിൽ പഠിക്കുന്നു?; എന്നാണ് പരീക്ഷ തുടങ്ങുന്നതു്?—ഇവയിലെ ചോദ്യസർവ്വനാമങ്ങൾ എടുത്തെഴുതുക.
3. "പാടത്തും കുററിക്കാട്ടുകളിലും അരിപ്രാവിനെ കാണാം"—ഇതിലെ 'ഉം' എന്നതിനുപകരം 'ഓ' ഉപയോഗിക്കുക. എന്നിട്ട് അർത്ഥവ്യത്യാസമെന്തെന്നു ചൂണ്ടിക്കാണിക്കുക.
4. <u>അരിപ്രാവു്</u> <u>ഒരു നല്ല പക്ഷിയാണ്</u>; <u>അതു്</u> പച്ച <u>വെള്ളം</u> കുടിക്കുന്നു. അടിയിൽ വരയിട്ട പദങ്ങൾ ഏതേതു നാമവിഭാഗത്തിൽപ്പെടുന്നു? 'കുടിക്കുന്നു' എന്നതു് സകർമ്മകക്രിയയോ അകർമ്മകക്രിയയോ? സകാരണം ഉത്തരം എഴുതുക.
5. അരിപ്രാവിന്റെ രൂപത്തെക്കുറിച്ചു് ഒരു ഖണ്ഡിക എഴുതുക.
6. അതിന്റെ കുടുംബജീവിതം എങ്ങനെ?
7. അരിപ്രാവിന്റെ ആഹാരസാധനങ്ങൾ ഏവ?

പാഠം 20

പാവപ്പെട്ട പൈതൽ

പൂമങ്കളുകം പുതുപുഞ്ചിരിപ്പൂ–
നിലാവിലെപ്പാഴ്നിഴലെന്നപോലെ.
കതിർത്ത കേദാരമതിൻ നടുക്കായ്–
ച്ചെററക്കരിഞ്ചാളയിതൊന്നു കാണ്മൂ. 1

ഭൂദേവിതൻ മാറിനു വൈരമാല്യം
തുവേർപ്പണിത്തുള്ളികൾകൊണ്ടു ചാർത്തും
ദരിദ്രനാരായണരാണിതിങ്കൽ
വസിപ്പതസ്സൽ സഹജാതർ കഷ്ടം ! 2

അച്ചെററമുററത്തെയലങ്കരിച്ച
നൈസർഗ്ഗികപ്പച്ചവിരിപ്പുതന്നിൽ
ആനന്ദസൗന്ദര്യമണിത്തിടമ്പായ്
ലസിച്ചിടുന്നുണ്ടൊരു കൊച്ചുപൈതൽ. 3

അപ്പൂങ്കവിൾത്തട്ടിനു ശൈശവശ്രീ–
യണിഞ്ഞ ചെഞ്ചായമകററിടാനായ്
ബാഷ്പാംബുവാൽ നീ വറുതിപ്പിശാചേ !
ചെയ്യിച്ചു ഹാ ! മാർജ്ജനമെത്ര വട്ടം. 4

സ്നേഹാർദ്രമാം ലാളനമേററിടാത്താ–
ച്ചുരുണ്ട ചെങ്കുന്തളരാജി കാററിൽ
കണ്ണോട്ടമക്കണ്ണുപുടത്തിനോട്ടം
താണിട്ടു തൻ ദൈന്യമുരച്ചിടുന്നു. 5

ഈ ദുർഗ്ഗതിയൊട്ടു മറഞ്ഞു നാളെ
പ്രസന്നമായിട്ടൊരന്തരീക്ഷം
നിൻ ജീവിതത്തിന്നരുണോദയത്തെ
കൊണ്ടാടിടും കണ്മണി!—ഞാൻ ചിരിക്കും. 6

സ്വപ്നമേഖല] [വി. വി. കെ.

അഭ്യാസം.

1. പൂമക = ലക്ഷ്മീദേവി. കേദാരം = വയൽ.
അസ്മൽസഹജന്മാർ = നമ്മുടെ സഹോദരർ.
നൈസർഗ്ഗികം = സ്വതവേയുള്ള. മാർജ്ജനം = തുടച്ചുകളയൽ. ബാഷ്പാംബു = കണ്ണുനീർ.
2. കൈപ്പതലിന്റെ രൂപം സ്വന്തം വാക്യങ്ങളിൽ വർണ്ണിക്കുക.
3. രണ്ടാമത്തെ പദ്യം പരാവർത്തനം ചെയ്യുക.
4. ചേർത്തെഴുതുക:—
   (i) പുഞ്ചിരി + പൂ
   (ii) ചെം + ചായം
   (iii) വസിച്ചിടുന്നു + ഉണ്ട്.
5. സ്വന്തംവാക്യത്തിൽ ഉപയോഗിക്കുക:—
   (i) ദരിദ്രനാരായണർ.
   (ii) ചരാചരം.
   (iii) അരുണോദയം.
6. ഒന്നാമത്തെ ശ്ലോകത്തിലെ നാലു നാമപദങ്ങളെടുത്തെഴുതി അവ ഏതേതു നാമവിഭാഗത്തിൽപ്പെടുന്നവയെന്നു കാണിക്കുക.
7. സകർമ്മക ക്രിയയാക്കുക:—
   (i) ചിരിക്കുക (iii) വസിക്കുക
   (ii) താഴുക (iv) അകലുക.

പാഠം 21

പൊതുജനാരോഗ്യം

ആയുസ്സിന്റെ സംരക്ഷണത്തിന് ആരോഗ്യം ആവശ്യം ഉണ്ടായിരിക്കേണ്ടതാകുന്നു. ആരോഗ്യവും അതനുഭവിക്കാൻ ഒരു ദിവസവും ലഭിക്കുന്ന പക്ഷം, ചക്രവത്തിമാരുടെ ആഡംബരങ്ങളെപ്പോലും പരിഹാസ്യമാക്കാമെന്ന് പ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ പറയുന്നു. ഇത്രമാത്രം മഹനീയമായ ആ അനുഗ്രഹം സമ്പാദിക്കുന്നതെങ്ങനെയാണെന്നു നോക്കാം. സാധാരണമായി നാം ആരോഗ്യഹാനി അറിയുന്നതു് രോഗം കൊണ്ടോ മറേറാ അവശത നേരിടുമ്പോഴാകുന്നു. കണ്ണുള്ളപ്പോൾ കാഴ്ചയുടെ ഗുണമറിയുന്നില്ലെന്നു പറയുന്നതുപോലെ, ആരോഗ്യമുള്ളപ്പോൾ അതിന്റെ മഹിമ മനുഷ്യൻ ഗ്രഹിക്കുന്നില്ല.

ആരോഗ്യരക്ഷയ്ക്കു് ജനങ്ങൾ ആശ്രയിക്കുന്ന മാർഗ്ഗങ്ങൾ പ്രധാനമായി രണ്ടുതരമാകുന്നു. അതിൽ ഒന്നാമത്തേതു് ശമനമാർഗ്ഗവും മറേറതു് നിവാരണമാർഗ്ഗവും ആകുന്നു. രോഗബാധയുണ്ടാകുമ്പോൾ ചികിത്സചെയ്തു് ആരോഗ്യം വീണ്ടെടുക്കുന്നതിനു് ശമനമാർഗ്ഗമെന്നു പറയുന്നു. നിവാരണമാർഗ്ഗമെന്നു പറഞ്ഞതു് രോഗം നേരിടാതെ തടയുന്ന സമ്പ്രദായമാണു്. നിവാരണമാർഗ്ഗമാണു് അധികം ആദരണീയമെന്നുള്ളതിനു തർക്കമില്ല. ചെളി കഴുകിക്കളയുന്നതിനെക്കാൾ ആശാസ്യമാണല്ലോ ചെളിയിൽ ചവിട്ടാതെ നോക്കുക.

അതുകൊണ്ടു് ജനങ്ങളെല്ലാവരും ശുചിത്വം, മിതത്വം, വ്യായാമം മുതലായ ആരോഗ്യരക്ഷാമാർഗ്ഗങ്ങളെ അനുഷ്ഠിക്കേണ്ടതാണെന്നു വന്നുകൂടുന്നു. എന്നാൽ ഇത്രമാത്രം കൊണ്ടു മതിയാകയില്ല. ആരോഗ്യവിധികളെ അതിലംഘിക്കുന്നതുകൊണ്ടുള്ള ആപത്തുകൾ അവനവനെ മാത്രമല്ല അന്യരെയും ബാധിക്കുന്നു. പൂർവ്വകാലത്തു് മനുഷ്യരുടെ പരമശത്രുക്കളായി ഗണിച്ചുപോന്നിരുന്നതു്

സിംഹം, കടുവ മുതലായ ഹിംസ്ര മൃഗങ്ങളെയായിരുന്നു. ശാസ്ത്രീയമായവിജ്ഞാനം വളരുകയും തന്നിമിത്തം ആയുധ സാമഗ്രികൾ സ്വാധീനമാവുകയും ചെയ്തതിനുശേഷം മനു ഷ്യർക്ക് അങ്ങനെയുള്ള ഭീകരമൃഗങ്ങളെക്കുറിച്ച് യാതൊരു ക്ലേശമില്ലെന്നായി. ഇപ്പോൾ മനുഷ്യരുടെ ഭയങ്കരവൈരികൾ അണുജീവികളാണ്. ഇവയുടെ ആക്രമണം നയനഗോചരമല്ലാത്തതിനാൽ ഫലംകൊണ്ട ല്ലാതെ നാം അതറിയുന്നില്ല. അണുമാത്രങ്ങളാണെങ്കിലും ഇവയുടെ വ്യാപ്തിയും ഉഗ്രതയും അസാമാന്യമാകുന്നു. പ്ലേഗ്, മസൂരി, വിഷൂചിക മുതലായ മഹാമാരികൾക്ക് ഹേതു അങ്ങനെയുള്ള അണുജീവികളാണ്. ഇവ വായു വിലും ജലത്തിലും ആഹാരത്തിലും വ്യാപിച്ച് മനുഷ്യ രിൽ സംക്രമിക്കയും അപരിഹാര്യമായ വിധത്തിൽ ജീവ ഹരങ്ങളായി പ്രവർത്തിക്കയും ചെയ്യുന്നു. ശമനരൂപ മായ ചികിത്സ ഇത്തരം രോഗങ്ങളോടു പ്രായേണ വിഫല മാണ്. വിശേഷിച്ച്, ഏകകാലത്ത് ഒരു പ്രദേശമാക പ്പാടെ ഒരു സാംക്രമികരോഗം പടർന്നുപിടിക്കുമ്പോൾ വേണ്ട ചികിത്സയും ശുശ്രൂഷയും ലഭിക്കാതെ അനേകം പേർ അപമൃത്യുവിനു് ഇരയായിത്തീരുന്നു. മസൂരി, വിഷൂചിക തുടങ്ങിയവ ശീഘ്രമൃത്യുകരങ്ങളാണെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല. മുൻപറഞ്ഞതു കൂടാതെ പലതരം പനി, ഗ്രഹണി, അതിസാരം, എന്നു വേണ്ട, ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കാത്തതായ ക്ഷയം, കുഷ്ഠം മുതലായവയും സാംക്രമികരോഗങ്ങളുടെ കൂട്ടത്തിൽപ്പെട്ടവയാകുന്നു.

സാംക്രമികരോഗങ്ങളോട് ചികിത്സകൊണ്ടു മത്സരി ക്കാമെന്നുവച്ചാൽ, വിജയം അസാധ്യമോ അപൂർണ്ണമോ ആയിരിക്കയേ ഉള്ളൂ എന്നു മുൻപു പറഞ്ഞുവല്ലോ. ഇവ യെസംബന്ധിച്ച് നിവാരണവിദ്യപോലെ പ്രയോജന കരമായ മറെറാരു പരിഹാരമാർഗ്ഗവുമില്ല. അതുകൊണ്ടു് രാജ്യത്തു പലനിയമങ്ങളും ഏർപ്പെട്ടുത്തേണ്ടി വന്നിട്ടുണ്ടു്. കുഷ്ഠം സംക്രമിക്കാതിരിക്കാൻ കുഷ്ഠരോഗികൾക്ക് സങ്കേത മുണ്ടാക്കി, അവരെ അവിടംവിട്ടു പോകാതെ പാർപ്പിച്ചു ചികിത്സകൾ ചെയ്തുവരുന്നു. പ്ലേഗിന്റെ വ്യാപ്തിയെ

തടയുവാൻ ആ രോഗം ബാധിച്ച ദിക്കില്ലുള്ളവരും മററു സ്ഥലങ്ങളില്ലുള്ളവരും തമ്മിൽ ഗതാഗതാദി സംസർഗ്ഗ മാർഗ്ഗങ്ങളെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. മസൂരിയുടെ ശല്യം തടയുന്നതിനു് ഗോവസൂരി പ്രയോഗം നടപ്പാക്കിയിരിക്കുന്നു. ഇതിനുംപുറമേ, നഗര ശുചീകരണത്തിനുവേണ്ട വ്യവസ്ഥകൾ ചെയ്തിരിക്കുന്നു. നാട്ടിൻപുറങ്ങളില്ലുള്ള ശുചീകരണാദികാര്യങ്ങൾക്കും ഏർപ്പാടുകൾ ഇല്ലാതില്ല. പൊതുവിൽ ജനനമരണക്കണക്കുകൾ ശേഖരിച്ചു് ജനസമുദായത്തിൻെറ ആരോഗ്യസ്ഥിതി നിർണ്ണയിക്കുന്നതിനും നിബന്ധനകൾ ചെയ്തിട്ടുണ്ടു്.

വായു, ജലം, ആഹാരം ഇത്യാദികളിൽക്കൂടിയാണു് സാംക്രമികരോഗങ്ങൾ വ്യാപിക്കുന്നതെന്നു് സ്പഷ്ടമാകയാൽ, അവയിൽ രോഗബീജങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം സൂക്ഷിക്കേണ്ടതാകുന്നു. നിർമ്മലമായ വായുവില്ലാതെ ജീവധാരണം സാധ്യമല്ല. നിശ്ചലമായ വായുവിനെക്കാൾ ചലനമുള്ള വായുവിനു് ഗുണം തുലോം കൂടുതലാകുന്നു. ചലനാവസ്ഥയില്ലുള്ള വായുവിനു് നാം കാററു് എന്ന പേർ പറയുന്നു. കാററു് ശരിയായി കടക്കത്തക്കവണ്ണം ഗൃഹങ്ങൾ നിർമ്മിക്കേണ്ടതും ഗൃഹങ്ങളുടെ സന്നിവേശം ക്രമപ്പെടുത്തി പരസ്പരം ഉപദ്രവകരമല്ലാതെ നഗരസംവിധാനം ചെയ്യേണ്ടതുമാകുന്നു. വിശേഷിച്ചു് ജനസമ്മേളനസ്ഥാനങ്ങളായ നാടകശാലകൾ, വിദ്യാലയങ്ങൾ, പ്രസംഗശാലകൾ മുതലായ കെട്ടിടങ്ങളിൽ വായു ധാരാളമായി സഞ്ചരിക്കുവാൻ സൗകര്യം ഉണ്ടായിരിക്കണം. ജനങ്ങൾ നിബിഡമായി അധിവസിക്കുന്ന നഗരങ്ങളിൽ അവിടവിടെ ആരാമങ്ങളായും ക്രീഡാസ്ഥാനങ്ങളായും മററും കുറെ സ്ഥലം തുറന്നുകിടക്കേണ്ടതാകുന്നു. പട്ടണങ്ങളിലെ വായുമണ്ഡലം ദുഷിക്കാതെ സൂക്ഷിക്കണം. മലമൂത്രാദികൾകൊണ്ടു് വായുവും ജലവും മലിനമാവാതിരിക്കാൻ പ്രത്യേകം വ്യവസ്ഥകൾ ഏർപ്പെടുത്തിയിരിക്കണം. വായുവിനെ ദുഷിപ്പിക്കുന്ന ശവദാഹം, കക്കനീററൽ മുതലായവയെ നിയന്ത്രിക്കുന്നതിനു നിയമങ്ങൾ

ഉണ്ടായിരിക്കണം. ഇവയെ ആദരിച്ചു പ്രവർത്തിക്കുന്നതു് പൊതുജനങ്ങളുടെ ആരോഗ്യത്തിനു് എത്രയോ ആവശ്യമാകുന്നു.

ഗൃഹങ്ങളുടെ നിർമ്മിതിയിൽ സൂക്ഷിക്കേണ്ടതായ വേറെയും പല കാര്യങ്ങളുണ്ടു്. സൂര്യപ്രകാശം പല രോഗബീജങ്ങളെയും സംഹരിക്കുന്നതാകയാൽ, അതു സുലഭമാകത്തക്കവണ്ണം വാസസ്ഥലങ്ങളും വീഥികളും നിർമ്മിക്കുന്നതു നന്നായിരിക്കും. ക്ഷയരോഗികളുടെയും മററും കഫത്തിൽനിന്നു രോഗബീജങ്ങൾ വ്യാപിക്കുമെന്നു ഭയപ്പെട്ടു്, ചില പാശ്ചാത്യരാജ്യങ്ങളിൽ റോഡുകളിൽ തുപ്പാൻപോലും സമ്മതിക്കാറില്ല. ഈ രാജ്യത്തു് സൂര്യപ്രകാശം ധാരാളം ലഭിക്കുന്നതുകൊണ്ടു് പ്രസ്തുത രോഗബീജങ്ങൾ അത്ര അധികം വർദ്ധിക്കുന്നില്ല. അതിനാൽ ഗൃഹങ്ങൾ സൂര്യപ്രകാശം കടക്കത്തക്കവിധം നിർമ്മിക്കുന്നതു നന്നായിരിക്കും. പ്രധാനമായി ഗൗനിക്കേണ്ട മറെറാരു സംഗതി ജലനിർഗ്ഗമമാർഗ്ഗങ്ങളുടെ ആവശ്യകതയാകുന്നു. വെള്ളംകെട്ടിനിന്നു് ചതുപ്പുകൾ ഉണ്ടായാൽ അവയിൽ അനേകം രോഗബീജങ്ങൾ ഉത്ഭവിക്കും. വെള്ളം ശരിയായി വാർന്നുപോകുന്നതിനു മാർഗ്ഗമുണ്ടാകാതെ കെട്ടുന്ന വീടുകളുടെ അടിത്തറകൾ നനവുതട്ടി പല രോഗങ്ങൾക്കും ഇടകൊടുക്കുന്നു. ഇങ്ങനെ കെട്ടിനിൽക്കുന്ന വെള്ളം ദുഷിച്ചു് സ്നാനപാനാദികൾക്കു് ഉപയോഗിക്കുന്ന ജലത്തെക്കൂടി മലിനമാക്കിത്തീർക്കുന്നു. കുളിക്കാനും കുടിക്കാനും ഉപയോഗിക്കുന്ന വെള്ളം അത്യന്തം നിർമ്മലമായിരിക്കണമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. വിഷൂചികയുടെ വ്യാപ്തിയെ തടയുന്നതിനു് കിണറുകളിലും മററും രോഗബീജസംഹാരികളായ പദാർത്ഥങ്ങൾ ഇടുന്നതു നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. ശുദ്ധജലം ഉപയോഗിക്കേണ്ടതിൻെറ അത്യാവശ്യകത ഒരിക്കലും വിസ്മരിക്കത്തക്കതല്ല.

ആഹാരസാധനങ്ങളുടെ കാര്യവും ശ്രദ്ധേയമാകുന്നു. ചീഞ്ഞുപോയ പദാർത്ഥങ്ങളും മററും ചന്തകളിൽവച്ചു വില്ക്കാതെ നശിപ്പിച്ചുകളയേണ്ടതാണു്. തെരുവുകളിൽ

വില്ക്കുന്നതിന്നായി തുറന്നു വച്ചിരിക്കുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ വാങ്ങിത്തിന്നുന്നതു് ആപൽക്കരമാണു്. അവ പലതരത്തിൽ രോഗബീജങ്ങളെ ആവാഹിക്കും. ദുഷിച്ച ആഹാരസാധനങ്ങളുടെ വില്പന നഗരസഭകൾ നിരോധിച്ചിട്ടുണ്ടു്. ചില നഗരസഭകളിൽ പാൽ വില്ക്കുന്നതിനുപോലും ലൈസൻസ് വേണം. രോഗബാധിതങ്ങളായ പശുക്കളുടെയും എരുമകളുടെയും പാൽ കുടിക്കുന്നതുകൊണ്ടു് ആവക രോഗങ്ങൾ മനുഷ്യരിലേയ്ക്കും സംക്രമിക്കുന്നതാണു്.

ഇങ്ങനെ വായു, ജലം, ആഹാരപദാർത്ഥങ്ങൾ മുതലായവമൂലം രോഗങ്ങൾ സംക്രമിക്കാതെ നോക്കേണ്ടതു് ജനസമുദായത്തിന്റെ ആരോഗ്യത്തിനു് അത്യന്താപേക്ഷിതമാകുന്നു. പൊതുജനങ്ങളുടെ ക്ഷേമത്തിനു് അവശ്യം അനുഷ്ഠിക്കേണ്ട വിധികളെ ഉല്ലംഘിക്കാതിരിക്കേണ്ടതു് എല്ലാ പൗരന്മാരുടേയും കടമയാണു്. നമുക്കു് എത്ര സൗകര്യമെന്നു തോന്നിയാലും, റോഡുകളും വീഥികളും മററും മലിനങ്ങളാക്കുന്ന ഒരു പ്രവൃത്തിയും നാം ചെയ്തുകൂടാ. നമ്മുടെ ചോദനകളെയും സൗകര്യങ്ങളെയും നിയന്ത്രിച്ചു് ബഹുജനങ്ങളുടെ ആരോഗ്യത്തെ പരിപാലിക്കേണ്ടതു് നമ്മുടെ ധർമ്മമാകുന്നു.

ഒരുത്തൻ പാപകർമ്മം ചെയ്തീടിലതിൻഫലം
പരക്കേയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും

എന്ന കവിവാക്യം ആരോഗ്യത്തിന്റെ കാര്യത്തിലും അക്ഷരംപ്രതി ശരിയാണെന്നുള്ളതിനു തക്കമില്ല.

അഭ്യാസം.

1. ''ചക്രവർത്തിമാരുടെ ആഡംബരങ്ങളെപ്പോലും പരിഹാസ്യമാക്കാമെന്നു് പ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ പറയുന്നു'' ഈ വാക്യത്തെ രണ്ടാക്കി തിരിക്കുക. അവയെ കൂട്ടിച്ചേർക്കുന്ന പദമേതു്? 'എന്നു്' എന്നുള്ളതല്ലേ ആ പദം?

ഈ പദം രണ്ടു വാക്യങ്ങളെ കൂട്ടി ഘടിപ്പിക്കുകയാണല്ലൊ ചെയ്യുന്നതു്. വ്യാകരണത്തിൽ ഇങ്ങനെയുള്ള പദങ്ങൾക്കു് 'ഘടകം' എന്നു പേർ പറയുന്നു.

'എങ്കിലും' എന്ന ഘടകശബ്ദത്തെപ്പററി ഇതിനു മുൻപു് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലൊ. 'എന്നാൽ' എന്നതും ഒരു ഘടകമാണു്. അതുപയോഗിച്ചു് ഒരു വാക്യമുണ്ടാക്കുക.

2. "ജനങ്ങൾ ആരോഗ്യരക്ഷാമാർഗ്ഗങ്ങളെ അനുഷ്ഠിക്കേണ്ടതാണെന്നു വന്നുകൂടുന്നു; എന്നാൽ ഇത്രമാത്രംകൊണ്ടു മതിയാകയില്ല." ഇതിലെ ഘടകപദങ്ങൾ എടുത്തു കാണിക്കുക.

3. "അണുജീവികൾ ആഹാരത്തിൽക്കൂടി മനുഷ്യരിൽ സംക്രമിക്കുകയും ജീവഹരങ്ങളായി പ്രവൎത്തിക്കയും ചെയ്യുന്നു."—അണുജീവികൾ ആഹാരത്തിൽക്കൂടി മനുഷ്യരിൽ സംക്രമിക്കുന്നു; അണുജീവികൾ ജീവഹരങ്ങളായി പ്രവൎത്തിക്കുന്നു. ഈ രണ്ടു അംഗിവാക്യങ്ങൾ ചേൎന്നാണു് മേല്പറഞ്ഞ വാക്യം ഉണ്ടായിട്ടുള്ളതു്. ഇങ്ങനെ രണ്ടോ അധികമോ അംഗിവാക്യങ്ങൾ ചേൎന്നാൽ 'മഹാവാക്യം' എന്നു പേർ.

4. ആരോഗ്യരക്ഷയ്ക്കു് നാം ആശ്രയിക്കുന്ന മാർഗ്ഗങ്ങളേവ? വിവരിക്കുക.

5. പൊതുജനാരോഗ്യത്തിനു് ശ്രദ്ധിക്കേണ്ട പ്രധാന കാൎയ്യങ്ങൾ ഏവ?

പാഠം 22

ശകുന്തള

ദുഷ്യന്തമഹാരാജാവ് മാലിനീതീരത്തിലുള്ള വനാന്തരങ്ങളിലേയ്ക്കു് സപരിവാരം നായാട്ടിനു പുറപ്പെട്ടു. രാജധാനിയിൽനിന്ന് അധികമകലെയായിരുന്നില്ല ആ കാട്ട്.

മഹാരാജാവ് കാട്ടിൽ പ്രവേശിച്ചപ്പോൾ മനോഹരമായ ഒരു മാനിനെ കണ്ടു. അതിനെ പിടിക്കാൻ അദ്ദേഹത്തിനു് കൊതിയായി. വളരെദൂരം കൂട്ടുകാരിൽനിന്നകന്ന് അതിനെപിന്തുടർന്നിട്ടും കിട്ടാതിരുന്നപ്പോൾ, രാജാവ് കൊല്ലുവാനായി അമ്പു തൊടുത്തു. പെട്ടെന്ന് "കൊല്ലരുതു്, കൊല്ലരുതു്, അതു് ആശ്രമമൃഗമാണ്" എന്നു കാട്ടിൽ നിന്നാരോ പറയുന്നതു കേൾക്കെ, അസ്ത്രം ഉടനെ പ്രതിസംഹരിച്ചു നോക്കിയപ്പോൾ ഉണ്ട്, രാജാവിന്റെ മുമ്പിൽ ചില മുനികുമാരന്മാർ. അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ സന്തുഷ്ടരായി, "ചക്രവർത്തിയായ പുത്രനുണ്ടാകട്ടെ" എന്ന് അവർ ദുഷ്യന്തനെ അനുഗ്രഹിച്ചു. ആ തപസ്വികൾ ചമത ശേഖരിക്കാൻ കാട്ടിൽ വന്നതായിരുന്നു. കണ്വന്റെ ആശ്രമം അവിടെ അടുത്താണ്. മകളായ ശകുന്തളയെ അതിഥിസൽക്കാരത്തിനു് നിയോഗിച്ച്, അവളുടെ ഗ്രഹപ്പിഴകൾക്കു പ്രതിവിധിചെയ്യാൻ സോമതീർത്ഥത്തിലേയ്ക്കു പോയിരിക്കയാണ് കണ്വൻ. എങ്കിലും തിരക്കൊന്നുമില്ലെങ്കിൽ, അവിടെച്ചെന്ന് ആതിഥ്യം സ്വീകരിച്ചു തിരിച്ചുപോയാൽ മതിയെന്ന് ആ തപസ്വി കുമാരന്മാർ ദുഷ്യന്തനെ ഉപദേശിച്ചു. എന്നിട്ട് അവർ യാത്രപറഞ്ഞു് ചമത ശേഖരിക്കാൻ പോയി; ദുഷ്യന്തൻ കണ്വാശ്രമത്തിലേയ്ക്കും. താതകണ്വൻ അവിടെ ഇല്ലെങ്കിലും തന്റെ നിഷ്കളങ്കമായ ഭക്തിയെ, അദ്ദേഹം മടങ്ങിവരുമ്പോൾ ശകുന്തള ഗ്രഹിപ്പിക്കുമെന്ന് ദുഷ്യന്തനു് പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു.

ആശ്രമപരിസരത്തിലെത്തിയപ്പോൾ രാജാവ് തേരിൽനിന്നിറങ്ങി, ആഭരണങ്ങളും വില്ലും സൂതനെ ഏല്പിച്ചു. വിനീതവേഷനായിട്ടുവേണമല്ലോ ആശ്രമത്തിൽ കടക്കുക. കുതിരകളെ കഴുകി നിർത്തികൊള്ളാൻ സൂതനോട്ട് പറഞ്ഞു്, രാജാവു് ആശ്രമത്തിലേയ്ക്കു നടന്നു.

അവിടെ ചെന്നപ്പോൾ ദുഷ്യന്തൻ കണ്ടതു് മൂന്നു പെൺകിടാങ്ങളെയാണു്. പ്രായത്തിനു ചേർന്ന കുടങ്ങളിൽ വെള്ളംമുക്കി വള്ളികൾക്കും വൃക്ഷങ്ങൾക്കും ആ യുവതികൾ നനയ്ക്കുന്നു. മധുരമായ കാഴ്ച ! ഒരു മരത്തിൻെറ പിന്നിൽ മറഞ്ഞുനിന്നുകൊണ്ടു് മഹാരാജാവു് അതു നോക്കിക്കണ്ടു. നർമ്മസംഭാഷണം ചെയ്തുകൊണ്ടു് അവർ നിർവിഘ്നം പ്രവൃത്തി തുടരുകയാണു്. ശകുന്തളയും അനസൂയയും പ്രിയംവദയുമായിരുന്നു അവർ.

നവമാലികയ്ക്കു നനച്ചപ്പോൾ, ഒരു വലിയ വണ്ടു് ഇളകിയാർത്തു് ശകുന്തളയുടെ നേക്കെത്തി. കൈകൊണ്ടാട്ടിയിട്ടും, സ്ഥലംമാറി നിന്നിട്ടും, അതിൻെറ ഉപദ്രവം ഒഴിയാഞ്ഞതുകൊണ്ടു് അവൾ തോഴിമാരെ വിളിച്ചു നിലവിളിച്ചു; തോഴിമാർ അപ്പോൾ, ആർത്തന്മാരെ രക്ഷിക്കേണ്ടവനായ ദുഷ്യന്തനെ വിളിച്ചു നിലവിളിക്കാനാണു് കളിയായിപ്പറഞ്ഞതു്.

ദുഷ്യന്തനു് അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ പററിയ അവസരമായി, തേജസ്വിയായ അദ്ദേഹം പെട്ടെന്നു് മുന്നിലെത്തിയപ്പോൾ ശകുന്തളയും സഖിമാരും അത്ഭുതപ്പെട്ടുപോയി; ലജ്ജിച്ചുപോയി. എങ്കിലും അതിഥിസൽക്കാരം ചെയ്യാൻ ആ മുനികന്യകമാർ മറന്നില്ല. അവരുടെ അമൃതമധുരമായ വാക്കുകളാൽത്തന്നെ സൽകൃതനായ ദുഷ്യന്തൻ അതിഥിപൂജോദ്യമത്തിൽനിന്നു് അവരെ വിലക്കി. എല്ലാവരും ഏഴിലംപാലത്തറമേൽ വിശ്രമിക്കാനിരുന്നു.

ദുഷ്യന്തനെ കണ്ടമാത്രയിൽ തപോവനവിരോധിയായ എന്തോ വികാരം ശകുന്തളയിൽ മൊട്ടിട്ടു. അനസൂയാപ്രിയംവദമാർ ആ രാജർഷിയുമായി സംസാരിച്ചപ്പോ-

ഴൊക്കെ ശകുന്തള മിണ്ടാതിരുന്നതേയുള്ളു. ദുഷ്യന്തൻ ശകുന്തളയെക്കുറിച്ച് പ്രത്യേകം എടുത്തുചോദിക്കുകയുണ്ടായി. വിശ്വാമിത്രന് മേനകയിലുണ്ടായവളാണ് ശകുന്തളയെന്നും, മാതാപിതാക്കന്മാർ ഉപേക്ഷിക്കയാൽ കണ്വൻ അവളെ എടുത്തുവളർത്തുകയാണുണ്ടായതെന്നും, അനുരൂപനായ ഒരു ഭർത്താവിനു കൊടുക്കണമെന്നുതന്നെയാണ് കണ്വന്റെ ആഗ്രഹമെന്നും, അനസൂയ ദുഷ്യന്തനെ ധരിപ്പിച്ചു. ശകുന്തളയുടെ നേർക്കുള്ള തന്റെ അഭിനിവേശം ദുഷ്യന്തൻ പ്രകടമാക്കിയില്ലെങ്കിലും, അനസൂയാപ്രിയംവദമാർ അതു് ഗ്രഹിച്ചിരുന്നു. "ശകുന്തളേ, അച്ഛൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ !. അതിഥിയെ ജീവിതസർവ്വസ്വംകൊണ്ടു് കൃതാർത്ഥനാക്കുമായിരുന്നു" എന്നു് പ്രിയംവദ പറഞ്ഞതു് അക്കാര്യം മനസ്സിലാക്കിത്തന്നെയാണ്. ആഗ്രഹിക്കുന്നതു് കിട്ടിയാലാണല്ലോ കൃതാർത്ഥത!

അവരുമായി അധികനേരം സംസാരിക്കുവാൻ ദുഷ്യന്തന് കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ പരിവാരങ്ങൾ കാടിളക്കിയതുകൊണ്ടു് വന്യമൃഗങ്ങളെല്ലാം ഭയന്നോടിത്തുടങ്ങി. ഒററതിരിഞ്ഞ ഒരു ഭയങ്കരൻ ആന മൂർത്തീഭൂതമായ തപോവിഘ്നംപോലെ ഓടിവരുന്നതുകണ്ടു് മുനികുമാരന്മാർ പരിഭ്രാന്തരായി നിലവിളിച്ചു. ശകുന്തളയെ തോഴിമാരോടുകൂടി പർണ്ണശാലയിലേയ്ക്കയച്ചു്, ദുഷ്യന്തൻ തപോവനരക്ഷണാർത്ഥം അവിടെനിന്നു പോയി. "ഇനിയും ആതിഥ്യം സ്വീകരിക്കാൻ വരണ" മെന്നു് പോകുന്ന അവസരത്തിൽ, മഹാരാജാവിനോടു് അവർ അപേക്ഷിക്കുകയുണ്ടായി.

ദുഷ്യന്തന് നായാട്ടിൽ ശ്രദ്ധകുറഞ്ഞു. വിശ്രമവേളകളിലെ വിനോദത്തിനായി കൂടെ കൊണ്ടുവന്നിട്ടുള്ള ഇഷ്ടതോഴനായ മാഢവ്യനോടു് ശകുന്തളയെപ്പററി പറഞ്ഞിരിക്കുക—അതിലായി രാജാവിനു രസം. കാരണം കൂടാതെ ആശ്രമത്തിലേയ്ക്കു് കയറിച്ചെല്ലുന്നതും ശരിയല്ല. അങ്ങനെ ധർമ്മസങ്കടത്തിൽപ്പെട്ടിരിക്കേ, കണ്വാശ്രമത്തിൽനിന്നു് രണ്ടു തപസ്വികുമാരന്മാർ രാജാവിനെ കാണാൻ വന്നു. കണ്വന്റെ അഭാവത്തിൽ അസുരന്മാർ

യാഗത്തിനു് വിഘ്നം വരുത്തുന്നതിൽനിന്നു് രക്ഷിക്കു വാൻ ദുഷ്യന്തൻ ആശ്രമത്തിൽ താമസിക്കണമെന്നു പറയാനാണു് അവർ വന്നതു്. അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ വിധിച്ചതും പാലുതന്നെ! രാജാവു് ക്ഷണം സ്വീകരിച്ചു് ഋഷികുമാരന്മാരെ മടക്കിയയച്ചു. അപ്പോഴേയ്ക്കും രാജധാനിയിൽനിന്നു് അമ്മയുടെ എഴുത്തുംകൊണ്ടു് ഒരാൾ വന്നു. അമ്മ തുടങ്ങുന്ന ഉപവാസത്തിനു് ദുഷ്യന്തൻ ഉടനെ മടങ്ങിച്ചെല്ലണമെന്നാണു് എഴുത്തിൽ പറഞ്ഞിരുന്നതു്. വിദൂഷകനെ തനിക്കുപകരം രാജധാനിയിലേയ്ക്കയച്ചിട്ടു്, ദുഷ്യന്തൻ കണ്വാശ്രമത്തിലേയ്ക്കു പോയി. മാതാവിന്റെ ഉപവാസത്തെക്കാൾ മഹർഷിമാരുടെ തപസ്സാണല്ലോ വലുതു്. തപസ്വികന്യകയായ ശകുന്തളയെക്കുറിച്ചു് താൻ പറഞ്ഞതെല്ലാം തമാശയാണെന്നുകൂടി അദ്ദേഹം വിദൂഷകനെ ധരിപ്പിക്കുകയുണ്ടായി.

കണ്വാശ്രമത്തിൽ താമസമാക്കിയ ദുഷ്യന്തൻ ഒരു മദ്ധ്യാഹ്നത്തിൽ മാലിനീതീരത്തുചെന്നു. അവിടെ ഒരു പുഷ്പശയ്യയിൽ ശകുന്തള കിടക്കുകയാണു്. സഖിമാർ താമരയിലകൊണ്ടു് അവളെ വീശുന്നുണ്ടു്. അവർ ചെയ്യുന്ന ശുശ്രൂഷകളൊന്നും അറിയാതിരിക്കത്തക്കവണ്ണം അത്രയ്ക്കു് മനോവേദനയുണ്ടായിരുന്നു ശകുന്തളയ്ക്കു്. അവർ തമ്മിലുള്ള സംഭാഷണം ശ്രദ്ധിച്ചുകൊണ്ടു് ദുഷ്യന്തൻ മറഞ്ഞുനിന്നു.

ദുഷ്യന്തനോടുള്ള അനുരാഗമാണു് അവളുടെ മനോവ്യഥയ്ക്കു് ഹേതു. ആ അനുരാഗത്തിനു് ശൈഥില്യം നേരിട്ടാൽ തന്റെ ഉദകക്രിയ ചെയ്യേണ്ടിവരുമെന്നുകൂടി ശകുന്തള സഖിമാരോടു പറഞ്ഞു. തന്റെ ഈ അഭിലാഷം ഒരു താമരയിലയിലെഴുതി ദുഷ്യന്തനെ അറിയിക്കാമെന്നും ശകുന്തള സമ്മതിച്ചു. ഇതുകേട്ടു് അതീവസന്തുഷ്ടനായി ദുഷ്യന്തൻ ഉടനെ ശകുന്തളയുടെ സമീപം ചെന്നു. ഇത്തവണ തോഴിമാർ പരിഭ്രമിച്ചില്ല. പക്ഷെ അവർക്കു് ചില സംശയങ്ങൾ ഉണ്ടായിരുന്നു. രാജാക്കന്മാർ ബഹുഭാര്യന്മാരാകാമല്ലോ. എങ്കിലും, "പൂരുവംശത്തിന്റെ നിലനില്പിനു് സാഗരപര്യന്തമുള്ള ഭൂമിയും ശകുന്തളയും

മാത്രമായിരിക്കും ആധാര'' മെന്നു് ദുഷ്യന്തൻ അവർക്ക് ഉറപ്പുകൊടുത്തു. അങ്ങനെ ശകുന്തളയും ദുഷ്യന്തനും തമ്മിലുള്ള ഗാന്ധർവ്വവിവാഹവും നടന്നു.

കണ്വൻ തിരിച്ചുവരുന്നതിനുമുമ്പ് മഹാരാജാവ് രാജധാനിയിലേയ്ക്കു മടങ്ങി. അവിടെച്ചെന്നു് മൂന്നുദിവസത്തിനുള്ളിൽ ദുഷ്യന്തമഹാരാജാവിൻെറ പട്ടമഹിഷിയെ അരമനയിലേയ്ക്കു് കൂട്ടികൊണ്ടുപോകാൻ പരിവാരങ്ങളെ അയയ്ക്കാമെന്നു് അദ്ദേഹം ഏററിരുന്നു. തൻെറ വിരലിലെ മുദ്രമോതിരവും അവളുടെ വിരലിൽ അദ്ദേഹം ഇടീച്ചു.

താതകണ്വൻ തിരിച്ചുവന്നപ്പോൾ ശകുന്തള ഗർഭിണിയാണ്. ദുഷ്യന്തനുമായി ശകുന്തളയ്ക്കുണ്ടായ ബന്ധത്തെക്കുറിച്ചറിഞ്ഞ ആ മഹാമുനി സന്തോഷഭരിതനായി. പറഞ്ഞദിവസം പരിവാരങ്ങൾ വന്നില്ലെങ്കിലും, കണ്വൻ ശകുന്തളയെ, തന്റെ ഓമനമകളെ, ഉചിതമായ രീതിയിൽ രാജധാനിയിലേയ്ക്കു് യാത്രയാക്കി. കണ്വനെ പിരിയേണ്ടിവന്നതിൽ ശകുന്തള വളരെ സങ്കടപ്പെട്ടു. തോഴിമാരെയും, ആ ആശ്രമത്തെയും അവൾ വെടിയുന്നതെങ്ങനെ? യോഗ്യനായ പുത്രനെ പ്രസവിച്ച് പട്ടമഹിഷിയായി കൊട്ടാരത്തിൽ കഴിയുമ്പോൾ ക്രമേണ കണ്വവിരഹജമായ അവളുടെ ദുഃഖം ശമിക്കുമെന്നു് മാമുനി ശകുന്തളയെ സമാധാനിപ്പിച്ചു. അദ്ദേഹം അവൾക്കു വേണ്ട ഉപദേശങ്ങൾ നൽകി; ശിഷ്യരായ ശാർങ്ഗരവൻ, ശാരദ്വതൻ എന്നിവരെ ദുഷ്യന്തനെ അറിയിക്കാനുള്ള ഒരു സന്ദേശം ഏല്പിച്ചു; വൃദ്ധയായ ഗൗതമിയെ മകൾക്കു തുണയായി നിയോഗിച്ചു. അങ്ങനെ ശകുന്തളയെ താതകണ്വൻ രാജധാനിയിലേയ്ക്കു് യാത്രയാക്കി.

രാജധാനിയിൽ ചെന്നു് അവർ ദുഷ്യന്തനെ കാര്യം ഗ്രഹിപ്പിച്ചു. ഇങ്ങനെ ഒരു സ്ത്രീയെ പരിഗ്രഹിച്ചതായി അദ്ദേഹത്തിനു് തീരെ ഓർമ്മയില്ലായിരുന്നു. പരിഗ്രഹിച്ചിട്ടില്ലെങ്കിലും സ്വീകരിക്കാമെന്നാണെങ്കിൽ, അതും പാടില്ല; കാരണം, ശകുന്തള ഗർഭിണിയാണ്. പരസ്ത്രീസ്പർശം പാപമാണല്ലോ. ദുഷ്യന്തനെ ഓർമ്മപ്പെടുത്താൻ അദ്ദേഹം കൊടുത്ത മോതിരം കാണിക്കാമെന്നുവച്ച് ശകുന്തള അതു നോക്കിയപ്പോൾ കണ്ടതുമില്ല. രാജധാനിയിലേയ്ക്കുള്ള വഴിയിൽ, ശചീതീർത്ഥത്തിലിറങ്ങിയപ്പോൾ, മോതിരം ഊരിവീണുപോയതായിരിക്കാം. ഏതായാലും തള്ളേണ്ട ഭാരവും കൊള്ളേണ്ട ഭാരവും ദുഷ്യന്തനായതുകൊണ്ടു് മററുള്ളവർ ശകുന്തളയെ രാജധാനിയിലിട്ടുവച്ചു് മടങ്ങിപ്പോയി. അത്ഭുതത്തിനുമേലത്ഭുതം! വാവിട്ടു കരയുന്ന ശകുന്തളയെ സ്ത്രീയുടേതെന്നു തോന്നുന്ന ഒരു അദൃശ്യഹസ്തം എടുത്തുകൊണ്ടുപോവുകയും ചെയ്തു.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഒരു മുക്കുവൻെറ കൈയിൽനിന്നു് ഒരു മോതിരം രാജാവിനു കിട്ടി. അവനു് ഒരു മത്സ്യത്തിൻെറ വയററിൽനിന്നു കിട്ടിയതായിരുന്നു അതു്. അതു് ദുഷ്യന്തൻെറ ആ പഴയ മുദ്രാംഗുലീയമായിരുന്നു. മോതിരം കണ്ടപ്പോൾ രാജാവിനെല്ലാം ഓർമ്മവന്നു. ശകുന്തളയ്ക്കു് ദുർവ്വാസാവിൻെറ ഒരു ശാപമുണ്ടായിരുന്നതുകൊണ്ടാണു് ഇങ്ങനെയെല്ലാം വന്നുഭവിച്ചതു്. അനസൂയയ്ക്കും പ്രിയംവദയ്ക്കും മാത്രമേ ഇതിനെക്കുറിച്ചു് അറിവുണ്ടായിരുന്നുള്ളൂ. യാത്ര പിരിയുമ്പോൾ മോതിരം സൂക്ഷിക്കണമെന്നവർ ശകുന്തളയോടു് പ്രത്യേകം പറയുകയുമുണ്ടായി.

പശ്ചാത്താപാത്തനായ ദുഷ്യന്തനു് രാജ്യകാര്യങ്ങളിൽ തീരെ ശ്രദ്ധയില്ലാതായി. കനൽ ഉമിയെ എന്നപോലെ, ഈ സ്മരണ അദ്ദേഹത്തിൻെറ ഹൃദയത്തെ നീററി. രാജ്യകാര്യങ്ങളെല്ലാം മന്ത്രിയെ ഏല്പിച്ചു്, ഉദ്യാനത്തിൽ ചെന്നിരുന്നു്, താൻതന്നെ വരച്ച ശകുന്തളയുടെ ചിത്രവും നോക്കി, അദ്ദേഹം നെടുവീർപ്പിട്ടു. അങ്ങനെയിരിക്കെ രാജതോഴനായ മാഢവ്യനെ ആരോ ശ്വാസംമുട്ടിച്ചു വിഷമിപ്പിച്ചു. അയാൾ ഉറക്കെ കരഞ്ഞു. രാജാവു് തൻെറ തോഴനെ ഉപദ്രവിക്കുന്നതാരെന്നു് ദേഷ്യത്തോടെ നോക്കിയപ്പോൾ ഇന്ദ്രസാരഥിയായ മാതലിയെയാണു് കണ്ടതു്. ഉന്മാദാവസ്ഥയോടടുത്തിട്ടുള്ള ദുഷ്യന്തൻെറ സങ്കടം തീർത്തു്, തൽക്കാലത്തേയ്ക്കെങ്കിലും വീര്യവാനാക്കിത്തീർക്കാനാണു് മാതലി അങ്ങനെ ചെയ്തതു്. ദേവാസുര യുദ്ധത്തിൽ ഇന്ദ്രനെ സഹായിക്കാൻ ദുഷ്യന്തനെ കൂട്ടിക്കൊണ്ടുപോകാനാണു് മാതലി വന്നതു്.

രാജാവു് സ്വർഗ്ഗത്തിൽനിന്നു മടങ്ങുന്നവഴി ഹേമകൂടത്തിൽ ഇറങ്ങി, മാരീചാശ്രമത്തിൽ ചെന്നു മഹർഷിയെക്കണ്ടു വന്ദിക്കുവാൻ. ആശ്രമത്തിൽ പ്രവേശിച്ചപ്പോൾ കണ്ട കാഴ്ച ദുഷ്യന്തനെ അത്ഭുതപ്പെടുത്തി. ഒരു കൊച്ചുമിടുക്കൻ ഒരു സിംഹത്തിൻെറ വായ്പിടിച്ചു പൊളിച്ചു് അതിൻെറ പല്ലെണ്ണുകയാണു്. ചക്രവർത്തിലക്ഷണം തെളിഞ്ഞുകാണുന്ന ആ കുമാരനിൽ. സർവ്വദമനൻ

എന്നായിരുന്നു കുട്ടിയുടെ പേർ. ദുഷ്യന്തനിൽ കൗതുകം തലനീട്ടി. ദാസിമാർ എത്രപറഞ്ഞിട്ടും കുട്ടി സിംഹത്തെ വിട്ടന്നില്ല. ഒടുവിൽ അവർ 'ശകുന്തലാവണ്യം' കാണാൻ വിളിച്ചപ്പോൾ "എവിടെ അമ്മ?" എന്നാണു് ബാലൻ ചോദിച്ചതു്. അമ്മ വിളിക്കുകയാണെന്നു് അവൻ തെററി ധരിച്ചു. ദുഷ്യന്തൻെറ ആശ വർദ്ധിച്ചു. ഇതിനിടയ്ക്കു് സർവ്വദമനൻെറ കൈയിൽ കെട്ടിയിരുന്ന രക്ഷ താഴെ വീണു; രാജാവു് അതെടുത്തുകൊടുത്തു; അക്കാഴ്ച കണ്ടവ രെല്ലാം അത്യത്ഭുതമായി. പിതാവിനു മാത്രമേ ആ രക്ഷ അപകടം കൂടാതെ എടുക്കാൻ കഴിയുകയുള്ളുവത്രേ !

വിവരമറിഞ്ഞ ശകുന്തള ആ രംഗത്തു വന്നുചേർന്നു. പാവം! ആളെ തിരിച്ചറിയാത്തവിധം ആ സാധ്വി അത്ര പരവശയായിരിക്കുന്നു. ഭർത്തൃപരാഭവം അസഹ്യമായി രുന്നെങ്കിലും, വേർപാടിൻെറ ഫലം അവളെ വല്ലാതെ ബാധിച്ചിരുന്നു. വേർപാടിലാണല്ലോ സ്നേഹത്തിൻെറ ശക്തി! രണ്ടുപേർക്കും അവരുടെ ഭാഗ്യത്തെ വിശ്വസി ക്കാൻ കഴിഞ്ഞില്ല. ദുഷ്യന്തൻ ആ മോതിരം വീണ്ടും ശകുന്തളയുടെ വിരലിലിട്ടുവിച്ചു. മോതിരത്തെ വിശ്വ സിക്കാൻ വയ്യെന്നുപറഞ്ഞു്, അതു് അവൾ ദുഷ്യന്തനെ ത്തന്നെ ഏല്പിച്ചു. അഥവാ, ആ പ്രേമബന്ധത്തിനു് ഇപ്പോൾ ഒരടയാളം വേണ്ടെന്നായി. മാരീചമഹർഷി രണ്ടുപേരേയും അനുഗ്രഹിച്ചു്, പുത്രനോടുകൂടി രാജധാനി യിലേയ്ക്കയച്ചു.

അഭ്യാസം.

1. 'ദുഷ്യന്തൻ അസ്ത്രം പ്രതിസംഹരിച്ചു'; 'മുനികുമാരന്മാർ സന്തുഷ്ടരായി.' ഈ കേവലവാക്യങ്ങളെ ചേർത്തു് മഹാവാക്യം നിർമ്മിക്കുക.
2. മഹാവാക്യം അപോദ്ധരിക്കേണ്ടതെങ്ങനെയാണെന്നറി യാമോ? മേലെഴുതിയ കേവലവാക്യങ്ങൾ ചേർന്നുണ്ടാ

കുന്ന മഹാവാക്യത്തെ താഴെ അപോദ്ധരിച്ചു കാണിക്കാം:—

(i) അംഗിവാക്യം:—
ദുഷ്യന്തൻ — കർത്താവു്
അസ്ത്രം — കർമ്മം
പ്രതിസംഹരിച്ചു — ക്രിയ.

(ii) അംഗിവാക്യം:—
മുനികുമാരന്മാർ — കർത്താവു്
സന്തുഷ്ടരായി — ക്രിയ (അകർമ്മകം)

(iii) ഉം — രണ്ടു വാക്യങ്ങളേയും ഘടിപ്പിക്കുന്ന ഘടകം. (സമുച്ചയം)

3. 'മഹാരാജാവു് ഒരു മാനിനെ കാണുകയും അതിനെ പിടിക്കാൻ ആഗ്രഹിക്കുകയും ചെയ്തു.'—അപോദ്ധരിക്കുക.

4. ദുഷ്യന്തൻ ശകുന്തളയെ ഉപേക്ഷിക്കുന്നതിനു കാരണം എന്തു്?

5. ഉപേക്ഷിച്ച ശകുന്തളയെ ദുഷ്യന്തൻ സ്വീകരിച്ചതെങ്ങനെ?

പാഠം 23

ആമ്പൽപ്പൂക്കൾ

ഓണവെയ്‌ലൊളി ചിന്നുമൊരു സുപ്രഭാതത്തി–
ലാണു കണ്ടതു ഞാനാഗ്രാമത്തിൻ കിടാങ്ങളെ.
അങ്ങവർ പൂക്കൂടയിൽ കൈത്തോട്ടിൽനിന്നും താമ്ര–
പിംഗളമാമ്പൽപ്പൂക്കളെറുത്തു നിറയ്ക്കുന്നു.

അറിയാമെനിക്കിവർ ചേററിലെക്കഞ്ഞുങ്ങളീ
യലരാൽ മാവേലിക്ക പൂക്കളം തീർക്കും നാളെ.

എങ്ങിവരുടെ പഞ്ഞക്കെട്ടന്നീർ? എങ്ങീ ഹൃദ-
യങ്ങളിൽ വികസിക്കും നിസർഗ്ഗകലോല്ലാസം?

"എന്തിനീയാമ്പൽപ്പൂക്കൾ?' വെറുതേ ചോദിച്ചേൻ ഞാൻ,
അന്തികേ തണ്ണീർകോരുമവർതൻ മാതാവോതി:

""നാലു മുക്കാലോ മറേറാ നൂറുപൂവിററാൽ കിട്ടും,
മാല കെട്ടാനാണത്രേ; വല്ലതും വാങ്ങിത്തിന്നാം".

കെട്ടുപോയ് പുതുവെയ്ലെൻ കൺകളിൽ, അപ്പൂവെല്ലാം
കൊട്ടയിൽ കാണായ് പിഴുതെടുത്ത കരൾപോലെ!

വിത്തും കൈക്കോട്ടും] [വൈലോപ്പിള്ളി ശ്രീധരമേനോൻ

അഭ്യാസം.

1. താമ്രപിംഗളം = ചുവന്നും മഞ്ഞളിച്ചുമുള്ള. നിസർഗ്ഗകലോല്ലാസം = സ്വാഭാവികമായി കലയിലുള്ള ആനന്ദം.
2. ആമ്പൽപ്പൂക്കളെല്ലാം പിഴുതെടുത്ത കരൾപോലെ കവിക്കു തോന്നിയതെന്തുകൊണ്ടാണു്?
3. 'അന്തികേ തണ്ണീർ കോരുമവർതൻ മാതാവോതി' ഇതു് ഏതുതരത്തിലുള്ള വാക്യമാണു്? അപോദ്ധരിക്കുക.
4. പിരിച്ചെഴുതുക:—
   തണ്ണീർ; പൂക്കളം; കെട്ടാനാണത്രെ; പിഴുതെടുത്തു.

———

പാഠം 24

ശ്രീ നാരായണഗുരു

നമ്മുടെ ജന്മഭൂമിയായ കേരളത്തെപ്പററി പല മഹാന്മാരും നല്ല അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. ആ അഭിപ്രായങ്ങൾ ഉദ്ധരിച്ച് നമ്മൾ കൂടെക്കൂടെ അഭിമാനം കൊള്ളാറുമുണ്ട്. അതു് നല്ലതാണ്. ആത്മാഭിമാനം എപ്പോഴും നല്ലതാണല്ലോ. എന്നാൽ നമ്മളെക്കുറിച്ച് ആരെങ്കിലും ചീത്ത അഭിപ്രായം പറഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു് എന്താണ്? അതും നാം അന്വേഷിക്കേണ്ടതാണ്. നമുക്ക് എന്തെങ്കിലും കുററങ്ങളും കുറവുകളും ഉണ്ടെങ്കിൽ അതും നമ്മൾ അറിഞ്ഞിരിക്കണമല്ലോ. എങ്കിൽ മാത്രമല്ലേ നമുക്ക് നന്നാകാൻ കഴിയൂ? അങ്ങനെയുള്ള ഒരഭിപ്രായം അരനൂററാണ്ടിനുമുമ്പ് ഒരു മഹാത്മാവ്—സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞു, "കേരളം ഒരു ഭ്രാന്താലയമാണെ"ന്ന്. എന്തുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞതു്?

മനുഷ്യത്വമില്ലാത്ത കുറേ അധികം അനാചാരങ്ങൾ ഈ രാജ്യത്തു് നിലനിന്നിരുന്നു. അവയ്ക്കു് ആധാരമായിരുന്നതു് ഇവിടത്തെ ജാതിവ്യവസ്ഥയുമാണ്. അതനുസരിച്ച് ഒരു വലിയ വിഭാഗം ആളുകൾക്ക് അമ്പലങ്ങളിൽ കടക്കാൻ പാടില്ലായിരുന്നു. അവർക്ക് വിദ്യാലയങ്ങളിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. അവർക്ക് പ്രധാന റോഡുകളിൽപ്പോലും പ്രവേശിക്കാൻ സ്വാതന്ത്ര്യമില്ലായിരുന്നു.

തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ,
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ,
കെട്ടില്ലാത്തോർ, തമ്മിലുണ്ണാത്തോരിങ്ങനെ—
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ".

എന്നു് ഈ ദുരവസ്ഥയെക്കുറിച്ച് മഹാകവി കുമാരനാശാൻ പാടിയിട്ടുണ്ട്.

ഇത്തരം ദുരാചാരങ്ങൾ കണ്ടിട്ടാണ് ഈ രാജ്യത്തെ ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിളിച്ചതു്. മനുഷ്യമഹത്വത്തെക്കുറിച്ച് ബോധമുള്ള ആരായാലും അങ്ങനെ വിളിച്ചുപോകും. ഇന്നു് ഈ അവസ്ഥയില്ല. ഇന്നെല്ലാവർക്കും മൗലികമായ അവകാശങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടു്. ഈ മാററം സ്വതേ ഉണ്ടായതാണോ? അല്ല. അതിൻെറ പിന്നിൽ സംഘടിതമായ പ്രവർത്തനവും പ്രക്ഷോഭണവും നടന്നിട്ടുണ്ടു്. അതിനു നേതൃത്വം കൊടുത്തതു് എസ്സ്. എൻ. ഡി. പി. യോഗമായിരുന്നു. പക്ഷേ അതിൻെറയും പിന്നിൽ ഇക്കണ്ട മാററങ്ങൾക്കെല്ലാം കാരണക്കാരനായി ഉയർന്നു നിൽക്കുന്ന ഒരു മഹാത്മാവുണ്ടു്. അദ്ദേഹമാണു് ശ്രീ നാരായണഗുരുസ്വാമി.

നാരായണഗുരുസ്വാമിയുടെ ജന്മദേശം ചെമ്പഴന്തിയാണു്. തിരുവനന്തപുരത്തിനടുത്തുള്ള ഒരു കൊച്ചുഗ്രാമമാണതു്—പച്ചക്കാടുകളും മൊട്ടക്കുന്നുകളും ആമ്പൽപ്പൊയ്കകളുംകൊണ്ടു് മനോഹരമായ ഒരു കൊച്ചു ഗ്രാമം. 1854–ാമാണ്ടിൽ ഒരു ഈഴവകുടുംബത്തിലാണു് സ്വാമി ജനിച്ചതു്. അഞ്ചാമത്തെ വയസ്സിൽത്തന്നെ അച്ഛനമ്മമാർ അദ്ദേഹത്തെ എഴുത്തിനിരുത്തി. പഠിക്കുന്ന കാര്യത്തിൽ അദ്ദേഹം വളരെ മിടുക്കനായിരുന്നു. അതുകൊണ്ടു് ഗുരുനാഥൻ പറഞ്ഞുകൊടുത്ത കാര്യങ്ങൾ എല്ലാം എളുപ്പം ഗ്രഹിച്ചു. ഏകാന്തമായിരുന്നു് ചിന്തിക്കുന്ന ശീലം അന്നു തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. ഇപ്രകാരം പഠിക്കാനുള്ള വാസനയും ചിന്തിക്കുന്നതിനുള്ള ശീലവും ഒരാളിൽ ഒത്തിണങ്ങുകയാണെങ്കിൽ അയാൾ ഒരു വലിയ ആളാകുമെന്ന കാര്യത്തിൽ സംശയമില്ല.

എഴുത്തും വായനയും അഭ്യസിച്ചതിനുശേഷം മറെറാരു ഗുരുവിൻെറ കീഴിൽ അദ്ദേഹം സംസ്കൃതം പഠിക്കുവാൻ തുടങ്ങി; അചിരേണ സംസ്കൃതത്തിൽ നല്ല അറിവു് സമ്പാദിച്ചു. പിന്നീടു് ഭാരതീയവേദാന്തത്തിൽ ഉപരിപഠനം നടത്താനാണു് അദ്ദേഹം ശ്രമിച്ചതു്.

കൗമാരംവിട്ടു് യൌവനത്തിലേയ്ക്കു കാലൂന്നിയ അവസരത്തിൽ സ്വാമി വീടിനോടു് അവസാനയാത്ര

പറഞ്ഞു് ഇറങ്ങിപ്പോയി. എന്തുകൊണ്ടോ അദ്ദേഹത്തിനു് വീട്ടുകാര്യങ്ങളിൽ ഒരു മടുപ്പു തോന്നി. തന്റെ നാലുപാടും ജീവിക്കുന്ന മനുഷ്യരുടെ ദുഃഖങ്ങൾ അദ്ദേഹത്തെ ചിന്താധീനനാക്കി. അവ അദ്ദേഹത്തെ വേദനിപ്പിച്ചു. അതുകൊണ്ടു് അവരുടെ ദുഃഖം അവസാനിപ്പി



ക്കാതെ തനിക്കു് സ്വസ്ഥത കിട്ടുകയില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. പക്ഷേ എങ്ങനെയാണു് അവരുടെ ദുഃഖം അവസാനിപ്പിക്കുക? അതിനുള്ള വഴി അദ്ദേഹത്തിനു് അറിഞ്ഞുകൂടായിരുന്നു. ആ വഴി കണ്ടുപിടിക്കണം.

അതിനുവേണ്ടി നിരന്തരം പരിശ്രമിക്കണം. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് അദ്ദേഹം ലൌകികജീവിതത്തോടു യാത്ര പറഞ്ഞതു്. മഹാത്മാക്കൾ എപ്പോഴും അങ്ങനെയാണല്ലോ. അന്യർക്കു് ഗുണം ചെയ്യുന്നതിനുവേണ്ടി അവർ സ്വന്തം സുഖങ്ങളെ പരിത്യജിക്കുന്നു.

അദ്ദേഹത്തിൻെറ ജീവിതത്തിലെ രണ്ടാംഘട്ടമാണിതു്. വളരെക്കാലം അദ്ദേഹം ചിന്താകുലനായി അലഞ്ഞുനടന്നു. അതിനിടയിൽ യോഗാഭ്യാസവും ശീലിച്ചു. അതിൻെറ ഫലമായി മനസ്സിനെ നിയന്ത്രിക്കാൻ അദ്ദേഹം പഠിച്ചു. മനസ്സിനെ നിയന്ത്രിക്കാൻ കഴിയാത്ത ആർക്കും മഹത്വത്തിലേയ്ക്കു് ഉയരുവാൻ സാധിക്കുകയില്ല. പിൽക്കാലത്തു് വളരെ കോളിളക്കമുള്ള സന്ദർഭങ്ങളിൽപ്പോലും ഇളകാതെ നിൽക്കാൻ സ്വാമിക്കു കഴിഞ്ഞിട്ടുണ്ടു്. അതു് അദ്ദേഹത്തിനു് മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നതുകൊണ്ടാണു്. ഇതുകൂടാതെ മറെറാരു നേട്ടവും ഈ ഘട്ടത്തിൽ അദ്ദേഹത്തിനുണ്ടായി. പല തരത്തിലുള്ള മനുഷ്യരെയും അദ്ദേഹം കാണുകയും പരിചയപ്പെടുകയും ചെയ്തു. അവരോടൊത്തു് അദ്ദേഹം ജീവിച്ചു. അവരുടെ സ്വഭാവവിശേഷങ്ങൾ ശരിക്കു മനസ്സിലാക്കി. അതെല്ലാംവച്ചു ചിന്തിച്ചപ്പോൾ ഒരു കാര്യം അദ്ദേഹം ഗ്രഹിച്ചു. എല്ലാ മനുഷ്യരും അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒരേ തരക്കാരാണു്. ഹിന്ദുവെന്നും മുസൽമാനെന്നും ക്രിസ്ത്യാനിയെന്നും മററും പറയുന്നതു് ആചാരങ്ങളെയും വിശ്വാസങ്ങളെയുംമാത്രം ആസ്പദമാക്കിയാണു്. പക്ഷേ മൌലികമായ കാര്യങ്ങളിൽ അവർ തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എല്ലാവരും സ്നേഹിക്കാൻ കഴിവുള്ളവരാണു്. എല്ലാവരും സ്നേഹിക്കപ്പെടാൻ ആഗ്രഹമുള്ളവരാണു്. എല്ലാവരിലും നന്മതിന്മകൾ സങ്കലിതമായി കാണപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ എല്ലാവരും ഒരേ തറവാട്ടിലെ അംഗങ്ങളാണു്. ഈ മഹാസത്യം മനസ്സിലാക്കിയതുകൊണ്ടാണു് നമുക്കെല്ലാം സുപരിചിതമായ ആ മഹാസന്ദേശം പ്രഖ്യാപിക്കാൻ നാരായണ

ഗുരുവിനു കഴിഞ്ഞതു്. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്" എന്ന സന്ദേശം ഇപ്പോൾ കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിലാകെ പ്രസിദ്ധമായി ത്തീർന്നിട്ടുണ്ടു്.

മറെറാരു യാഥാർത്ഥ്യംകൂടി അദ്ദേഹം കാണുകയു ണ്ടായി— കേരളത്തിൽ മനുഷ്യരായി ജീവിക്കാൻ സ്വാതന്ത്ര്യം ലഭിക്കാതെ എത്രയോ ലക്ഷം ജനങ്ങൾ കഷ്ട പ്പെടുന്ന കാഴ്ച. അവർക്കു് സ്വാതന്ത്ര്യം ലഭിക്കണം, മനു ഷ്യരെപ്പോലെ ജീവിക്കുന്നതിനു്. അതിനുള്ള മാർഗ്ഗത്തെ കുറിച്ചാണു് പിന്നീടു് അദ്ദേഹം ചിന്തിച്ചതു്. അലക്ഷ്യ മായ സഞ്ചാരവും ഏകാന്തവാസവും ഉപേക്ഷിച്ചു് വീണ്ടും അദ്ദേഹം ജനങ്ങൾക്കിടയിലേയ്ക്കു തിരിച്ചുവന്നു. സുചി ന്തിതമായ പദ്ധതികളോടുകൂടിയാണു് അദ്ദേഹം അപ്രകാരം വന്നതു്. ആ പദ്ധതികൾ ഒന്നൊന്നായി നടപ്പിൽ വരുത്താനും തുടങ്ങി.

ഇതാണു് സ്വാമിയുടെ ജീവിതത്തിലെ മൂന്നാംഘട്ടം. അതിൻെറ പ്രാരംഭം 1887–ലാണു്. നെയ്യാററിൻകരയ്ക്കടു ത്തുള്ള അരുവിപ്പുറം എന്ന സ്ഥലത്തുവച്ചാണു് ആ പ്രവ ൎത്തനം അദ്ദേഹം തുടങ്ങിയതു്. ആററിൽനിന്നു് ഒരു പാറക്കഷണമെടുത്തു് അദ്ദേഹം അവിടെ ഒരു ശിവ പ്രതിഷ്ഠ നടത്തി. അതു് ഒരു വലിയ സംഭവമായിരുന്നു. അതിനുമുമ്പു് ബ്രാഹ്മണർക്കല്ലാതെ മററാർക്കും പ്രതിഷ്ഠ നടത്താൻ അവകാശമില്ലായിരുന്നു. അതുകൊണ്ടു് യാഥാ സ്ഥിതികന്മാർ അദ്ദേഹത്തിൻെറ ആ പ്രവൃത്തിയെ ആക്ഷേപിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു. അദ്ദേഹം വളരെ വിനീതനായിട്ടാണു് അതിനു മറുപടി പറഞ്ഞതു്. താൻ പ്രതിഷ്ഠിച്ചതു് "ഈഴശ്ശിവ"നെ മാത്രമാണു്; അതിലാരും പരിഭവിക്കേണ്ടതില്ല. നൂററാണ്ടുകളായി നിലനിന്ന ഉറപ്പേറിയ ഒരാചാരത്തെ എത്ര സൌമ്യമായി ട്ടാണു് അദ്ദേഹം ലംഘിച്ചതെന്നു നോക്കുക. എതിരാളി കളെ നിരായുധരാക്കുന്ന ഈ സൌമ്യത സ്വാമിയുടെ എല്ലാ പ്രവൎത്തനങ്ങളിലും കാണാമായിരുന്നു. സമാധാനപൂൎവ്വം വിപ്ലവം സൃഷ്ടിക്കാനുള്ള അദ്ദേഹത്തിൻെറ കഴിവാണു് ഇവിടെ നാം കാണുന്നതു്.

അതിരിക്കട്ടെ. നമുക്ക് അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളെത്തന്നെ പരിശോധിക്കാം. പ്രതിഷ്ഠ നടത്തിയ സ്ഥലത്ത് അദ്ദേഹം ഒരു ക്ഷേത്രം പണികഴിപ്പിച്ചു. അവിടെ അദ്ദേഹത്തിൻെറ ആദർശവും എഴുതിവയ്പിച്ചു. അതിങ്ങനെയാണ്:

ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സൎവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്.

എത്ര ഉന്നതമായ ആദർശം! തൻെറ ജീവിതാവസാനംവരെ ഈ ആദർശത്തെ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം പ്രവൎത്തിച്ചുപോന്നത്.

ആ ക്ഷേത്രം കേന്ദ്രമാക്കി അവിടത്തെ ജനങ്ങളെ സംഘടിപ്പിക്കുന്നതിനായിരുന്നു പിന്നീട് അദ്ദേഹം ശ്രമിച്ചത്. ശ്രീനാരായണധർമ്മം നടപ്പാക്കാൻ അവിടെ ഒരു കൊച്ചു സഭ സ്ഥാപിതമായി. ആ സഭയാണ്, അധികം താമസിയാതെ, എസ്സ്. എൻ. ഡി. പി. യോഗമായി വികസിച്ചത്. ഇത് ആരംഭം മാത്രമാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഇതിനെത്തുടർന്ന് കേരളത്തിൻെറ എല്ലാ ഭാഗങ്ങളിലും അദ്ദേഹം ചുററിസ്സഞ്ചരിച്ചു. പല സ്ഥലങ്ങളിലും ക്ഷേത്രങ്ങൾ സ്ഥാപിക്കുകയും വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ ക്ഷേത്രങ്ങൾ സ്ഥാപിച്ചതു് ആരാധനയ്ക്കുവേണ്ടി മാത്രമായിരുന്നില്ല. ആളുകൾക്കു് സംഘടിക്കാനും വിദ്യാഭ്യാസം ചെയ്യാനുമുള്ള കേന്ദ്രങ്ങളായിരുന്നു അവയെല്ലാം. "സംഘടനകൊണ്ടു ശക്തരാവുക, വിദ്യകൊണ്ടു് പ്രബുദ്ധരാവുക" എന്നതായിരുന്നു അദ്ദേഹം അനുയായികൾക്കു് നൽകിയ സന്ദേശം. സംഘടിച്ചെങ്കിൽ മാത്രമേ സാമുദായികമായ അനാചാരങ്ങളെ ദൂരീകരിക്കാൻ സാധിക്കുകയുള്ളു. പക്ഷെ അതിനുള്ള പരിശ്രമം നല്ല മാർഗ്ഗത്തിലൂടെ മാത്രമേ നടക്കാവൂ. അതിനു് വിദ്യാഭ്യാസം ആവശ്യമാണു്. അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളുടെ എല്ലാം അടിയിൽ കാണുന്ന തത്ത്വം ഇതാണു്.

ഇങ്ങനെയുള്ള പ്രവർത്തനംമൂലം ഈ നാട്ടിലെ അധഃകൃതർ എല്ലാം ഉണർന്നു. അവർക്കു് സ്വാതന്ത്ര്യം വേണമെന്നു് ആഗ്രഹമുണ്ടായി. അതിനുവേണ്ടി പരിശ്രമിക്കാൻ എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ പിന്നിൽ അവർ അണിനിരന്നു. കുമാരനാശാൻ, സി. കൃഷ്ണൻ, ഡാക്ടർ പൽപ്പു, ടി. കെ. മാധവൻ തുടങ്ങിയ മഹാന്മാരെല്ലാം ഈ പരിശ്രമത്തിനു് നേതൃത്വം കൊടുത്തവരായിരുന്നു.

ഇപ്രകാരം ജനങ്ങൾ ഉണർന്നു കഴിഞ്ഞപ്പോൾ ക്ഷേത്രങ്ങൾ സ്ഥാപിക്കുന്ന രീതിയിലും സ്വാമി ചില മാററങ്ങൾ വരുത്താൻ തുടങ്ങി. മുരുക്കുംപുഴയിൽ വിഗ്രഹത്തിന്റെ സ്ഥാനത്തു് ഒരു പ്രഭ മാത്രമാണു് പ്രതിഷ്ഠിച്ചതു്. അതിൽ "സത്യം, ധർമ്മം, ദയ, സ്നേഹം" എന്നീ നാലു വാക്കുകൾ എഴുതിവയ്ക്കുകയും ചെയ്തു. ഇതു് അർത്ഥഗർഭമാണു്. ദൈവത്തെ പ്രാർത്ഥിക്കുന്നവരല്ല, ഈ ആദർശങ്ങൾ ജീവിതത്തിൽ പാലിക്കുന്നവരാണു് യഥാർത്ഥദൈവഭക്തന്മാർ എന്നാണു് ഇതിന്റെ അർത്ഥം. സത്യമാണു് ദൈവം എന്നു് മഹാത്മാ ഗാന്ധി പറഞ്ഞിട്ടുള്ളതു് ഈ ഘട്ടത്തിൽ നാം ഓർമ്മിക്കുക. അധികം താമസിയാതെ ശിവഗിരിയിൽ അദ്ദേഹം "ശാരദാ" പ്രതിഷ്ഠനടത്തി. 'ശാരദ' വിദ്യയുടെ പ്രതിരൂപമാണല്ലോ. വിദ്യ സമ്പാദിക്കുന്നവൻ ഈശ്വരപൂജ നടത്തുന്നുഎന്നാണു് ഇതിന്റെ അർത്ഥം. അതിനുശേഷം ചേർത്തലയ്ക്കടുത്തു് കളവങ്കോടത്തുള്ള ക്ഷേത്രത്തിൽ അദ്ദേഹം വെറും ഒരു കണ്ണാടിമാത്രമാണു് പ്രതിഷ്ഠിച്ചതു്. നമ്മൾ നമ്മളെത്തന്നെ ശരിക്കു് കാണുകയും മനസ്സിലാക്കുകയും ചെയ്യണമെന്നാണല്ലോ ഇതിന്റെ അർത്ഥം. ഇതിൽ നിന്നെല്ലാം ഒരു കാര്യമാണു് നാം മനസ്സിലാക്കുന്നതു്. മനുഷ്യർ യഥാർത്ഥമനുഷ്യരായിത്തീരുന്നതു് ചില ഉൽകൃഷ്ടമായ ഗുണങ്ങൾ പ്രകടിപ്പിക്കുമ്പോൾ മാത്രമാണു്. ക്ഷേത്രത്തിൽ പോകുകയും പ്രാർത്ഥന നടത്തുകയും ചെയ്താൽ മാത്രം പോരാ. നമ്മുടെ സമസൃഷ്ടരെ സ്നേഹിക്കാനും അവർക്കുവേണ്ടി ത്യാഗമനുഷ്ഠിക്കാനും നമ്മൾ തയാറാകണം. അപ്പോൾ മാത്രമേ, മനുഷ്യൻ യഥാർത്ഥമനുഷ്യനായിത്തീരുകയുള്ളൂ. "മതമേതായാലും മനുഷ്യൻ

നന്നായാൽ മതി'' എന്നു് സ്വാമികൾ പറഞ്ഞതിന്റെ സാരവും ഇതുതന്നെയാണു്.

1928-ൽ നാരായണഗുരുസ്വാമി സമാധിയടഞ്ഞു. ആ കാലംവരെ അദ്ദേഹം നിരന്തരമായി പ്രവർത്തിച്ചുകൊണ്ടുതന്നെയിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഈ രാജ്യത്തിലെ എല്ലാ മനുഷ്യരും ഒരുപോലെ ദുഃഖിച്ചു. മനുഷ്യവർഗ്ഗത്തിനുവേണ്ടി സ്വന്തം ജീവിതം സമർപ്പിച്ച ഒരു മഹാത്മാവിന്റെ വിയോഗത്തിൽ ആരാണു് ദുഃഖിക്കാതിരിക്കുക? പക്ഷേ നമുക്കു് ആശ്വാസത്തിനു് വകയുണ്ടു്. അദ്ദേഹം എന്നെന്നേക്കുമായി യാത്ര പറഞ്ഞു പിരിഞ്ഞെങ്കിലും, അദ്ദേഹത്തിന്റെ ഉന്നതങ്ങളായ ആദർശങ്ങൾ നമുക്കു് സമർപ്പിച്ചിട്ടാണു് പോയതു്. ആ ആദർശങ്ങളെ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി നമുക്കും പരിശ്രമിക്കാം. അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ ജീവിതം അതിനുള്ള പ്രചോദനം നമുക്കു നൽകട്ടെ!

അഭ്യാസം.

1. ''ആ ബാലൻ എഴുത്തും വായനയും അഭ്യസിച്ചതിനുശേഷം സംസ്കൃതം പഠിക്കാൻ തുടങ്ങി.''—അപോദ്ധരിക്കുക.
2. 'അദ്ദേഹം പലതരത്തിലുള്ള ആളുകളുമായി പരിചയപ്പെട്ടു; അവരോടൊത്തു ജീവിച്ചു; അവരുടെ സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കി.''—ഇവ കൂട്ടിച്ചേർത്തു് മഹാവാക്യമാക്കുക.
3. വിവേകാനന്ദൻ, മഹാകവി, മഹാത്മാവു്, മട്ടുപ്പു്, നന്മതിന്മകൾ—ഇവ ഏതേതു നാമവിഭാഗത്തിൽ പെടുന്നു?
4. തെററുണ്ടെങ്കിൽ തിരുത്തുക:—
   പ്രതിഷ്ഠിക്കുക, വിദ്യഭ്യാസം, ഉണ്ടങ്കിൽ.
5. ശ്രീ നാരായണഗുരുവിന്റെ ജനനകാലത്തു് കേരളത്തിലെ സാമുദായികസ്ഥിതി എന്തായിരുന്നു?
6. ശ്രീ നാരായണഗുരുവിന്റെ ആദർശങ്ങൾ സംഗ്രഹിച്ചെഴുതുക.

പാഠം 25

കൽക്കത്ത

കൽക്കത്ത,
1—1—1958.

പ്രിയപ്പെട്ട ദാമു,

കൽക്കത്തയിൽ വന്നെത്തിയ വിവരത്തിന്ന ഞാൻ ഒരു കാർഡ്ഡ് അയച്ചിരുന്നുവല്ലോ. ഇക്കഴിഞ്ഞ രണ്ടാഴ്ച കാലത്തു കിട്ടിയ ഒഴിവുസമയം മുഴുവനും കൽക്കത്ത ചുററിക്കാണുവാനാണ് ഞാൻ ചെലവഴിച്ചതു്. എത്ര വലിയ പട്ടണമാണെന്നോ കൽക്കത്ത! വളരെക്കാലം അതു് ഇൻഡ്യയുടെ തലസ്ഥാനമായിരുന്നു. ഇപ്പോൾ ഇൻഡ്യയുടെ തലസ്ഥാനം ദൽഹിപട്ടണമാണെന്നു് നിനക്കു് അറിയാമല്ലോ. കൽക്കത്തയിൽ ബംഗാളികളെ മാത്രമല്ല, ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിൽനിന്നുള്ള ആളുകളെയും കാണാം. അവരെല്ലാം ഇവിടെയുള്ള വ്യവസായശാലകളിലും കച്ചവടസ്ഥാപനങ്ങളിലും ഗവൺമെൻറാഫീസുകളിലും ജോലിചെയ്യുന്നവരാണ്. വളരെ പേർ ജോലിയന്വേഷിച്ചു മററുഭാഗങ്ങളിൽനിന്നു് ഇങ്ങോട്ടു വരുന്നുമുണ്ടു്. വളരെയേറെ വ്യവസായശാലകളും കച്ചവടസ്ഥാപനങ്ങളും ബാങ്കുകളും മററും ഉള്ളതുകൊണ്ടു്, അവയെല്ലാം നടത്തുന്നതിന്നു വേണ്ട വലിയ വലിയ കെട്ടിടങ്ങളും ഇവിടെ കാണാം. വലിയ പള്ളികളും ദേവാലയങ്ങളും കുറവല്ല. ഇത്രയധികം വമ്പിച്ച കെട്ടിടങ്ങൾ ഉള്ളതുകൊണ്ടു് കൽക്കത്തയെ "കൊട്ടാരങ്ങളുടെ പട്ടണം" എന്നു വിളിക്കാറുണ്ടു്.

കൽക്കത്തയിലെ വമ്പിച്ച കെട്ടിടങ്ങളുടെയിടയിൽ ദരിദ്രരുടെ കുടിലുകളും നമുക്കു കാണാൻ കഴിയും. കൽക്കത്തയുടെ ആദ്യനിലയെ ആ കുടിലുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുതാനതി, കാളിക്കത്ത, ഗോവിന്ദപുരം എന്നീ മൂന്നു ചെറിയ ഗ്രാമങ്ങളിൽ നിന്നാണു്

ഇന്നത്തെ വലിയ കൽക്കത്തപ്പട്ടണം ഉണ്ടായിവന്നതു്. 1690–ാമാണ്ടിൽ ഈസ്റ്റിൻഡ്യാകമ്പനിയിലെ ചില ആളുകൾ ജോബ്ബ് ചാർനോക്കിൻെറ നേതൃത്വത്തിൽ ഹൂഗ്ലി നദിയിലൂടെ യാത്രചെയ്തു് സുതാനതി എന്ന ഗ്രാമത്തിൽ വന്നു ചേർന്നു. ഔറംഗസീബ്ബ് ചക്രവത്തിയുടെ മകനായ അസംരാജകുമാരൻ മുൻപറഞ്ഞ മൂന്നു ഗ്രാമങ്ങളും ഈ കച്ചവടക്കാർക്കു പാട്ടത്തിനു കൊടുത്തു. അവർ അവിടെ ശക്തിയുള്ള ഒരു കോട്ടകെട്ടി. പക്ഷേ 1756–ൽ ഇംഗ്ലീഷുകാർക്കു് ഈ കോട്ട നഷ്ടപ്പെട്ടു. മുർഷിദാബാദിലെ നവാബായിരുന്ന സുരാജദൗള ആ കോട്ട കൈവശപ്പെടുത്തി. എന്നാൽ അടുത്തകൊല്ലം തന്നെ ഇംഗ്ലീഷുകാർ അതു തിരിയെ പിടിച്ചു. മാത്രമല്ല, പ്ലാസി യുദ്ധത്തിൽ വിജയിയായ ക്ലൈവിനു് അന്നത്തെ നവാബായ മിർജാഫർ മുമ്പത്തെ മൂന്നു ഗ്രാമങ്ങൾക്കു പുറമെ "ഇരുപത്തിനാലു ഫർഗാനകൾ" എന്നു വിളിച്ചുവരുന്ന ഒരു വലിയ ഡിസ്ത്രിക്ടും വിട്ടുകൊടുത്തു. ഈസ്റ്റിൻഡ്യാകമ്പനി ഈ സ്ഥലത്തു് മുമ്പത്തെക്കാൾ വലിയ ഒരു കോട്ടകെട്ടി. ഇരുപതുലക്ഷം പവനാണു് ഈ കോട്ട കെട്ടുവാൻ ചെലവായതു്. ഫോർട്ട വില്യം എന്നാണു് അതിൻെറ പേർ. ഇന്നും ആ കോട്ട നിലനിൽക്കുന്നു. ആ കോട്ടയ്ക്കു ചുററും ഉണ്ടായിരുന്ന കുററിക്കാടുകളെല്ലാം വെട്ടിമാററി വിശാലമായ ഒരു മൈതാനം അവിടെ നിർമ്മിച്ചു. കൽക്കത്തയിലെ ജനങ്ങളുടെ വിശ്രമസ്ഥാനമാണു് ഈ മൈതാനം. വൈകുന്നേരത്തു കാററുകൊള്ളുന്നതിന്നുവേണ്ടി ആയിരക്കണക്കിനു് ആളുകൾ ഇവിടെ വരുന്നു. ഫുട്ബാൾ, ഹാക്കി മുതലായ കളികളും ഇവിടെ നടത്താറുണ്ടു്. ഈ മൈതാനത്തിനു ചുററുമാണു കെട്ടിടങ്ങൾ ഓരോന്നോരോന്നായി ഉയർന്നുവന്നതു്. അങ്ങനെ കൽക്കത്തപ്പട്ടണം ഇന്നത്തെനിലയിലെത്തിച്ചേർന്നു.

ജോബ്ബ് ചാർനോക്കു് കൽക്കത്തപ്പട്ടണം നിർമ്മിച്ച കാലത്തു്, കുട്ടികൾക്കു പഠിക്കുവാനുള്ള സൗകര്യമൊന്നും അവിടെയുണ്ടായിരുന്നില്ല. കാലക്രമത്തിൽ ഈസ്റ്റിൻഡ്യാകമ്പനിയുടെ കീഴിൽ ചില സ്കൂളുകൾ സ്ഥാപിച്ചു. ഇന്നു

ഇവിടെ ധാരാളം സ്കൂളുകളും കാളേജുകളും ഉണ്ട്. കൽക്കത്താ സവ്വകലാശാല പ്രസിദ്ധമായ ഒന്നാണ്. ഇൻഡ്യയിലെ ആദ്യത്തെ സവ്വകലാശാലകളിൽ ഒന്നാണ് അതു്. കഴിഞ്ഞകൊല്ലം അതിൻെറ ശതവാർഷികം ആഘോഷിക്കുകയുണ്ടായി.

കൽക്കത്തപ്പട്ടണം ഉടലെടുത്തതു് മൂന്നു ഗ്രാമങ്ങളിൽ നിന്നാണെന്നും അവയിൽ ഒന്നിൻെറ പേർ കാളിക്കത്ത എന്നാണെന്നും പറഞ്ഞുവല്ലോ. കാളി എന്ന ദേവതയുടെ പേരിൽനിന്നാണ് ആ ഗ്രാമത്തിനു കാളിക്കത്ത എന്ന പേർ ലഭിച്ചതു്. കൽക്കത്ത എന്ന പുതിയ പേരും കാളി എന്ന പേരിൽ നിന്നാണുണ്ടായതു്. കൽക്കത്തയിലെ പ്രധാനമായ കാഴ്ചസ്ഥലമാണ് കാളിഘട്ടത്തിലെ ഭഗവതീ ക്ഷേത്രം. എന്നും അവിടെ ദേവിയെ തൊഴാൻ വരുന്ന ഭക്തജനങ്ങളുടെ തിരക്കായിരിക്കും. ഗംഗയുടെ ഒരു ശാഖയായ ഹൂഗ്ലിനദി ഈ ക്ഷേത്രത്തിനു സമീപത്തുകൂടിയാണ് ഒഴുകുന്നതു്.

കൽക്കത്തയിലെ മറെറാരു കാഴ്ചസ്ഥലം അവിടത്തെ മൃഗശാലയാണ്. കുട്ടികൾക്ക് ഇത്രയും സന്തോഷപ്രദമായ മറെറാരു സ്ഥലമില്ല. അവർക്കു വേണമെങ്കിൽ അവിടെവച്ച് ആനപ്പുറത്തു ഒരു സവാരി നടത്താം. സിംഹം, പുലി, കരടി, ആന, ജിറാഫ്, കരങ്ങ്, പാമ്പ് എന്നിങ്ങനെ ധാരാളം ജന്തുക്കൾ അവിടെയുണ്ട്. ഭംഗിയുള്ള അനവധി പക്ഷികളെയും അവിടെ കാണാം. അവയെ തീററുന്ന സമയമാണ് ഏററവും രസകരം. ആ സമയത്തു് ജന്തുക്കളെല്ലാം എത്രമാത്രം സന്തോഷമുള്ളവയായിരിക്കുമെന്നോ !

ഇന്ത്യയിലെ പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നാണ് കൽക്കത്ത. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും ധാരാളം കപ്പലുകൾ ഇവിടെ വന്നടുക്കുന്നു. കപ്പലുകളിലേയ്ക്കു് ചരക്കുകൾ കയററുന്നതിൻെറയും കപ്പലുകളിൽ നിന്നും ചരക്കുകൾ ഇറക്കുന്നതിൻെറയും തിരക്കായിരിക്കും തുറമുഖത്തു് എപ്പോഴും. ഭാരം കൂടിയ സാധനങ്ങൾ

കയററുകയും ഇറക്കുകയും ചെയ്യുന്നതു് യന്ത്രങ്ങളുടെ സഹായത്തോടെയാണു്. കപ്പലുകൾക്കു കാററും കോളുമേൽക്കാതെ സുരക്ഷിതമായി നിന്നു ചരക്കുകൾ ഇറക്കുവാനും കയററുവാനുമുള്ള സൗകര്യം ഈ തുറമുഖത്തു ധാരാളമായുണ്ടു്. മാത്രമല്ല, ചരക്കുകൾ തീവണ്ടിയിൽ കയററി തുറമുഖത്തു കപ്പലിൻെറ സമീപംവരെ കൊണ്ടുവരുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടു്. ബംഗാളിൽ നിന്നുള്ള ചണവും അരിയും മാത്രമല്ല, ബീഹാറിൽ നിന്നുള്ള ഇരുമ്പു്, ആസ്സാമിൽനിന്നുള്ള ചായ, ഇവയെല്ലാം ഈ തുറമുഖത്തുനിന്നാണു് കയററുമതി ചെയ്യുന്നതു്.

കൽക്കത്തയിലെ വിക്ടോറിയാമെമ്മോറിയൽ എന്ന കെട്ടിടമാണു് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന മറെറാന്നു്. കൽക്കത്തയിലെ വിശാലമായ മൈതാനത്തിലാണു് അതു സ്ഥിതി ചെയ്യുന്നതു്. വെണ്ണക്കല്ലിൽ നിർമ്മിച്ച ഈ കെട്ടിടം വിക്ടോറിയാ രാജ്ഞിയുടെ സ്മാരകമാണു്. ആ കെട്ടിടത്തിനുള്ളിൽ ധാരാളം ചിത്രങ്ങളും പ്രതിമകളും ഉണ്ടു്. അവയെല്ലാം വിക്ടോറിയാ രാജ്ഞിയുടെ ഭരണവുമായി ബന്ധപ്പെട്ടവയാകുന്നു. വിക്ടോറിയാ രാജ്ഞി ധരിച്ചിരുന്ന വസ്ത്രങ്ങളും അവർ എഴുത്തുകൾ എഴുതാൻ ഉപയോഗിച്ചിരുന്ന മേശയും മററുള്ളവയെക്കാൾ കൂടുതലായി നമ്മെ ആകർഷിക്കും.

ca കൽക്കത്തയിലെ കാഴ്ചബംഗ്ലാവും ഞാൻ കാണുകയുണ്ടായി. പുരാതനവസ്തുക്കളാണു് അവിടെ കാഴ്ചയ്ക്കായി വച്ചിട്ടുള്ളതു്. അവയിൽ ചിലതു രണ്ടായിരം കൊല്ലത്തെ പഴക്കമുള്ളവയാണു്. ഇന്ത്യയുടെ പഴയ ചരിത്രവുമായി ബന്ധപ്പെട്ട പലതും നമുക്കു് അവിടെ കാണാം. ധാരാളം ആളുകൾ ദിവസേന കാഴ്ചബംഗ്ലാവു കാണാൻ വരും.

വളരെ വലിയ ഒരു കെട്ടിടത്തിലാണു് കൽക്കത്തയിലെ തപാലാഫീസ് സ്ഥിതി ചെയ്യുന്നതു്. അതിനടുത്തുതന്നെയാണു നേതാജി സുഭാഷ്റോഡു്. അവിടെയാണു് കൽക്കത്തയിലെ പ്രമുഖവ്യാപാരസ്ഥാപനങ്ങളെല്ലാം. ബാങ്കുകൾ, കമ്പനികളുടെ ആഫീസുകൾ,

സ്റ്റാക്ക് എക്സ്ചേഞ്ച് എന്നിവയെല്ലാം നമുക്ക് അവിടെ കാണാം. സ്റ്റാക്ക്എക്സ്ചേഞ്ച് എന്ന പറയു ന്നതു എന്താണെന്നു് അറിയാമോ? ഓരോ കമ്പനിയുടെയും ഓഹരികൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സ്ഥല മാണു് അതു്. വലിയ പണക്കാരാണു് അവിടെ വരുന്നതു മുഴുവൻ. ചുരുങ്ങിയ വിലയ്ക്കു ഓഹരികൾ വാങ്ങാനാണു് അവർ അവിടെവരുന്നതു്.

ഇനിയും പലതും വിസ്തരിച്ചു കാണുവാനുണ്ടു് ഇവിടെ. ഇപ്പോൾത്തന്നെ ഈ കത്തു് വളരെയേറെ നീണ്ടുപോയിരിക്കുന്നു. മറ്റു പ്രധാനപ്പെട്ട സ്ഥലങ്ങളെ പ്പറ്റിയുള്ള വിവരണങ്ങൾ ഞാൻ പിന്നീടു് എഴുതാം. എഴുതിയിടത്തോളം വിവരങ്ങൾ വായിച്ചിട്ടു് കൽക്ക ത്തയെപ്പറ്റി എന്തുതോന്നുന്നു? വിവരണം വായിച്ചാൽ പോരാ; ഇതെല്ലാം ഇവിടെ വന്നു കാണണം.

എന്നു്, ജ്യേഷ്ഠൻ

പരമൻ.

അഭ്യാസം.

1. എഴുത്തു മാത്രമാണു് ഈ പാഠം. എഴുത്തെഴുതി കവറി നുള്ളിലാക്കിയാൽ പുറത്തു മേൽവിലാസം എഴുതാൻ മറന്നുപോകരുതു്. മേൽവിലാസത്തിന്റെ ഒരു മാതൃക താഴെ ചേർക്കുന്നു:—

ശ്രീ. കെ. ദാമോദരമേനോൻ,

'ലക്ഷ്മീനികേതനം'

മനക്കിരിറോഡ്,

എറണാകുളം.

2. നിങ്ങൾ താമസിക്കുന്ന നാട്ടിലെ വിശേഷങ്ങൾ വിവരിച്ചു ദൂരദേശത്തു താമസിക്കുന്ന കൂട്ടുകാരനു് ഒരു കത്തെഴുതുക.
3. 'കൊട്ടാരങ്ങളുടെ പട്ടണ'മെന്നു് കല്ക്കത്തയ്ക്കു പേരുവരാൻ കാരണമെന്തു്?
4. കല്ക്കത്തയുടെ പൂർവ്വചരിത്രം സംഗ്രഹിക്കുക.
5. കല്ക്കത്തയിലെ പ്രധാന വിശേഷങ്ങൾ ചുരുക്കി എഴുതുക.

പാഠം 26

പൊളിഞ്ഞ കാളവണ്ടി

ഒഴിഞ്ഞ നാട്ടിൻപുറമങ്ങു മേക്കു
കിഴക്കെഴും ചെത്തുവഴിക്കു വക്കിൽ
ഒരാൽച്ചുവട്ടിൽ പ്രണമിച്ചപോലെ
കിടപ്പു കെട്ടറ്റൊരു കാളവണ്ടി. 1

പൊളിഞ്ഞുമേൽക്കൂടരുകറ്റി പൊയ്പോ-
യൊരോന്നൊരോന്നായ്ത്തുടരറ്റുതൂങ്ങി,
പൊതും നുകം കൈവശമാക്കിയാരോ;
ശേഷിച്ചതീദുർഭഗമസ്ഥികൂടം. 2

അതിന്റെ ചക്രങ്ങളമർന്ന ചുറ്റിൽ
തുരുമ്പു തൻജോലി തുടങ്ങിവച്ചു;
കൂറ്റൻ മരത്തണ്ടുകളിൽസുഭിക്ഷ-
സുസ്വാദുഭക്ഷ്യം ചിതൽകണ്ടുവച്ചു. 3

ആ വണ്ടിതൻ ചാഞ്ഞൊരു മുൻപുറത്തെ-
ക്കൊമ്പത്തിരുന്നാൽസുഖമുണ്ടു കാണ്മാൻ,
സുദീർഘമപ്പാത സുരാലയത്തിൻ-
സുവർണ്ണനിശ്രേണിതൊട്ടുംപ്രദേശം. 4

ഉദിക്കയും ചെയ്യുമൊരാൾക്കു ഹൃത്തിൽ,
അദ്ദിക്കയാൾ പണ്ടറിയുന്നതെങ്കിൽ-
പൊട്ടിച്ചിരിച്ചും മിഴിനീർപൊഴിച്ചും
തിരോഭവിച്ചുള്ളൊരരങ്ങനേകം. 5

അളകാവലി] [ഇടശ്ശേരി ഗോവിന്ദൻ നായർ.

അഭ്യാസം

1. പ്രണമിക്കുക = നമസ്കരിക്കുക. ദുർഭഗം = ഭംഗിയില്ലാത്ത. സുസ്വാദുഭക്ഷ്യം = നല്ല രുചിയുള്ള ആഹാരം. സുവർണ്ണനിശ്രേണി = പൊൻകോണി. സുരാലയം = ദേവലോകം.
2. മൂന്നാമത്തെ ശ്ലോകം പരാവർത്തനം ചെയ്യുക.
3. പൊളിഞ്ഞ കാളവണ്ടിയുടെ രൂപം സ്വന്തം വാക്യത്തിൽ വർണ്ണിക്കുക.
4. പിരിച്ചെഴുതുക:—
സുരാലയം, അങ്ങിക്ക്, അപ്പാത, കിഴക്കെഴും, കേട്ടറെറാരു.

പാഠം 27

ഏകലവ്യൻ

(സംഗീതനാടകം)

ഭാഗം ഒന്ന്

ഒന്നാം രംഗം

[ഒരു വേടക്കിടാത്തി പാടിക്കൊണ്ടുവരുന്നു]

പൂവേ—പൂവേ മണമോലും പൂവേ,
നീയി—ന്നെന്തേ ചിരിക്കാതെ നില്പൂ?
എന്നോ—ടേതാൻ പിണങ്ങുകകൊണ്ടോ,
ഏട്ടൻ—കൂടെയില്ലാത്തതുകൊണ്ടോ ?

മൈനേ—മൈനേ നിറമോല്യം മൈനേ,
നീയി—ന്നെന്തേ ചിലയ്ക്കാതിരിപ്പൂ ?
എന്തോ—ടേതാൻ പിണങ്ങുകകൊണ്ടോ,
ഏട്ടൻ—കൂടെയില്ലാത്തതുകൊണ്ടോ ?
ആരി—ന്നെന്നെയീവള്ളിയൂഞ്ഞാലിൽ
കേററി—യാട്ടിക്കളിപ്പിക്കും പൂവേ ?
ആരി—ത്തേൻ കൂടൊരമ്പിനാൽ ചോത്തി—
പ്പൂന്തേ—നെന്നെക്കുടിപ്പിക്കും മൈനേ ?

(അണിയറയിൽനിന്നു് ഏകലവ്യൻ)

ഞാനേ—ചെയ്യുമതൊക്കെയിന്നോമ—
ന്മൈനേ—പൂവേ, എൻ കൊച്ചനിയത്തി !

വേടക്കിടാത്തി:—അടടടാ ! ഏട്ടൻ ഇവിടെ ഒളിച്ചിരിക്കയായിരുന്നു; അല്ലേ— ഹാസ്തിനപുരത്തിലേയ്ക്കു പോകാതെ?

ഏകലവ്യൻ:—അല്ല പെണ്ണേ, ഞാൻ ഹാസ്തിനപുരത്തിൽ പോയി മടങ്ങിവരികയാണു്. നിൻെറ ഒച്ച കേട്ടപ്പോൾ ഇങ്ങോട്ടു പതുങ്ങിവന്നു എന്നുമാത്രം.

വേടക്കിടാത്തി:—അപ്പോൾ ഒരൊററ ദിവസംകൊണ്ടു് ആയുധവിദ്യയൊക്കെ പഠിച്ചുകഴിഞ്ഞോ? മിടുക്കൻ തന്നെ !

ഏകലവ്യൻ:—ഇല്ല, എന്നെ പഠിപ്പിക്കാൻ നിവൃത്തിയില്ലെന്നാണു് ദ്രോണാചാര്യർ പറഞ്ഞതു്.

വേടക്കിടാത്തി:—അങ്ങനെ വരട്ടെ. ഞാനിതു് അപ്പഴേ വിചാരിച്ചിട്ടുണ്ടു്, ഏട്ടനെ പഠിപ്പിക്കാൻ വേണ്ട വല്ല അറിവും ദ്രോണാചാര്യർക്കുണ്ടോ എന്നു്. ആട്ടെ, ഏട്ടൻ ദ്രോണാചാര്യർക്കു് അങ്ങോട്ടു വല്ലതും പഠിപ്പിച്ചുകൊടുത്തുവോ ?

ഏകലവ്യൻ:—പൊട്ടിപ്പെണ്ണേ, നിനക്കെന്തറിയാം!. അദ്ദേഹം ആയുധവിദ്യയുടെ അവതാരമൂത്തിയാണു്. എത്രയെത്ര രാജകുമാരന്മാരാണു്, അതാതു രാജ്യത്തു നിന്നു് അദ്ദേഹത്തിൻെറ അടുക്കൽ പഠിക്കുവാൻ അവിടെവന്നു താമസിക്കുന്നതു് !

വേടക്കിടാത്തി:—പിന്നെ എന്താണു് ഏട്ടനെ താമസിപ്പിച്ചു പഠിപ്പിക്കാൻ നിവൃത്തിയില്ലാ എന്നു്?

ഏകലവ്യൻ:—ഞാനൊരു വേടക്കിടാത്തനായതുകൊണ്ടാണത്രേ.

വേടക്കിടാത്തി:—എന്നുവച്ചാൽ ?

ഏകലവ്യൻ:—എന്നുവച്ചാൽ, നമ്മളൊക്കെ കറുത്തിട്ടല്ലേ ? ആ രാജകുമാരന്മാരൊക്കെ വെളുത്തിട്ടാണു്, പഴുത്ത മാങ്ങപോലെ. വെളുത്തവരും കറുത്തവരും ഒരുമിച്ചുകഴിയാൻ പാടില്ലത്രേ.

വേടക്കിടാത്തി:—ആഹാ ! അതു കഷ്ടമായിപ്പോയി !

ഏകലവ്യൻ:—എന്നാലും ദ്രോണാചാര്യർ എൻെറ ഗുരുവായിരിപ്പാൻ സമ്മതിച്ചിട്ടുണ്ടു്.

വേടക്കിടാത്തി:—അദ്ദേഹം ഇടയ്ക്കു് ഇങ്ങോട്ടു കാട്ടിലേയ്ക്കു വന്നിട്ടോ ?

ഏകലവ്യൻ:—അല്ല. അദ്ദേഹം ഹാസ്തിനപുരത്തിൽ എൻെറ ആചാര്യനായിരിക്കുക മാത്രമേ ചെയ്യൂ. ഞാൻ ഇവിടെയിരുന്നു പഠിക്കുകയും ചെയ്യും.

വേടക്കിടാത്തി:—അങ്ങനെയുമുണ്ടോ ഒരാചാര്യൻ!—ഒന്നും പഠിപ്പിക്കാത്ത ഒരാചാര്യൻ !

ഏകലവ്യൻ:—ഉണ്ടു പെണ്ണേ. എല്ലാ ആചാര്യന്മാരും അങ്ങനെയാണു്. ഒരാചാര്യനും നമ്മെ ഒന്നും പഠിപ്പിക്കുന്നില്ല. നാം ആചാര്യന്മാരെ മുൻനിത്തി എല്ലാം തനിയേ പഠിക്കുകയാണു്. എന്താ മിഴിക്കുന്നതു്? മനസ്സിലായില്ല, അല്ലേ ? മനസ്സിലാക്കിത്തരാം. നമുക്കു പോയി കളിമണ്ണുകുഴച്ചു ദ്രോണാ

ചാര്യരുടെ ഒരു പ്രതിമയുണ്ടാക്കണം. എന്നിട്ട്, ആ പ്രതിമയുടെ മുമ്പിലിരുന്നു് ഞാൻ എല്ലാ ആയുധവിദ്യയും പഠിച്ച്, ആ രാജകുമാരന്മാരെക്കാൾ കേമനാകുന്നതു നിനക്കു കാണാം.

(രണ്ടുപേരും പോകുന്നു.)

രണ്ടാം രംഗം.

[ഹസ്തിനപുരം കൊട്ടാരത്തിലെ ഒരു ഭൃത്യൻ ഒരു പാണ്ടൻ നായയെയും കൊണ്ടുവരുന്നു.]

ഭൃത്യൻ:— (നായയെ തൊട്ടുതലോടിക്കൊണ്ട്) എടോ പാണ്ടച്ചാരേ! നിനക്കു നല്ലകാലം വന്നുപോയി. എത്രകാലമായി നീ നായാട്ടിനു പോയിട്ട്! കഴിഞ്ഞുപോയ പാണ്ഡുതമ്പുരാൻ നായാട്ടിനുപോയി മടങ്ങിവരാതായതിനുശേഷം ഈ ഹസ്തിനപുരത്തുനിന്നു് ആരും നായാട്ടിനു പോവുകയുണ്ടായിട്ടില്ല. ഇന്നിതാ, ആദ്യമായി, നമ്മുടെ കൊച്ചുതമ്പുരാക്കന്മാരെല്ലാം— പാണ്ഡവത്തമ്പുരാക്കന്മാരും ന്യൂറുവർത്തമ്പുരാക്കന്മാരുമെല്ലാം— നായാട്ടിനു പുറപ്പെട്ടിരിക്കുന്നു. എത്ര കുറച്ചുകാലംകൊണ്ടാണു് ഈ കൊച്ചുതമ്പുരാക്കന്മാർ ആയുധവിദ്യയെല്ലാം പഠിച്ചുകഴിഞ്ഞതു്! അവരെ പഠിപ്പിച്ച ദ്രോണാചാര്യൻ എത്ര യോഗ്യൻ! ഇനിയെന്നും നിനക്കു പിടിപ്പതു പണിയായിപ്പോയി പാണ്ടച്ചാരേ! ഈ കഞ്ഞി മോന്തി തൽക്കാലം പ്രാതൽ കഴിച്ചോ. കാട്ടിൽച്ചെന്നു് ഒന്നാംതരം പച്ചയിറച്ചിസ്സദ്യ പൊടിപൊടിക്കാം.

(നായാട്ടുകാരുടെ ആർപ്പുവിളി കേൾക്കുന്നു.)

ഭൃത്യൻ:—ഓ, പുറപ്പെട്ടുപോയി (നായയെയും കൊണ്ടു പോകുന്നു.)

മൂന്നാം രംഗം.

[ഏകലവ്യൻ ദ്രോണപ്രതിമയ്ക്കു മുമ്പിലിരുന്നു് അമ്പെയ്ത്തു ശീലിക്കുന്നു. വേടക്കിടാത്തി അടുത്തിരുന്നു പാടുന്നു.]

കാട്ടിലെ വില്ലാളിമാരി—ലാരു–
ണ്ടേട്ടനെപ്പോലൊരു വീരൻ !

ഏകലവ്യൻ:—നീ നിന്റെ പണിനോക്കിക്കോ പെണ്ണേ ! അതാണു് നല്ലതു്.

വേടക്കിടാത്തി:—എന്റെ പണി ഏട്ടനെയും ഏട്ടന്റെ ആചാര്യനെയും സ്തുതിക്കുകയാണു്.

ഏകലവ്യൻ:—എനിക്കു നിന്റെ പാടലും സ്തുതിയുമൊന്നും വേണ്ട; മിണ്ടാതെ പോയാൽമതി.

വേടക്കിടാത്തി:—പിന്നെയല്ലേ ? സ്തുതി വേണ്ടാഞ്ഞിട്ടാണല്ലോ, ലോകത്തിലെ ഒന്നാംകിട വില്ലാളിയാകാനുള്ള ഈ കൊണ്ടുപിടിച്ച പരിശ്രമം ! എനിക്കു കേൾക്കണ്ട !

ഏകലവ്യൻ:—അതു നിന്റെ സ്തുതിയും പാടലും കേൾക്കാനല്ല.

[പെട്ടെന്നു് ഒരു പാണ്ടൻനായ് കുരച്ചുകൊണ്ടുവരുന്നു.]

വേടക്കിടാത്തി:—എന്നാലതാ, ഏട്ടനെ ഒരു നായ് സ്തുതിക്കുന്നു. കേട്ടോളൂ. (പൊട്ടിച്ചിരിക്കുന്നു.)

ഏകലവ്യൻ:—എടീ, അതു നിന്റെ പാട്ടിനുള്ള സ്തുതിയാണു്. (നായ് വീണ്ടും കുരയ്ക്കുന്നു.)

വേടക്കിടാത്തി:—ഓ, ഈ യോഗ്യൻ ഏട്ടനുള്ള സ്തുതി നിർത്താൻ ഭാവമില്ലല്ലോ.

ഏകലവ്യൻ:—അതു ഞാനിപ്പോൾ നിർത്താം; കണ്ടോ !

[ഒരൊററവലിക്കു് ഏഴമ്പു നായുടെ വായിൽത്തന്നെ എയ്തു തറയ്ക്കുന്നു. നായ് ഓരിയിട്ടുകൊണ്ടോടുന്നു.]

വേടക്കിടാത്തി:— (കൈകൊട്ടിച്ചിരിച്ച്) അഹഹ! അവൻ ഏട്ടൻെറ കീൎത്തി ലോകത്തിൽ പരത്താൻ പായുകയാണു്.

ഏകലവ്യൻ:—അതു് ഏതോ നായാട്ടുകാരുടെ നായാണെന്നു തോന്നുന്നു.

വേടക്കിടാത്തി:—ആവണം. ഇന്നു് ഈ കാട്ടിൽ കുറേ രാജകുമാരന്മാർ നായാട്ടിനു വന്നിട്ടുണ്ടെന്നു് അച്ഛൻ പറഞ്ഞു.

ഏകലവ്യൻ:—ഹാ സ്തി ന പു ര ത്തു കാ രാ വാം. എങ്കിൽ അവർ ഇതിനു പകരംചോദിക്കാൻ ഇങ്ങോട്ടു വരില്ലെന്നുറപ്പിച്ചുകൂടാ. നീ കുടിലിലേയ്ക്കു പൊയ്ക്കോ.

വേടക്കിടാത്തി:—ഞാൻ പോവില്ല. അവർ ഏട്ടനോട്ട് പകരംചോദിക്കുന്നതു് എനിക്കു കാണണം.

ഏകലവ്യൻ:—പെണ്ണേ, നീ ഏറെക്കിണുങ്ങേണ്ട. അവർ വന്നു് എന്നെ തോല്പിച്ച് നിന്നെ കെട്ടിക്കൊണ്ടു പോകുമെന്നാണോ നിൻെറ വിചാരം?

വേടക്കിടാത്തി:—എന്നാൽ അസ്സലായി! ഞാനൊരു രാജകുമാരിയാവും. പണ്ടു് ഏതോ ഒരു മുക്കുവക്കിടാത്തിയെ ഹാസ്തിനപുരത്തിലെ ഒരു രാജാവു് വേട്ടം കൊണ്ടുപോയ കഥ അച്ഛൻ പറഞ്ഞിട്ടില്ലേ, അതു പോലെ. പക്ഷേ ഏട്ടനതിനു സമ്മതിക്കുമെന്നു തോന്നുന്നില്ല. കാരണം,

നാട്ടിലെ വില്ലാളിമാരി—ലാരു—
ണ്ടേട്ടനെപ്പോലൊരു ധീരൻ?

ഏകലവ്യൻ:—നിൎത്തിക്കോ പെണ്ണേ. അവരതാ വരുന്നു.

വേടക്കിടാത്തി:—(ഉററുനോക്കി) ഓഹോ, കണ്ടാൽ ബഹു യോഗ്യരാണല്ലോ. ഏട്ടൻ പറഞ്ഞപോലെ മാമ്പഴം പോലത്തെ നിറം.

[അൎജ്ജുനനും വേറെചില രാജകുമാരന്മാരുംകൂടി വരുന്നു.]

ഏകലവ്യൻ:—ഹേ മാന്യയുവാക്കളെ! നിങ്ങൾക്കു സ്വാഗതം.

അർജ്ജുനൻ:—താങ്കൾക്കു മംഗളം വരട്ടെ! താങ്കളാണോ ഈ നായുടെ വായിൽ അമ്പുകൾ എയ്തു തറച്ചതു്?

ഏകലവ്യൻ:—അതെ. അതു് ഇവിടെവന്നു് ഞങ്ങളുടെ നേർക്കു കുരച്ചു ചാടാൻ ഭാവിച്ചപ്പോൾ എനിക്കങ്ങനെ ചെയ്യേണ്ടിവന്നു.

അർജ്ജുനൻ:—ഞങ്ങൾ താങ്കളെ കുററപ്പെടുത്താൻ വന്നതല്ല; താങ്കളുടെ കൈവിരുതു് അഭിനന്ദിക്കാൻ വന്നതാണു്. താങ്കളാരാണു്? ആരുടെ ശിഷ്യനാണു്?

ഏകലവ്യൻ:—ഞാൻ ഈ കാട്ടിലെ വേടന്മാരുടെ അരചനായ ഹിരണ്യധനുസ്സിൻെറ മകനാണു്. ഏകലവ്യനെന്നാണു പേർ. ദ്രോണാചാര്യരുടെ ശിഷ്യനാണു്.

അർജ്ജുനൻ:—ദ്രോണാചാര്യരുടെ ശിഷ്യനോ?

ഏകലവ്യൻ:—അതെ; ഇതാ കണ്ടില്ലേ, എൻെറ ആചാര്യൻെറ പ്രതിമ!

അർജ്ജുനൻ:—ഓ, ശരി. എന്നാൽ ഞങ്ങളിനി പോകട്ടെ.

ഏകലവ്യൻ:—എനിക്കു് നിങ്ങളെയും അറിഞ്ഞാൽ കൊള്ളാം.

അർജ്ജുനൻ:—ഞങ്ങൾ കുരുവംശത്തിലെ രാജകുമാരന്മാരാണു്. എൻെറ പേർ അർജ്ജുനൻ. ഇവരെൻെറ ജ്യേഷ്ഠന്മാരും അനുജന്മാരും. ഞങ്ങളും ദ്രോണാചാര്യരുടെ ശിഷ്യന്മാരാണു്. എന്നാൽ പിന്നെ—

ഏകലവ്യൻ:—ഗുരുവിനെ എൻെറ നമസ്കാരമറിയിപ്പാനപേക്ഷ. സതീർത്ഥ്യന്മാർക്കു സ്വസ്തി.

അർജ്ജുനൻ:—താങ്കൾക്കും സ്വസ്തി. (പോകുന്നു.)

വേടക്കിടാത്തി:—

കാട്ടിലെ വില്ലാളിമാരി—ലാരു-
ണ്ടേട്ടനെപ്പോലൊരു വീരൻ ?
നാട്ടിലെ വില്ലാളിമാരി—ലാരു-
ണ്ടേട്ടനെപ്പോലൊരു ധീരൻ ?
കാട്ടിലും നാട്ടിലുമാരു—ണ്ടെൻെറ-
യേട്ടനെപ്പോലെ ഗംഭീരൻ ?
ദ്രോണരാണാചാര്യനേട്ട—ന്നാര്യ-
ദ്രോണർതൻ ശിഷ്യനാണേട്ടൻ.

(തിരശ്ശീല)

ഭാഗം രണ്ട്

നാലാം രംഗം.

[ഹാസ്തിനപുരത്തിലെ കളരിമണ്ഡപത്തിൽ ദ്രോണാചാൎയ്യർ സചസ്ഥമായിരിക്കുന്നു.]

ദ്രോണർ:—(ആത്മഗതം) കുമാരന്മാർ നായാട്ടുകഴിഞ്ഞു വരാത്തതെന്താണ്? ഇല്ല, അർജ്ജുനൻ കൂടെയുള്ളതു കൊണ്ട് പേടിക്കാനൊന്നുമില്ല. ഹാ, ഈ അർജ്ജുനനാണ് എൻെറ ആശ മുഴുവൻ. പാഞ്ചാലരാജാവായ ദ്രുപദനെ പിടിച്ചുകെട്ടിക്കൊണ്ടുവരുവാൻ അവൻ മതി. കഷ്ടം! അഹങ്കാരിയായ ദ്രുപദാ! കുട്ടിക്കാലത്ത് നാം അഗ്നിവേശ്യൻെറ അടുക്കൽ പാർത്ത് ആയുധവിദ്യ അഭ്യസിച്ചിരുന്ന കാലത്ത് നിനക്ക് എന്നോട്ട് എന്തൊരു സ്നേഹമായിരുന്നു! അന്നു നീ പലപ്പോഴും പറഞ്ഞിരുന്നു, "എൻെറ അഭിഷേകം കഴിഞ്ഞാൽ പകുതി രാജ്യം ഞാൻ താങ്കൾക്കു തരു"മെന്നു്. അവിടെനിന്നു പോന്നിട്ട്, ഞാൻ ഒരു ഗതികെട്ട പ്രാരബ്ധക്കാരനായി; നീ രാജാവും. എന്നിട്ട് ഞാൻ നിൻെറ അടുക്കൽ തെണ്ടിവന്നപ്പോൾ ഒരുനേരത്തെ

ഭക്ഷണം തരാൻപോലും നിനക്കു തോന്നിയില്ല. എന്നെ സഭയിൽവച്ചു ശകാരിക്കുകയും ചെയ്തു. ഭാര്യയേയും കുട്ടിയേയും പുലർത്താൻ ഗതിയില്ലാത്ത ഈ സാധു ബ്രാഹ്മണൻ കൂട്ടിയാൽ എന്തു കൂട്ടമെന്നു നീ വിചാരിച്ചു. എന്തു കൂട്ടമെന്നു നിനക്കുടനെ കാണാം. ഞാനെൻെറ ഈ ശിഷ്യന്മാരെക്കൊണ്ട് ഈ ഭൂമി മുഴുവൻ നശിപ്പിക്കും. പിന്നെയല്ലേ നിന്നെ!. . . . എന്താണൊരു ശബ്ദം? ഓ, കുമാരന്മാർ വരുന്നുണ്ട്.

[രാജകുമാരന്മാർ വന്നു് ഗുരുവിനെ വന്ദിക്കുന്നു.]

ദ്രോണർ:—എല്ലാവർക്കും സ്വാഗതം. അപകടമൊന്നുമില്ലാതെ മടങ്ങിയില്ലേ എല്ലാവരും?

ദുര്യോധനൻ:—അപകടമൊന്നുമില്ല, എന്നാൽ ഒരു വിശേഷമുണ്ടായി.

ദ്രോണർ:—വിശേഷമെല്ലാം പിന്നെ; പോയി കുളിച്ച് ഊണു കഴിച്ചുവരിൻ.

ദുരോധനൻ:—വിശേഷിച്ചു പറയാൻ ഒന്നേയുള്ളു—അതൊരത്ഭുതവുമാണ്.

ദ്രോണർ:—അതെന്താ?

ദുര്യോധനൻ:—ഞങ്ങളുടെ സാമാനങ്ങളും കൊണ്ടുപോന്ന ഭൃത്യൻെറ കൂടെ ഒരു നായുണ്ടായിരുന്നു. അതു് എവിടെയൊക്കെയോ തെണ്ടിത്തിരിഞ്ഞു് ഒട്ടക്കം വായിൽത്തറച്ച ഏഴമ്പുമായി—

ദ്രോണർ:—വായിൽ ഏഴമ്പോ ?

ദുര്യോധനൻ:—അതേ, അതു കണ്ടു ഞങ്ങൾക്കു് അത്ഭുതമായി. ഞങ്ങൾ അതിൻെറ പിന്നാലെ ചെന്നന്വേഷിച്ചപ്പോഴുണ്ട്, ആ കാട്ടിലൊരുഭാഗത്തു് ഒരു കാട്ടാളച്ചെറുക്കൻ നിന്നു് അമ്പെയ്തു ശീലിക്കുന്നു. കറുത്തു്, ജടപിടിച്ചു്, കരിമാൻതോലുടുത്തു്, മേലാകെ ചെളി പുരണ്ട ഒരുത്തൻ. നായ് അവനെ കണ്ടെത്തി കുരച്ചു ചാടിയപ്പോൾ അവൻ എയ്തു തറച്ചവയായിരുന്നു

ആ അമ്പുകൾ. ഒററ എയ്ത്തിനു് ഏഴമ്പു്! അവൻ അവിട്ടത്തെ ശിഷ്യനാണെന്നും പറഞ്ഞു. എന്തൊരു കൈവേഗം! ഈ അർജ്ജുനൻപോലും അവൻെറ കിടയ്ക്കില്ല.

ദ്രോണർ:—മിടുക്കൻ തന്നെ. ആട്ടെ, പോയി കുളിച്ചു ഊണുകഴിച്ചു വരിൻ.

[അർജ്ജുനനൊഴികെ എല്ലാവരും പോകുന്നു.]

ദ്രോണർ:—എന്താ വിശേഷിച്ചു് അർജ്ജുനാ?

(അർജ്ജുനൻ നെടുവീർപ്പിടുന്നു)

ദ്രോണർ:—പറയൂ, ഉണ്ണീ, നിനക്കെന്താ ഒരു കുണ്ഠിതം? എന്തായാലും പറഞ്ഞോളൂ. എനിക്കു നിന്നെക്കാൾ പ്രിയപ്പെട്ട ഒരു ശിഷ്യനില്ല.

അർജ്ജുനൻ:—(നെടുവീർപ്പോടെ) ആ വേടക്കിടാത്തൻെറ പരാക്രമം ആചാര്യർ കേട്ടുവല്ലോ. 'അർജ്ജുനൻ പോലും അവൻെറ കിടയ്ക്കില്ലെ'ന്നു ദുര്യോധനൻ പറഞ്ഞതും കേട്ടില്ലേ?

ദ്രോണർ:—ഉവ്വ്. അതിൽ നിനക്കു കുണ്ഠിതപ്പെടാനെന്തുള്ളൂ?

അർജ്ജുനൻ:—അന്നൊരു ദിവസം ഞാൻ രാത്രി ഇരുട്ടത്തു് അമ്പെയ്തു ശീലിക്കുമ്പോൾ അങ്ങു് ശബ്ദം കേട്ടു വന്നു് എന്നെ ആശ്ലേഷിച്ചു് സത്യംചെയ്തു പറഞ്ഞുവല്ലോ 'എനിക്കു നിന്നെക്കാൾ മികച്ച ഒരു ശിഷ്യനില്ലെ'ന്നു്. എന്നിട്ടിപ്പോൾ എങ്ങനെയാണു് അങ്ങയ്ക്കു് എന്നെക്കാളെന്നല്ല, ലോകത്തെക്കാളും വീര്യവാനായ മറെറാരു ശിഷ്യൻ, ആ കാട്ടാളക്കിടാത്തൻ, ഉണ്ടായതു്?

ദ്രോണർ:—(ചിരിച്ചു്) ഓഹോ! അതാണല്ലേ നിൻെറ കുണ്ഠിതം? ശരി, അതിനു നിവൃത്തിയുണ്ടാക്കാം. പോയി കുളിച്ചു് ഊണുകഴിച്ചു് സ്വസ്ഥമായുറങ്ങു. കുണ്ഠിതപ്പെടേണ്ട. ഞാനൊരു സത്യം ചെയ്താൽ അതു മറിച്ചാവില്ല. നീ തന്നെയാണു് എൻെറ ശിഷ്യരിൽ അഗ്രേസരൻ. പൊയ്ക്കോളൂ.

(തിരശ്ശീല)

അഞ്ചാം രംഗം.

[വേടക്കിടാത്തി ഇരുന്നു പാടുന്നു]

കുരച്ചു ചാടിട്ടും ശുനകൻ വായൊന്നു
തുറന്നടച്ചിട്ടും ഞൊടിയിടയ്ക്കുള്ളിൽ
ഒരുന്നൂറമ്പെയ്തു തറച്ചുവിട്ടൊരു
വിരുതൻതന്നുടെയിളയ പെങ്ങൾ ഞാൻ.

ഏകലവ്യൻ:—(പെട്ടെന്നു വന്നു്) എന്തോ നീ പാടിയതു്?

വേടക്കിടാത്തി:— ('കുരച്ചു ചാടിട്ടും' എന്നീ വരികൾ വീണ്ടും പാടുന്നു)

ഏകലവ്യൻ:—എത്ര അമ്പു് ? ഒരുന്നൂറമ്പോ ?

വേടക്കിടാത്തി:—അതേ, ഒരുന്നൂറമ്പു്. (വിരലിൽ എണ്ണുന്നു) ഒന്നു്— രണ്ടു്— മൂന്നു്— അഞ്ചു്— പത്തു്—നൂറു് ! ആകെ ഒരുന്നൂറമ്പു്.

ഏകലവ്യൻ:—പോടീ ഭ്രാന്തത്തി ! നിന്നെ ആ രാജകുമാരന്മാരിലാക്കാനും പിടിച്ചു കൊടുക്കാമായിരുന്നു.

വേടക്കിടാത്തി:—എന്നാൽ ഞാൻ ഒരൊററ അമ്പേ കണക്കുകൂട്ടൂ ; ഏറിയതു രണ്ടു്. (പെട്ടെന്നു ദൂരെ നോക്കി) അതല്ല, ആരാണേട്ടാ, ആ വരുന്നതു് ? (സൂക്ഷിച്ചുനോക്കി) മുമ്പിലുള്ളതു്, ഇന്നലെ ഇവിടെ വന്നു് ഏട്ടനോടു സംസാരിച്ച ആ രാജകുമാരനാണെന്നു തോന്നുന്നു.

ഏകലവ്യൻ:—ആ പിന്നാലെയുള്ള ആൾ എന്റെ ഗുരുപാദർ ദ്രോണാചാര്യരാണു്. അനിയത്തീ ! ആ ജലപാത്രം ഇങ്ങെടുക്കു്. ഇലക്കുമ്പിളിൽ കുറച്ചു പൂവും അറുക്കു്.

[രണ്ടും ഒരുക്കമ്പോഴേയ്ക്കു് ദ്രോണരും അർജ്ജുനനും കൂടി വരുന്നു.]

ഏകലവ്യൻ:—ഭഗവൻ, ഹിരണ്യധനുസ്സിൻെറ മകൻ ഏകലവ്യൻ അഭിവാദ്യം ചെയ്യുന്നു. (സാഷ്ടാംഗം

നമസ്കരിക്കുന്നു. എന്നിട്ടെഴുന്നേററു്) രാജകുമാരാ, താങ്കൾക്കു സ്വാഗതം. ആചാര്യരേ! ഇതാ വെള്ളം. കാലു കഴുകാം. ഇതാ പൂജയ്ക്കുള്ള പൂക്കൾ. ഈ മിനുത്ത പാറപ്പുറത്തു് ഇരുന്നാലും. (രണ്ടുപേരും അർഘ്യപാദ്യങ്ങൾ സ്വീകരിക്കുന്നു) ഗുരോ! അവിടത്തെ എളിയ ശിഷ്യനായ ഈ ഏകലവ്യൻ എന്താണു ചെയ്യേണ്ടതു്?

ദ്രോണർ:—വത്സാ, നിന്റെ വിദ്യാഭ്യാസം നിർവിഘ്നം നടക്കുന്നില്ലേ?

ഏകലവ്യൻ:—ഉവ്വു്, അവിടത്തെ അനുഗ്രഹംകൊണ്ടു്.

ദ്രോണർ:—നീ എന്റെ ശിഷ്യൻ തന്നെയല്ലേ?

ഏകലവ്യൻ:—അതേ, അവിടന്നു സദയം അംഗീകരിച്ചതു കൊണ്ടു്.

ദ്രോണർ:—എങ്കിൽ, എനിക്കു് അതിനുള്ള ഗുരുദക്ഷിണ തരിക; ഇപ്പോൾത്തന്നെ തരിക.

ഏകലവ്യൻ:—ഭഗവൻ, എന്താണു തരേണ്ടതു്? ആജ്ഞാപിച്ചാലും. ഗുരുവിനു തരാൻ വയ്യാത്തതായി എനിക്കു് ഒന്നുമില്ല.

ദ്രോണർ:—നീ എന്റെ ശിഷ്യനാണെങ്കിൽ, ഞാൻ നിന്റെ ഗുരുവാണെങ്കിൽ, എനിക്കു ദക്ഷിണയായി നിന്റെ വലംകൈയിലെ പെരുവിരൽ മുറിച്ചുതരൂ.

വേടക്കിടാത്തി:—ഹാ! (എന്നുറക്കെ നിലവിളിച്ചു പോകുന്നു)

ഏകലവ്യൻ:—വലംകൈയിലെ പെരുവിരൽ, അല്ലേ?

ദ്രോണർ:—അതേ.

ഏകലവ്യൻ:—അനിയത്തീ! ആ കത്തിയമ്പു് ഇങ്ങെടുക്കൂ.

വേടക്കിടാത്തി:—ഏട്ടാ! (എന്നു നിലവിളിക്കുന്നു)

[ഏകലവ്യൻ കത്തിയമ്പെടുത്തു് പാറപ്പുറത്തു വലംകൈ വെച്ചു് ഇടംകൈകൊണ്ടു് വിരൽകൊത്തുന്നു. വേടക്കിടാത്തി 'ഹാ!' എന്നു നിലവിളിച്ചു തലചുററി നിലത്തു വീഴുന്നു.]

ഏകലവ്യൻ:—(വിരൽ ഒരിലയിൽ ഗുരുവിന്റെ മുമ്പിൽ വെച്ചിട്ട്) ഭഗവൻ, അടിയന്റെ ഈ എളിയ ഉപഹാരം കൈക്കൊണ്ട് അടിയനെ അനുഗ്രഹിക്കുമാറാകണം.

ദ്രോണർ:—(ഉപഹാരം തൊട്ടു സ്വീകരിച്ചിട്ട്) വത്സാ, നീ ദീർഘായുസ്സാവുക ! എന്നാൽ ഞങ്ങൾപോകട്ടെ. രണ്ടുപേരും പോകുന്നു)

[ഏകലവ്യൻ ജലപാത്രമെട്ടത്ത് അനജത്തിയുടെ മുഖം തുടയ്ക്കുന്നു. അവരം കൺമിഴിച്ച് തേങ്ങിത്തേങ്ങിക്കരയുന്നു.]

ഏകലവ്യൻ:—എൻെറ കൊച്ചനിയത്തീ! കരഞ്ഞാൽ നീ എൻെറ പെങ്ങളല്ല.

വേടക്കിടാത്തി:—അയ്യോ എൻേറട്ടാ! അതെന്തുപിശാ—

ഏകലവ്യൻ:– (പെട്ടെന്ന് അവളുടെ വാ പൊത്തി ഉഗ്രസ്വരത്തിൽ) മിണ്ടരുത്. വാ, നമുക്ക പോയി പച്ചമരുന്ന് അരച്ചുവെച്ച് ഈ മുറിവു കെട്ടുക.

(രണ്ടുപേരുംകൂടി പോകുന്നു.)

അഭ്യാസം.

1. ദ്രോണാചാര്യർ, ഹാസ്തിനപുരം, നായാട്ട്, ശിഷ്യൻ—ഇവ ഏതു നാമവിഭാഗത്തിൽപെട്ടതാണെന്നു കാണിക്കുക.
2. പൂവേ, മൈനേ, ഭാൎയ്യയെ, അഗ്നിവേശ്യൻെറ, പെങ്ങരം—ഇവയുടെ ലിംഗവും വിഭക്തിയും എഴുതുക.
3. ഏകലവ്യൻെറ ഗുരുഭക്തി വിവരിക്കുക.
4. ഏകലവ്യൻ അസ്ത്രവിദ്യകൊണ്ട് അൎജ്ജുനനെ നാണിപ്പിച്ചതെങ്ങനെ?
5. അവതാരമൂൎത്തി, പൊടിപൊടിക്കാം, അസ്സലായി, സ്വസ്തി—ഇവ ഉപയോഗിച്ച് ഓരോ വാക്യമുണ്ടാക്കുക.

പാഠം 28

കടലിലെ കൊടുങ്കാററ്

പണ്ടു പണ്ടു്, ഇററലിയിലെ മിലാൻ എന്ന നഗരത്തിൽ പ്രോസ്പെരോ എന്നു പേരായ ഒരു പ്രഭു ഉണ്ടായിരുന്നു; അദ്ദേഹത്തിനു മിറാൻഡ എന്ന ഒരു പുത്രിയും.

പ്രോസ്പെരോ വലിയ ജ്ഞാനിയായിരുന്നു. എപ്പോഴും പുസ്തകവായനയിൽ മുഴുകിയിരിക്കും. അതുകൊണ്ടു് അനുജനായ അൻേറാണിയോ രാജ്യഭാരം ഏറെറടുത്തു. 'പ്രോസ്പെരോ' അൻേറാണിയോവിനെ ഏററവുമധികം വിശ്വസിച്ചിരുന്നു. എന്നാൽ അനുജൻ ജ്യേഷ്ഠനെപ്പോലെ സൽഗുണസമ്പന്നനായിരുന്നില്ല. ജ്യേഷ്ഠനെ തുരത്തി, രാജ്യം എന്നേയ്ക്കും തൻേറതാക്കിത്തീർക്കണമെന്നു് അയാൾ ദൃഢമായി ആഗ്രഹിച്ചിരുന്നു. ഇതിനുവേണ്ടി നേപ്പിൾസിലെ രാജാവായ 'അലോൻസോ'വിൻെറ സഹായം തേടി.

അന്നു മിറാൻഡയ്ക്കു് മൂന്നു വയസ്സായിരുന്നു പ്രായം. ഒരിരുണ്ട രാത്രിയിൽ അലോൻസോ ഒരു വലിയ സൈന്യത്തോടുകൂടി വന്നു. അൻേറാണിയോ കോട്ട തുറന്നുകൊടുത്തു. അവർ പ്രോസ്പെരോവിനേയും മിറാൻഡയേയും പിടിച്ചുകെട്ടി. അവിടെവച്ചുതന്നെ കൊല്ലാഞ്ഞതു് അവരോടു സ്നേഹമുള്ള ജനങ്ങൾ ക്ഷോഭിച്ചെങ്കിലോ എന്നു പേടിച്ചിട്ടായിരുന്നു. അവരെ കൊണ്ടുപോയി ഒരു ചോർച്ചയുള്ള തോണിയിൽ കയററി കടലിലൊഴുക്കി. തോണിക്കു കാററുപായ്പോലുമില്ലായിരുന്നു.

ഈ ഘോരകൃത്യം ചെയ്യാൻ ഗോൺസാലോ എന്നൊരു മാന്യനെയാണു് അൻേറാണിയോ നിയമിച്ചിരുന്നതു്. ഗോൺസാലൊ നല്ലൊരു മനുഷ്യനായിരുന്നു. അദ്ദേഹത്തിനു പ്രോസ്പെരോവിനോടു ദയ തോന്നി,

തോണിയിൽ കുറെ ഭക്ഷണവും വസ്ത്രവും പ്രോസ്പെരോവിനു പ്രിയപ്പെട്ട പുസ്തകങ്ങളും വച്ചിരുന്നു. അതിനാൽ വിശപ്പുകൊണ്ടും തണുപ്പുകൊണ്ടും പ്രോസ്പെരോ വേഗം ചത്തുപോവുമെന്നു് അൻേറാണിയോ വിചാരിച്ചതു പോലെ സംഭവിച്ചില്ല.

കുറച്ചുദിവസങ്ങൾക്കുശേഷം തോണി ഒരു ദ്വീപിൽ ചെന്നടിഞ്ഞു. ആ വഴിക്കു കപ്പലുകൾ പോകാറില്ലായിരുന്നു. അതിനാൽ മനുഷ്യരുള്ള നാട്ടിലെത്താനാശിച്ചിട്ട കാര്യമില്ലെന്നു മനസ്സിലാക്കിയ പ്രോസ്പെരോ മകളോടു കൂടി അവിടെ ഒരു ഗുഹയിൽ താമസമാക്കി. കൈയിലുണ്ടായിരുന്ന പുസ്തകങ്ങളിൽ കുറെയെണ്ണം ജാലവിദ്യയെപ്പററിയുള്ളതായിരുന്നു. പ്രോസ്പെരോ അവയൊക്കെ നല്ലവണ്ണം വായിച്ചു പഠിച്ചു് ഒന്നാന്തരം ഐന്ദ്രജാലികനായിത്തീർന്നു.

ആ ദ്വീപിൽ കുറെ നല്ല ഭൂതങ്ങളുണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന സൈക്കോറാക്സ് എന്ന മന്ത്രവാദിനി ദുർമന്ത്രവാദം ചെയ്തു് അവയെ തടവിലാക്കിയിരുന്നു. അതിനുശേഷം അവൾ ചത്തുപോവുകയും ചെയ്തു. അവൾക്കു കാലിബൻ എന്നു പേരായ വിരൂപനായ ഒരു മകനുണ്ടായിരുന്നു. ആ ദ്വീപിൽ ആരും എതിരില്ലാതെ വാഴുകയായിരുന്നു അവൻ.

പ്രോസ്പെരോവിനു് ഇന്ദ്രജാലത്തിൻെറ സഹായം കൊണ്ടു് ഈ കാര്യമെല്ലാം മനസ്സിലായി; കാലിബനെ അദ്ദേഹം കീഴടക്കി സ്വന്തം സേവകനാക്കിത്തീർത്തു. വിറകുവെട്ടു്, വെള്ളം കൊണ്ടുവരൽ, ഭക്ഷണം പാകം ചെയ്യൽ മുതലായ ജോലികൾ അവനു കൊടുത്തു. സൽഭൂതങ്ങളുടെ നേതാവായ 'ഏരിയൽ' വളരെ ശക്തിയുള്ള ഒരുവനായിരുന്നു. അവനു് ഏതു സമയത്തും എവിടെയും പറന്നെത്താം; എന്തു രൂപം വേണമെങ്കിലും കൈക്കൊള്ളാം; മററുള്ളവർക്കു് അദൃശ്യനായി നിൽക്കാം; തീയിൽ നടക്കാം; മേഘങ്ങളിന്മേൽ സവാരിചെയ്യാം. എങ്കിലും സൈക്കോറാക്സ് അവനെ തടവിലിട്ടിരി

ക്കുകയായിരുന്നു. പ്രോസ്പെരോ തന്റെ ഇന്ദ്രജാലശക്തികൊണ്ട് അവനെയും കൂട്ടുകാരെയും മോചിപ്പിച്ചു. അതിനുശേഷം അവരെല്ലാം പ്രോസ്പെരോവിനു വേണ്ടി എന്തും ചെയ്യാൻ സന്നദ്ധരായി.

അങ്ങനെ കൊല്ലം പന്ത്രണ്ടു കഴിഞ്ഞു. മിറാൻഡ സുന്ദരിയായ ഒരു തരുണിയായി. ലോകമെന്തെന്നോ മനുഷ്യരെങ്ങനെയിരിക്കുമെന്നോ അവൾക്ക് അറിയാമായിരുന്നില്ല. അവൾ കണ്ടിരുന്ന ഒരേയൊരു മനുഷ്യൻ അച്ഛൻ മാത്രമായിരുന്നല്ലോ. അച്ഛൻ അവളെ എഴുതാനും വായിക്കാനുമൊക്കെ പഠിപ്പിച്ചിരുന്നു.

ഒരിക്കൽ നേപ്പിൾസിലെ രാജാവായ അലോൻസോ ട്യൂണിസിലെ രാജാവിനു് തന്റെ മകളെ കല്യാണം കഴിച്ചുകൊടുത്തതിനുശേഷം നേപ്പിൾസിലേക്കു മടങ്ങുകയായിരുന്നു. കൂടെ അദ്ദേഹത്തിന്റെ മകൻ ഫെർഡിനൻഡും സഹോദരൻ സെബാസ്റ്റ്യനും പഴയ സ്നേഹിതനായ അന്റോണിയോവും മാന്യനായ ഗോൺസാലോവും ഉണ്ടായിരുന്നു. ഇവരെ ദ്വീപിലേക്കു വരുത്തണമെന്നു പ്രോസ്പെരോ നിശ്ചയിച്ചു. ഭയങ്കരമായ ഒരു കൊടുങ്കാറ്റുണ്ടാക്കി അവരെ ആപത്തിൽപ്പെടുത്താനും യാതൊരു കേടും കൂടാതെ ദ്വീപിലേക്കെത്തിക്കാനും അദ്ദേഹം ഏരിയലിനോട് ആവശ്യപ്പെട്ടു. ഉടനെ ഒരു കൊടുങ്കാറ്റുണ്ടായി. കാററും മഴയും കൂരിരുട്ടും! കപ്പലുടയുമെന്നു തോന്നി. ഏരിയൽ കപ്പലിനുള്ളിൽ കടന്നു് അദൃശ്യനായി ആളുകളെ പ്രഹരിക്കാൻ തുടങ്ങി. എല്ലാവരും പേടിച്ചരണ്ടു. പെട്ടെന്നു് കപ്പലിനു തീപിടിച്ചുവെന്നു് അവർക്കു തോന്നി. രാജാവും കൂട്ടുകാരും ജീവൻ കൊതിച്ചു് സമുദ്രത്തിലേക്കെടുത്തു ചാടി. ഏരിയൽ എല്ലാവരേയും കരയ്ക്കെത്തിച്ചു. ഫെർഡിനൻഡ് രാജകുമാരനെ ദ്വീപിന്റെ ഒരററത്തേക്കും മററുള്ളവരെ മറെറാരററത്തേക്കുമാണു് എത്തിച്ചതു്. രാജകുമാരൻ താൻ മാത്രമേ രക്ഷപ്പെട്ടുള്ളുവെന്നു വിചാരിച്ചു. രാജാവു് തന്റെ പുത്രൻ മരിച്ചുപോയെന്നു കരുതി ദുഃഖാർത്തനായി.

ഏരിയൽ രാജകുമാരനെ പ്രോസ്പെരോവും മിറാൻഡയും ഉള്ള സ്ഥലത്തേയ്ക്ക് ആകർഷിച്ചുകൊണ്ടു പോന്നു. പ്രഥമദർശനത്തിൽത്തന്നെ മിറാൻഡയും രാജകുമാരനും അന്യോന്യം അനുരക്തരായി. എങ്കിലും പ്രോസ്പെരോ രാജകുമാരന്റെ അനുരാഗം അചഞ്ചലമാണോ എന്നു പരീക്ഷിക്കാൻവേണ്ടി അയാളെ അതികഠിനങ്ങളായ ജോലികൾക്കായി നിയോഗിച്ചു. മിറാൻഡയുടെ സാന്നിദ്ധ്യമുണ്ടെങ്കിൽ എന്തു ചെയ്യാനും അയാൾക്കു ആനന്ദമായിരുന്നു. സംതൃപ്തനായ പ്രോസ്പെരോ മകളെ രാജകുമാരനു കൊടുക്കാൻ തീർച്ചയാക്കി.

ദ്വീപിന്റെ മറെറാരു ഭാഗത്തു്, മകന്റെ വിയോഗമോർത്തു വിലപിച്ചു ക്ഷീണിച്ച അലോൻസോ ഉറങ്ങിക്കിടക്കുകയായിരുന്നു. ആ സമയത്തു് അദ്ദേഹത്തിന്റെ അനുജനായ സെബാസ്റ്റ്യനു് അൻേറാണിയോ ചില ദുരുപദേശങ്ങൾ കൊടുത്തു. രാജാവിനെ കൊന്നു കടലിലെറിഞ്ഞാൽ, പിന്നെ നേപ്പിൾസ്സ് രാജ്യം സെബാസ്റ്റ്യൻേറതാവുമല്ലോ. സെബാസ്റ്റ്യനു് അതു നേരാണെന്നു തോന്നി. അവർ അലോൻസോവിനെ വധിക്കാൻ വാളൂരി. പെട്ടെന്നു് ഏരിയൽ സ്വപ്നത്തിൽ കൊടുത്ത സൂചനയനുസരിച്ചു് ഗൊൺസാലോ ഉണർന്നു. അദ്ദേഹം രാജാവിനെ ഉണർത്തി. ഉറങ്ങിയാൽ രക്ഷയില്ലെന്നു് അവർക്കു മനസ്സിലായി. രാജാവു് ദ്വീപു മുഴവൻ തിരഞ്ഞു മകനെ കണ്ടുപിടിക്കാൻ തീർച്ചയാക്കി. എല്ലാവരും പുറപ്പെട്ടു.

ഏരിയൽ ഒരു പക്ഷിയുടെ വേഷത്തിൽ വന്നു് പ്രോസ്പെരോവിനെ നാട്ടു കടത്തിയ കഥ പറഞ്ഞു് അലോൻസോവിനെയും കൂട്ടുകാരെയും പേടിപ്പിച്ചു. പക്ഷിയെ അവർ കൊല്ലാൻ ശ്രമിച്ചെങ്കിലും പററിയില്ല. പക്ഷി അവരെ ആകർഷിച്ചു് പ്രോസ്പെരോവിന്റെ മുമ്പിലേയ്ക്കുകൊണ്ടുവന്നു. അവരെല്ലാം പശ്ചാത്തപിച്ചു് പ്രോസ്പെരോവിനോടു മാപ്പപേക്ഷിച്ചു; അദ്ദേഹത്തിനു രാജ്യം തിരിച്ചു കൊടുക്കാമെന്നു ഏററു. അലോൻസോവിനു് മകനെ കണ്ടപ്പോഴുണ്ടായ ആനന്ദം സീമാതീതമായിരുന്നു.

കപ്പലിനു കേടൊന്നും വന്നിരുന്നില്ല. അവരെ ല്ലാവരുംകൂടി നേപ്പിൾസിലേയ്ക്കു പുറപ്പെട്ടു. ഏരിയലിനെ പ്രോസ്പെരോ എന്നെന്നേയ്ക്കുമായി സ്വതന്ത്രനാക്കു കയും ചെയ്തു.

പ്രോസ്പെരോ വീണ്ടും മിലാനിലെ പ്രഭുവായി. മിറാൻഡ ഫെർഡിനൻഡിനെ വിവാഹംചെയ്തു സുഖ മായി ജീവിച്ചു.

അഭ്യാസം.

1. 'പക്ഷി അവരെ ആകർഷിച്ചു.' ഇതിലെ 'ആകർഷിച്ചു' എന്ന ക്രിയ കേൾക്കുമ്പോൾ പെട്ടെന്നു് നമ്മുടെ മനസ്സി ലുദിക്കുന്ന ചോദ്യം 'ആർ ആകർഷിച്ചു' എന്നാണു്. 'പക്ഷി' എന്നാണല്ലോ ഇതിൻെറ ഉത്തരം. ആ പദ മാണു് ഈ വാക്യത്തിലെ കത്താവു്. കത്താവിനു പ്രാധാന്യമുള്ള ഇത്തരം പ്രയോഗങ്ങൾക്കു് 'കത്തരി പ്രയോഗം' എന്നു പേർ പറയുന്നു.

   ഇതേ ആശയംതന്നെ നമുക്കു മറെറാരു തരത്തിൽ പറയാം. "പക്ഷിയാൽ അവർ ആകർഷിക്കപ്പെട്ടു." ഇതിലെ ക്രിയ കേൾക്കുമ്പോൾ ഉദിക്കുന്ന ചോദ്യം 'ആർ ആകർഷിക്കപ്പെട്ടു' എന്നാണു്. അതിൻെറ ഉത്തര മാകട്ടെ 'അവർ' എന്നാകുന്നു. വാക്യത്തിലെ കമ്മപദ മാണല്ലോ അതു്. കമ്മത്തിനു പ്രാധാന്യമുള്ള ഇത്തരം പ്രയോഗങ്ങൾക്കു് 'കമ്മണിപ്രയോഗം' എന്നു പേർ.

2. രാമൻ സീതയെ ഉപേക്ഷിച്ചു, കാളിദാസനാൽ ശാകുന്തളം രചിക്കപ്പെട്ടു—ഈ വാക്യങ്ങളിലെ പ്രയോഗം മാററി ഉപയോഗിക്കുക.

3. പ്രോസ്പെരോ ഇന്ദ്രജാലത്തിൻെറ സഹായംകൊണ്ടു് എന്തെല്ലാം കാര്യങ്ങൾ സാധിച്ചു?

4. അൻേറാണിയോ പ്രോസ്പെരോവിനെ ചതിച്ചതെ ങ്ങനെ?

ലീലാലോകം

വിണ്ണിൽ തിളങ്ങേണ്ട രണ്ടുതാരങ്ങളെൻ–
മുന്നിൽ കളിക്കുന്നിതെന്ന ഭാവത്തൊടേ,
കണ്ണിമയ്ക്കാതെ ഞാൻ നോക്കിനിന്നീടിനേൻ
മണ്ണപ്പമുണ്ടാക്കിവയ്ക്കും കിടാങ്ങളെ.

കയ്യിലിരിക്കുന്ന കണ്ണൻചിരട്ടയിൽ
പയ്യവേ പൂഴിനിറയ്ക്കും കമഴ്ത്തിടും,
കോൽകൊണ്ടുതല്ലിടും, പൊക്കും, ക്രമത്തിലീ–
പാകത്തിലപ്പങ്ങൾതീർത്തു കൈകൊട്ടിടും!

പിന്നെയടുപ്പത്തു പാത്രം കരേററലും,
അന്നോപദംശങ്ങളുണ്ടാക്കിവയ്ക്കലും,
അമ്മയ്ക്കുമച്ഛനും വേറേ വിളമ്പലും
എമ്മട്ടുകൗതുകം ചേർത്തന്നു ചൊൽവതോ!

കേവലം പൂഴിയെന്നാകിലും നിങ്ങളീ–
പ്പൂവിലയ്ക്കുള്ളിൽ കളങ്കമററീവിധം
താല്പര്യമോടെ തരാതരംപോലവേ
വേർപ്പണിഞ്ഞൊക്കെക്കൊണ്ടു നൽകുമിബ്ഭോജനം

പൊന്നണിഞ്ഞാലത്തി ലാരാജമന്ദിരം
തന്നിൽനിന്നേകുന്ന പാൽപ്പായസത്തിലും
മാധുര്യമുള്ളതെന്നെണ്ണുന്നു ഞാനിതാ
മാമകജീവിതാനന്ദകന്ദങ്ങളേ!

[വെണ്ണിക്കുളം.

അഭ്യാസം.

1. ലീലാലോകം = കളിയുടെ ലോകം. വിണ്ണ് = ആകാശം. താരങ്ങൾ = നക്ഷത്രങ്ങൾ. അന്നോപദംശങ്ങൾ = ചോറും കറിയും. ഭോജനം = ഭക്ഷണം. രാജമന്ദിരം = കൊട്ടാരം. മാമകജീവിതാനന്ദകന്ദങ്ങൾ = എന്റെ ജീവിതാനന്ദത്തിന്റെ കിഴങ്ങുകൾ.
2. അവസാനത്തെ നാലുവരി പരാവർത്തനം ചെയ്യുക.
3. പിരിച്ചെഴുതുക:—
    (i) പൊന്നണിത്താലം
    (ii) പൂഴിയെന്നാകിലും
    (iii) നൽകുമിമ്പ്ഭോജനം
    (iv) കണ്ണിമയ്ക്കാതെ.
4. കിടാങ്ങളുടെ കളി സ്വന്തംവാക്യത്തിൽ വിവരിക്കുക.
5. "കണ്ണിമയ്ക്കാതെ ഞാൻ നോക്കിനിന്നീടിനേൻ
മണ്ണപ്പമുണ്ടാക്കിവയ്ക്കും കിടാങ്ങളെ."—അപോദ്ധരിക്കുക.

പാഠം 30

അച്ചടക്കം

മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ വിദേശീയാധിപത്യത്തിനെതിരായി ഇൻഡ്യയിൽ നടന്ന സമരങ്ങളിലെ മുഖ്യമായ ഒരു പരിപാടി നിയമലംഘനമായിരുന്നു. ഈ പദ്ധതി ഉൾപ്പെട്ട പലപല സംഘട്ടനങ്ങളുടെ ഫലമായി പാരതന്ത്ര്യത്തിൽനിന്നു് നമ്മുടെ നാട്ടു വിമുക്തമായി. കഴിയുന്നത്ര കുറച്ചുമാത്രം രക്തച്ചൊരിച്ചിലോടുകൂടിയാണു് ഇൻഡ്യ സ്വാതന്ത്ര്യം നേടിയതു്. അക്രമരഹിതമായ അത്തരം ഒരു സമരസരണി ആവിഷ്കരിച്ച രാഷ്ട്ര

പിതാവു് തീർച്ചയായും ശാശ്വതസ്മരണയെ അർഹിക്കുന്നു. അദ്ദേഹത്തിൻെറ ആ കാര്യപരിപാടിയും ബഹുമാനാർഹംതന്നെ.

പക്ഷേ നെടുനാൾ നടന്ന നിയമലംഘനങ്ങളുടെ ഫലമായോ എന്തോ, നിയമങ്ങളോടു പൊതുവേ ഒരു അസഹിഷ്ണുത നമ്മുടെ നാട്ടുകാരുടെ ഹൃദയങ്ങളിൽ പററിക്കൂടിയിട്ടുണ്ടെന്നു് പലപ്പോഴും തോന്നിപ്പോകുന്നു. ഇതു വാസ്തുവമാണെങ്കിൽ തികച്ചും പരിതാപകരമാണു്. ഈ മനോഭാവം വച്ചുപുലത്താൻ പാടില്ലാത്തതുമാണു്. നിയമങ്ങളെ ആകെ അവജ്ഞയോടെ വീക്ഷിക്കുന്ന ഒരാൾ ഗാന്ധിജിയുടെ നിയമലംഘനപ്രസ്ഥാനത്തിൻെറ കാതൽ കണ്ടറിഞ്ഞിട്ടില്ലതന്നെ.

പരാജിതമായ ഒരു രാഷ്ട്രത്തിൻെറമേൽ ഒരു മറുനാടൻ സക്കാർ തോക്കിൻെറ മുനകൊണ്ടു തറച്ചുനിർത്തുന്ന അന്യായമായ ചില നിയമങ്ങളുണ്ടു്. ഒരു ജനതയുടെ ആത്മാഭിമാനത്തെ കീറിമുറിക്കുന്ന അത്തരം നിയമങ്ങളെ ധിക്കരിക്കേണ്ടതു് പൗരുഷമുള്ള ഏതൊരു പൗരൻെറയും കടമയാകുന്നു. എന്നാൽ ജനസമ്മതിയുള്ള ഒരു സക്കാർ സമുദായത്തിൻെറ ക്ഷേമത്തിനും വികാസത്തിനും വേണ്ടി ക്രോഡീകരിച്ചു നിലവിൽ വരുത്തുന്ന നിയമങ്ങളുണ്ടു്. അത്തരം നിയമങ്ങളെ സവ്വാത്മനാ ആദരിക്കുകയും അനുസരിക്കുകയുമത്രെ ഒരു പൗരൻെറ ചുമതല. ഉദാഹരണത്തിനു് ഗതാഗതനിയമങ്ങളെടുക്കുക. "വലത്തുവശത്തുകൂടെ പോവുക", "നടപ്പാതയിലൂടെ നടക്കുക" മുതലായ നിയമങ്ങൾ നാഗരികജീവിതത്തിൻെറ ഭദ്രതയ്ക്കു് ഒഴിച്ചുകൂടാത്തവയാകുന്നു. ഒരു വൻപിച്ച നഗരത്തിലെ പ്രധാനവീഥിയിലൂടെ വിവിധങ്ങളായ വാഹനങ്ങളും പാദചാരികളും ഈ നിയമങ്ങൾ ലംഘിച്ചു് തന്നിഷ്ടംപോലെ പാഞ്ഞുനടക്കുന്ന ഒരു രംഗം സങ്കല്പിക്കുക. മനുഷ്യൻെറ ജീവനു് ആ പാതയിൽ വല്ല രക്ഷയുമുണ്ടോ? ക്രൂരമൃഗങ്ങൾ ഇര തേടി അലയുന്ന ഘോരകാന്താരങ്ങളിൽപോലും മനുഷ്യനു് ആ രാജവീഥിയിലെപ്പോലെ മൃത്യുഭയം ഉണ്ടായിരിക്കുകയില്ല.

ശതാഗതനിയമങ്ങൾപോലെ, ഒരുപക്ഷേ അവയെക്കാൾ കൂടുതൽ, പ്രാധാന്യമുള്ളവയാണ് പൊതുജനാരോഗ്യം സംബന്ധിച്ച നിയമങ്ങൾ. എന്നാൽ ഇവ പരിപാലിക്കുന്നതിൽ നാം വേണ്ടത്ര നിഷ്കർഷ കാണിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. വ്യക്തിപരമായി നോക്കുമ്പോൾ മലയാളിയുടെ ശുചിത്വബോധം വളരെ മുന്തിയതുതന്നെ. കുളിച്ചു വെള്ളവസ്ത്രം ധരിച്ച് വൃത്തിയായി നടക്കുന്നത് ഒരു ആഡംബരമെന്നല്ല ആവശ്യമാണെന്നുതന്നെ കണക്കാക്കുന്നവരാണ് നമ്മളിൽ ഭൂരിഭാഗവും. എന്നാൽ പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിൽ ഈ ശ്രദ്ധ നാം കാണിക്കുന്നില്ല. കെട്ട കുമ്പളങ്ങയും എച്ചിലും കുപ്പയും തെരുവിലേയ്ക്കെറിഞ്ഞു വീട്ട വൃത്തിയാക്കുന്ന പതിവ് നമ്മുടെ ഇടയിലുണ്ട്. പൊതുക്കുളങ്ങളുടെയും പുഴകളുടെയും കരയിൽ മലമൂത്രവിസർജ്ജനം ചെയ്യാനും നമുക്കു മടിയൊന്നുമില്ല. ഇങ്ങനെ നാം വെളിയിലേയ്ക്കെറിയുന്ന അശുദ്ധവസ്തുക്കൾ പൊടിയായി കാററിൽ കലർന്നും ചെളിയായി വെള്ളത്തിൽ കലങ്ങിയും നമ്മെത്തന്നെ വീണ്ടും അഭയം പ്രാപിക്കുന്നു. നിവാരണം ചെയ്യാൻ അസാദ്ധ്യമായ എത്രയെത്ര രോഗങ്ങളാണ് ഇതു നിമിത്തം സമുദായത്തിൽ പരക്കുന്നത്? പൊതുനിരത്തിൽ തുപ്പുന്നവന് മരണശിക്ഷവരെ നൽകുവാൻ ഹിററ്ലർ ജർമ്മനിയിൽ നിയമമുണ്ടാക്കിയത്രെ. ഏതെങ്കിലും ഒരു കാര്യത്തിൽ നാം ഹിററ്ലരെ അനുകരിക്കണമെങ്കിൽ, അതു് ആരോഗ്യനിയമങ്ങൾ നിർദ്ദയം നടപ്പിലാക്കുന്നതിൽ ആയിരിക്കട്ടെ.

സ്വത്തുടമയെ സംബന്ധിച്ചുള്ളവയാണ് നമ്മുടെ നിയമങ്ങളിൽ ഭൂരിഭാഗവും. നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി നാം നേടുന്ന ഒരു വസ്തുവിൽ നമുക്കു പൂർണ്ണാധികാരമുണ്ട്. അതിൽ മറെറാരാൾ കൈയേറുന്നതു് നിയമം അനുവദിക്കുകയില്ല. ഈ നിയമങ്ങളും അധികാരങ്ങളും നിഷ്കർഷയോടെ പാലിക്കുന്നതു് സാമൂഹ്യജീവിതത്തിൻെറ രക്ഷയ്ക്കു് ഒഴിച്ചുകൂടാത്ത ഒന്നത്രെ. കണ്ടതു കണ്ടവൻ പിടിച്ചുപറിച്ചു തുടങ്ങിയാൽ സമുദായത്തിനു നിലനില്പെവിടെ? സ്വകാര്യസ്വത്തിനെ

സംബന്ധിച്ചുള്ള പഴയ ധാരണകൾ മാറിക്കൊണ്ടിരിക്കുകയാണ് എന്ന കാര്യം ശരിതന്നെ. കൂടുതൽ സ്വത്തുണ്ടാക്കുവാനുള്ള ഉപകരണങ്ങളായ വൻകിട യന്ത്രങ്ങൾ, ഭൂമി എന്നിവയും വ്യാപാരം, ഗതാഗതം എന്നിവയെ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളും ഏതെങ്കിലും ഒരു വ്യക്തിയുടെ കാര്യത്തിനായി കണക്കാക്കുന്നത് ഇന്നത്തെ സമുദായത്തിന്റെ ഭദ്രതയ്ക്ക് ഹാനികരമാണെന്നുള്ള തത്ത്വം മിക്കവാറും അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ലോകത്തിൽ ഒരു വലിയ ഭാഗത്ത് ഈ വക ഉൽപ്പാദനോപകരണങ്ങൾ വ്യക്തിയുടെ ഉടമയിൽനിന്നെടുത്ത് സമുദായത്തിന്റെ പൊതുവുടമയിലാക്കിക്കഴിഞ്ഞിട്ടുമുണ്ട്. ഈ സമ്പ്രദായത്തിനു് സോഷ്യലിസം എന്നു പേർ പറയുന്നു. സോഷ്യലിസം നടപ്പിൽ വന്നുകഴിഞ്ഞിട്ടുള്ള സ്ഥലങ്ങളിലും വ്യക്തികൾക്കു് ഒരു പരിധിവരെ സ്വകാര്യസ്വത്ത് അനുവദിച്ചിട്ടുണ്ട്. അതിൽ മറ്റൊരാൾ കൈയേറുവാൻ അവിടങ്ങളിലെ സക്കാർ അനുവദിക്കുകയില്ല. പൊതുവുടമയിലുള്ള വ്യവസായങ്ങളുടെ ഫലങ്ങളും ആ രാജ്യങ്ങളിൽ വ്യക്തിയുടെ കൈയേററത്തിൽനിന്നു് സനിഷ്കർഷം രക്ഷിക്കപ്പെടുന്നുണ്ട്. ഒരു ഉദാഹരണം പറയാം. തീവണ്ടിക്കമ്പനികൾ സക്കാർ ഏറെറടുത്തിരിക്കുന്നു എന്നുവച്ച് ഏതൊരാൾക്കും ഇഷ്ടംപോലെ ടിക്കററില്ലാതെ യാത്ര ചെയ്യാൻ അനുവാദമില്ല. വ്യവസായങ്ങൾ പൊതുവുടമയിലാക്കിയ രാജ്യങ്ങളിൽ, വ്യാവസായികോൽപ്പന്നങ്ങളിൽ അനധികൃതമായി കൈയേററം നടത്തുന്നവരെ കഠിനമായി ശിക്ഷിക്കാൻ വേണ്ടത്ര നിയമങ്ങളുണ്ട്. അത്തരം ആളുകളെ അവർ രാജ്യദ്രോഹികളായിട്ടാണ് കണക്കാക്കുന്നത്.

മനുഷ്യന്റെ വ്യക്തിത്വത്തിന്റെ പരിശുദ്ധിയിലുള്ള വിശ്വാസം ജനാധിപത്യത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിൽ ഒന്നാകുന്നു. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, വിചാരത്തിനും വിശ്വാസത്തിനും അഭിപ്രായപ്രകടനത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും, സ്ഥിതിസമത്വവും, അവസരസമത്വവും, ഇൻഡ്യയിലെ ഓരോ പൗരനും നമ്മുടെ ഭരണഘടന

വാഗ്ദാനംചെയ്യുന്നുണ്ട്. നമ്മളിൽനിന്നും ഈ പ്രാഥമികാവശ്യങ്ങൾ എടുത്തുകളയുവാൻ ആർക്കും അധികാരമില്ല. നിയമത്തിൻെറ ദൃഷ്ടിയിൽ എല്ലാവരും സമന്മാരാകയാൽ, ഒരാൾക്ക് അപമാനമോ വേദനയോ ഉണ്ടാകുന്ന ഒന്നും മറെറാരാൾ ചെയ്തുകൂടാ. സ്വന്തം അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്നവൻ അന്യൻെറ അവകാശങ്ങൾ വകവച്ചു കൊടുക്കുകകൂടി വേണം. പൗരന്മാർക്ക് ചില അവകാശങ്ങളുള്ളതുപോലെ പല കടമകളുമുണ്ട്. കടമകൾ കൂടാതെ അവകാശമില്ല. ജീവിക്കുകയും ജീവിക്കുവാൻ അനുവദിക്കുകയുമാണ് ജനാധിപത്യത്തിൻെറ സാരമായ തത്ത്വം. അന്യൻെറ സൈ്വരജീവിതത്തിൽ കൈവയ്ക്കുന്നതു് സ്വേച്ഛാചാരമാണ്; അതു് ജനാധിപത്യത്തിനു് എതിരത്രെ.

നിലവിലുള്ള നിയമങ്ങളിൽ പലതിനോടും നമുക്കു വിപ്രതിപത്തിയുണ്ടാകാം. ചിലതു് ഇന്നത്തെ പരിതഃസ്ഥിതിയിൽ തീരെ അന്യായമെന്നും തോന്നാം. അത്തരം നിയമങ്ങൾക്കെതിരായി പൊതുജനാഭിപ്രായം രൂപവൽകരിക്കുവാനും ആ വഴിയിൽക്കൂടി അവയെ മാററുവാനും നമുക്ക് അധികാരമുണ്ട്. മാത്രമല്ല, പലപ്പോഴും അവയെ മാററാൻ ശ്രമിക്കേണ്ടതു് നമ്മുടെ ചുമതലകൂടിയാണ്. ഒരു നിയമവും ശാശ്വതമല്ല. ജനങ്ങളുടെ ജീവിതരീതി മാറുന്നതനുസരിച്ച് അവരുടെ സാമൂഹ്യഘടനയെ നിയന്ത്രിക്കുന്ന നിയമങ്ങളും മാറിയേ തീരൂ. ഭൂസ്വത്തുടമയെ സംബന്ധിച്ച നിയമങ്ങൾ തന്നെ ഇതിനു് ഉദാഹരണമായെടുക്കാം. യഥാർത്ഥത്തിൽ ഭൂമിയിൽ പണിയെടുക്കുന്ന കുടിയാനു് ഭൂമിയിൽ പൂർണ്ണാധികാരം നേടിക്കൊടുക്കുവാൻ ഇന്നു് ഇൻഡ്യയിൽ പരിശ്രമങ്ങൾ നടന്നുവരികയാണ്. ജന്മിസമ്പ്രദായം ഇന്നത്തെ സമുദായത്തിനു യോജിച്ചതല്ല. അതുപോലെതന്നെ, നിയമനിർമ്മാണം മുഖേന അയിത്തം മുതലായ സാമൂഹ്യാവശതകളെ പരിഹരിച്ചതു് നാം കണ്ടു കഴിഞ്ഞതാണ്. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധം നിർവചിക്കുവാനും വ്യവസ്ഥപ്പെടുത്തുവാനും പല പുതിയ നിയമങ്ങളും ഉണ്ടായിക്കൊണ്ടി

രിക്കുന്നു. നിയമങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം ഇന്നു് പൊതുജനങ്ങളുടെ പ്രതിനിധികൾക്കുണ്ടു്.

അതിനാൽ പഴയ നിയമങ്ങൾ ഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ പുതിയവ വാർത്തെടുക്കുകയോ ചെയ്യാൻ പൗരന്മാർക്കു വാദിക്കാം; പ്രക്ഷോഭണം കൂട്ടാം. പക്ഷേ അവ മാറുന്നതുവരെ അവയെ അനുസരിക്കുക തന്നെ വേണം. ജനാധിപത്യത്തിൽ നിയമലംഘന ത്തിനു പ്രസക്തിയില്ല. ജനങ്ങളുടേതായ, ജനങ്ങൾക്കു ശക്തി ചെലുത്താവുന്ന, സമാധാനപരമായിത്തന്നെ ജന ങ്ങൾക്കു മാററാൻ കഴിയുന്ന, വ്യവസ്ഥയെയാണു് ജനാധി പത്യമെന്നു വിളിക്കുന്നതു്. ജനാധിപത്യത്തിന്റെ ആണി ക്കല്ലു് നിയമങ്ങളോടുള്ള ബഹുമാനവും അവയുടെ അനു ഷ്ഠാനത്തിലുള്ള നിഷ്ക്കർഷയുമാകുന്നു. ശിക്ഷ ഭയപ്പെട്ട ല്ലാതെ, സ്വാഭാവികമായിത്തന്നെ നിയമങ്ങൾ അനുസരി ക്കുവാൻ നാം ശീലിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യമായ ഈ അച്ചടക്കം ആംഗ്ലേയജനതയിൽനിന്നു് നാം പഠി ക്കേണ്ട ഒരു ഗുണമാകുന്നു. ജന്മസിദ്ധമായ ഈ അച്ചട ക്കമാണു് ഇംഗ്ലീഷ് ജനതയുടെ മഹത്വത്തിന്റെ നിദാനം. ആദിത്യൻ അസ്തമിക്കാത്ത ഒരു സാമ്രാജ്യം സ്ഥാപിക്കാൻ മാത്രമല്ല, വളരെ വർഷങ്ങളോളം അതു നിലനിർത്തിക്കൊണ്ടു പോകാൻ മാത്രവുമല്ല, അതു മിക്ക വാറും സമാധാനപരമായിത്തന്നെ പിരിച്ചുവിടാനും കൂടി ഇംഗ്ലീഷുകാർക്കു കഴിഞ്ഞതു് ഈ അച്ചടക്കബോധം മൂലമത്രെ.

അഭ്യാസം.

1. 'പൗരൻ നിയമങ്ങളെ ആദരിക്കണം.'—കർമ്മണിപ്രയോഗ മായി മാററുക.

2. 'അക്രമരഹിതമായ സമരസരണി ആവിഷ്ക്കരിച്ച രാഷ്ട്രപിതാവു് ശാശ്വതസ്മരണയെ അർഹിക്കുന്നു.'— അപഗ്രഥിക്കുക

3. 'ജനങ്ങളാൽ ഈ തത്വം അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.'—കർത്തരിപ്രയോഗമാക്കുക.

4. പരിശുദ്ധി, ഇഷ്ടം, പൗരന്മാർ, കടമ, ഭയം, ആദിത്യൻ, സാമ്രാജ്യം—ഇവ ഏതേതു നാമവിഭാഗത്തിൽപ്പെടുന്നു?

5. തെററുണ്ടെങ്കിൽ തിരുത്തുക:—

   വിശിഷ്ടം, വ്യവസ്ഥ, സാമ്പത്തീകം, ആഡമ്പരം, അവജ്ഞ.

6. സോഷ്യലിസം എന്നുവച്ചാൽ എന്തു്?

7. അച്ചടക്കത്തിന്റെ ആവശ്യകത സോദാഹരണം വ്യക്തമാക്കുക.

8. നിലവിലുള്ള നിയമങ്ങളോടു വിപ്രതിപത്തി തോന്നിയാൽ അവ മാറേറണ്ടതെങ്ങനെ?

GOVERNMENT HIGH & TRAINING SCHOOL.
KOTTAYAM.
KERALA STATE

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1958.